28th Year of Service 2020

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 20, 2020 | Vol. XXVIII No. 12 | Periodicals Postage Paid


4 ഇവരുടെ പോരാട്ടം സമൂഹത്തിനുവേണ്ടി
6 കോവിഡ് – 19 ഭീതിയിൽ മുങ്ങി ഇറ്റലി
8 പഴയ നേതാക്കൾ ജോസഫ് പാളയത്തിൽ
12 അതീവ ജാഗ്രതയിൽ ഗൾഫ്
13 ഫാറൂഖ് അബ്ദുല്ലയെ മോചിപ്പിച്ചു


## കൊറോണ ദുരിതത്തിനിടയിൽ കേന്ദ്രസർക്കാരിന്റെ ഇരുട്ടടിയും

കോട്ടയം: പെട്രോളിനും ഡീസലിനും ലിറ്ററിനു മൂന്നു രൂപ വീതം കൂട്ടി. എക്സൈസ് തീരുവ രണ്ടു രൂപയും റോഡ് സെസ് ഒരു രൂപയും കൂട്ടിക്കൊ



ണ്ടാണ് കേന്ദ്രസർക്കാർ നടപടി. അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില എക്കാലത്തെയും കുറഞ്ഞ നിരക്കിൽ തുടരുമ്പോഴാണ് പൊതുജനങ്ങളുടെമേൽ കൂടുതൽ നികുതി അടിച്ചേൽപ്പിച്ച ഇരുട്ടടി.

പുതിയ തീരുവ–സെസ് വർധനയിലൂടെ കേന്ദ്രം ചുരുങ്ങിയത് 39,000 കോടി രൂപയാണ് ജനങ്ങളുടെ പോക്കറ്റടിക്കുന്നത്. പെട്രോൾ, ഡീസൽ, പാചകവാതകം തുടങ്ങിയവയുടെ സബ്സിഡികൾ ഘട്ടം ഘട്ടമായി നിർത്തലാക്കിയതിനു പുറമേയാണിത്. (ശേഷം 28–ാം പേജിൽ)

## യുഎസിൽ ആരോഗ്യ അടിയന്തരാവസ്ഥ

വാഷിംഗ്ടൺ: കൊറോണയെ നേരിടാൻ യുഎസിൽ ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഫെഡറൽ സർക്കാരിന്റെ മുഴുവൻ ശക്തിയും രോഗപ്രതിരോധത്തിലേക്ക് കേന്ദ്രീകരിക്കുന്നതിനാണിതെന്ന് വൈറ്റ് ഹൗസിൽ നിന്നുള്ള പ്രസ്താവനയിൽ യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് പറഞ്ഞു.

മാർച്ച് 15ന് ദേശീയ പ്രാർത്ഥനാദിനമായി ആചരിച്ചു. രോഗത്തെ നേരിടാൻ 5000 കോടി ഡോളർ സാമ്പത്തിക സഹായവും പ്രസിഡണ്ട് പ്രഖ്യാപിച്ചു. (ശേഷം 28–ാം പേജിൽ)

## കമൽനാഥിന് രണ്ടാഴ്ചത്തെ സാവകാശം

ഭോപ്പാൽ: മധ്യപ്രദേശ് നിയമസഭ ഈ മാസം 26 വരെ പിരിഞ്ഞതോടെ വിശ്വാസവോട്ട് തേടാൻ മുഖ്യമന്ത്രി കമൽനാഥിന് രണ്ടാഴ്ചത്തെ സാവകാശം ലഭിച്ചു. കൊറോണ വൈറസിന്റെ പശ്ചാത്തലത്തിലാണ് സഭ നിർത്തിവെച്ചതെന്ന് സ്പീക്കർ വ്യക്തമാക്കിയതോടെ പ്രതിസന്ധിയിലായ കമൽനാഥ് സർക്കാരിന് ഇത് താത്കാലിക ആശ്വാസമായി. എന്നാൽ വിശ്വാസവോട്ടെടുപ്പ് ഉടൻ നടത്താൻ നിർദേശിക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപി സുപ്രീംകോടതിയെ സമീപിച്ചു.



മാർച്ച് 16ന് ഭൂരിപക്ഷം തെളിയിക്കണമെന്ന് മുഖ്യമന്ത്രി കമൽനാഥിനോട് ആവശ്യപ്പെട്ട ഗവർണറുടെ ഉത്തരവ് കോൺഗ്രസ് സർക്കാർ മനപ്പൂർവ്വം ലംഘിച്ചുവെന്ന് ബിജെപി ആരോപിച്ചു. സർക്കാരിന് ഒരു ദിവസം പോലും അധികാരത്തിൽ തുടരാൻ അവകാശമില്ലെന്ന് ബിജെപി പറഞ്ഞു. കോൺഗ്രസ് കുതിരക്കച്ചവടം നടത്തുന്നുവെന്നും അവർ ആരോപിച്ചു. ഗവർണറുടെ നയപ്രഖ്യാപന (ശേഷം 28–ാം പേജിൽ)

# കൊറോണാ പരിശോധന കേരളം കർശനമാക്കുന്നു

തിരുവനന്തപുരം: കോവിഡ്–19 വ്യാപനം തടയാൻ പരിശോധന കൂടുതൽ ഫലപ്രദമാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ കഴിയുന്ന വിദേശികളുടെ യാത്രാവിവരങ്ങളെപ്പറ്റി അവർ താമസിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പുകാർ ജില്ലാ ഭരണകൂടത്തെ അറിയിക്കണം. കോവിഡ്–19 പരിശോധനയ്ക്ക് വിധേയരായിട്ടുള്ള വിദേശികൾക്കു പരിശോധനാ ഫലം നെഗറ്റീവായതിനു ശേഷം മാത്രമേ തുടർ യാത്ര അനുവദിക്കൂ. കേരളത്തിലെത്തുന്ന വിദേശ പൗരന്മാരുടെ കൃത്യമായ വിവരം ജില്ലാ ഭരണകൂടങ്ങൾക്ക് പോലീസ് ശേഖരിച്ചു നൽകേണ്ടതാണെന്നും ഇതുമായി ബന്ധപ്പെട്ടു ചേർന്ന ഉന്നതതല യോഗത്തിൽ മുഖ്യമന്ത്രി നിർദേശം നൽകി. ചില പ്രദേശങ്ങളിൽ ബസുകൾ ഓടുന്നില്ലെന്ന പരാതിയുണ്ട്. അതു പരിഹരിക്കണം. കെഎസ്ആർടിസി സ്വകാര്യ ബസുകളുടെ സർവീസ് സാധാരണ നിലയിലാണെന്ന് മോട്ടോർ വാഹന വകുപ്പും പോലീസും ഉറപ്പുവരുത്തണം. ഷോപ്പുകളും മാളുകളും മറ്റ് വ്യാപാര സ്ഥാപനങ്ങളും അടച്ചിടുന്ന സ്ഥിതിയുണ്ടാകരുത്. ജനങ്ങൾക്ക് സാധാരണ ജീവിതം നിലനിർത്തിപ്പോകാനാവശ്യമായ എല്ലാക്കാര്യങ്ങളും മുടക്കമില്ലാതെ നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ദീർഘദൂര ട്രെയിനുകളിൽ വന്നിറങ്ങുന്ന യാത്രക്കാരെ എക്സിറ്റ് പോയിന്റായിട്ടുള്ള റെയിൽവേ സ്റ്റേഷനുകളിൽ പരിശോധന നടത്തുന്നതിന് സംവിധാനം ഒരുക്കും. യാത്രക്കാർ പരിശോധനയ്ക്ക് സഹകരിക്കണമെന്നു മുഖ്യമന്ത്രി അറിയിച്ചു.



മുന്നറിയിപ്പ് അവഗണിച്ച് മൂന്നാറിലേക്ക് കെഎസ്ആർടിസി ബസിൽ യാത്ര ചെയ്ത സ്പാനിഷ് ടൂറിസ്റ്റുകളെ പോലീസും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് കുറവിലങ്ങാട്ടുവെച്ച് ബസിൽ നിന്നിറക്കി പരിശോധനയ്ക്കായി കൊണ്ടുപോകുന്നു.

കേരളത്തിൽ വിവിധ ജില്ലകളിലായി 10,944 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളതെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ പത്രസമ്മേളനത്തിൽ അറിയിച്ചു. 10,655 പേർ വീടുകളിലും 289 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. രോഗലക്ഷണങ്ങൾ ഉള്ള 2,147 വ്യക്തികളുടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 1,514 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റീവ് ആണ്.

രോഗപ്രതിരോധത്തിന് ഭഗീരഥ പ്രയത്നമാണ് സർക്കാർ നേരിടുന്നത്. യുകെ സ്വദേശിയുടെ ഫലം പോസിറ്റീവ് ആണെന്ന് മാർച്ച് 14ന് ശനിയാഴ്ച രാത്രിയോടെയാണ് വ്യക്തമായത്.

## ജ്യോതിരാദിത്യ സിന്ധ്യ ബിജെപിയിൽ

ന്യൂഡൽഹി: കോൺഗ്രസിൽ നിന്നു രാജിവെച്ച മുൻ കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ബിജെപിയിൽ ചേർന്നു. ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡയുടെ സാന്നിദ്ധ്യത്തിലായിരുന്നു സിന്ധ്യ ബിജെപി അംഗത്വമെടുത്തത്. സിന്ധ്യ മധ്യ



പ്രദേശിൽ നിന്നു രാജ്യസഭയിലേക്ക് ബിജെപി പ്രതിനിധിയായി മത്സരിക്കും.

18 വർഷത്തെ കോൺഗ്രസ് ബാന്ധവം അവസാനിപ്പിച്ചാണ് ജ്യോതിരാദിത്യ സിന്ധ്യ ബിജെപിയിൽ ചേർന്നത്. മൻമോഹൻസിംഗ് നേതൃത്വം നൽകിയ രണ്ടു സർക്കാരുകളിലും സിന്ധ്യ മന്ത്രിയായിരുന്നു.

## ഡോ. പുതുശേരി അന്തരിച്ചു

തിരുവനന്തപുരം: കവിയും ഭാഷാ ഗവേഷകനും അധ്യാപകനുമായ ഡോ. പുതുശേരി രാമചന്ദ്രൻ (91) അന്തരിച്ചു. വാർധക്യസഹജമായ അസുഖത്തെത്തുടർന്ന് ഏറെനാളായി ചികിത്സയിലായിരുന്നു. സംസ്കാരം നടത്തി. മലയാള ഭാഷയെ ക്ലാ




സിക്കൽ പദവിയിലേക്കുയർത്താനായി അക്ഷീണം പ്രയത്നിച്ച പുതുശേരി കവിതയിലൂടെയും അദ്ധ്യാപനത്തിലൂടെയും മലയാളത്തിനും മലയാളിക്കും പുതിയ വെളിച്ചം പകർന്നു. ഭാഷാ പണ്ഡിതനായ പുതുശേരി ഉൾപ്പെടെയുള്ളവരുടെ മേൽനോട്ടത്തിൽ സംസ്ഥാന സർക്കാർ തയാറാക്കിയ രേഖകളുടെ അടിസ്ഥാനത്തിലാണ് 2013ൽ മലയാള ഭാഷയ്ക്ക് ക്ലാസിക്കൽപദവി കൈവന്നത്. (ശേഷം 28–ാം പേജിൽ)

# കോവിഡ്: ദേശീയ ദുരന്തം

ന്യൂഡൽഹി: രാജ്യത്ത് വ്യാപകമായി പടർന്നു പിടിക്കുകയും രണ്ടുപേരുടെ മരണത്തിന് ഇടയാക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ കോവിഡ്–19 രോഗബാധ ദേശീയ ദുരന്തമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു.


രോഗബാധിതർക്ക് ചികിത്സയും ധനസഹായവും അടിയന്തരമായി ലഭ്യമാക്കുന്നതിനായാണ് കേന്ദ്രസർക്കാരിന്റെ നടപടി. കൊറോണ വൈറസ് ബാധയേറ്റ് ചികിത്സ തേടിയവർക്കും ഇതുമൂലം മരണമടഞ്ഞവർക്കും നഷ്ടപരിഹാരവും ധനസഹായവും സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നു നൽകണം. കോവിഡ് ദുന്തരം മൂലം മരണമടഞ്ഞവരുടെ കുടുംബത്തിന് നാലുലക്ഷം രൂപ നഷ്ടപരിഹാരമായി




രാജസ്ഥാനിലുള്ള ബിക്കാനിറിലുള്ള ജുനാഗഡ് കോട്ട സന്ദർശിക്കാനെത്തിയ വിദേശികളെ ആരോഗ്യപ്രവർത്തകർ പരിശോധിക്കുന്നു.

നൽകണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം എല്ലാ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കും അയച്ച ഉത്തരവിൽ പറഞ്ഞിരിക്കുന്നു. എന്നാൽ, ഈ ഉത്തരവ് പിന്നീട് പിൻവലിച്ചു. കൊറോണ വൈറസ് ബാധ വ്യാപകമായി പടരുന്ന സാഹചര്യമാണെങ്കിലും (ശേഷം 28–ാം പേജിൽ)


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
JAIBU MATHEW KULANGARA, E.A.
Enrolled to Practice before IRS
7215 W. TOUHY, SUITE 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
Email:tax@jaibu.com
Web: www.jaibu.com
TAX
Free Electronic Filing


PANCHAKARMA
AYURVEDA &
NATUROPATHY
TREATMENTS
Wellness Programmes
Rejuvenation Therapy
Body Detoxification Therapy
Relaxation Programme
Weight Management Plans
Post Delivery Mother Care
Daily Yoga Sessions
aarogyamantra
INTEGRATED HEALING
Ayurveda & Yoga & Naturopathy
www.aarogyamantra.com
T : +91 482 924 5400
M : +91 954 494 7778
E : info@aarogyamantra.com
W : www.aarogyamantra.com
REHABILITATION FACILITIES & CONVALESCENCE CARE


Malabar
FOODS
909 Greenwood Rd., Unit B, Glenview, IL 60025
Tel: 224-616-3048
Email: malabarcorp@gmail.com
Indian Spices & Groceries
Meat & Sea Food
Kerala Snacks
South Indian / North Indian Catering & Carry Out
Fruits & Vegetables
Organic Produce
WE ACCEPT
EBT
LINK CARD
Royal
Malabar
Catering
911 B Greenwood Rd, Glenview, IL 60025
Tel: 847-998-5635
Email: malabarcorp@gmail.com



FOR ALL YOUR PERSONAL AND BUSINESS TAX SERVICES




TOMY NELLAMATTAM, E.A.
Enrolled to Practice Before IRS

Nella Consulting Inc
755 Milwaukee Ave
Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

Free Electronic Filing
Full Time In Accounting
& Tax Services





LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America

Trusted Representation
Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

Attorney Steve Crifase

Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603

312-855-0511 StevenCrifase.com

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You

Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603

Phone (312) 855-0511,
Fax (312) 855- 0537

A+ Rating

AV PREEMINENT Peer Rated for Highest Level of Professional Excellence 2018

## ഇന്ത്യയിലെ യുഎസ് എംബസി വീസാ അപ്പോയിന്റ്മെന്റുകൾ നിർത്തി

ന്യൂഡൽഹി: കോവിഡ്-19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ യുഎസ് എംബസിയും കോൺസുലേറ്റുകളും വീസ അപ്പോയിന്റ്മെന്റുകൾ മാർച്ച് 16 മുതൽ നിർത്തിവെച്ചു. കുടിയേറ്റ, കുടിയേറ്റേതര വീസകളുടെ കാര്യത്തിൽ ഇതു ബാധകമാണെന്ന് എംബസി അറിയിച്ചു. പ്രവർത്തനങ്ങൾ സാധാരണ നിലയിലേക്ക് എത്തിയതിനു ശേഷമേ അപ്പോയിന്റ്മെന്റുകൾ ഇനി നടത്തൂ.

രോഗബാധയെത്തുടർന്ന് യുഎസിൽ പ്രസിഡണ്ട് ട്രംപ് ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു.

## ഇവരുടെ പോരാട്ടം സമൂഹത്തിനുവേണ്ടി

കോട്ടയം: ഒരാഴ്ചയായി വീട്ടിലേക്കു പോയിട്ട്. സമയം കിട്ടിയില്ലെന്നതു നേര്. പിന്നെ വീട്ടിൽ ചെന്നാൽ വീട്ടുകാർക്കും പരിസരവാസികൾക്കും ഒക്കെ ബുദ്ധിമുട്ടായാലോ എന്നൊരു ചിന്ത. കൊറോണ വാർഡിൽ ജീവിതം യും ആശുപത്രി ജീവനക്കാരെയുമാണ്. കൊറോണ വാർഡിൽ ജോലി നോക്കിയവരാണ് തങ്ങളെ പരിശോധിക്കുകയെന്ന ആശങ്ക മറ്റു ചികിത്സകൾക്കെത്തുന്നവർക്കുമുണ്ട്.

ആശുപത്രി ഒപി വിഭാഗത്തിൽ കഴി പ്രത്യേക വസ്ത്രങ്ങളണിഞ്ഞ് ജോലിയെടുക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളും ഇവർ പങ്കുവെക്കുന്നു.

അപ്പോഴും സമൂഹം ചെറിയൊരു ഭയത്തോടെയാണ് തങ്ങളെ നോക്കുന്നതെന്നു ജീവനക്കാർ പറയുന്നു. കോട്ട




പത്തനംതിട്ട ജനറൽ ആശുപത്രിയിലെ കൊറോണ വാർഡിലുള്ള ജീവനക്കാർ.

തന്നെ നീക്കിവെച്ച നിരവധി ഡോക്ടർമാരും ആരോഗ്യപ്രവർത്തകരുമാണ് നമുക്കിടയിലുള്ളത്. അത്തരത്തിലൊരാളുടെ പ്രതികരണമാണ് മുകളിൽ ചേർത്തത്. മറ്റൊരാളുടെ മകൾക്കു പരീക്ഷയാണ്; അതുകൊണ്ടുതന്നെ വീട്ടിലേക്കു പോകുന്നില്ലെന്നുവെച്ചു.

ഐസോലേഷൻ വാർഡുകൾ തുറന്ന ആശുപത്രികളോട് കഴിഞ്ഞ ഒരാഴ്ചയായി ആളുകൾക്ക് അല്പം അകലമുണ്ട്. ഇത്തരം ആശുപത്രികളിലെ ഒപിയിലേക്ക് അധികമാരും എത്തുന്നില്ല. രോഗികളുമായി നേരിട്ടുള്ള സമ്പർക്കത്തിലൂടെ മാത്രമേ കോവിഡ്-19 വൈറസ് പകരുകയുള്ളൂവെങ്കിലും എല്ലാവർക്കും ഭയം ഡോക്ടർമാരെ ഞ്ഞവർ ഡിസ്ചാർജ് വാങ്ങിപ്പോകാനും കാരണമായത് ഇതാണ്. എന്നാൽ, കൊറോണ വാർഡിൽ ഡ്യൂട്ടിക്കു നിയോഗിച്ചവർ അവിടെ മാത്രമേ ജോലി ചെയ്യാറുള്ളൂ.

എല്ലാ സുരക്ഷാ സംവിധാനങ്ങളോടെയുമാണ് അവർ ജോലി നോക്കുന്നത്. പുറത്തിറങ്ങുമ്പോൾ ശുചിത്വവും ഉറപ്പാക്കിയിരിക്കും. അസഹനീയമായ അന്തരീക്ഷ താപനിലയിൽ യം മെഡിക്കൽ കോളജിലെ കൊറോണ വാർഡിൽ ഡ്യൂട്ടി നോക്കിയവർക്കു വാടകവീടു പോലും നഷ്ടപ്പെട്ട സ്ഥിതിയുണ്ടായി.

വീട്ടുകാരിൽ നിന്നുള്ള എതിർപ്പു മറികടന്നു ജോലി ചെയ്യുന്നവരുമുണ്ട്. സമൂഹത്തോടുള്ള പ്രതിബദ്ധതയും ഏറ്റെടുത്തിരിക്കുന്ന ജോലിയോടുള്ള കൂറും കാരണം മറ്റുചിന്തകൾ തങ്ങളെ ഭരിക്കാറില്ലെന്ന് ഇവർ പറയുന്നു.

## പ്രളയഫണ്ടിൽ നിന്ന് തട്ടിയത് 23 ലക്ഷം രൂപ

മൂവാറ്റുപുഴ: പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നു പ്രതികൾ 23 ലക്ഷം രൂപ തട്ടിയെടുത്തതായി ക്രൈംബ്രാഞ്ച് കണ്ടെത്തി. പ്രതി വിഷ്ണുവിനെ 5 ദിവസം കസ്റ്റഡിയിൽ ചോദ്യം ചെയ്തപ്പോഴാണ് തട്ടിപ്പിന്റെ കൂടുതൽ വിവരങ്ങൾ പുറത്തുവന്നത്. 10 ലക്ഷം രൂപയുടെ തട്ടിപ്പു നടന്നതായാണ് ആദ്യം ക്രൈംബ്രാഞ്ച് കണ്ടെത്തിയത്. അന്വേഷണം മുന്നേറിയപ്പോൾ തുക 23,03,500 രൂപയായി വർധിച്ചു.

മറ്റു പ്രതികൾക്ക് അനധികൃതമായി ദുരിതാശ്വാസ ഫണ്ട് കൈമാറിയതിനു പുറമേ വിഷ്ണു ജില്ലാ ട്രഷറിയിലെ പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ഐസിഐസിഐ ബാങ്ക് കാക്കനാട് ബ്രാഞ്ചിലെ സ്വന്തം അക്കൗണ്ടിലേക്ക് 2 തവണ 10,000 രൂപ വീതവും എച്ച്ഡിഎഫ്സി ബാങ്ക് പാലാരിവട്ടം ബ്രാഞ്ചിലേക്ക് 2 തവണയായി 3,50,000 രൂപയും ജില്ലാ സഹകരണ ബാങ്ക് തേവര ബ്രാഞ്ചിലേക്ക് 1,25,000 രൂപയും ഉൾപ്പെടെ 4,95,000 രൂപ അനധികൃതമായി കൈമാറി.

രണ്ടാംപ്രതി മഹേഷിന്റെ പേരിലുള്ള യൂണിയൻ ബാങ്ക് കാക്കനാട് ബ്രാഞ്ചിലെ അക്കൗണ്ടിലേക്ക് 31,500 രൂപയും ട്രാൻസ്ഫർ ചെയ്തു.

അഞ്ചാംപ്രതിയുടെ കോർപറേഷൻ ബാങ്ക് കാക്കനാട് ശാഖയിലെ അക്കൗണ്ടിലേക്ക് 31,500 രൂപയും യൂണിയൻ ബാങ്ക് പിറവം ശാഖയിലെ അക്കൗണ്ടിലേക്ക് 1,00,000 രൂപയും എസ്ബിഐ ആലപ്പുഴ മുല്ലയ്ക്കൽ ശാഖയിലേക്ക് 60,000 രൂപയും ഉൾപ്പെടെ 7,49,500 രൂപ അയച്ചു.

തട്ടിപ്പിന്റെ വ്യാപ്തി വലുതാകാനുള്ള സാധ്യത ചൂണ്ടിക്കാട്ടിയാണ് അന്വേഷണ സംഘം പ്രതികളെ കൂടുതൽ ചോദ്യം ചെയ്യുന്നത്. വിഷ്ണു അന്വേഷണവുമായി സഹകരിക്കുന്നില്ല. വിഷ്ണു സ്വന്തം പേരും പ്രളയബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയാണു പണം വിവിധ ബാങ്കുകളിലെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത്.

ദുരിതാശ്വാസ നിധി വിതരണം ആരംഭിച്ച ഘട്ടത്തിൽ ബാങ്ക് അക്കൗണ്ട് നമ്പറുകളും ഐഎഫ്എസ് കോഡുകളും തെറ്റായി നൽകിയവർക്കു പണം കൈമാറാൻ കഴിയുന്നില്ല.

ഇങ്ങനെയുള്ള അക്കൗണ്ടുകളിലേക്ക് അയക്കേണ്ട തുക വിഷ്ണു സ്വന്തം അക്കൗണ്ടിലും വ്യാജമായി പട്ടികയിൽ ഉൾപ്പെടുത്തിയവരുടെ അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുകയായിരുന്നു.

## ശ്രീചിത്രയിലെ ഡോക്ടർമാർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: സ്പെയിനിൽ പഠനം കഴിഞ്ഞ് തിരുവനന്തപുരത്ത് മടങ്ങിയെത്തിയ ഡോക്ടർ സേവനമനുഷ്ഠിച്ച ആശുപത്രിയിലെ മുപ്പതോളം ഡോക്ടർമാരെയും നിരീക്ഷണത്തിലാക്കി.

ആരോഗ്യവകുപ്പിന്റെ നിർദേശാനുസരണമാണ് ഈ തീരുമാനം. ശ്രീചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോക്ടർക്കാണ് കോവിഡ് -19 സ്ഥിരീകരിച്ചത്. മാർച്ച് രണ്ടിന് സ്പെയിനിൽ നിന്ന് മടങ്ങിയെത്തിയ ഇദ്ദേഹം അടുത്ത ദിവസം മുതൽ രോഗികളെ പരിശോധിച്ച് തുടങ്ങിയിരുന്നു. മാർച്ച് എട്ടിനാണ് ഇദ്ദേഹത്തിന് രോഗലക്ഷണങ്ങൾ കണ്ടെത്തിയത്. തുടർന്നാണ് സാംപിൾ പരിശോധനയ്ക്ക് അയച്ചത്. മാർച്ച് 15ന് സ്ഥിരീകരണം ലഭിച്ചു. ശ്രീചിത്രയിലെ ആറ് വിഭാഗങ്ങളിലെ ഡോക്ടർമാരോട് നിരീക്ഷണത്തിൽ കഴിയാൻ നിർദേശിച്ചിരിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്നു മടങ്ങിയെത്തുന്നവരെ വിശദ പരിശോധനയും നിരീക്ഷണവും നടത്തണമെന്ന് കേന്ദ്രസർക്കാർ സർക്കുലർ ഇറക്കിയിരുന്നു. എന്നാൽ ഈ സർക്കുലറിൽ സ്പെയിൻ എന്ന രാജ്യം ഇല്ലായിരുന്നു.

അതിനാലാണ് ഡോക്ടറെ നേരത്തെ നിരീക്ഷണത്തിലാക്കാതിരുന്നതെന്നാണ് അധികൃതർ വ്യക്തമാക്കുന്നത്. കൊറോണ സ്ഥിരീകരിച്ച ഡോക്ടർ നിരവധി രോഗികളെ ആശുപത്രിയിൽ നേരത്തെ പരിശോധിച്ചിരുന്നു. ഇദ്ദേഹം പരിശോധിച്ച രോഗികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

## കൊറോണ മരണം 6500 കടന്നു

ലണ്ടൻ: കൊറോണ വൈറസ് അതിവേഗം പടരുന്ന സാഹചര്യത്തിൽ വിവിധ ലോകരാഷ്ട്രങ്ങൾ കടുത്ത നിലപാടിലേക്കു നീങ്ങുന്നു.

സാധ്യതയുള്ള വയോജനങ്ങളുടെ രക്ഷയ്ക്കാണ് ഇത്തരമൊരു നടപടിയെന്ന് അദ്ദേഹം സ്കൈന്യൂസിനോട് പറഞ്ഞു. ആരോഗ്യവകുപ്പിന് കൂടുതൽ കൂട്ടംകൂടുന്നത് നിയന്ത്രിക്കുക തുടങ്ങിയ നിർദേശങ്ങളും പരിഗണനയിലുണ്ട്. ഏതെല്ലാം നിയന്ത്രണങ്ങൾ എപ്പോൾ നടപ്പാക്കണമെന്നതു സംബന്ധിച്ച് ചീ



കൊറോണ രോഗബാധയെത്തുടർന്ന് ആളൊഴിഞ്ഞ സെൻട്രൽ ലണ്ടനിലെ പിക്കാഡില്ലി സർക്കസ്.

156 രാജ്യങ്ങളിലായി ഇതിനകം 6500 മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രോഗബാധിതരുടെ എണ്ണം 11,63,320 ആയി. സ്പെയിനിലും ഫ്രാൻസിലും അടിയന്തരാവസ്ഥയാണ്. പല രാജ്യങ്ങളും അതിർത്തികൾ അടച്ചു. ഇറ്റലിയിൽ മരണം 1907 ആയി. രോഗബാധിതർ 21000.

എഴുപതിനു മേൽ പ്രായമുള്ള എല്ലാവരും സ്വയം ക്വാറന്റൈനിൽ പോകണമെന്നു നിർദേശിക്കാൻ ആലോചിക്കുന്നതായി ബ്രിട്ടീഷ് ആരോഗ്യ സെക്രട്ടറി മാറ്റ് ഹാൻകോക്ക് പറഞ്ഞു. സ്വന്തം വീട്ടിലോ കെയർ ഹോമിലോ കഴിയാം. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അടുത്ത ദിവസങ്ങളിൽ വെളിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

എളുപ്പത്തിൽ രോഗം പിടിപെടാൻ വെന്റിലേറ്ററുകൾ ആവശ്യമുണ്ടെന്നും സെക്രട്ടറി പറഞ്ഞു.

ഹോട്ടലുകളും മറ്റു കെട്ടിടങ്ങളും താത്കാലികമായി ഏറ്റെടുത്ത് ആശുപത്രികൾ സ്ഥാപിക്കുക, പബുകളും റസ്റ്ററന്റുകളും അടയ്ക്കുക, ജനങ്ങൾ ഫ് മെഡിക്കൽ ഓഫീസർ ക്രിസ് വിറ്റി, ചീഫ് സയന്റിഫിക് അഡൈ്വസർ സർ പാട്രിക് വാലസ് എന്നിവരുടെ നിർദേശം തേടിയിട്ടുണ്ടെന്ന് സർക്കാർ വൃത്തങ്ങൾ പറഞ്ഞു. ബ്രിട്ടനിൽ കൊറോണ ബാധിച്ചുമരിച്ചവരുടെ എണ്ണം 35 ആയി.

## സമ്പർക്കനിയന്ത്രണം പാലിക്കാതെ ബെഹ്റ ഉന്നത യോഗത്തിൽ

തിരുവനന്തപുരം: കോവിഡ് മാർഗനിർദേശം ലംഘിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉന്നതയോഗത്തിൽ. ബ്രിട്ടനിൽ നിന്നെത്തുന്നവർ 28 ദിവസം വീട്ടിൽ കഴിയണമെന്നാണ് ആരോഗ്യ വകുപ്പിന്റെ നിർദേശം. രോഗ സാഹചര്യം കുറവാണെങ്കിലും 14 ദിവസം സമ്പർക്കമില്ലാതെ കഴിയണം. ഈ മാസം 3 മുതൽ 5 വരെ ബ്രിട്ടൻ സന്ദർശിച്ചെത്തിയ ബെഹ്റ ഇതുപാലിച്ചില്ല. മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും ചീഫ് സെക്രട്ടറിയും യോഗത്തിലുണ്ടായിരുന്നു. സംഭവത്തെക്കുറിച്ച് ഡിജിപിയുടെ പ്രതികരണം തേടിയെങ്കിലും ലഭ്യമായില്ല. കോവിഡ് പ്രതിരോധ പ്രചാരണ പരിപാടിയായ 'ബ്രേക്ക് ദ് ചെയിൻ' ഉദ്ഘാടനത്തിലും ബെഹ്റ പങ്കെടുത്തിരുന്നു.

## സന്ദർശകവിലക്കിനിടെ ഗവർണർ പൊന്മുടിയിൽ

തിരുവനന്തപുരം: വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കെ ഗവർണർ ആരിഫ് മുഹമ്മദ് ഖാനും കുടുംബവും രാജ്ഭവൻ ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം പൊന്മുടിയിലെത്തി.

മുപ്പതോളം പേരുള്ള സംഘം മാർച്ച് 14ന് ശനിയാഴ്ചയെത്തി പിന്നീട് മടങ്ങി. ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടയ്ക്കാനുള്ള തീരുമാനപ്രകാരം പൊന്മുടിയിൽ സന്ദർശനം നിരോധിച്ചിരിക്കുകയാണ്.

ഇതേസമയം, സന്ദർശനം ഔദ്യോഗികമായിരുന്നുവെന്നും രാജ്ഭവൻ അറിയിച്ചു. ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ ഊരുകളിലെ പകർച്ചവ്യാധികൾ തടയാനുള്ള നടപടികൾ എന്നിവ സംബന്ധിച്ച് വനംവകുപ്പ് അധികൃതരുമായും ഇക്കോടൂറിസം പ്രവർത്തനങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥരുമായും ഗവർണർ ചർച്ച നടത്തിയെന്നും വിശദീകരിച്ചു.



ഗവർണർ ആരിഫ് മുഹമ്മദ് ഖാനും പത്നി രേഷ്മ ആരിഫും പൊന്മുടിയിലെ ഇക്കോ ടൂറിസം ഗാർഡുമാർക്കൊപ്പം.

# പൊതുമേഖലയിൽ 10% സാമ്പത്തിക സംവരണം: വ്യവസ്ഥകളായി

തിരുവനന്തപുരം: മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു പൊതുമേഖലാ സ്ഥാപന നിയമനങ്ങളിൽ 10% സംവരണത്തിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ ഉത്തരവിറങ്ങി. ജനുവരി 3 മുതൽ പ്രാബല്യത്തിലുണ്ട്. അപേക്ഷകർ, പങ്കാളി, മാതാപിതാക്കൾ, 18ൽ താഴെപ്രായമുള്ള മക്കളും (ദത്തെടുത്തവർ ഉൾപ്പെടെ) സഹോദരങ്ങളും എന്നിവർ കുടുംബ നിർവചനത്തിൽവരും. കുടുംബ വാർഷിക വരുമാനം പരമാവധി 4 ലക്ഷം രൂപ. ഇതു കണക്കാക്കാൻ മുനിസിപ്പാലിറ്റി, കോർപറേഷൻ പരിധിയിലുള്ള പുരയിടത്തിൽ നിന്നുള്ള കാർഷിക വരുമാനം, സാമൂഹിക സുരക്ഷാ/പെൻഷനുകൾ, തൊഴില്ലില്ലായ്മ, വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവ ഒഴികെയുള്ള എല്ലാവരുമാനവും പരിഗണിക്കണം. കുടുംബഭൂസ്വത്ത് പഞ്ചായത്തിലെങ്കിൽ രണ്ടര ഏക്കറിലും മുനിസിപ്പാലിറ്റിയിലെങ്കിൽ 75 സെന്റിലും കോർപറേഷൻ പ്രദേശത്തെങ്കിൽ 50 സെന്റിലും കൂടരുത്. സംസ്ഥാനത്തിനു പുറത്തുള്ള ഭൂമിയും കണക്കിലെടുക്കും. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ഹൗസ്പ്ലോട്ട് (വീട് നിൽക്കുന്നതോ വീട് നിർമിക്കാൻ കഴിയുന്നതോ ആയ സ്ഥലം) മുനിസിപ്പാലിറ്റിയിൽ 20 സെന്റിലും കോർപറേഷനിൽ 15 സെന്റിലും കൂടരുത്. ഒന്നിലേറെ ഹൗസ്പ്ലോട്ട് ഉണ്ടെങ്കിൽ എല്ലാംചേർത്തു വിസ്തൃതി കണക്കാക്കും. മുനിസിപ്പാലിറ്റി, കോർപറേഷൻ പരിധിയിലെ ഹൗസ്പ്ലോട്ടുകൾ ചേർത്തു കണക്കാക്കുമ്പോൾ 20 സെന്റിൽകൂടരുത്. അന്ത്യോദയ അന്നയോജന, മുൻഗണനാ വിഭാഗം റേഷൻ കാർഡിൽ പേരുള്ളവർ മറ്റു മാനദണ്ഡങ്ങളില്ലാതെതന്നെ സംവരണത്തിന് അർഹരാണ്. ഇതിനു വില്ലേജ് ഓഫിസഫറുടെ സക്ഷ്യപത്രം മാത്രം മതി. അവകാശവാദം വ്യാജമെന്നു കണ്ടാൽ നിയമനം റദ്ദാക്കും.

## നിർഭയക്കേസ് പ്രതി ഹൈക്കോടതിയിൽ

ന്യൂഡൽഹി: തന്റെ ദയാഹർജി തള്ളിയ തീരുമാനത്തിൽ പിഴവുണ്ടെന്നു കാട്ടി നിർഭയക്കേസിലെ പ്രതി വിനയ് ശർമ ഹൈക്കോടതിയിൽ. തള്ളിയ ഉത്തരവിൽ ഡൽഹി ആഭ്യന്തരമന്ത്രി സത്യേന്ദർ ജെയിന്റെ ഒപ്പില്ലെന്നാണ് ശർമയുടെ ആരോപണം. നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലനിന്ന സമയത്താണ് ദയാഹർജി സമർപ്പിച്ചതെന്നും ആ സമയം സത്യേന്ദർ ജെയിൻ സ്ഥാനാർത്ഥി മാത്രമായിരുന്നെന്നും ഹർജിയിൽ പറയുന്നു.വധശിക്ഷ ജീവപര്യന്തമാക്കി കുറയ്ക്കണമെന്നാവശ്യപ്പെട്ട് വിനയ് ശർമ പുതിയ ദയാഹർജി നല്കിയിട്ടുണ്ട്. പിഴവ് തിരുത്തൽ ഹർജി ഉൾപ്പെടെയുള്ളവ വീണ്ടും നല്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് മുകേഷ് സിങ് സുപ്രീംകോടതിയിലും മർദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കണമെന്ന ആവശ്യവുമായി പവൻകുമാർ ഗുപ്ത കീഴ്ക്കോടതിയിലും ഹർജികൾ ഫയൽ ചെയ്തിട്ടുണ്ട്. മുകേഷ്കുമാർ സിങ് (32) . പവൻ ഗുപ്ത (25), വിനയ് ശർമ (26), അക്ഷയ് കുമാർ സിങ് (31) എന്നീ പ്രതികളുടെ വധശിക്ഷ 20ന് നടപ്പാക്കണമെന്നു അഞ്ചിന് പട്യാല ഹൗസ് കോടതി വാറന്റ് പുറപ്പെടുവിച്ചിരുന്നു.

## തുടർച്ചയായ അഞ്ചാം വർഷവും ടൂറിസം മേഖലയ്ക്ക് തിരിച്ചടി

കൊച്ചി: വിവിധ കാരണങ്ങളെത്തുടർന്ന് തുടർച്ചയായ അഞ്ചാം വർഷവും ടൂറിസം മേഖല പ്രതിസന്ധിയിലേക്ക്. നിലവിൽ കൊറോണ വൈറസ് ഭീതിയാണ് വിനോദ സഞ്ചാരമേഖലയ്ക്ക് തിരിച്ചടിയായിട്ടുള്ളത്.

2016ൽ സീസൺ തുടങ്ങുന്നതിന് തൊട്ടുമുമ്പായിരുന്നു നോട്ട് നിരോധനം. അന്ന് പണ പ്രതിസന്ധിയാണ് വില്ലനായത്. 2017ൽ ജിഎസ്ടി നടപ്പാക്കിയതിലുള്ള അനിശ്ചിതത്വവും 2018ലും 2019ലും പ്രളവും നിപ്പയുമാണ് തിരിച്ചടികളുണ്ടാക്കിയത്.

സംസ്ഥാനത്ത് കൊറോണ സ്ഥിരീകരിച്ചതോടെ ഒട്ടുമിക്ക ടൂറിസം കേന്ദ്രങ്ങൾ താത്കാലികമായി അടച്ചിരിക്കുകയാണ്. മധ്യവേനലവധിക്കാലം ആഘോഷമാക്കാൻ പലരും കുടുംബത്തോടൊപ്പം യാത്ര നടത്താനിരിക്കെയാണ് കോവിഡ് 19 സ്ഥിരീകരണത്തെത്തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളത്. ഇതിനു പുറമേ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളുടെ വരവും കുറഞ്ഞതോടെ ടൂറിസം മേഖല കനത്ത പ്രതിസന്ധിയിലായതോടെ ക്രൂയിസ് ടൂറിസം സാധ്യതകളും ഇല്ലാതായി.

ഡിസംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ വിദേശ വിനോദസഞ്ചാരികളും ഏപ്രിൽ, മേയ് മാസങ്ങളിലെ മധ്യവേനൽ അവധിക്കാലത്ത് ആഭ്യന്തര ടൂറിസ്റ്റുകളുമാണ് സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുക. എന്നാൽ, ഇക്കുറി ഡിസംബർ മുതൽ തന്നെ വിനോദ സഞ്ചാര മേഖലയിൽ പ്രതിസന്ധികളും ആരംഭിച്ചു.

രാജ്യം മുഴുവൻ പൗരത്വ നിയമത്തിനെതിരായ പ്രക്ഷോഭം ആരംഭിച്ചതോടെ തന്നെ പല വിദേശ വിനോദ സഞ്ചാരികളും ഇന്ത്യയിലേക്കുള്ള യാത്ര മാറ്റിവെക്കാൻ തുടങ്ങിയിരുന്നു.

അതിനിടെ, വിവിധ രാജ്യങ്ങൾ തങ്ങളുടെ പൗരന്മാർക്ക് യാത്രനിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. ഇതോടെ നിരവധി രാജ്യങ്ങളിൽ നിന്നുള്ള ബുക്കിംഗ് ഇല്ലാതായെന്ന് ടൂർ ഓപ്പറേറ്റർമാർ പറഞ്ഞു.


# PASTOR FOR YOUTH & CHILDREN

The Indian Pentecostal Church of God in Houston, TX is seeking a passionate and experienced leader to fill the role of Youth Pastor to lead a large congregation, includes youth and children. The Youth Pastor should be able to preach and minister relevantly to a generationally diverse crowd comprised of primarily South Indian descent (i.e. Kerala, India). We are seeking someone who is familiar with this culture and has interest/experience ministering to this group of believers.

**Minimum Qualifications**

- 25 years of age or older
- Married
- Bachelor's degree in Theology or other biblical studies earned through an on-campus program
- Saved, baptized, and filled with the Holy Spirit
- Living a life pleasing to the Lord
- 2 years of ministerial experience(Teaching & Preaching)
- Preferably someone who is familiar with the South Indian (Keralite) culture and has genuine interest/experience ministering to this group of believers
- Legally authorized to work in the United States

We offer a competitive salary with benefits. All submissions will be confidential.

To apply please email an updated resume and two professional references to
**YouthPastorSearch@IPCHouston.com**

For detailed job description, visit
**IPCHouston.Com / YouthPastorSearch**

**Further inquiries please contact**
**Pastor Sabu Varghese (215) 939-7512 or**
**Pastor Sam Varughese (469) 235-4684**


## ഏഴ് എംപിമാരുടെയും സസ്പെൻഷൻ പിൻവലിച്ചു

ന്യൂഡൽഹി: ലോക്സഭയിലെ ഏഴ് കോൺഗ്രസ് എംപിമാരുടെയും സസ്പെൻഷൻ പിൻവലിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ, ഡീൻ കുര്യാക്കോസ്, ബെന്നി ബഹനാൻ, ഗൗരവ് ഗോഗോയ്, മാണിക്കം ടാഗോർ, ഗുർജീത് സിംഗ് ഔജ്ല എന്നിവരെയാണ് ലോക്സഭാ പ്രമേയം പാസാക്കി സസ്പെൻഡ് ചെയ്തത്. ഡൽഹി കലാപം ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ട് പ്രതിപക്ഷം ബഹളം ഉയർത്തുന്നതിനിടെ ഭരണപക്ഷ എംപിമാർ സോണിയ ഗാന്ധിക്കും രാഹുൽ ഗാന്ധിക്കും എതിരെ കൊറോണയുമായി ബന്ധപ്പെടുത്തി പരാമർശം നടത്തി. ഇതിൽ പ്രകോപിതരായ പ്രതിപക്ഷ എംപിമാർ നടുത്തളത്തിലേക്കിറങ്ങുകയും രൂക്ഷ പ്രതിഷേധം ഉയർത്തുകയും ചെയ്തു. പ്രതിഷേധത്തിനിടെ സ്പീക്കറുടെ മേശപ്പുറത്തു നിന്ന് കടലാസ് എടുത്തു വലിച്ചു കീറിയെറിഞ്ഞു എന്നു ചൂണ്ടിക്കാട്ടിയാണ് ഏഴ് എംപിമാരെയും സസ്പെൻഡ് ചെയ്തത്.

എംപിമാരെ തിരിച്ചെടുക്കാമെന്ന് സ്പീക്കർ ഓംബിർള പ്രതിപക്ഷ നേതാക്കൾക്ക് ഉറപ്പ് നൽകിയിരുന്നു. സഭ ചേർന്നപ്പോൾ പാർലമെന്ററി കാര്യ സഹമന്ത്രി അർജുൻ രാം മേഘ്വാൾ സസ്പെൻഷ് പിൻവലിച്ചതുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചു. സഭ ശബ്ദവോട്ടോടെ പാസാക്കി. തുടർന്ന് എംപിമാരുടെ സസ്പെൻഷൻ പൻവലിച്ചതായി സ്പീക്കർ ഓം ബിർള സഭയിൽ പ്രഖ്യാപിച്ചു.





കേരളാ എക്സ്പ്രസ്
KERALA EXPRESS

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXVIII
Number 12
March 20, 2020

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203
Fax : + 91 481-2568648

*Co-ordinating Editor*
Mani Samuel

*Chief News Editor*
Thomas Vadakel

*News Editor*
Mini Mani

*Sub Editor*
Cyril Thomas

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to Kerala Express, Grace Publications, Inc. 2050 W. Devon Ave. Chicago, Illinois 60659.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്വചനം**

ജീവിതമെന്നാൽ പ്രവർത്തനമാണ്, ഒന്നും ചെയ്യാതിരിക്കുക എന്നതു മരണവും.

**ലെവിസ് മോറിസ്**

എല്ലായിടത്തും ക്ഷമ കാണിക്കുക. സ്വയമേവയും.

**സെ. ഫ്രാൻസിസ് ഡെ സെൽസ്**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## കൊറോണാ ഭീഷണി

ലോകജനത ഇന്ന് ആശങ്കയുടെ മുൾമുനയിൽ നിൽക്കുന്നു. കോവിഡ് 19 ആണ് ഈ ആശങ്കകൾക്ക് കാരണക്കാരൻ. എന്തായാലും ലോകസമ്പദ് ഘടനയെയും ജനതയുടെ ആത്മവിശ്വാസത്തെയും കോവിഡ് തകർത്തുകളഞ്ഞിരിക്കുന്നു. അതോടൊപ്പം ജനങ്ങൾ ഒറ്റപ്പെട്ടും കഴിഞ്ഞു. മാസങ്ങൾക്കു മുമ്പ് ചൈനയിൽ പൊട്ടിപ്പുറപ്പെട്ട കൊറോണ വൈറസ് (കോവിഡ് 19) ഇപ്പോഴും നിയന്ത്രണവിധേയമായിട്ടില്ലെന്ന് മാത്രമല്ല, രാജ്യാതിർത്തികൾ കടന്ന് ലോകമെങ്ങും വ്യാപിച്ചുകൊണ്ടിരിക്കയാണ്. 156 രാജ്യങ്ങളിൽ ഇതിനോടകം വൈറസ് വ്യാപിച്ചുകഴിഞ്ഞു. രോഗബാധിതതരുടെ എണ്ണം ഒരു ലക്ഷത്തിനാല്പതിനായിരം കവിഞ്ഞു. ആറായിരത്തിയഞ്ഞൂറോളം പേർ മരണപ്പെട്ടു. 2002-03 കാലത്ത് ബാധിച്ച സാഴ്സിനോളം മാരകമല്ല കൊറോണയെന്നായിരുന്നു തുടക്കത്തിൽ ആരോഗ്യ-ശാസ്ത്രവിദഗ്ദ്ധർ പറഞ്ഞിരുന്നത്. എന്നാൽ, സാഴ്സിനേക്കാൾ വേഗത്തിലാണിപ്പോൾ കൊറോണ വ്യാപിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ മുൻകരുതൽ സ്വീകരിക്കാൻ ലോകാരോഗ്യ സംഘടന മുന്നറിയിപ്പും നല്കുന്നു. കേരളമുൾപ്പെടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും കൊറോണ ബാധയുണ്ട്. രാജ്യത്ത് ഇതിനകം നൂറ്റിപ്പത്ത് പേർക്ക് കൊറോണ ബാധിച്ചുകഴിഞ്ഞു. കേരളത്തിൽ 21 പേർക്കും. ഇറ്റലിയിൽ നിന്നെത്തിയ വിനോദസഞ്ചാരികളാണ് ഇവരിൽ പലരും. വിദേശത്തുള്ള ഇന്ത്യാക്കാർക്കും രോഗം ബാധിച്ചിട്ടുണ്ട്. പുറത്തുനിന്ന് ഇന്ത്യയിലെത്തുന്നവരെ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമേ ഇപ്പോൾ രാജ്യത്ത് പ്രവേശിക്കാൻ അനുവദിക്കുന്നുള്ളു. കേരളത്തിലെ വിമാനത്താവളങ്ങളിൽ കേന്ദ്ര ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക മെഡിക്കൽ വിഭാഗം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത് കേരളത്തിലാണ്. എങ്കിലും ഇവിടെ രോഗം ബാധിച്ച മൂന്നു പേരും പൂർണമായും സുഖപ്പെട്ടിട്ടുണ്ടെന്നാണ് ആരോഗ്യ വകുപ്പിന്റെ അറിയിപ്പ്. എന്നാലും, സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പതിനൊരായിത്തോളം പേർ ഇപ്പോൾ നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ രക്തസാമ്പിളുകൾ എൻഐവിയിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഇതിൽ ഒട്ടേറെ സാമ്പിളുകളുടെയും പരിശോധനാഫലം നെഗറ്റീവാണെന്നും ആരുടെയും ആരോഗ്യനിലയിൽ ആശങ്ക വേണ്ടെന്നും ആരോഗ്യമന്ത്രി പറയുന്നുണ്ട്.

കൊറോണയുടെ വ്യാപനം ആരോഗ്യരംഗത്തെ മാത്രമല്ല, ആഗോളതലത്തിൽ തന്നെ സാമ്പത്തികം-വിദ്യാഭ്യാസം-ടൂറിസം-തൊഴിൽ-ആഘോഷങ്ങൾ, മതപരമായ ചടങ്ങുകൾ തുടങ്ങി വിവിധ മേഖലകളെ വലിയതോതിൽ ബാധിച്ചിട്ടുണ്ട്. ചില കൊറോണ ബാധിത രാജ്യങ്ങളിലും കേരളത്തിലും രോഗബാധ ഭയന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. യുഎഇയിൽ മാർച്ച് എട്ടു മുതൽ ഒരു മാസത്തേക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നല്കി. രോഗം വൻ നാശനഷ്ടങ്ങൾ വരുത്തിയ ചൈനയിൽ രോഗബാധിത മേഖലകളിൽ പഠനങ്ങളെല്ലാം ഓൺലൈനിലേക്ക് മാറ്റി. ഇന്ത്യയിൽ പരീക്ഷാകേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾക്ക് മുഖാവരണത്തിന് കർശന വിലക്കേർപ്പെടുത്തിയിരുന്ന സി.ബി.എസ്.ഇ കൊറോണ ബാധയുടെ പശ്ചാത്തലത്തിൽ മുഖാവരണം ധരിക്കാൻ അനുമതി നല്കിയിരുന്നു.

മിക്ക ഗൾഫ് രാജ്യങ്ങളിലും വിമാനസർവീസുകൾക്കും നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യാക്കാരടക്കം പത്ത് രാജ്യങ്ങളിൽ നിന്നുള്ളവർക്ക് കുവൈറ്റിലേക്കുള്ള പ്രവേശനത്തിന് കൊറോണ വൈറസ് ബാധയില്ലെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരിക്കുകയാണ്. ഇത് ഇന്ത്യയിൽ നിന്നുള്ള പ്രവാസികളുടെ യാത്രയെ ബാധിക്കും. സാധാരണഗതിയിൽ അവധിക്ക് നാട്ടിലേക്ക് കുടുംബവുമായി പോകാറുള്ള പ്രവാസികൾ ഇപ്പോൾ എന്ത് ചെയ്യണമെന്നറിയാത്ത അവസ്ഥയിലാണ്. നാട്ടിലേക്കു പോയിക്കഴിഞ്ഞാൽ പിന്നീട് തിരിച്ചുവരാൻ പ്രയാസങ്ങളുണ്ടാകുമോ എന്ന ആശങ്കയിൽ യാത്ര വേണ്ടെന്നു വെക്കുകയാണ് പലരും. ഖത്തറിൽ നടക്കാനിരിക്കുന്ന വിവിധ അന്താരാഷ്ട്ര മേളകൾ റദ്ദാക്കി. സൗദി അറേബ്യ ഉംറ തീർത്ഥാടനം താൽക്കാലികമായി നിർത്തിവെച്ചു. നേരത്തെ വിദേശത്തുനിന്നുള്ള ഉംറ തീർത്ഥാടകർക്കായിരുന്നു വിലക്ക്. ആഭ്യന്തര തീർത്ഥാടകർക്കും വിലക്കേർപ്പെടുത്തിയിരിക്കുന്നു. വിമാന സർവീസുകൾ വെട്ടിക്കുറച്ചതും യാത്രക്കാർക്ക് ഏർപ്പെടുത്തിയ നിയന്ത്രണവും കേരളത്തിലെ ടൂറിസം മേഖലയ്ക്കും തിരിച്ചടിയായി. സംസ്ഥാനത്ത് രോഗം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വിദേശസഞ്ചാരികൾ മാത്രമല്ല, ആഭ്യന്തര സഞ്ചാരികളും കേരളത്തിലേക്കുള്ള യാത്ര റദ്ദാക്കുകയാണ്.

രോഗത്തെ പ്രതിരോധിക്കാനുള്ള മരുന്നുകളൊന്നും നിലവിൽ ലഭ്യമല്ലെന്നതാണ് കൊറോണയുടെ കാര്യത്തിൽ ആരോഗ്യമേഖല നേരിടുന്ന വലിയ പ്രതിസന്ധി. അമേരിക്ക, ചൈന തുടങ്ങിയ രാജ്യങ്ങളിൽ ഗവേഷകർ പ്രതിരോധ മരുന്നു കണ്ടെത്താനുള്ള ഊർജ്ജിത ശ്രമത്തിലാണ്. രണ്ട് മാസത്തിനകം മരുന്ന് വികസിപ്പിക്കാൻ സാധിക്കുമെന്ന് ചൈന അവകാശപ്പെടുന്നെങ്കിലും ഒരു വർഷമെങ്കിലുമെടുക്കും അത് വികസിപ്പിച്ചെടുക്കാനെന്ന് ഗവേഷകർ പറയുന്നു. ശാസ്ത്ര-സാങ്കേതിക രംഗത്ത് അത്യപൂർവ്വ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ലോകമിന്ന്. ഈ മുന്നേറ്റം കണ്ട് തങ്ങൾക്ക് നേടാനാകാത്തതൊന്നുമില്ലെന്ന് ആധുനികസമൂഹം അഹങ്കരിക്കെ, ഒന്നൊന്നായി കടന്നുവരുന്ന പുതിയ വൈറസുകളുടെയും രോഗങ്ങളുടെയും മുമ്പിൽ ലോകം നിസ്സഹായരാകുകയാണ്. പുതിയ രോഗങ്ങളുടെ കടന്നുവരവിന് പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും ആവാസ വ്യവസ്ഥയെയും നശിപ്പിച്ചുകൊണ്ടുള്ള മനുഷ്യന്റെ തെറ്റായ ജീവിതരീതിക്ക് വലിയ പങ്കുണ്ടെന്നു വിലയിരുത്തപ്പെടുന്നു. ആഗോള താപനത്തിന്റെ അനന്തരഫലമായ എൽനിനോ പോലുള്ള പ്രതിഭാസങ്ങളും വൈറസ് ബാധയും തമ്മിൽ വലിയ ബന്ധമുണ്ടെന്ന് പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക വളർച്ചയുടെ പരിണതിയാണല്ലോ ആഗോളതാപനം. വികസനത്തിന്റെ പേരിൽ പക്ഷികളുടെയും മൃഗങ്ങളുടെയും വാസസ്ഥലങ്ങൾ മനുഷ്യൻ നശിപ്പിച്ചതോടെ ഭക്ഷണത്തിനും പാർപ്പിടത്തിനും വേണ്ടിയുള്ള പരക്കംപാച്ചിലിൽ അവ നാട്ടിൻപ്രദേശങ്ങളിലേക്ക് കടന്നുവരാൻ തുടങ്ങിയത് പക്ഷി, മൃഗാദികളിൽ നിന്നുള്ള രോഗപ്പകർച്ചയ്ക്കും വഴിവെച്ചു. മനുഷ്യജീവിതത്തിൽ അടുക്കും ചിട്ടയും നിയന്ത്രണങ്ങളും പാലിക്കുകയും എന്തും വെട്ടിപ്പിടിക്കാനുള്ള ത്വര ഉപേക്ഷിക്കുകയും ചെയ്യുകയെന്നതാണ് ആത്യന്തികമായി ഇത്തരം വൈറസുകളെയും രോഗങ്ങളെയും പ്രതിരോധിക്കാനുള്ള ഫലപ്രദമായ മാർഗ്ഗം. കേരളത്തിലെ ജനങ്ങളിലും സന്ദേഹങ്ങളും ആശങ്കകളും ഉണ്ടെങ്കിലും കൊറോണയെ അതിജീവിക്കാനുള്ള എല്ലാ കരുതലുകളും ആരോഗ്യമന്ത്രാലയം സ്വീകരിച്ചതിനെ ശ്ലാഘിക്കുകതന്നെ ചെയ്യണം.

# കോവിഡ് - 19 ഭീതിയിൽ മുങ്ങി ഇറ്റലി

റോം: ലോകം മുഴുവൻ പടർന്നു കൊണ്ടിരിക്കുന്ന കോവിഡ് -19 വൈറസ് ബാധ ഇറ്റലിയെ മുഴുവനായി ബാധിച്ചിരിക്കുകയാണ്. തുടക്കത്തിൽ വടക്കേ ഇറ്റലിയിലെ ലൊംബാർദിയ, ലിഗുരിയ എന്നീ പ്രദേശങ്ങളിലാണ് വൈറസ് പടർന്നുപിടിച്ചത്. ധാരാളം വിനോദ സഞ്ചാരികൾ എത്തിച്ചേരുന്ന മിലാൻ, വെനീസ്, പാദുവ എന്നീ സ്ഥലങ്ങൾ ഈ പ്രദേശങ്ങളിലാണ് എന്നതാണ് അതിന്റെ പ്രധാന കാരണം.

ഈ വൈറസ് പുതിയതായതുകൊണ്ട് വേണ്ടത്ര അറിവില്ലാത്തതുമൂലം രോഗലക്ഷണങ്ങൾ തിരിച്ചറിയാൻ പറ്റിയില്ല. എന്നും ഒരു മാത്രമാണ് ആദ്യം എയർപോർട്ടുകളിൽ പരിശോധന നടത്തിയിരുന്നത്. കൊറോണ വൈറസിന്റെ പ്രഭവകേന്ദ്രമായ ചൈനയിലെ വുഹാനിലേക്ക് നേരിട്ട് വിമാന സർവീസുകൾ മിലാനിൽ നിന്ന് ഉണ്ടായിരുന്നതും രോഗം പടരാൻ ഇടയാക്കി. പ്രശസ്തമായ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആയതിനാൽ മിലാൻ പോലുള്ള എയർപോർട്ടുകളിൽ ധാരാളം ടൂറിസ്റ്റുകൾ വന്നു പൊയ്ക്കോണ്ടിരുന്നു. കഴിഞ്ഞ വർഷം ഡിസംബർ അവസാനം തിരിച്ചറിഞ്ഞ കൊറോണ വൈറസിനെപ്പറ്റിയുള്ള വിവരം ചൈന പുറത്തുവിട്ടപ്പോൾ ഏറെ താമസിച്ചിരുന്നു. രോഗം പടരുന്നതു തടയാൻ കൂടുതൽ മുൻകരുതലുകൾ എടുത്തിരുന്നില്ല. അങ്ങനെ ധാരാളം യാത്രക്കാർ ചൈനയിൽ നിന്നും കൊറിയയിൽ നിന്നും എത്തിക്കൊണ്ടിരുന്നു.

ഇറ്റലിയിൽ നിന്ന് രോഗം പടരുന്നതു ശ്രദ്ധയിൽപെട്ടപ്പോൾ തന്നെ മാർച്ച് 15 വരെ പൊതുപരിപാടികൾ എല്ലാം റദ്ദ് ചെയ്ത് സ്കൂളുകൾക്കും യൂണിവേഴ്സിറ്റികൾക്കും അവധി പ്രഖ്യാപിച്ചു. ആ സമയം കൊണ്ടുതന്നെ 3500ലധികം പേർക്കു രോഗം സ്ഥിരീകരിച്ചിരുന്നു. അതീവ ജാഗ്രത ആവശ്യമായതിനാൽ ഈ മാസം 10നു തന്നെ പ്രധാനമന്ത്രി ജൂസപ്പേ കോന്തെ ഇറ്റലിയെ മുഴുവൻ റെഡ് സോൺ ആയി ഏപ്രിൽ മൂന്നുവരെ സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചു. ഇപ്പോൾ ഇറ്റലി മുഴുവൻ പൊതുസമ്പർക്ക നിരോധന നിയമം നിലവിൽ വന്നിരിക്കുന്നു. അകാരണമായി വീടു വിട്ട് പുറത്തിറങ്ങാൻ ഒരു വ്യക്തിക്കും അനുവാദമില്ല.

മാർപാപ്പ താമസിക്കുന്ന വത്തിക്കാൻ സ്റ്റേറ്റിലും കൊറോണ രോഗം ഒരാൾക്ക് സ്ഥിരീകരിച്ചതിനാൽ കർശനമായ പരിശോധനകൾക്കു ശേഷമേ വത്തിക്കാനിലെ ജീവനക്കാർക്കു പോലും അവിടെ പ്രവേശിക്കാൻ സാധിക്കൂ. തീർത്ഥാടകരും സഞ്ചാരികളും വളരെയധികം വരുന്ന വിശുദ്ധ പത്രോസ് ശ്ലീഹായുടെ ബസിലിക്കയും വത്തിക്കാൻ ചത്വരവും ഇറ്റാലിയൻ ഗവൺമെന്റിന്റെ അഭ്യർത്ഥന പ്രകാരം അടച്ചിരിക്കുകയാണ്. കർദിനാൾ ആഞ്ചലോ ഡൊണാത്തിസിന്റെ ആഹ്വാന പ്രകാരം



കോവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ സ്ലോവേനിയൻ - ഇറ്റാലിയൻ അതിർത്തിയിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നു.

വ്യക്തിപരമായി പ്രാർത്ഥിക്കാനായി റോമിലെ പള്ളികൾ തുറന്നിട്ടുണ്ട്.

പ്രത്യേകമായി വേണ്ട മുൻകരുതലുകൾ എടുത്തുകൊണ്ട് രോഗികളായി മരണഭയത്തിൽ കഴിയുന്ന വിശ്വാസികൾക്ക് വിശുദ്ധ കുർബാന നൽകണമെന്ന് ഇറ്റലിയിലെ വൈദികരോട് ഫ്രാൻസിസ് മാർപാപ്പ ഈയിടെ സാന്താ മാർത്താ പള്ളിയിൽ അർപ്പിച്ച ദിവ്യബലിക്കിടെ പറഞ്ഞിട്ടുണ്ട്. പതിനാറും പത്തൊമ്പതും നൂറ്റാണ്ടുകളിൽ ചാൾസ് ബൊറോമിയോ, ഡോൺ ബോസ്കോ എന്നീ വിശുദ്ധർ പ്ലേഗ് രോഗത്തിന്റെ സമയത്ത് രോഗികൾക്കു വിശുദ്ധ കുർബാന നൽകിയിരുന്നതും രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നതും പാപ്പ ഇറ്റലിയിലെ വൈദികരെ ഓർമിപ്പിച്ചു.

ഇറ്റലിയിൽ കഴിയുന്ന മലയാളികളിൽ ആർക്കും കൊറോണ രോഗം ബാധിച്ചതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും മലയാളികൾ ധാരാളമുള്ള മിലാൻ, വെനീസ് പ്രദേശങ്ങളിൽ രോഗികൾ ഉണ്ടാകാൻ സാധ്യതയുണ്ട്. നാട്ടിലേക്കു തിരികെപ്പോകാൻ ആഗ്രഹിക്കുന്ന മലയാളികൾക്ക് വേണ്ടത്ര ക്രമീകരണങ്ങളും വകുപ്പുതല ചർച്ചകളും നടത്തിയതിന്റെ ഭാഗമായി ഇറ്റലിയിലേക്ക് ഇന്ത്യയിൽ നിന്നുള്ള ഡോക്ടർമാരുടെ സംഘം പുറപ്പെട്ടിട്ടുണ്ട്.

രാജ്യം മുഴുവൻ നീണ്ട അവധി പ്രഖ്യാപിച്ചതിനെത്തുടർന്ന് ജോലിസാദ്ധ്യതകൾ ഇല്ലാത്തതിനാലും സാമ്പത്തിക മാന്ദ്യം വരുമെന്ന് കണക്കാക്കുകയുമാണ് മലയാളികൾ തിരകെ പോകാനായി തയാറെടുത്തിരിക്കുന്നത്. ഇവിടെയുള്ള ആശുപത്രികളിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതും തിരികെപ്പോരാനുള്ള മറ്റുകാരണങ്ങളാണ്.

ഫ്രാൻസിസ് മാർപാപ്പ മാർച്ച് 11ന് ബുധനാഴ്ച ഇറ്റലി മുഴുവനുമുള്ള വിശ്വാസികളോട് (ശേഷം 28-ാം പേജിൽ)

## കോവിഡിൽ നിന്ന് സുഖം പ്രാപിച്ച പെൺകുട്ടി പറയുന്നു

തൃശൂർ: ചൈനയിലെ വുഹാൻ സർവകലാശാലയുടെ പടികൾ കയറാൻ ഇനി നാളുകൾ എടുത്തേക്കാം. എങ്കിലും ജൂൺ അവസാന വാരം നടക്കുമെന്നു പ്രതീക്ഷിക്കുന്ന മൂന്നാം വർഷ എംബിബിഎസ് പരീക്ഷയുടെ ഒരുക്കത്തിലാണ് ഈ പെൺകുട്ടി. ഇവൾ, കൊറോണ രോഗഭീതിയെ വകഞ്ഞുമാറ്റി ജീവിതവഴികളിലേക്ക് തിരിഞ്ഞുനടന്ന തൃശൂർകാരി. ലോകത്ത് ആശങ്ക വിതയ്ക്കുന്ന കോവിഡ്-19നെ പുഞ്ചിരിയോടെ അതിജീവിച്ചവൾ.

ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ ചിട്ടയോടെ കഴിഞ്ഞ 22 നാളുകളെക്കുറിച്ചോ അവിടുത്തെ അനുഭവങ്ങളെക്കുറിച്ചോ ലേഖനങ്ങളോ പുസ്തകങ്ങളോ രചിക്കാനില്ല. എല്ലാം തുറന്ന പുസ്തകമാണ്: പെൺകുട്ടി മനസ് തുറന്നു.

"രോഗം സ്ഥിരീകരിച്ച ശേഷവും കാര്യമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായില്ല. അഞ്ചുദിവസത്തികം പനിയും തൊണ്ടവേദനയും മാറി. ആരോഗ്യവകുപ്പിന്റെ മാർഗനിർദേശങ്ങൾ അതേപടി പാലിച്ചതാണ് ഗുണകരമായത്. ജനുവരി 24 വരെ വുഹാനിലുണ്ടായിരുന്നു. വൈറസ് പടരുന്നുണ്ടെന്നറിഞ്ഞെങ്കിലും ഞാൻ ഹോസ്റ്റലിൽ തന്നെയായിരുന്നു. അവിടെ ഡോക്ടർമാരെത്തി ഞങ്ങളെ പരിശോധിച്ചിരുന്നു.

അവധിക്കു നാട്ടിലേക്കു വരേണ്ടെന്നാണ് ആദ്യം തീരുമാനിച്ചത്. രോഗലക്ഷണങ്ങളൊന്നുമില്ലായിരുന്നു എങ്കിലും പിന്നീട് പോരാൻ തീരുമാനിക്കുകയായിരുന്നു. ആരോഗ്യ വകുപ്പിന്റെ നിർദേശം അനുസരിച്ച് നാട്ടിലെത്തിയ അന്നു തന്നെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥനെ വിവരം അറിയിച്ചു. വീട്ടിൽത്തന്നെ കഴിഞ്ഞു. 27നു തൊണ്ടവേദനയും ജലദോഷവും തുടങ്ങിയപ്പോൾ ആ വിവരവും അറിയിച്ചു. തുടർന്ന് ജനറൽ ആശുപത്രിയിൽ നിന്ന് ആംബുലൻസ് വന്നു കൊണ്ടുപോയി.

രോഗലക്ഷണങ്ങൾ ആദ്യ രണ്ടു മൂന്നു ദിവസം കൊണ്ട് തന്നെ മാറി. അതിനു ശേഷമാണ് വൈറസ് ബാധ സ്ഥിരീകരിച്ച ഫലം ലഭിച്ചത്. എന്നിലൂടെ മറ്റുള്ളവർക്ക് അസുഖം പിടിപെട്ടിട്ടുണ്ടോ എന്നു മാത്രമായിരുന്നു ആശങ്ക. ഞാൻ എങ്ങനെ പ്രതികരിക്കുമെന്നു ചിന്തിച്ചിട്ടാകണം നാലു ഡോക്ടർമാർ ഒന്നിച്ചു വന്നാണ് രോഗവിവരം പറഞ്ഞത്.

ഐസൊലേഷൻ വാർഡിൽ വൈഫൈ സംവിധാനമുണ്ടായിരുന്നു. സുഹൃത്തുക്കളുമായും സഹപാഠികളുമായും ഫോണിൽ ബന്ധപ്പെടാൻ കഴിഞ്ഞു. പിന്നീട് ഫോണിൽ ഒരുപാട് സിനിമകൾ കണ്ടു. ഇഷ്ടമുള്ള ഭക്ഷണവും കിട്ടുമായിരുന്നു.

ഇതിനിടെ ആരോഗ്യമന്ത്രി കെ.കെ. ശൈലജ സന്ദർശിച്ചു. പേടിക്കേണ്ട എന്നു മന്ത്രി പറഞ്ഞത് വലിയ ആശ്വാസമായി. പിന്നീട് ഡോക്ടർമാരും മറ്റുമായി നല്ല സൗഹൃദത്തിലായി. ചൈനയിൽ നിന്ന് അദ്ധ്യാപകർ ഓൺലൈനായി ക്ലാസെടുത്തു തുടങ്ങിയപ്പോൾ അതിലായി ശ്രദ്ധ. ശരിക്കും ക്ലാസ് മുറിയിൽ ഇരിക്കുന്ന അനുഭവമായിരുന്നു. ഐസൊലേഷൻ വാർഡായിരുന്നെങ്കിലും അപ്പോൾ ചൈനയിൽ മരണങ്ങളുടെ വാർത്ത അറിയാമായിരുന്നതിനാൽ വരുന്നതു കഠിനമായ അനുഭവങ്ങളുടെ ദിവസങ്ങളാണെന്നു മനസിലായി.

പക്ഷേ, ആശുപത്രി ജീവനക്കാരും ബന്ധുക്കളും നൽകിയ പിന്തുണയാണ് മനക്കരുത്തു വർധിപ്പിച്ചത്. ഇതിനിടെ നിരവധി ടെസ്റ്റുകൾ നടക്കുന്നുണ്ടായിരുന്നു. രണ്ടു ഫലവും നെഗറ്റീവായപ്പോൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് എന്റെയൊപ്പം വാർഡിലുണ്ടായിരുന്ന ഡോക്ടർമാരും നേഴ്സുമാരും മറ്റ് ആരോഗ്യപ്രവർത്തകരുമാണ്.

ഫെബ്രുവരി പകുതിക്ക് ശേഷം വീട്ടിലേക്ക് തിരിച്ചെത്തി. പിന്നീട് നിരീക്ഷണത്തിൽതന്നെയായിരുന്നു. മാർച്ച് ഒന്നിനു നിരീക്ഷണ കാലാവധിയും അവസാനിച്ചു. നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങൾ കൊറോണയെ അതിജീവിക്കും.

ആരോഗ്യരംഗത്തും നിലവിലുള്ള എല്ലാ നിർദേശങ്ങളും നമ്മൾ പാലിക്കണം. നമ്മുടെ ചെറിയ വീഴ്ചകൾ പോലും പിന്നീട് വലിയ ദുരന്തത്തിലേക്കു വഴിമാറിയേക്കാം.

സ്വന്തം ജീവനുള്ള ഭീഷണിപോലും വകവെക്കാതെയാണ് ഡോക്ടർമാരും നേഴ്സുമാരും മറ്റ് ആരോഗ്യപ്രവർത്തകരുമെല്ലാം നിലയുറപ്പിച്ചിട്ടുള്ളത്. ഇവരുടെ ആത്മാർത്ഥതയ്ക്കൊപ്പം നമ്മളും നിലകൊള്ളണം. എന്റെ കാര്യത്തിൽ ഇപ്പോൾ എല്ലാം ശാന്തം, അതീവ സന്തോഷം, ആശ്വാസം": വലിയൊരു നേട്ടം നിസാരമായി കൈപ്പിടിയിലൊതുക്കിയ വിരഭാവത്തോടെ വിദ്യാർത്ഥിനി പറഞ്ഞു നിർത്തി.


MIDWEST
WINDOWS & DOORS
MIDWEST WINDOWS
DOORS & SIDING
www.mymidwestwindows.com
45%
Off for Windows
40%
Off for Doors
and Siding
FREE ESTIMATE
Please Contact
RAJU NADUVETTIL
CELL 773 474 9566
rajuabm@gmail.com


Philadelphia
Pentecostal Church
3735 N Narragansett Ave., Chicago, IL 60634
Seeking a Full-Time Pastor
(Effective Start by July 01st, 2020)
The candidate shall possess the following qualifications:
- Must be an ordained minister with at least 8-10 years of pastoral experience leading a church.
- Credentialed by an accredited & recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa sponsorship).
- Must be married & 35 years or older
Please send your CV or Resume to:
Email: Ppc.Chicago@Yahoo.Com
Questions or for more information contact:
George Iype: 708-539-1881
Benchi Abraham: 224-659-6035


Spectacular TOURS
Mathews Pilgrimage Tour
Holy Land
(Jordan, Israel, Palestine & Egypt)
Feb.16-27,2020 -Chicago
Rev.George Stephenson
April 17-28,2020-Chicago/FL
April 19-30,2020-Chicago
June22-July3,2020-WA,MTC.
Fabulous
Europe
Sept 7 - 19, 2020
Memorable
South Africa
Sept 1 - 13, 2020
Best of
Greece & Turkey
Oct.5 - 15, 2020
Stunning
AUSTRALIA & NEW ZEALAND
April 13—25, 2020 from New York
Discover Amazing
MALAYSIA, SINGAPORE & THAILAND
November 8 - 21, 2020
Singapore
Malaysia
Thailand
Book NOW: (847) 759-0899
Email: info@mathewstour.com

# പഴയ നേതാക്കൾ ജോസഫ് പാളയത്തിൽ

കോട്ടയം: ഒരിക്കൽ വഴിപിരിഞ്ഞവർ ഒന്നൊന്നായി പഴയ തട്ടകത്തിൽ തിരികെ എത്തുമ്പോൾ പി.ജെ. ജോസഫ് നേതൃത്വം നൽകുന്ന കേരളാ കോൺഗ്രസ് (എം) കരുത്താർജിക്കുന്നു. പ്രമുഖരെ കൂട്ടത്തോടെ പാളയത്തിൽ തിരികെ എത്തിച്ച് പാർട്ടിയെ ശക്തിപ്പെടുത്തുക എന്ന തന്ത്രത്തിലൂടെ യൂഡിഎഫിലും കരുത്തനാകുകയാണ് പാർട്ടിയുടെ വർക്കിങ് ചെയർമാൻ കൂടിയായ പി.ജെ. ജോസഫ്.

കേരള കോൺഗ്രസ് ജേക്കബ് ഗ്രൂപ്പിലെ പ്രമുഖർ ജോണി നെല്ലൂർ ഉൾപ്പെടെയുള്ളവർ ലയിച്ചതിനു പിന്നാലെ ജനാധിപത്യ കേരളാ കൺഗ്രസ് ചെയർമാൻ കെ. ഫ്രാൻസിസ് ജോർജും പി.ജെ. ജോസഫ് നേതൃത്വവും നൽകുന്ന കേരളാ കോൺഗ്രസിലേക്കു മടങ്ങിയെത്തുകയാണ്.

ഫ്രാൻസിസ് ജോർജിനു പുറമേ, ജനാധിപത്യ കേരളാകോൺഗ്രസ് സംസ്ഥാന ട്രഷററും മുൻ എംപിയുമായ വക്കച്ചൻ മറ്റത്തിൽ, സംസ്ഥാന ജനറൽ സെക്രട്ടറിയും രണ്ടു തവണ എംഎൽഎയുമായിരുന്ന മാത്യു സ്റ്റീഫൻ എന്നിവർ ജോസഫ് ഗ്രൂപ്പിൽ ലയിക്കുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് ചെയർമാൻ എംപി പോളിയും ജോസഫ് ഗ്രൂപ്പിൽ ചേരുമെന്ന് അറിയിച്ചു.

പഴയകാല ജോസഫ് വിഭാഗം നേതാക്കളാണ് ഇവരെല്ലാം. ഇടുക്കിയിലെ കർഷകതാൽപര്യം മുൻനിർത്തിയാണ് ജോസഫിനൊപ്പം ചേരുന്നതെന്നു മാത്യു സ്റ്റീഫൻ തൊഴുപുഴയിൽ മാധ്യമങ്ങളോട് പറഞ്ഞു.

അതേസമയം എൽഡിഎഫിൽ തന്നെ ഉറച്ചു നൽക്കാനാണ് തീരുമാനമെന്ന് ജനാധിപത്യ കേരളാ കോൺഗ്രസ് വൈസ് ചെയർമാൻ ആന്റണി രാജു വ്യക്തമാക്കിയതോടെ പാർട്ടി പിളരുമെന്ന് ഉറപ്പായി. വർക്കിങ് ചെയർമാൻ കെ.സി. ജോസഫ്, ഡെപ്യൂട്ടി ചെയർമാൻ പി.സി. ജോസഫ് എന്നിവരും ആന്റണി രാജുവിനൊപ്പം നിലയുറപ്പിക്കുമെന്നാണ് സൂചന.

രണ്ടാഴ്ചയ്ക്കുള്ളിൽ ലയന സമ്മേളനം നടക്കുമെന്നാണ് സൂചന. എൽഡിഎഫ് മുന്നണി മര്യാദ പാലിച്ചില്ലെന്നും യുഡിഎഫിൽ നിന്നെത്തിയ തങ്ങൾക്ക് അർഹമായ സ്ഥാനങ്ങൾ നിഷേധിച്ചെന്നും ആരോപിച്ചാണ് ഫ്രാൻസിസ് ജോർജും കൂട്ടരും മുന്നണി വിടുന്നത് ജില്ലാ കമ്മിറ്റികളിൽ 11 എണ്ണം തങ്ങൾക്കൊപ്പമാണെന്നും തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ ജില്ലാ കമ്മിറ്റികൾ മാത്രമാണ് ആന്റണി രാജുവിനൊപ്പമെന്നും ഫ്രാൻസിസ് ജോർജിനെ അനുകൂലിക്കുന്നവർ അവകാശപ്പെടുന്നു. എന്നാൽ, മുതിർന്ന നേതാക്കളും പാർട്ടി കമ്മിറ്റികളും തങ്ങളോടൊപ്പമെന്നാണ് ആന്റണി രാജുവിന്റെയും കൂട്ടരുടെയും അവകാശവാദം.



മൂവാറ്റുപുഴ കബനി പാലസ് ഓഡിറ്റോറിയത്തിൽ ജനാധിപത്യ കേരളാ കോൺഗ്രസ് സംസ്ഥാന കമ്മിറ്റി ചെയർമാൻ കെ. ഫ്രാൻസിസ് ജോർജ് പ്രസംഗിക്കുന്നു.

# പ്രേംകുമാറിനെ മാറ്റി; വേണു അവധിയിൽ

തിരുവനന്തപുരം: സർവേ ഡയറക്ടർ വി.ആർ. പ്രേംകുമാറിനെ സ്ഥലം മാറ്റി ചീഫ് സെക്രട്ടറി ടോം ജോസഫ് ഉത്തരവിറക്കിയതിനു പിന്നാലെ റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു അവധിക്ക് അപേക്ഷ നൽകി. തുടർന്ന് ചേർന്ന മന്ത്രിസഭായോഗം പ്രേംകുമാറിനെ വ്യവസായ ഡയറക്ടറായി നിയമിച്ചു.

വേണുവിനു 2 ദിവസത്തെ കാഷ്വൽ അവധിയാണ് അനുവദിച്ചിരിക്കുന്നത്. തുടർന്നുള്ള 2 ദിവസം പൊതു ഒഴിവാണ്. മാർച്ച് 16 മുതൽ നീണ്ട അവധി വേണമെന്ന് അദ്ദേഹം നിർബന്ധം പിടിച്ചാൽ പുതിയ റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയെ നിയമിക്കേണ്ടിവരും.

തന്റെ കീഴിലുള്ള ഉദ്യോഗസ്ഥനെ താനറിയാതെ മാറ്റിയതിൽ പ്രതിഷേധിച്ചു വേണു ചീഫ് സെക്രട്ടറിക്കു കത്തെഴുതുകയും പ്രഖ്യാപിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ ഓഫിസിനെ വിമർശിക്കുന്ന കുറിപ്പുകൾ ഐഎഎസ് ഉദ്യോഗസ്ഥ വാട്സാപ് ഗ്രൂപ്പിൽ ഇട്ടതായും ആക്ഷേപമുണ്ട്. ഒരു വിഭാഗം ഐഎഎസുകാർ വേണുവിനൊപ്പം ചേരുകയും തങ്ങളും അവധിയെടുക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സർക്കാർ നടപടിക്കെതിരെ ഐഎഎസ് അസോസിയേഷൻ പ്രമേയം പാസാക്കി.

ചീഫ് സെക്രട്ടറി മുഖ്യമന്ത്രിയെയും റവന്യു മന്ത്രിയെയും കണ്ടിരുന്നു. ഭീഷണിക്കു വഴങ്ങേണ്ടെന്ന സർക്കാർ നിലപാടിന്റെ അടിസ്ഥാനത്തിൽ മാർച്ച് 17ന് മന്ത്രിസഭാ യോഗത്തിനു മുൻപ് ഉത്തരവു പുറത്തിറങ്ങി.

# മലപ്പുറത്തും പക്ഷിപ്പനി

മലപ്പുറം: കോഴിക്കോടിനു പിന്നാലെ മലപ്പുറത്തും പക്ഷിപ്പനി. പരപ്പനങ്ങാടി നഗരസഭയിലെ 16–ാം ഡിവിഷൻ പാലത്തിങ്ങലിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. ഇവിടെ ഒരു വീട്ടിൽ വളർത്തിയിരുന്ന കോഴികൾ ചത്തത് പക്ഷിപ്പനി മൂലമാണെന്ന് ഭോപ്പാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹൈസെക്യൂരിറ്റി ആനിമൽ ഡിസീസസിൽ നിന്നു ലഭിച്ച ലാബ് റിപ്പോർട്ട് സ്ഥിരീകരിച്ചതായി കളക്ടർ ജാഫർ മാലിക് അറിയിച്ചു. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാലത്തിങ്ങൽ പ്രദേശത്തെ ഒരു കിലോമീറ്ററോളം കോഴികളെയും വളർത്തു പക്ഷികളെയും കൊന്നൊടുക്കി. 10 കിലോമീറ്റർ പരിധിയിലെ കോഴിക്കടകളും മുട്ട വിൽപ്പനകേന്ദ്രങ്ങളും വളർത്തുപക്ഷി വിൽപനശാലകളും അടപ്പിച്ചു.

തികഞ്ഞ ജാഗ്രത തുടരുന്നതിനിടെ പക്ഷിപ്പനിപ്പേടി അകലുന്നു. പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കുന്നത് പൂർത്തിയായി. പുതിയ കേസുകൾ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ഭീതിയൊഴിഞ്ഞതായി മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു.

# മലയോര ഹൈവേ: 12 മീറ്റർ വീതി വേണമെന്ന് കമ്മിറ്റി

തിരുവനന്തപുരം: മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതി വേണമെന്നു നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ശിപാർശ ചെയ്തു. ഹൈവേയുടെ പ്രാധാന്യവും ദീർഘകാല ഉപയോഗവും കണക്കിലെടുത്താണിത്. വനമേഖലയിൽ നിലവിലുള്ള റോഡുകളെ പരമാവധി കൂട്ടി യോജിപ്പിച്ചു ഹൈവേയിൽ ഉൾപ്പെടുത്തണം. റോഡുകൾ നിലവിലില്ലാത്ത മേഖലകളിലും ഒഴിച്ചുകൂടാനാവാത്ത പ്രദേശങ്ങളിലും മാത്രമേ റോഡ് നിർമിക്കാവൂ.

ഹൈവേ നിർമാണത്തിനു പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന്റെ സാധ്യത ആരായണം. റോഡിനായി വിട്ടുനൽകുന്ന ഭൂമിയിലെ നിർമിതികൾക്ക് എത്രയും പെട്ടെന്ന് നഷ്ടപരിഹാരം നൽകണമെന്നും എസ്. ശർമ അദ്ധ്യക്ഷനായ സമിതി ശിപാർശ ചെയ്തു.


## Ann's Beauty Salon

**517 N. Wolf Road, Hillside, IL 60162**

annsalon@gmail.com
A Full Service Salon & Spa
For all your Beauty Care Needs



Lissy
(Licensed Cosmetologist &
Licensed Cosmetology Instructor)

Call for appointment
708-547-6787

Business Hours
Tue - Fri 9:30 a.m to 7 p.m.
Sat. 8 a.m. - 5 p.m.
Sunday appointment only
Monday closed

-Special-
Spa Day Package Includes

| | |
|---|---|
| Full Facial | $ 47 |
| Eyebrow Arch | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair | $ 30 |
| Scalp Massage w/hot oil | $ 30 |
| Manicure | $ 15 |
| Pedicure | $ 25 |
| Total | $ 189 |
| **Sale Price** | **$ 129** |

*Thank you for your support! Since 1995*

**We Specialize In:**
Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

## Achieve Real Estate Group, Inc.

**Achieve all your real estate needs with us**
“Satisfied customers are our primary goal”
"We are hiring brokers"
**Please contact Sabu Achettu for more information**

Achieve Brokers

- **Alexander Mathew** 847 650 0110 (alexmathewchicago@gmail.com)
- **Luke Chirayil (Kochumon)** Cell 630 808 2125 (lchirayil@gmail.com)
- **Arkadiusz Jamula** 773 671 5555 (aj.jamula@gmail.com)
- **Mariamma Thomas** 847 452 8125 (mariammatho@gmail.com)
- **Benny Joseph (Puthukulam)** 847 612 4319 (bennyrealtor@comcast.net)
- **Mohan Sebastian** 847 331 1123 (realtormohan@yahoo.com)
- **Biju Jacob** 847 840 5532 (bijubjacob@gmail.com)
- **Prince Eapen** 224 659 0336 (eapenrealtor@gmail.com)
- **Eby George** 1 773 671 3911 (Ebychengannur@yahoo.com)
- **Renchi Varghese** 847 845 7361 (renchirealtor@yahoo.com)
- **George (Babu) Mathew** 847-602-9326 (georgelrealtor@gmail.com)
- **Roy John** 708 833 2769 (royjohnreb@yahoo.com)
- **George Panicker** 847 401 7771 (realtorpanicker@gmail.com)
- **Sabu Achettu** (Managing Broker) 847 687 5100 (saburealtor@sbcglobal.net)
- **James P Kannookadan** 847 910 7866 (jimkannoox@hotmail.com)
- **Shawn S Achettu** 847-529-7962 (realtorachettu@gmail.com)
- **Jinson Vachachira** 618-203-9142 (VachaRealtor@gmail.com)
- **Sheljo Abraham** 331-202-6087 cell (realtorsheljo@gmail.com)
- **Joe Luke Chirayil (Appu)** 647-691-3121 (realtorjoeluke@gmail.com)
- **Soy Mathew** 847 769 1805 (soymathew@sbcglobal.net)
- **John Lyndon Gatus** 224 258 8235 (realtoryjohn1992@gmail.com)
- **Stiby Abraham** 773 -355-8880 (stibyrealtor@gmail.com)
- **John (Anish) Plamoottil** 563-505-7377 (jplamoottil.realtor@gmail.com)
- **Tino Tomy** 847-651-2923.(realtortino@gmail.com)
- **John (Thengumoottil) Mathew** 847 309 2826 (realtorjthengum@gmail.com)
- **Thomas (Karikulam) Kuruvilla** 847 219 6050 thomasrealtor557@gmail.com
- **Jolly Joseph** 630-615-9240 (realtorjollyjoseph@gmail.com)
- **Tomy Plathottathil Mathew** 773-349-7154 (tomyrealtor1229@gmail.com)
- **Luka Chirayil** 630 290 1524 (lchirayil22@yahoo.com)

**“For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group”**

**834 E Rand RD Suite 6, Mount Prospect, IL 60056**
**Real Estate for diversified investors and promise for future generations.**

# യൂത്ത് കോൺഗ്രസ് തിരുത്തൽ ശക്തിയായി പ്രവർത്തിക്കണം: മുല്ലപ്പള്ളി



തിരുവനന്തപുരം: നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് ആദർശം കൈവിടാതെ തിരുത്തൽ ശക്തിയായി പ്രവർത്തിക്കാനുള്ള പ്രതിബദ്ധത ഓരോ യൂത്ത് കോൺഗ്രസ് പ്രവർത്തകനുമുണ്ടെന്ന് കെപിസിസി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ.

യൂത്ത് കോൺഗ്രസ് സംസ്ഥാന അദ്ധ്യക്ഷനായി ഷാഫി പറമ്പിൽ എംഎൽഎ ചുമതലയേറ്റ ചടങ്ങ് കെപിസിസി ഓഫിസിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ദുർഭരണത്തെ തുറന്നുകാട്ടി യുവജനതയുടെ അവകാശ പോരാട്ടങ്ങൾക്കായി ശക്തമായി മുന്നോട്ടു വരണം. കോൺഗ്രസ് പരിപാടികളിൽ യുവാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കണം. വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും രാഷ്ട്രീയത്തെ പ്രതിരോധിക്കാൻ കഴിവുള്ള ഏക പ്രസ്ഥാനം കോൺഗ്രസാണെന്ന സന്ദേശം ജനങ്ങളിലെത്തിക്കാൻ യൂത്ത് കോൺഗ്രസിന് സാധിക്കണം.

കോൺഗ്രസിൽ നിന്ന് പേരും പെരുമയും കിട്ടാവുന്ന എല്ലാ പദവികളും സ്വന്തമാക്കിയ ശേഷം അധികാരത്തിന്റെ അപ്പക്ഷണത്തിന് പാർട്ടിയെ ചതിക്കുന്നവരല്ല കേരളത്തിലെ കോൺഗ്രസുകാരെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

ജീവിതത്തിന്റെ അവസാന തുടിപ്പ് നിലനിൽക്കുവരെ മറ്റൊരു പാർട്ടിയുടെ കൊടി പിടിക്കില്ലെന്ന ഉറപ്പ് പാർട്ടി നേതൃത്വത്തിന് നൽകിയതായും ചെറുപ്പക്കാരുടെ കൈയിലേക്ക് ആയുധങ്ങൾക്ക് പകരം ഇന്ത്യൻ ഭരണഘടനയും അതിന്റെ മൂല്യങ്ങളും പകർന്നു നൽകുമെന്നും ഷാഫി പറമ്പിൽ പറഞ്ഞു.

സ്ഥാനമൊഴിഞ്ഞ യൂത്ത് കോൺഗ്രസ് പ്രസിഡണ്ട് ഡീൻ കുര്യാക്കോസ് എംപി അധികാര കൈമാറ്റം നടത്തി. പ്രവർത്തകർ മുദ്രാവാക്യം വിളികളോടെ പുതിയ യൂത്ത് കോൺഗ്രസ് അദ്ധ്യക്ഷനെ സ്വീകരിച്ചു. യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡണ്ടുമാർ, ജനറൽ സെക്രട്ടറിമാർ, ജില്ലാ പ്രസിഡണ്ടുമാർ തുടങ്ങിയവരും ചുമതലയേറ്റു.

## ഡി.കെ. ശിവകുമാർ കർണാടക കോൺഗ്രസ് അദ്ധ്യക്ഷൻ

ന്യൂഡൽഹി: കർണാടക കോൺഗ്രസ് അദ്ധ്യക്ഷനായി പ്രമുഖ നേതാവ് ഡി.കെ. ശിവകുമാറിനെ നിയമിച്ചു. ദിനേശ് ഗുണ്ടുറാവുവിനു പകരമാണ് നിയമനം. ഡൽഹി കോൺഗ്രസ് അദ്ധ്യക്ഷനായി യുവ നേതാവ് അനിൽ ചൗധരിയെ നിയമിച്ചു. സുഭാഷ് ചോപ്രയ്ക്കു പകരമാണ് നിയമനം.



കർണാടക കോൺഗ്രസിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ രക്ഷകനായെത്തുന്ന നേതാവാണ് ശിവകുമാർ (57). എച്ച്.ഡി. കുമാരസ്വാമി നേതൃത്വം നൽകിയ കോൺഗ്രസ് ജെഡിഎസ് സർക്കാരിനു പലതവണ തുണയായത് ശിവകുമാറിന്റെ ഇടപെടലുകളായിരുന്നു. ഈശ്വർ ഖന്ദ്രെ, സതീഷ് ജാക്കർഹോളി, സലീം അഹമ്മദ് എന്നിവരെ പിസിസി വർക്കിംഗ് പ്രസിഡണ്ടുമാരായി നിയമിച്ചു. മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യ കോൺഗ്രസ് നിയമസഭാ കക്ഷിനേതാവായും പ്രതിപക്ഷ നേതാവായും തുടരും. കഴിഞ്ഞ ഡിസംബറിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ ദയനീയ പ്രകടനത്തിന്റെ പേരിൽ സിദ്ധരാമയ്യ നിയമസഭാ കക്ഷി നേതാവ് സ്ഥാനവും ദിനേശ് ഗുണ്ടു റാവു പിസിസി അദ്ധ്യക്ഷസ്ഥാനവും രാജിവെച്ചിരുന്നു.

## റവ. ഡോ. തോമസ് ചാത്തംപറമ്പിൽ സിഎംഐ പ്രിയോർ ജനറൽ

കൊച്ചി: റവ. ഡോ. തോമസ് ചാത്തംപറമ്പിൽ സിഎംഐ സന്യാസ സമൂഹത്തിന്റെ പുതിയ പ്രിയോർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. ആറു വർഷത്തെ



സേവനം പൂർത്തിയാക്കി റവ. ഡോ. പോൾ ആച്ചാണ്ടി സ്ഥാനമൊഴിഞ്ഞതിനെത്തുടർന്നാണ് പുതിയ നിയമനം. തൃശൂർ തലോർ ജറുശലേം ധ്യാനകേന്ദ്രത്തിൽ നടക്കുന്ന സിഎംഐ ജനറൽ ചാപ്റ്ററിലായിരുന്നു തെരഞ്ഞെടുപ്പ്.

സിഎംഐ തിരുവനന്തപുരം പ്രോവിൻസ് അംഗമായ റവ. ഡോ. ചാത്തംപറമ്പിൽ ബംഗളൂരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയുടെ പ്രഥമ വൈസ് ചാൻസലറായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന്റെ ഹോണററി കേണൽ പദവി ലഭിച്ചിട്ടുണ്ട്. ചങ്ങനാശേരി അതിരൂപതയിലെ പുളിങ്കുന്ന് സെയിന്റ് മേരീസ് ഫൊറോന പള്ളി ഇടവകാംഗമാണ്.

## 42 വർഷത്തെ ശബ്ദതടസം മാറി; ഫാ. തോമസ് തെക്കേക്കരയ്ക്ക് ആഹ്ലാദവേള

തിരുവല്ല: അപൂർവ ശസ്ത്രക്രിയയിലൂടെ വൈദികന്റെ ശബ്ദം വീണ്ടെടുത്തു. ചങ്ങനാശേരി അതിരൂപതയിലെ സീനിയൻ വൈദികനും എടത്വ മഹാജൂബിലി ആശുപത്രി ചാപ്ലെയ്നുമായ ഫാ. തോമസ് തെക്കേക്കരയ്ക്കാണ് 42 വർഷമായി നഷ്ടമായിരുന്ന ശബ്ദം വീണ്ടും കിട്ടിയത്. തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജിലെ ഇഎൻടി വിഭാഗത്തിലെ ഡോ. എസ്. ആദർശ്, ഡോ. വിവേക് ശശീന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ.

ശബ്ദതടസം മൂലം വർഷങ്ങളായി വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും പ്രസംഗിക്കുന്നതിനും ഫാ. തോമസ് തെക്കേക്ക ഏറെ ബുദ്ധിമുട്ടിയിരുന്നു. ശസ്ത്രക്രിയ്ക്കു ശേഷം ശബ്ദതടസമില്ലാതെ ദിവ്യബലി അർപ്പിക്കാൻ കഴിയുന്നതു വലിയ ആഹ്ലാദം നൽകുന്നുണ്ടെന്നു അദ്ദേഹം പറഞ്ഞു.

1978-ൽ കുട്ടനാട്ടിലെ കാവാലം ലിസ്യൂ പള്ളിയിലായിക്കുമ്പോഴാണ് ആദ്യമായി ശബ്ദതടസമുണ്ടായത്. നിരവധി ആശുപത്രികളിൽ ചികിത്സ നടത്തിയെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ആറുമാസത്തിലൊരിക്കൽ ബോട്ടക്സ് കുത്തിവെയ്പ് എടുത്താണ് ചെറുതായെങ്കിലും ശബ്ദം നിലനിർത്തിയിരുന്നത്. 16 വർഷമായി ഈ കുത്തിവെയ്പ് എടുത്തുവരികയായിരുന്നു. തൊണ്ടയിലേക്ക് ശബ്ദം വരുന്നതിനു തടസമുണ്ടാക്കുന്ന സ്പാസ്മോഡിക് ഡൈസ്ഫോണിയ എന്ന രോഗമാണ് അദ്ദേഹത്തെ ബാധിച്ചിരിക്കുന്നത്.

തിരുവനന്തപുരം വരെ പോകാതെ ബോട്ടക്സ് കുത്തിവെയ്പ് എടുക്കാൻ സൗകര്യമുണ്ടോയെന്ന് അന്വേഷിച്ചാണ് ഫാ. തോമസ് തെക്കേക്കര പുഷ്പഗിരി ആശുപത്രിയിലെത്തിയതും ഇഎൻടി വിഭാഗത്തിലെ ഡോ. ആദർശുമായി കൂടിക്കാഴ്ച നടത്തിയതും. വിശദമായ ചർച്ചയ്ക്കു ശേഷം ശസ്ത്രക്രിയ എന്ന നിർദേശം ഡോക്ടർമാർ മുന്നോട്ടു വെച്ചു. അച്ചനും സമ്മതമായി. ഇതനുസരിച്ച് തൈറോറ്റിനോയിഡ്മയോ ന്യൂറോറ്റമി എന്ന അതിനൂതനമായ ശസ്ത്രക്രിയക്ക് അദ്ദേഹം വിധേയനായി.



ഫാ. തോമസ് തെക്കേക്കര പുഷ്പഗിരി മെഡിക്കൽ കോളജ് ഇഎൻടി വിഭാഗത്തിലെ ഡോ. എസ്. ആദർശിനൊപ്പം.

തലച്ചോറിൽ നിന്ന് തൊണ്ടയിലെ വോക്കൽ കോഡിലേക്ക് സന്ദേശം അയയ്ക്കുന്ന ഞരമ്പിനെ കണ്ടെത്തി അതിന്റെ മസിൽസിന്റെ ഓവർ ആക്ടിവിറ്റി തടയുന്ന ശസ്ത്രക്രിയ ആണിത്. ഏറെ സങ്കീർണതകൾ ഉള്ളതിനാൽ 50 ശതമാനം വിജയ സാധ്യത മാത്രമാണ് മെഡിക്കൽ ലോകം ഇതിനു നൽകിയിട്ടുള്ളത്.

ഈ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം പുഷ്പഗിരി കോളജിലുള്ളതിനാലാണ് ശ്രമകരമായ ദൗത്യം ഏറ്റെടുക്കാൻ ഇഎൻടി വിഭാഗം തയാറായത്. നേരത്തെ കേരളത്തിൽ രണ്ട് ആശുപത്രികളിൽ മാത്രമേ ഇതു വിജയകരമായി നടത്തിയിട്ടുള്ളൂ.


സർജറിക്കു ശേഷം പൂർണ സുഖം പ്രാപിച്ച ഫാ. തോമസ് തെക്കേക്കര വോയ്സ് തെറാപ്പി നടത്തിവരികയാണ്. ഇത് ഏതാനും ദിവസം കൂടി തുടരും.


FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood


Office: (847) 581-1418,

Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 12 years!!

www.familydentalglenview.com

ACHIEVE REAL ESTATE GROUP, INC.


For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM

Real Estate Broker

1-847-219-6050

834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഡൽഹിയിലെ ഫ്ളാറ്റിൽ മലയാളികളായ അമ്മയും മകളും കൊല്ലപ്പെട്ടു

ന്യൂഡൽഹി: മലയാളികളായ അമ്മയെയും മകളെയും ഡൽഹിയിലെ ഫ്ളാറ്റിൽ കുത്തിക്കൊന്നു. എറണാകുളം സ്വദേശികളും ഡൽഹിയിൽ സ്ഥിര





താമസക്കാരുമായ സുമിത വാട്സ്യാ (45), മകൾ സ്മൃത വാട്സ്യാ (25) എന്നിവരാണ് കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ട് മകളുടെ സുഹൃത്ത് വിക്രാന്ത് നാഗറെ പോലീസ് അറസ്റ്റ് ചെയ്തു.

കിഴക്കൻ ഡൽഹി വസുന്ധരാ എൻക്ലേവിലെ മൻസാരാ അപ്പാർട്മെന്റിൽ എട്ടോടെയാണ് ഇരുവരുടെയും മൃതദേഹങ്ങൾ കണ്ടത്. രാവിലെ വീട്ടുജോലിക്കാരി എത്തിയപ്പോൾ ചോരയിൽ കുളിച്ചുകിടക്കുകയായിരുന്നു. മാർച്ച് 8ന് രാത്രി വിക്രാന്തും മകളും ഇവരുടെ ഫ്ളാറ്റിൽ എത്തിയിരുന്നെന്ന് അയൽക്കാർ പോലീസിന് മൊഴി നൽകി. വിക്രാന്തും സ്മൃതയും തമ്മിൽ ഈയിടെ അകന്നിരുന്നെന്ന് സുഹൃത്തുക്കൾ പറഞ്ഞു.

രാജസ്ഥാനിലെ ജയ്പുരിലേക്ക് ബസിൽ രക്ഷപ്പെടാൻ ശ്രമിക്കവേ ജയ്പുർ റൂറൽ എസ്പി ശങ്കർ ദത്തിന്റെ നേതൃത്വത്തിലുള്ള സംഘമാണ് വൈകിട്ടോടെ വിക്രാന്തിനെ പിടികൂടിയത്. ഇയാളെ ഡൽഹി പോലീസിന് കൈമാറും. പ്രതിയെ ചോദ്യം ചെയ്ത ശേഷമേ കൂടുതൽ വിവരങ്ങൾ ലഭ്യമാകൂവെന്ന് പോലീസ് പറഞ്ഞു.

ഡൽഹിക്കടുത്ത് നോയ്ഡയിൽ ഒരു സന്നദ്ധ സംഘടനയിൽ പ്രവർത്തിക്കുകയാണ് സുമിത. കൊച്ചിയിലെ പരേതനായ സ്റ്റീഫൻ പിൻഹെറോയുടെയും മോണിക്കയുടെയും മകളാണ്. ജോസ്, ജോൺ, ജെനീറ്റ, തെരേസ, ഫ്ളോറി, ചാൾസ്, ജൂലിയറ്റ് എന്നിവരാണ് സഹോദരങ്ങൾ.

ഹോട്ടൽ മാനേജ്മെന്റ് പഠനം പൂർത്തിയാക്കിയ സ്മൃത പരിശീലനം നടത്തിവരികയായിരുന്നു. സുമിതയുടെ ഭർത്താവ് രാജേഷ് വാട്സ്യ വർഷങ്ങൾക്കു മുമ്പ് മരിച്ചിരുന്നു. ഇവർ വർഷങ്ങളായി ഡൽഹിയിലാണ് താമസം. നാടുമായി വലിയ ബന്ധം പുലർത്തിയിരുന്നില്ല.

## തുടർ ഭൂചലനങ്ങൾ ഇടുക്കിയിൽ ആശങ്ക സൃഷ്ടിക്കുന്നു

ചെറുതോണി: ഇടുക്കിയെ ആശങ്കയിലാഴ്ത്തി മാർച്ച് 13ന് വീണ്ടും ഭൂചലനം. രാവിലെ 7.05നും ഉച്ചയ്ക്ക് 1.58നും ഇടയിൽ 6 ചലനങ്ങളും രാത്രി 10.15നുമാണ് ഉണ്ടായത്. കട്ടപ്പന, നെടുങ്കണ്ടം, കുമളി, രാജാക്കാട്, രാജകുമാരി, വാഗമൺ മേഖലകളിലാണ് ചലനം ഉണ്ടായത്. നെടുങ്കണ്ടം മേഖലയിൽ വീടുകളുടെ ചുമരുകൾക്കു നേരിയ വിള്ളലുണ്ടായി.

രാവിലെ 9.46ന് റിക്ടർ സ്കെയിലിൽ 2.8 രേഖപ്പെടുത്തിയ ചലനമാണ് ഏറ്റവും തീവ്രതയേറിയത്. ഇത് 70 സെക്കൻഡ് നേരം നീണ്ടു നിന്നു.

കട്ടപ്പന-നെടുങ്കണ്ടം-കമ്പം ഭ്രംശ മേഖലയിൽ നെടുങ്കണ്ടത്തിനു സമീപമാണ് പ്രഭവ കേന്ദ്രം. ഇത് ഇടുക്കി അണക്കെട്ടിൽ നിന്നു 20 കിലോമീറ്റർ മാത്രം അകലെ ആണെന്ന് വൈദ്യുതി വകുപ്പ് അണക്കെട്ട് സുരക്ഷാ വിഭാഗം എക്സിക്യുട്ടീവ് എൻജിനീയർ അലോഷി കെ. പോൾ പറഞ്ഞു.

നെടുങ്കണ്ടം മേഖലയിൽ മാത്രം 5 വീടുകളുടെ ഭിത്തികളിൽ വിള്ളലുണ്ടായി. ചോറ്റുപാറയിലെ ഭൂകമ്പമാപന കേന്ദ്രത്തിന്റെ ഭിത്തിയിലും വിള്ളൽ ഉണ്ടായി. കട്ടപ്പന നഗരസഭാ മേഖലയിലും കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഉപ്പുതറ, ഇരട്ടയാർ, വണ്ടൻമേട് തുടങ്ങിയ പഞ്ചായത്തുകളുടെ പരിധിയിലും ഭൂചലനം അനുഭവപ്പെട്ടു. ചില വീടുകളുടെ ഭിത്തിക്കും വിള്ളലുണ്ടായി.

കഴിഞ്ഞ മാസം 27 മുതൽ 20 ചലനങ്ങളാണ് ഇടുക്കി ജില്ലയിൽ ഉണ്ടായത്. ഇതിൽ പലതും അനലോഗ് ഭൂചലന മാപിനികളിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

ഭൂചലനങ്ങളിൽ ആശങ്ക വേണ്ടെന്ന് വൈദ്യുതി ബോർഡ് ഗവേഷണ വിഭാഗം അറിയിച്ചു. ഭൗമ പാളികളിൽ ഉണ്ടാകുന്ന തെന്നി മാറലും പാളികൾക്ക് ഇടയിലുള്ള ഒഴിഞ്ഞ സ്ഥലങ്ങളുടെ ക്രമീകരണവും ഒക്കെ ആകാം ചലനങ്ങൾക്കു പിന്നിലെന്ന് അധികൃതർ പറഞ്ഞു.

## 11 വർഷത്തെ കാത്തിരിപ്പിന് ഒടുവിൽ പിറന്ന കുഞ്ഞ് വെള്ളത്തിൽ വീണ് മരിച്ചു

കുമരകം: ഒന്നര വയസുള്ള കുട്ടി വെള്ളത്തിൽ വീണ് മരിച്ചു. കുമരകം ഇടവട്ടം പാടശേഖരത്തിലെ തുരുത്തിൽ താമസിക്കുന്ന ഇത്തിത്തറ പ്രഭാഷ്-സവിത ദമ്പതിമാരുടെ ഏക മകൾ പ്രതീക്ഷയാണ് മരിച്ചത്.

ഇവരുടെ വിവാഹം കഴിഞ്ഞ് 11 വർഷത്തിന് ശേഷമാണ് പ്രതീക്ഷ ജനിക്കുന്നത്. മാർച്ച് 9ന് തിങ്കളാഴ്ച വൈകുന്നേരമാണ് സംഭവം. മത്സ്യത്തൊഴിലാളിയായ പ്രഭാഷും കർഷക തൊഴിലാളിയുമായ സവിതയും വീട്ടിൽ ഉണ്ടായിരുന്നു. വീടിന്റെ പിൻഭാഗത്തെ അറ്റകുറ്റപ്പണിക്കായി കയറ്റിവെച്ചിരുന്ന വള്ളം മഴക്കാർ കണ്ടതിനെ തുടർന്ന് മൂടിവെക്കുകയായിരുന്നു ഇവർ. ഇതിനിടെ കുട്ടിയെ കാണാതാവുകയായിരുന്നു.

അയൽവക്കത്തെ രണ്ടു വീടുകളിലും തിരക്കിയെങ്കിലും കുട്ടിയെ കണ്ടെത്താനായില്ല. തുടർന്ന് നടത്തിയ തെരച്ചിലിൽ വൈകുന്നേരം 5.30ന് വീടിന് മുൻവശത്തുള്ള പാടത്തെ വെള്ളത്തിൽ കുട്ടിയെ കണ്ടെത്തുകയായിരുന്നു. ഉടൻ തന്നെ കുമരകം കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## മകൻ തീകൊളുത്തിയ അമ്മ മരിച്ചു

പാവറട്ടി (തൃശൂർ): മകനെ ജാമ്യത്തിലിറക്കാൻ ഇനി വള്ളിയമ്മുവില്ല. അമ്മയെ റോഡിലിട്ടു തീ കൊളുത്തി കൊന്ന കേസിൽ ജയിലിലായ മകൻ ഉണ്ണികൃഷ്ണന് ഇനി അകത്തു കിടക്കേണ്ടിവരും. മുല്ലശേരി മാനിനക്കുന്നിൽ വാഴപ്പുള്ളി വീട്ടിൽ പരേതനായ അയ്യപ്പൻകുട്ടിയുടെ ഭാര്യ വള്ളിയമ്മ (85)യാണ് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചത്.

അമ്മയുടെ വായിൽ ടോർച്ചു കുത്തിക്കയറ്റിയതിനു ജയിലിലായിരുന്ന ഉണ്ണികൃഷ്ണനെ അമ്മ തന്നെയാണ് രണ്ട് മാസം മുൻപ് ജാമ്യത്തിലിറക്കിയത്. തന്നോട് ചോദിക്കാതെ മരുമകളിൽ നിന്നു ചായവാങ്ങിക്കുടിച്ച ദേഷ്യത്തിലാണ് ഉണ്ണികൃഷ്ണൻ തീ കൊളുത്തിയത്. അമ്മയെ മർദിച്ചതിനു പലതവണ ഉണ്ണികൃഷ്ണനെതിരെ പരാതിയുണ്ടായിരുന്നു. മാർച്ച് 11ന് രാവിലെ 8.30നായിരുന്നു സംഭവം. വടിയൂന്നി മാത്രം നടക്കാനാകുന്ന വള്ളിയമ്മുവിനെ തെങ്ങിൻ മടൽകൊണ്ട് അടിക്കുകയും റോഡിലേക്കു പോയപ്പോൾ പിറകെയെത്തി തിന്നർ ഒഴിച്ചു തീ കൊളുത്തുകയുമായിരുന്നു. ഉണ്ണികൃഷ്ണനെ കോടതി റിമാൻഡ് ചെയ്തു. വള്ളിയമ്മുവിന്റെ സംസ്കാരം നടന്നു. പ്രഷീത, ലളിത എന്നിവരാണ് മറ്റു മക്കൾ. മരുമക്കൾ: അനിത, സജീവൻ, വേലായുധൻ.

## സിയാദിന്റെ ആത്മഹത്യ; സിപിഎം നേതാക്കൾക്കെതിരെ കുറിപ്പ്

കാക്കനാട്: പ്രളയ ദുരിതാശ്വാസ ഫണ്ട് വെട്ടിപ്പുമായി ബന്ധപ്പെട്ട് വിവാദത്തിലായ അയ്യനാട് സഹകരണ ബാങ്കിന്റെ ഡയറക്ടർ വി.എ. സിയാദ് ജീവനൊടുക്കിയ സംഭവത്തിൽ സിപിഎം കളമശേരി ഏരിയാ സെക്രട്ടറി വി.എ. സക്കീർ ഹുസൈൻ ഉൾപ്പെടെ നേതാക്കൾക്കെതിരെ ആത്മഹത്യാക്കുറിപ്പിൽ പരാമർശം.

സിയാദിന്റെ സ്കൂട്ടറിന്റെ പെട്ടിയിൽ നിന്നു ലഭിച്ച ഡയറിയിലാണ് തന്റെ മരണത്തിനു ഉത്തരവാദികളെന്നു ചൂണ്ടിക്കാട്ടി ഇവരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. അയ്യനാട് ബാങ്ക് പ്രസിഡണ്ടും സിപിഎം തൃക്കാക്കര സെൻട്രൽ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമായി കെ.ആർ. ജയചന്ദ്രൻ, വാഴക്കാലാ കുന്നേപ്പറമ്പ് ബ്രാഞ്ച് സെക്രട്ടറി കെ.പി. നിസാർ എന്നിവരാണ് കുറിപ്പിൽ പരാമർശിക്കപ്പെടുന്ന മറ്റു നേതാക്കൾ.

'എന്റെ മരണത്തിനു ഉത്തരവാദികൾ' എന്നു തുടങ്ങുന്ന കുറിപ്പ് അവസാനിക്കുന്നത് 'ഈ നേതാക്കൾ നടത്തുന്ന മാനസിക പീഡനം സഹിക്കാതെ ഞാൻ ആത്മഹത്യ ചെയ്തു' വെന്നാണ്. 'ഇയാൾ എന്നെ നശിപ്പിക്കാൻ ശ്രമിക്കുന്നു' എന്നാണ് സക്കീർ ഹുസൈനെതിരെ സിയാദ് എഴുതിയിരിക്കുന്നത്.

ഇല്ലാത്ത ആരോപണങ്ങൾ ഉയർത്തി മാനസികമായി പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന ആളെന്നാണ് കെ.ആർ. ജയചന്ദ്രനെക്കുറിച്ച് ഇല്ലാത്തതെല്ലാം പറഞ്ഞു പരത്തുന്ന ആളാണ് കെ.പി. നിസാറെന്നും കത്തിലുണ്ട്. ഈ വർഷത്തെ ഡയറിയിൽ മാർച്ച് 9ന് തിങ്കളാഴ്ചത്തെ പേജിൽ രേഖപ്പെടുത്തിയ കുറിപ്പിൽ സ്നേഹപൂർവം സിയാദ് വാഴക്കാല എന്നെഴുതി ഒപ്പിട്ടു.

## കുഞ്ഞനന്തന് 3 മാസം ജാമ്യം

കൊച്ചി: ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയും സിപിഎം നേതാവുമായ പി.കെ. കുഞ്ഞനന്തനു ചികിത്സാവശ്യത്തിനു ഹൈക്കോടതി 3 മാസം ജാമ്യം അനുവദിച്ചു. ജീവപര്യന്തം തടവുശിക്ഷ മരവിപ്പിച്ചു ജാമ്യം അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷയിലാണ് കോടതി നടപടി. നിശ്ചിത ഇടവേളകളിൽ പോലീസ് സ്റ്റേഷനിൽ ഹാജരാകണമെന്നു നിർദേശമുണ്ട്.


ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടെന്നു കാണിച്ചായിരുന്നു ഹർജി. നിലവിലെ അവസ്ഥയിൽ ജയിലിലെ ചികിത്സ മതിയാവില്ലെന്നും അറിയിച്ചു. ആരോഗ്യ പ്രശ്നങ്ങളുണ്ടെന്ന മെഡിക്കൽ ബോർഡിന്റെ വിലയിരുത്തൽ പരിഗണിച്ചാണ് നടപടി. 2014 ജനുവരിയിലാണ് ഗൂഢാലോചനക്കേസിൽ കുഞ്ഞനന്തനെ ജീവപര്യന്തം തടവിനു ശിക്ഷിച്ചത് നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ നൽകിവരുന്ന ചികിത്സ പൂർത്തിയാക്കി ഏതാനും ആഴ്ചയ്ക്കകം ജയിലിലേക്കു മടങ്ങേണ്ടിവരുമെന്ന സാഹചര്യത്തിലാണ് കോടതിയെ സമീപിച്ചത്.

## ദേവനന്ദയുടെ മരണം പുഴയിൽ വീണുതന്നെ: ശാസ്ത്രീയഫലം

കൊട്ടിയം: അബദ്ധത്തിൽ കാൽവഴുതി പുഴയിൽ വീണാണ് ദേവനന്ദ മരിക്കാൻ ഇടയായതെന്നുള്ള ശാസ്ത്രീയ പരിശോധനാ ഫലം പുറത്തുവന്നു. മാർച്ച് 13ന് വൈകിട്ടോടെ പരിശോധനാഫലം കണ്ണനല്ലൂർ പോലീസിനു കൈമാറി. അബദ്ധത്തിൽ വെള്ളത്തിൽ വീണു വെള്ളവും ചെളിയും ഉള്ളിൽ ചെന്നു മരിക്കാൻ ഇടയാക്കുന്ന സാഹചര്യമാണ് കണ്ടെത്താനായതെന്നാണ് ഫൊറൻസിക് അധികൃതർ പറയുന്നത്.



കുട്ടിയുടെ വയറ്റിൽ കണ്ട ചെളിയും വെള്ളവും മൃതദേഹം കണ്ട ഭാഗത്തു തന്നെയുള്ളതാണ്. ആന്തരിക അവയവങ്ങളുടെയും ശ്രവങ്ങളുടെയും പരിശോധനയിൽ മറ്റ് അസ്വാഭാവികത ഒന്നുമില്ല. ശരീരത്ത് മുറിപ്പാടുകളും കണ്ടെത്താനായില്ല. ശാസ്ത്രീയ പരിശോധനാഫലം വന്നെങ്കിലും പോലീസ് അന്വേഷണം തുടരുമെന്ന് കണ്ണനല്ലൂർ സിഐ യു.പി. വിപിൻകുമാർ പറഞ്ഞു. കുട്ടി ഇത്രദൂരം തനിച്ചു സഞ്ചരിക്കില്ലെന്നാണ് ബന്ധുക്കളും നാട്ടുകാരും പറയുന്നത്.



P. Isaac Isaac, B.S., D.D.S., M.P.H.

ISAAC PARAMPOTTIL, D.D.S.
FAMILY DENTAL CLINIC
259 E. Rand Rd, Suite # 110
Mount Prospect, IL 60056

Modern Personal Dental Care

For New Patient FREE Consultation

Most Major Insurance Plans Accepted

Office Hours by Appointments

847-292-6640

COMPREHENSIVE DENTAL CARE

- Extraction / Dentures
- Cosmetic Bonding / Bleaching / Porcelain Laminate / Cleaning / X-rays / Filling
- Preventive Checkups
- Root Canals / Crowns / Bridges

# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
- Free Wi-Fi
- Plenty of parking.
- Beautician near by
- Mosquito proof house
- Currency exchange near by
- Cook available to cook with your choice
- Kottayam Railway Station & Town near by
- Excellent ayurvedic massage place near by
- All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


# GREEN NESTLE HERITAGE HOME

Kannachamparambil, Kuruppanthara,
Manjoor P.O, Kottayam 686 603

- For Vacation and Holiday rentals.
- Licensed Homestay, Safe and secured.
- 3 A/C rooms. Unique packages for 2-8 people very economical.
- Individual Room rental for families
- Fruits and vegetable Garden, nature's paradise.
- Feels like farm house with pets, animals, fish and birds.
- Free wifi- with High speed internet, CCTV camera, Police Clearance
- Gold classification - Tourism Department of Kerala.
- Cook available (optional)
- Full fledged kitchen with all facilities to cook yourself
- Caretaker to help you in as your needs, Transportation facilities to Pick up and Drop, HDTV




Contact -
+919497238215, +918078265859 (INDIA)
+16305976978, +12482502327 (USA)
greennestlehomes@gmail.com,
greennestlehomesusa@gmail.com
www.greennestlehomes.com






# അതീവ ജാഗ്രതയിൽ ഗൾഫ്

കുവൈത്ത്: വെള്ളിയാഴ്ചകളിലെ ജുമുഅ ഉൾപ്പെടെ പള്ളികളിൽ 5 നേരങ്ങളിലെയും നമസ്കാരം വിലക്കി കുവൈത്ത്. രാജ്യചരിത്രത്തിൽ ആദ്യമായാണിത്.

വിമാന സർവീസിനു പുറമേ ബസ് സർവീസും നിർത്തലാക്കി. സിബിഎസ്ഇ പരീക്ഷ റദ്ദാക്കിയതോടെ പുതുക്കിയ തീയതി വൈകിയാൽ നാട്ടിൽ തുടർ പഠന സൗകര്യം നഷ്ടപ്പെടുമെന്ന ആശങ്കയിലാണ് പ്രവാസികൾ. അവധിക്കാലത്തു കാലാവധി തീരുന്ന ഇഖാമ (താമസാനുമതി), ഡ്രൈവിങ് ലൈസൻസ് എന്നിവ പുതുക്കാൻ പിഴ ഈടാക്കില്ല. സന്ദർശന വീസ കാലാവധി കഴിഞ്ഞവർക്കു വിമാന സർവീസ് പുനരാരംഭിക്കുമ്പോൾ പിഴ കൂടാതെ മടങ്ങാം. ഇന്ത്യ ഉൾപ്പെടെ 51 രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഏർപ്പെടുത്തിയ യാത്രാവിലക്കിനൊപ്പം എൻട്രി വീസക്കാർക്കു നൽകിയ സാവകാശം അവസാനിച്ചു. മാർച്ച് 8ന് പുലർച്ചെ മുതൽ സമ്പൂർണ വിലക്ക് ഏർപ്പെടുത്തി. നിയന്ത്രണം ട്രാൻസിറ്റ് യാത്രക്കാർക്ക് ബാധകം.

നിശ്ചിത സമയത്തിനകം റീ എൻട്രി വീസയിൽ സൗദിയിൽ തിരിച്ചെത്താൻ കഴിയാത്തവർക്കു സ്പോൺസർ ആവശ്യപ്പെട്ടാൽ ഇഖാമ. റീ എൻട്രി വീസാ കാലാവധി നീട്ടി നൽകും. യാത്രാ വിലക്കിനു മുൻപു നാട്ടിലെത്തിയവരും കാലാവധി തീരാത്ത ഇഖാമയുള്ളവർക്കാണ് സൗകര്യം. സൗദിയിലെ സിബിഎസ്ഇ 10, 12 ക്ലാസുകളിലെ പൊതുപരീക്ഷകൾ മാറ്റിവെച്ചു.



ഗൾഫിൽ ഏറ്റവും കൂടുതൽ കോവിഡ് 19 രോഗികൾ ഖത്തറിൽ. ദോഹ മെട്രോയും ബസുകളും 2 ദിവസത്തേക്കു റദ്ദാക്കി. തിയറ്ററുകൾ, ജിം, വിവാഹ ഹാളുകൾ, മ്യൂസിയം എന്നിവയെല്ലാം അനിശ്ചിതകാലത്തേക്ക് അടച്ചു. എല്ലാ ലേബർ ക്യാംപിലും പരിശോധന. ഇന്ത്യക്കാർക്കു പ്രവേശന വിലക്ക് ഉള്ളതിനാൽ നിശ്ചിത സമയത്ത് ഖത്തർ ഐഡി പുതുക്കാൻ കഴിയാത്തവർക്ക് വിലക്ക് നീങ്ങിയാലുടൻ രാജ്യത്തു പ്രവേശിക്കാം.

ഇന്ത്യയിൽ നിന്നുള്ളവർക്കു യാത്രാ വിലക്ക് ഇല്ല. ഇതേസമയം ഇന്ത്യയിലേക്കുള്ള യാത്ര ഒഴിവാക്കാൻ നിർദേശമുണ്ട്. കോവിഡ് 19 ബാധിത രാജ്യങ്ങളിൽ നിന്നെത്തുന്നവർ സ്വയം ക്വാറന്റീൻ ചെയ്യണം. അറിയിച്ചശേഷം വന്നാൽ മതിയെന്നു നാട്ടിൽ അവധിയിലുള്ള പലരോടും കമ്പനികൾ നിർദേശിച്ചു. ഒരാഴ്ചയ്ക്കിടെ മടങ്ങിയെത്തിയവർക്കു ജോലിക്കു കയറാനായിട്ടില്ല. പനിയും ചുമയുമുള്ള ജീവനക്കാരോട് 3 ദിവസത്തെ നിർബന്ധിത അവധി നൽകി. ഇവർ തിരികെ പ്രവേശിക്കുമ്പോൾ ആരോഗ്യ സർട്ടിഫിക്കറ്റ് നൽകണം.

കോവിഡ് രോഗികളിൽ 2 പേരുടെ നില ഗുരുതരം. 2 മലയാളി നേഴ്സുമാർക്ക് രോഗം ബാധിച്ചിട്ടുണ്ടെന്ന വാർത്ത സർക്കാർ സ്ഥിരീകരിച്ചിട്ടില്ല.

ബഹ്റൈൻ ഗ്രാൻഡ് പ്രീ റദ്ദാക്കി. 901 തടവുകാർക്കു മാപ്പ് നൽകി വിട്ടയയ്ക്കും. റോഡുകൾ വിജനം. കോവിഡ് 19 ബാധിതനുമായി ഇടപഴകിയ ആൾ താമസിക്കുന്ന ലേബർ ക്യാംപ് ആരോഗ്യമന്ത്രാലയം 14 ദിവസത്തേക്കു ക്വാറന്റീൻ ചെയ്തു. ക്വാറന്റീൻ കാലത്ത് ക്യാംപിലുള്ള തൊഴിലാളികൾക്ക് ശമ്പളം നഷ്ടമാകില്ലെന്നു തൊഴിലുടമ വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ത്യയിൽ നിന്നുള്ളവർക്ക് ഒമാനിൽ യാത്രാവിലക്ക് ഇല്ലെങ്കിലും സന്ദർശക വീസ നിരോധനം ബാധകം. താമസവീസയുള്ളവർക്ക് രാജ്യത്തു വരാമെങ്കിലും 14 ദിവസം സ്വന്തം നിരീക്ഷണത്തിൽ കഴിഞ്ഞ് രോഗമില്ലെന്ന് ഉറപ്പു വരുത്തണം. ആഡംബര കപ്പലുകളുടെ പ്രവേശനം നിരോധിച്ചു. 30 ദിവസത്തേക്കു മുഴുവൻ കായിക മത്സരങ്ങളും നിർത്തിവെക്കും. വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ നാളെ മുതൽ വിലക്കും.

## ജനങ്ങളെ വിവരം അറിയിക്കാൻ ബാധ്യസ്ഥ: മന്ത്രി ശൈലജ

തിരുവനന്തപുരം: കോവിഡ് വ്യാപന വിവരങ്ങൾ ജനങ്ങളുമായി പങ്കുവെക്കാൻ താൻ ബാധ്യസ്ഥയാണെന്നും അതു തുടരുമെന്നും മന്ത്രി കെ.കെ. ശൈലജ. ഇത്തരം മഹാമാരി ഉണ്ടാകുമ്പോൾ ആവനാഴിയിലെ എല്ലാ ശക്തിയുമെടുത്ത് പ്രയോഗിച്ചാലും ചില പഴുതുകൾ ഉണ്ടായെന്നു വരും. അത് അന്വേഷിച്ചു കണ്ടെത്തി പ്രതിപക്ഷം ആക്രമിക്കുന്നതു ശരിയല്ല. ഇറ്റലിയിൽ നിന്ന് വരുന്നവർക്കു വിമാനത്താവളത്തിൽ പരിശോധന വേണമെന്നു കേന്ദ്രം ഫെബ്രുവരി 26ന് അറിയിച്ചിരുന്നെങ്കിലും ഇതു കർശനമാക്കി അറിയിപ്പു വന്നതു മർച്ച് 3നാണ്.

ഫെബ്രുവരി 29ന് ഇറ്റലിയിൽ നിന്നുള്ള കുടുംബം എത്തിയിരുന്നു. വീട്ടിൽ പോയി പനി വന്നിട്ടും അവർ പുറത്തു പറയാഞ്ഞതിനെയാണ് കുറ്റപ്പെടുത്തിയത്. ആരോടും പരിഭവമില്ല. പ്രതിപക്ഷ നേതാവിനെ നിയമസഭയിൽ താൻ കുറ്റപ്പെടുത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ചോദ്യത്തിനു മറുപടി പറയുമ്പോൾ അതു കേൾക്കാതെ മന്ത്രി എ.കെ. ശശീന്ദ്രനോട് വർത്തമാനം പറയുന്നതാണ് കണ്ടത്. അതേക്കുറിച്ചുള്ള തന്റെ പരാമർശം വിഷമമുണ്ടാക്കിയോ എന്നു പിന്നീട് വ്യക്തിപരമായി അദ്ദേഹത്തോട് ആരായുകയും ചെയ്തു.

“തൃശൂരിൽ ആദ്യ കോവിഡ് കേസ് സ്ഥിരീകരിച്ചപ്പോൾ ഞാൻ തിരുവനന്തപുരത്തായിരുന്നു. രാത്രി തന്നെ വിമാനത്തിൽ കൊച്ചിക്കു തിരിച്ചു. അവിടെയെത്തിയപ്പോൾ രാത്രി 12. ശുചിമുറിയിൽ പോകാൻ പോലും സാവകാശമില്ല. പിറ്റേന്നത്തെ കാര്യങ്ങൾ ആസൂത്രണം ചെയ്തു കഴിഞ്ഞപ്പോൾ രാത്രി 2 ആയി. കാത്തുനിൽക്കേണ്ടെന്നു മാധ്യമങ്ങളെ അറിയിച്ചപ്പോൾ എത്ര നേരം വേണമെങ്കിലും കാത്തുനിൽക്കാം എന്നായിരുന്നു മറുപടി. യോഗത്തിന്റെ തീരുമാനങ്ങൾ കൂടി കിട്ടിയിട്ടേ പത്രം അച്ചടിക്കുന്നുള്ളൂവെന്നാണ് മലയാള മനോരമ ചീഫ് എഡിറ്റർ മാമ്മൻ മാത്യു സാർ എന്നോട് പറഞ്ഞത്. മാധ്യമങ്ങൾ ഇങ്ങനെ സഹകരിച്ചതിൽ അഭിമാനവും സന്തോഷവുമുണ്ട്. പിറ്റേന്നത്തെ പത്രങ്ങളിൽ തീരുമാനങ്ങളെല്ലാം വന്നു. അതുണ്ടാക്കിയ സാഹചര്യം ചെറുതല്ല.”



നിരീക്ഷണം എത്ര ശക്തമാക്കിയാലും ജനം ഉത്തരവാദിത്തത്തോടെ പെരുമാറിയാൽ മാത്രമേ രോഗവ്യാപനം തടയാനാകൂ എന്നും മന്ത്രി പറഞ്ഞു.

## സർക്കാരിന് മംഗളപത്രം എഴുതലല്ല ജോലി: രമേശ്

തിരുവനന്തപുരം: ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന്റെ ജോലി സർക്കാരിന് മംഗളപത്രമെഴുതലല്ലെന്നും വീഴ്ചകൾ തുടർന്നും ചൂണ്ടിക്കാട്ടുമെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. സഹകരിക്കേണ്ട കാര്യങ്ങളിൽ സഹകരിക്കും. സർക്കാരിന്റെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി പ്രവർത്തിക്കുന്ന ജോലിയല്ല പ്രതിപക്ഷത്തിന്റേത്. പുരാണത്തിൽ ഹിരണ്യകശിപു കൂടിയുണ്ട്. ഹിരണ്യായ നമഃ എന്നു ചൊല്ലിച്ച ഹിരണ്യകശിപുവിന്റെ അനുഭവം എല്ലാവർക്കും ഓർമയിലിരിക്കട്ടെ.

സർക്കാർ മെഡിക്കൽ ബുള്ളറ്റിൻ ഇറക്കുകയാണ് ഇപ്പോൾ വേണ്ടത്. അനാവശ്യമായി എല്ലാ വിവരങ്ങളും ജനങ്ങളോടു പറയേണ്ട കാര്യമില്ലെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. ആത്മവിശ്വാസം പകരുന്ന സന്ദേശങ്ങളാണ് ഇപ്പോൾ വേണ്ടത്. ഭീതി കാരണം ജനം പുറത്തിറങ്ങാനാവാത്ത അവസ്ഥയാണെന്നും രമേശ് പറഞ്ഞു.

## എല്ലാം വെട്ടിച്ചുരുക്കി നിയമസഭ പിരിഞ്ഞു

തിരുവനന്തപുരം: ഏപ്രിൽ ഏഴിന് അവസാനിക്കേണ്ടിയിരുന്ന നിയമസഭാ സമ്മേളനം ധനാഭ്യർത്ഥനകളും ധനവിനിയോഗ ബില്ലും ഒന്നിച്ചു പാസാക്കി പിരിഞ്ഞു. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി. ജനങ്ങളുടെ ആശങ്കകളും പരാതികളും സർക്കാരിന്റെ വീഴ്ചകളും ചൂണ്ടിക്കാട്ടാനുള്ള വേദിയാണ് നിയമസഭയെന്നും നേരത്തെ നിർത്തിവെക്കാനുള്ള തീരുമാനം മുഖ്യമന്ത്രിയുടെ ഒളിച്ചോട്ടമാണെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. എന്നാൽ, മുൻപും ഇത്തരത്തിൽ സഭാ നടപടികൾ വെട്ടിച്ചുരുക്കിയിട്ടുണ്ടെന്നും ലീഗ് അംഗം കെഎൻഎ ഖാദറിന്റെ കൂടി ആവശ്യം കണക്കിലെടുത്താണ് തീരുമാനമെന്നും മുഖ്യമന്ത്രി മറുപടി നല്കി.

കോവിഡ് 19 രോഗത്തിന്റെ വ്യാപനം വിലയിരുത്തി ഇപ്പോഴുള്ള സമ്മേളനത്തിന്റെ തുടർച്ചയായി ഏപ്രിൽ ആദ്യം സഭ വീണ്ടും ചേരാനുള്ള സാധ്യത ബാക്കി നിൽക്കെയാണ് മാർച്ച് 13ന് നടപടികൾ പൂർത്തിയാക്കിയത്. സഭ അനിശ്ചിതമായി പിരിയുകയാണെന്ന് സ്പീക്കർ പ്രഖ്യാപിച്ചെങ്കിലും സമ്മേളനം അവസാനിപ്പിക്കുന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിച്ചില്ല. പകരം, ഈ സമ്മേളനം താൽക്കാലികമായി നിർത്തിവെക്കണമെന്ന കാര്യോപദേശക സമിതിയുടെ ശിപാർശയാണ് പാസാക്കിയത്. പിരിയുമ്പോൾ പതിവുള്ള ദേശീയ ഗാനാലാപനവും ഒഴിവാക്കി.

ധനവിനിയോഗ ബിൽ പാസാക്കുകയും ധനബിൽ അവതരിപ്പിക്കുകയും ചെയ്തതിനാൽ ബജറ്റ് പാസ്സായി. ബജറ്റിലെ നികുതി മാറ്റങ്ങൾ ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിലാകും.

ഇനി ധനബിൽ ചർച്ച ചെയ്യുന്നതിനായി ഏപ്രിലിൽ തുടർസമ്മേളനമോ ജൂലൈയിൽ അടുത്ത സമ്മേളനമോ ചേരാനാണ് സാദ്ധ്യത.

### ഉന്നാവ് പെൺകുട്ടിയുടെ അച്ഛന്റെ കൊലപാതകം

## സെൻഗറിന് 10 വർഷം തടവും 10 ലക്ഷം രൂപ പിഴയും

ന്യൂഡൽഹി: ഉന്നാവ് പെൺകുട്ടിയുടെ അച്ഛനെ കൊലപ്പെടുത്തിയ കേസിൽ പീഡനക്കേസിലെ പ്രതിയും ബിജെപിയുടെ മുൻ എംഎൽഎയുമായ കുൽദീപ് സിങ് സെൻഗറിന് 10 വർഷം കഠിന തടവും 10 ലക്ഷം രൂപ പിഴയും ഡൽഹി ജില്ലാ കോടതി ശിക്ഷ വിധിച്ചു.

കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന പിതാവിനെ കൊലപ്പെടുത്തിയ പ്രതി അനുകമ്പ അർഹിക്കുന്നില്ലെന്നു ജഡ്ജി ധർമേഷ് ശർമ പറഞ്ഞു.

മനഃപൂർവമല്ലാത്ത നരഹത്യയ്ക്കാണ് 10 വർഷം തടവ് വിധിച്ചത്. ഗൂഢാലോന, തെളിവു നശിപ്പിക്കൽ തുടങ്ങി വിവിധ കുറ്റങ്ങൾക്ക് വേറെയും ശിക്ഷ ഒന്നിച്ചനുഭവിച്ചാൽ മതി.

സെൻഗറിനു പുറമേ, സഹോദരൻ അതുൽ സിങ് അടക്കം മറ്റ് 6 പേർക്കു കൂടി 10 വർഷം തടവുശിക്ഷ വിധിച്ചു. രണ്ട് പോലീസുകാരും ഇതിൽ ഉൾപ്പെടുന്നു. സെൻഗറിനു പുറമെ അതുൽ സിങ്ങും മൂന്ന് മാസത്തിനകം 10 ലക്ഷം രൂപ പിഴയൊടുക്കണം. പെൺകുട്ടിയുടെ കുടുംബത്തിനുള്ള നഷ്ടപരിഹാരം അടക്കമാണിത്.

അതുലിന്റെ നേതൃത്വത്തിൽ ഗ്രാമത്തിൽ വെച്ചു മർദിച്ച ശേഷം പോലീസ് കസ്റ്റഡിയിലിരിക്കെ 2018 ഏപ്രിലിലാണ് പെൺകുട്ടിയുടെ അച്ഛൻ മരിച്ചത്. കസ്റ്റഡിയിലിരിക്കെ വൈദ്യസഹായം ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഡോക്ടർക്കെതിരെ യുപി സർക്കാരിനോട് കോടതി നിർദേശിച്ചു. നേരത്തെ പീഡനക്കേസിൽ ശിക്ഷിക്കപ്പെട്ടതോടെയാണ് സെൻഗറിന് എംഎൽഎ പദവി നഷ്ടമായത്.

### വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 73.83 |
| യൂറോ | 82.46 |
| സ്റ്റെർലിംഗ്പൗണ്ട് | 92.45 |
| സ്വിസ് ഫ്രാങ്ക് | 77.80 |
| സിംഗപ്പൂർ ഡോളർ | 52.30 |
| കനേഡിയൻ ഡോളർ | 53.44 |
| ഓമാൻ റിയാൽ | 191.79 |
| ബഹ്റൈൻ ദിനാർ | 195.64 |
| സൗദി റിയാൽ | 19.68 |
| യു.എ.ഇ. ദിർഹം | 20.11 |
| കുവൈത്ത് ദിനാർ | 239.87 |

## കിംഫി എന്ന് വിളിച്ചാൽ പദ്ധതി മാറുമോയെന്ന് സുധാകരൻ

തിരുവനന്തപുരം: കിഫ്ബിയെ ‘കിംഫി’ എന്നു വിളിക്കുന്നതിന്റെ കാരണമെന്തെന്ന സണ്ണി ജോസഫ് എംഎൽഎയുടെ ചോദ്യത്തിന് ‘സ്പെല്ലിങ് തെറ്റിയതുകൊണ്ട് പദ്ധതിയുടെ പേരുമാറുമോ’യെന്ന് മന്ത്രി ജി. സുധാകരൻ. എംഎൽഎയുടെ മണ്ഡലത്തിലെ റോഡുകളിൽ 98 ശതമാനവും ഗതാഗതയോഗ്യമല്ലേ? സ്പെല്ലിങ് പിഴവുകൊണ്ട് അതിനു വല്ല കുഴപ്പവും സംഭവിച്ചോയെന്നും മന്ത്രി ചോദിച്ചു.

ആദ്യമൊരു തവണ നിയമസഭയിൽ വായിച്ചപ്പോൾ പേര് മാറിപ്പോയെന്നതു ശരിയാണ്. പിന്നീടെപ്പോഴും സഭയിൽ പറയുന്നതു കിഫ്ബി എന്നു തന്നെയാണ്. ചിലർ ഇതിനെ ദുർവ്യാഖ്യാനം ചെയ്യാൻ ശ്രമിക്കുന്നതായും സുധാകരൻ ചൂണ്ടിക്കാട്ടി. മരാമത്ത് വകുപ്പ് എന്തു പദ്ധതി കൊടുത്താലും അതു വെട്ടുമെന്നും പദ്ധതികൾ വിഴുങ്ങാനിരിക്കുന്ന ബകനെപ്പോലെയാണ് ചിലരെന്നും മന്ത്രി മുൻപു കുറ്റപ്പെടുത്തിയിരുന്നു.

## നേഴ്സുമാരെ വാടകവീട്ടിൽനിന്ന് ഇറക്കിവിട്ടു

കോട്ടയം: മെഡിക്കൽ കോളജ് ആശുപത്രിയിലെ കൊറോണ വാർഡിൽ രോഗികളെ പരിചരിച്ച നേഴ്സുമാരെ വാടകവീട്ടിൽ നിന്ന് കെട്ടിട ഉടമ ഇറക്കിവിട്ടതായി പരാതി.

ഗാന്ധിനഗറിലെ വാടകവീട്ടിലാണ് നാല് നേഴ്സുമാർ താമസിച്ചിരുന്നത്. പേ വാർഡിന്റെ മുകൾ നിലയിലേക്ക് ഇവർ താമസം മാറ്റി.

നേഴ്സുമാർക്ക് താമസിക്കുന്നതിനു വേണ്ടി ആശുപത്രി വളപ്പിലെ രണ്ട് ക്വാർട്ടേഴ്സുകൾ നല്കാൻ അധികൃതർ തീരുമാനിച്ചു.

ഈ ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണി ആരംഭിച്ചതായി കളക്ടർ പി.കെ. സുധീർബാബു പറഞ്ഞു.

# ജ്യോതിരാദിത്യ സിന്ധ്യ രാജ്യസഭാ സ്ഥാനാർത്ഥി

ന്യൂഡൽഹി: കോൺഗ്രസിൽ നിന്നു രാജിവെച്ച് ബിജെപിയിൽ ചേർന്ന ജ്യോതിരാദിത്യ സിന്ധ്യ മധ്യപ്രദേശിൽ നിന്ന് രാജ്യസഭയിലേക്ക് മത്സരിക്കും. പാർട്ടി അദ്ധ്യക്ഷൻ ജെ.പി. നഡ്ഡയുടെ സാന്നിദ്ധ്യത്തിൽ ബിജെപിയിൽ ചേർന്നതിനു തൊട്ടുപിന്നാലെയാണ് ബിജെപി സിന്ധ്യയെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചത്. ഈ മാസം 26നാണ് തെരഞ്ഞെടുപ്പ്.

മധ്യപ്രദേശിൽ സർക്കാർ രൂപീകരിക്കാനായാൽ ബിജെപിക്ക് 2 രാജ്യസഭാ സീറ്റിനു സാധ്യതയുണ്ട്. സിന്ധ്യയുടെ പേര് മാത്രമാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. സിന്ധ്യയെ കേന്ദ്രമന്ത്രിസഭയിൽ ഉൾപ്പെടുത്തുമെന്നും 6 മന്ത്രിമാരടക്കം 22 കോൺഗ്രസ് എംഎൽഎമാർ സിന്ധ്യയ്ക്കൊപ്പമുണ്ട്. ഇവരിൽ പലരും ബിജെപിയിൽ ചേരാൻ വിമുഖരാണെങ്കിലും കമൽനാഥ് സർക്കാരിനെ പിന്തുണയ്ക്കില്ല.

ഭരണനഷ്ടത്തിന്റെ വക്കിൽ സർക്കാരിനെ രക്ഷിക്കാനുള്ള അവസാനവട്ട ശ്രമങ്ങളുമായി സജീവമാണ് മധ്യപ്രദേശ് മുഖ്യമന്ത്രി കമൽനാഥ്. തന്ത്രങ്ങൾ പിഴയ്ക്കാതിരിക്കാൻ അതീവ ജാഗ്രതയിലാണ് ബിജെപി. ബെംഗളൂരുവിലെ സിന്ധ്യ പക്ഷക്കാരായ 22 എംഎൽഎമാരിൽ 10 പേരെ മറുകണ്ടം ചാടിക്കുമെന്നും പ്രഖ്യാപിച്ച് ഭൂരിപക്ഷം തെളിയിക്കാനുള്ള നീക്കങ്ങൾ കോൺഗ്രസ് സജീവമാക്കി. സിന്ധ്യയ്ക്കൊപ്പം ഉറച്ചു നിൽക്കുമെന്ന് എംഎൽഎമാർ പറയുന്ന വീഡിയോ പുറത്തിറക്കി. നിയമസഭാ സമ്മേളനം ആരംഭിക്കാനിരിക്കെ, വിശ്വാസവോട്ട് ഉണ്ടാകുമെന്ന കണക്കുകൂട്ടലിലാണ് ഇരുപക്ഷവും ഒപ്പമുള്ള എംഎൽഎമാരെ മധ്യപ്രദേശിനു പുറത്തേക്കു മാറ്റി. ഹരിയാനയിലെ ഗുരുഗ്രാമിലാണ് ബിജെപിയുടെ 109 എംഎൽഎമാരുള്ളത്.

കമൽനാഥിന്റെ വസതിയിൽ യോഗം ചേർന്നതിനു പിന്നാലെ, ഭരണപക്ഷത്തെ 99 എംഎൽഎമാരെ കോൺഗ്രസ് ജയ്പുരിലുള്ള റിസോർട്ടിലേക്കു മാറ്റി. 92 കോൺഗ്രസ് എംഎൽഎമാർക്കു പുറമേ സ്വതന്ത്രർ (4), ബിഎസ്പി (2), എസ്പി (1) എന്നിവരാണ് പ്രത്യേക വിമാനത്തിൽ ജയ്പുരിലേക്ക് പറന്നത്.



കോൺഗ്രസിൽ നിന്ന് രാജിവെച്ച് ബിജെപിയിൽ ചേർന്ന ജ്യോതിരാദിത്യ സിന്ധ്യയെ പൂച്ചെണ്ട് നൽകി സ്വാഗതം ചെയ്യുന്ന ബിജെപി അദ്ധ്യക്ഷൻ ജെ.പി. നഡ്ഡ.

# ഫാറൂഖ് അബ്ദുല്ലയെ മോചിപ്പിച്ചു; തടവിൽ കഴിഞ്ഞത് 220 ദിവസം

ശ്രീനഗർ: ഏഴു മാസത്തിലേറെ വീട്ടുതടങ്കലിലായിരുന്ന നാഷണൽ കോൺഫറൻസ് നേതാവും ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയുമായ ഫാറൂഖ് അബ്ദുല്ലയെ (82) മോചിപ്പിച്ചു. കശ്മീരിന്റെ പ്രത്യേക പദവി പിൻവലിച്ച ഓഗസ്റ്റ് 5ന് കരുതൽ തടങ്കലിലാക്കിയ അദ്ദേഹത്തെ സെപ്റ്റംബർ 15ന് വിചാരണ കൂടാതെ ജയിലിലിടാവുന്ന പിഎസ്എ നിയമപ്രകാരമാണ് തുടർന്ന് മൂന്ന് മാസം കൂടി തടവിലിട്ടത്. ഡിസംബർ 13നും മാർച്ച് 11നുമായി 2 വട്ടം ദീർഘിപ്പിച്ച തടങ്കൽ കാലാവധി മാർച്ച് 13ന് അർധരാത്രി തീരാനിരിക്കെയാണ് മോചനം. ജില്ലാ മജിസ്ട്രേട്ട് ഷഹീദ് ഇഖ്ബാൽ ചൗധരി വസതിയിൽ നേരിട്ടെത്തി. ഫാറൂഖിന് ഉത്തരവ് കൈമാറി.



വീട്ടുതടങ്കലിൽ നിന്നു മോചിതനായ ജമ്മു കശ്മീർ മുൻമുഖ്യമന്ത്രി ഫാറൂഖ് അബ്ദുല്ല ഭാര്യ മോളി അബ്ദുല്ല, മകൾ സഫിയ എന്നിവർക്കൊപ്പം ശ്രീനഗറിലെ വസതിയിൽ.

കശ്മീരിൽ രാഷ്ട്രീയ പ്രക്രിയ പഴയ പടി തുടരാനാവും വിധം. മുൻ മുഖ്യമന്ത്രി കൂടിയായ തന്റെ മകൻ ഒമർ അബ്ദുല്ലയും മറ്റൊരു മുൻ മുഖ്യമന്ത്രി മെഹബൂബ മുഫ്ത്തിയും അടക്കമുള്ള രാഷ്ട്രീയ തടവുകാരെയെല്ലാം ഉടൻ വിട്ടയയ്ക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മറ്റുള്ളവർ കൂടി മോചിതരായാലേ തന്റെയും സ്വാതന്ത്ര്യം പൂർണമാകൂ എന്നും അവരെ കൂടി മോചിപ്പിച്ചശേഷമേ രാഷ്ട്രീയ അഭിപ്രായ പ്രകടനം നടത്തൂവെന്നും അദ്ദേഹം പറഞ്ഞു. മറ്റുള്ളവരെ വിട്ടയച്ചശേഷം ഭാവി നടപടികൾ തീരുമാനിക്കും.

ലോക്സഭാംഗം കൂടിയായ ഫാറൂഖ് 220 ദിവസമാണ് തടവിൽ കഴിഞ്ഞത്. മാർച്ച് രണ്ടാംവാരം ആദ്യം നേത്രശസ്ത്രക്രിയ നടത്തിയിരുന്നു. ഭാര്യ മോളി അബ്ദുല്ലയും മറ്റു കുടുംബാംഗങ്ങളുമൊത്ത് മാധ്യമപ്രവർത്തകരുടെ മുന്നിലെത്തിയ അദ്ദേഹം പാർലമെന്റിൽ തങ്ങളുടെ വിഷയം ഉന്നയിച്ച എല്ലാവർക്കും നന്ദി പറഞ്ഞു. കശ്മീർ ജനതയുടെ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനായി തനിക്കു വൈകാതെ ലോക്സഭയിൽ പോകാനാവുമെന്ന പ്രതീക്ഷ പങ്കുവെച്ചു.

നാഷണൽ കോൺഫറൻസ് നടപടിയെ സ്വാഗതം ചെയ്തു. ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി, സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, കോൺഗ്രസ് നേതാവ് ശശി തരൂർ തുടങ്ങിയവരും നടപടിയെ സ്വാഗതം ചെയ്തു.

# ഈസ്റ്റേൺ ഓണർ കൊയറിൽ മിന്നും താരമായി ഐറീൻ

റോ ചെസ്റ്റർ: അമേരിക്കൻ കോറൽ ഡയറക്ടേഴ്സ് അസോസിയേഷന്റെ ഈസ്റ്റേൺ റീജണൽ ഓണർ കൊയറിൽ ന്യൂജേഴ്സിയിൽ നിന്നുള്ള മലയാളി വിദ്യാർത്ഥിനി സോളോ പാടി സംഗീതജ്ഞരുടെ അംഗീകാരം നേടി. ന്യൂജേഴ്സിയിലെ ഈസ്റ്റ് ഹാനോവർ മിഡിൽ സ്കൂൾ വിദ്യാർത്ഥിനി ഐറിൻ തട



ത്തിൽ ആണ് ഈ അപൂർവ നേട്ടത്തിന് അർഹയായത്. അമേരിക്കയിൽ അറിയപ്പെടുന്ന പ്രമുഖരായ മ്യൂസിക് ഡയറക്ടർമാർ, ഗാനരചയിതാക്കൾ, മികച്ച മ്യൂസിക് കണ്ടക്ടർമാർ തുടങ്ങിയവർ ആയിരുന്നു നാലുദിവസം നീണ്ട പരിശീലനത്തിനു നേതൃത്വം നൽകിയത്. അമേരിക്കയിലെ തന്നെ പ്രശസ്തമായ റോചെസ്റ്റർ കൊഡാക്ക് തീയേറ്ററിലായിരുന്നു സംഗീത സദസ്. 14 ഈസ്റ്റേൺ സ്റ്റേറ്റുകളിൽ നിന്നു നാലു വിഭാഗങ്ങളിലായി പങ്കെടുത്ത അഞ്ഞൂറിലേറെ കുട്ടികളിൽ നിന്ന് ഓഡിഷൻ നടത്തി ഐറിൻ അടക്കം നാലു പേരെയാണ് സോളോ പാടാൻ മ്യൂസിക് ഡയറക്ടർമാർ തെരഞ്ഞെടുത്തത്.

ന്യൂജേഴ്സി, ലിവിംഗ്സ്റ്റണിലുള്ള മോംമ് ആൻഡ് ഡാഡ് കെയർ ഹോമിന്റെ അഡ്മിനിസ്ട്രേറ്ററും ഇ-മലയാളി ന്യൂസ് എഡിറ്ററും പത്രപ്രവർത്തകനുമായ ഫ്രാൻസിസ് തടത്തിലിന്റെയും ലീവിംഗ് സെയിന്റ് ബർണാസ് മെഡിക്കൽ സെന്ററിൽ നേഴ്സ് പ്രാക്ടീഷ്യഷണറായ നെസി തോമസ് തടത്തിലിന്റെയും മകളാണ് ഈ കൊച്ചുമിടുക്കി. കിൻഡർഗാർട്ടൻ വിദ്യാർത്ഥി ഐസക്ക് തടത്തിൽ ഏകസഹോദരനാണ്.

# ഏതു നേരത്തും കടന്നുവരാനുള്ള അടുപ്പമുണ്ടായിരുന്നു: രാഹുൽ

ന്യൂഡൽഹി: ഏതു സമയത്തും തന്നെ വന്നു കാണാവുന്നവിധം അടുപ്പമുണ്ടായിരുന്ന ആളായിരുന്നു ജ്യോതിരാദിത്യ സിന്ധ്യയെന്ന് രാഹുൽ ഗാന്ധി. പലവട്ടം കാണാൻ ശ്രമിച്ചിട്ടും ജ്യോതിരാദിത്യ സിന്ധ്യക്ക് തന്നെ കാണാൻ പറ്റിയില്ലെന്ന ആരോപണത്തോടു പ്രതികരിക്കുകയായിരുന്നു രാഹുൽ.

എന്റെ വീട്ടിലേക്കു ഏതു സമയത്തും കടന്നു വരാൻ പറ്റുന്നയാൾ കോൺഗ്രസിൽ വേറെയുണ്ടായിരുന്നില്ല: രാഹുൽ പറഞ്ഞു. കഴിഞ്ഞവർഷം കമൽനാഥും സിന്ധ്യയും തമ്മിലുള്ള തർക്കം പരിഹരിച്ച സമയത്തു ചെയ്ത ട്വീറ്റ് രാഹുൽ റീട്വീറ്റ് ചെയ്യുകയും ചെയ്ത. 'ക്ഷമയും സമയവുമാണ് ഏറ്റവും കരുത്തരായ യോദ്ധാക്കൾ' എന്നായിരുന്നു കമൽനാഥിന്റെയും സിന്ധ്യയുടെയും കൈപിടിച്ച രാഹുൽ നിൽക്കു ചിത്രത്തിന്റെ അടിക്കുറിപ്പ്.

ജ്യോതിരാദിത്യ പലവട്ടം ശ്രമിച്ചിട്ടും രാഹുലിനെ കാണാനായില്ലെന്ന് സിന്ധ്യയുടെ ബന്ധുവും ത്യപുര രാജകുടുംബവുമായി പ്രദ്യോത് മാണിക്യ ദേബ്ബർമ പറഞ്ഞിരുന്നു. ഇതേക്കുറിച്ചാണ് രാഹുൽ പ്രതികരിച്ചത്.



മധ്യപ്രദേശിൽ കോൺഗ്രസ് സർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമത്തിന് രാഹുൽ പ്രധാന മന്ത്രി നരേന്ദ്രമോദിയെ വിമർശിച്ചിരുന്നു.

'തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിക്കാൻ നോക്കുന്നതിനിടെ ആഗോള വിപണിയിൽ ക്രൂഡ് ഓയിൽ വില 35% കുറഞ്ഞത് താങ്കൾ ശ്രദ്ധിച്ചിരിക്കുമെന്നു കരുതുന്നു. പെട്രോൾ വില 60 രൂപയ്ക്ക് താഴെയിറക്കി ഇതിന്റെ നേട്ടം ഇന്ത്യക്കാർക്കു നൽകാൻ താങ്കൾക്കു കഴിയുമോ? നമ്മുടെ സമ്പദ് വ്യവസ്ഥയെ അതു സഹായിക്കും': രാഹുൽ ട്വീറ്റിൽ പറഞ്ഞു.


Citywide Mortgage of America Corp.
OFFICE NMLS # 255253



Joseph Mullappallil (JoeM)
Mortgage Broker / Owner
Cell: (773) 908-8296
NMLS (P) # 279504
joemcitywide@gmail.com



JEREMY KAREDAN
LOAN OFFICER
NMLS # 1718163
954-662-8508
mlokaredan@gmail.com

We can provide you a pre-approval in minutes

Refinance up to 150% of your appraised value without PMI*

Purchase/Refinance/Jumbo Loan

Office: (773) 202-2600
Fax: (773) 202-2605
Visit: www.citywidema.com

4323 W. Irving Park Unit 1B
Chicago, IL 60641

Mullappallil Law Group

AREA OF PRACTICE:
General Practice Including Real Estate Law, Wills, Trust Estate Planning & Contracts

ADDRESS:
4323 W. Irving Park Unit 1B,
Chicago, IL 60641

CONTACT INFORMATION:
Cell: (847) 650 8241 Fax: (800) 650 6941
SMULLAPP23@GMAIL.COM



SHIJO MULLAPPALLIL
ATTORNEY AT LAW

Illinois Residential Mortgage Licensee *Conditions Apply
DEDICATED FULL TIME-EXPERIENCED LOAN CONSULTANTS TO ASSIST YOU

KERALA EXPRESS
പ്രവാസി താളുകൾ

# സുന്ദരിയായ തെസ്സലോനിക്കി നഗരം

സാംജീവ്

അഥിന (ഏതൻസ്) കഴിഞ്ഞാൽ ഗ്രീസിലെ ഏറ്റവും വലിയ പട്ടണം തെസ്സലോനിക്കിയാണ്. ബിസി 315-ലാണ് ഈ നഗരം സ്ഥാപിക്കപ്പെട്ടത്. മഹാനായ അലക്സാണ്ടറുടെ ഒരു സേനാനായകൻ ആയിരുന്ന കസ്സാൻഡർ ആണ് തെസ്സലോനിക്കിയുടെ സ്ഥാപകൻ. അലക്സാണ്ടറുടെ മരണശേഷം കസ്സാൻഡർ മാസിഡോണിയായിലെ രാജാവായി. അലക്സാണ്ടറുടെ അർദ്ധസഹോദരിയായിരുന്ന തെസ്സലോനിക്കി ആയിരുന്നു കസ്സാൻഡറുടെ ജീവിതപങ്കാളി. അവളുടെ നാമധേയത്തിലാണ് തെസ്സലോനിക്കി നഗരം സ്ഥാപിക്കപ്പെട്ടത്.

റോമൻ അധിനിവേശക്കാലത്ത് മാസിഡോണിയൻ പ്രവിശ്യയുടെ തലസ്ഥാനമായിത്തീർന്നു തെസ്സലോനിക്കി നഗരം. 1991-ൽ രൂപംകൊണ്ട മാസിഡോണിയൻ റിപ്പബ്ലിക്കിനു വെളിയിലാണ് ഇന്നത്തെ തെസ്സലോനിക്കി. മാസിഡോണിയൻ റിപ്പബ്ലിക്കിൽ നിന്നും 50 മൈൽ അകലെ ഗ്രീസിന്റെ ഭാഗമാണ് തെസ്സലോനിക്കി എന്ന മഹാനഗരം.

മാസിഡോണിയാ എത്ര ചെറുതാണ്! അലക്സാണ്ടർ ചക്രവർത്തിയുടെ വിശ്വസ്ഥനായ സന്തത സഹചാരി ആയിരുന്നല്ലോ ബ്യസിഫാലസ് എന്ന കുതിര. തെസ്സലോനിക്കിയിലെ ഈജിയൻ സമുദ്രതീരത്ത് ബ്യൂസിഫാലസിന്റെ മേൽ സവാരി ചെയ്യുന്ന അലക്സാണ്ടറുടെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. 20 അടി ഉയരമുള്ള ഒരു വെങ്കല പ്രതിമയാണത്. വാങ്കലി മൗസ്റ്റകാ എന്ന ശില്പിയാണ് അത് വിഭാവനം ചെയ്തത്. ബ്യൂസിഫാലസിനെ അലക്സാണ്ടർ സ്വന്തമാക്കിയ ചരിത്രം സുവിദിതമാണല്ലോ. സ്വന്തം നിഴൽ കണ്ടു വിരണ്ട ബ്യൂസിഫാലസിനെ സൂര്യന് എതിരെ നിർത്തി കീഴ്പ്പെടുത്തിയ അലക്സാണ്ടറെ നോക്കി പിതാവ് ഫിലിപ്പ് രാജാവ് പറഞ്ഞുവത്രേ.

"മകനേ ഈ മാസിഡോണിയ എത്ര ചെറുതാണ് നിനക്ക്? ഫിലിപ്പ് രാജാവിന്റെ ദർശനം ഫലിച്ചു. 33 വയസ്സിനു മുമ്പ് ഇന്ത്യ വരെ എത്തുന്ന ലോക സാമ്രാജ്യം സ്ഥാപിച്ച് അലക്സാണ്ടർ ജനപഥങ്ങളുടെ മഹാനായ ചക്രവർത്തിയായി മാറി. പതിനായിരക്കണക്കിന് ഗ്രീക്കുകാർ ഇന്നും മനസ്സിൽ സൂക്ഷിക്കുന്ന ഒരു ചിത്രമാണ് ഊരിപ്പിടിച്ച വാളുമായി പറക്കുന്ന കുതിരയുടെ മേലിരുന്ന് ലോകത്തെ കീഴ്പ്പെടുത്തിയ അലക്സാണ്ടർ ചക്രവർത്തി.

പൗലോസ് തെസ്സലോനിക്കിയിൽ അലക്സാണ്ടറുടെ സാമ്രാജ്യം അലക്സാണ്ടറുടെ മരണശേഷം ശിഥിലമായി. അക്സാണ്ടർ വാളുകൊണ്ടും കുതിരകൊണ്ടും ലോകചരിത്രം രചിച്ചുവെങ്കിൽ മൂന്നു നൂറ്റാണ്ടുകൾക്കു ശേഷം സൗമ്യനായ ഒരാൾ മാസിഡോണിയയിലേക്കു കടന്നുവന്നു. പൗലോസ് അപ്പോസ്തലൻ. സൈന്യത്താലും ശക്തിയാലുമല്ലാതെ ആ കൃശഗാത്രൻ സ്ഥാപിച്ച സ്നേഹത്തിന്റെ സാമ്രാജ്യം സഹസ്രാബ്ദങ്ങളെ അതിജീവിച്ചു.



എഡി 50-ലാണ് പൗലോസ് ഗ്രീസിൽ എത്തിയത്. ആദ്യം ഫിലിപ്പിയിലും പിന്നീട് തെസ്സലോനിക്കിയിലും. തെസ്സലോനിക്കിയിൽ പൗലോസിന്റെ സുവിശേഷപ്രവർത്തനം സുഗമമായിരുന്നില്ല. രാത്രിയുടെ മറവിൽ പൗലോസും അനുയായികളും തെസ്സലോനിക്കിയിൽ നിന്ന് ബരോവയിലേക്കും അവിടെനിന്നു അഥിനയിലേക്കും പ്രാണരക്ഷാർത്ഥം പലായനം ചെയ്യുന്നതാണ് നാം കാണുന്നത്. അഥിനയിൽ നിന്നും പൗലോസ് കോറിന്തിലേയ്ക്കാണ് പോയത്. അവിടെ താമസിക്കുന്ന കാലത്താണ് പൗലോസ് തെസ്സലോനിക്കിയിലെ സഭയ്ക്ക് രണ്ട് ലേഖനങ്ങൾ എഴുതിയത്; എഡി 51-ൽ. ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പ്രസ്തുത ലേഖനങ്ങളിൽ പൗലോസ് തെസ്സലോനിക്കിയിലെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നു.

*"ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ. ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ. ബലഹീനരെ താങ്ങുവിൻ. എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ. ആരും തിന്മയ്ക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ. തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ. എപ്പോഴും സന്തോഷിപ്പിൻ...സകലവിധ ദോഷവും വിട്ടകലുവിൻ."*

**ദിമിത്രയോസിന്റെ പള്ളി:** എഡി 306-ൽ രക്തസാക്ഷിമരണം പ്രാപിച്ച ദിമിത്രയോസ് ആണ് തെസ്സലോനിക്കിയുടെ ആസ്ഥാനവിശുദ്ധനായി പരിഗണിക്കപ്പെടുന്നത്. റോമൻ സൈന്യത്തിൽ ഉന്നതസ്ഥാനീയനായിരുന്ന ദിമിത്രയോസിനെ സെന്റ് ജോർജിനു തുല്യനായിട്ടാണ് ഗ്രീക്കുകാർ കരുതുന്നത്. ഗ്രീക്കു ഓർത്തഡോക്സ് സഭയുടെ വകയാണ് പള്ളി. പള്ളിയുടെ അടിയിലുള്ള ഭൂഗർഭനിലവറ ക്രിപ്റ്റ് എന്ന പേരിലാണ് അറിയപ്പെടുന്നത്.

ബന്ധിതനായ ദിമിത്രയോസിന്റെ അന്ത്യദിനങ്ങൾ ക്രിപ്റ്റിലായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. റോമൻ ചക്രവർത്തിയായിരുന്ന ഗലേറിയന്റെ കാലത്തായിരുന്നു ദിമിത്രയോസ് രക്തസാക്ഷിയായത്. വളരെയേറെ സഞ്ചാരികളെ ആകർഷിക്കുന്ന കത്തീഡ്രൽ ഐക്യരാഷ്ട്രസഭ സംരക്ഷിത ചരിത്ര സ്മാരകമായി പ്രഖ്യാപിച്ചിരിക്കുന്നു.

തെസ്സലോനിക്കി എഡി 1430-ൽ ഒട്ടോമാൻ സാമ്രാജ്യത്തിന്റെ ഉരുക്കുമുഷ്ടിയിൽ അമർന്നു. ബയാസിദ് രണ്ടാമൻ എന്ന സുൽത്താന്റെ കാലത്ത് എഡി 1439-ൽ ദിമിത്രയോസ് കത്തീഡ്രൽ ഒരു മുസ്ലിം ദേവാലയമായി പരിവർത്തനം ചെയ്യപ്പെട്ടു. തുടർന്നുള്ള അഞ്ച് നൂറ്റാണ്ടുകൾ (എഡി 1912 വരെ) ദിമിത്രയോസ് കത്തീഡ്രൽ ഒരു മോസ്ക്കായി പ്രവർത്തിച്ചു. പള്ളിയിലുണ്ടായിരുന്ന നിരവധി ചരിത്രസ്മാരകങ്ങൾ ഇക്കാലത്ത് നഷ്ടപ്പെട്ടു. എഡി 1917-ൽ തെസ്സലോനിക്കിയിൽ ഉണ്ടായ അഗ്നിബാധയിൽ ദിമിത്രയോസ് കത്തീഡ്രലിന്റെ ഒരു ഭാഗം കത്തിനശിച്ചു. 1949-ൽ പുനഃപ്രതിഷ്ഠിക്കപ്പെട്ട കത്തീഡ്രലാണ് ഇന്നു കാണുന്നത്.

**ധവളഗോപുരം:** തെസ്സലോനിക്കിയിൽ സഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുന്ന ഒരു സ്ഥലമാണ് ധവളഗോപുരം. ഒരു വീപ്പയുടെ ആകൃതിയാണ് അതിനുള്ളത്. 75 അടി വ്യാസവും 112 അടി ഉയരവുമുള്ള ഒരു ഭീമൻ വീപ്പ. തുർക്കികളാണ് ഈ ഗോപുരം പണിതുയർത്തിയത്. അവരുടെ ഭരണകാലത്ത് ഗോപുരത്തിന് രക്തനിറമായിരുന്നു. രക്തനിറമുള്ള കുപ്രസിദ്ധമായ ഒരു കാരാഗൃഹം. ആയിരക്കണക്കിനാളുകൾ ഈ തടവറയിൽ കശാപ്പ് ചെയ്യപ്പെട്ടു.

എഡി 1912-ൽ ഭരണം മാറി. ഗ്രീസിന്റെ അധീനതയിൽ തെസ്സലോനിക്കി വന്നുചേർന്നു. രക്തഗോപുരത്തിന്റെ നിറവും മാറി. ഇന്നത് ധവളഗോപുരമാണ്; തെസ്സലോനിക്കി നഗരത്തിന്റെ മുഖമുദ്രയാണ്.

ധവളഗോപുരത്തിന് അധികം അകലെയല്ലാതെ ബാൾക്കൻ യുദ്ധങ്ങളിലെ നായകനായിരുന്ന അഡ്മിറൽ നിക്കോളാസ് വോട്സിസിന്റെ പ്രതിമ സ്ഥാപിച്ചിരിക്കുന്നു. ബാൾക്കൻ യുദ്ധങ്ങളുടെ പരിണിതഫലമായി തുർക്കികളുടെ ആധിപത്യം യൂറോപ്പിൽ നിന്നും അപ്രത്യക്ഷമായി.

**അരിസ്റ്റോട്ടിൽ സ്ക്വയർ:** തെസ്സലോനിക്കിയിലെ പ്രശസ്തമായ നഗരസിരാകേന്ദ്രമാണ് അരിസ്റ്റോട്ടിൽ സ്ക്വയർ. നൈക്കി അവന്യു എന്ന രാജവീഥിയിലാണത്. വ്യാപാരസ്ഥാപനങ്ങൾ കൊണ്ട് നിബിഢമാണ് ആ സ്ഥലം, ഏണസ്റ്റ് ഹെബ്രാഡ് എന്ന ഫ്രഞ്ച്ശില്പിയാണ് അരിസ്റ്റോട്ടിൽ സ്ക്വയർ രൂപകല്പന ചെയ്തത്. അരിസ്റ്റോട്ടിൽ സ്ക്വയർ ചെന്നെത്തുന്നത് ഈജിയൻ കടലിനോട് ചേർന്നു കിടക്കുന്ന ഒരു സമുദ്രതീര പാതയിലാണ്. പാതയുടെ ഒരു വശത്ത് ഈജിയൻ കടൽ, മറുവശത്ത് മനോഹരസൗധങ്ങൾ. ഈ പാതയ്ക്ക് സമീപമാണ് അഡ്മിറൽ വോട്ട്സിസിന്റെ പ്രതിമ.



ലേഖകൻ

അതിസുന്ദരിയായ തെസ്സലോനിക്കി നഗരത്തോട് യാത്ര പറയുമ്പോൾ മാസിഡോണിയായിൽ നിന്നും ഈറ്റപ്പുലി പോലെ ഇന്ത്യാ വരെ കുതിച്ചെത്തിയ അലക്സാണ്ടറുടെ ചിത്രം മനസ്സിൽ നിറഞ്ഞുനിന്നു.

തികച്ചും വിഭിന്നമായിരുന്നു പൗലോസ് അപ്പോസ്തലന്റെ മുഖം. അതു സുവിശേഷത്തിന്റെ മുഖമായിരുന്നു. ആ തേജസ്സ് മാസിഡോണിയായെ മാത്രമല്ല, യൂറോപ്പിനെ മാത്രമല്ല, ലോകത്തെ മുഴുവൻ കീഴ്പ്പെടുത്തി.

# കോവിഡ് 19: കനത്ത ജാഗ്രത വേണമെന്ന് സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത

ന്യൂയോർക്ക്: കോവിഡ് 19-നെതിരെ കനത്തജാഗ്രത പാലിക്കണമെന്നും ആരോഗ്യ ഉത്തരവാദിത്വം പുലർത്തണമെന്നും മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസ്. ഭദ്രാസനത്തിലെ എല്ലാ വൈദികർക്കുമായി നല്കിയ കല്പനയിലാണ് മെത്രാപ്പോലീത്ത കൊറോണയ്ക്കെതിരെ പ്രതിരോധത്തിന്റെ പടച്ചട്ടയണിയേണ്ടുന്നതിന്റെ ആവശ്യകത വ്യക്തമാക്കിയത്.

കല്പനയിൽ ഇങ്ങനെ പറയുന്നു: കൊറോണ ലോകമെങ്ങും വ്യാപിക്കുന്നത് നമ്മുടെ ഉള്ളിൽ ഭയവും ഉത്കണ്ഠയും സൃഷ്ടിക്കുന്നു. ആഗോളവ്യാപകമായി പടരുന്ന കൊറോണയ്ക്കെതിരെ കനത്ത നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിലും പലേടത്തും മനുഷ്യസമൂഹം നിസ്സഹായരായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നാം ജാഗ്രത പാലിക്കുകയും ആരോഗ്യനിർദ്ദേശങ്ങൾ ശ്രദ്ധിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ എല്ലാ ജനങ്ങളോടും സമുദായസ്നേഹികളോടും വൈദികരോടും ഒരുമിച്ചുനിന്ന് ഈ പകർച്ചവ്യാധിയെ പൊരുതി തോല്പിക്കണമെന്നും അഭ്യർത്ഥി



ക്കുന്നു. നിങ്ങൾക്ക് അസുഖം തോന്നുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ കൊറോണ വൈറസിന്റെ ലക്ഷണങ്ങളായ പനി, ശ്വാസംമുട്ടൽ, ചുമ തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളതായി തോന്നുന്നുവെങ്കിൽ ഉടനടി ആരോഗ്യപ്രവർത്തകരുടെ ഉപദേശം സ്വീകരിക്കുകയും മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുകയും ചെയ്യുക. ഈ വൈറസ് പടരാതിരിക്കാൻ ഇടയ്ക്കിടെ കൈ കഴുകുക, ചുമയും തുമ്മലും തടയാൻ മാസ്ക്ക് ധരിക്കുക, വ്യക്തിഗത സമ്പർക്കങ്ങൾ തൽക്കാലത്തേക്ക് ഒഴിവാക്കുക. കൂടാതെ വൈദികർ ഉപയോഗിക്കുന്ന കുരിശ്, വിശുദ്ധ കുർബാനയോടനുബന്ധിച്ച് ഉപയോഗിക്കുന്ന മറ്റ് സാമഗ്രികൾ ഒക്കെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം.

കനത്ത ഉത്കണ്ഠയുടെ പശ്ചാത്തലത്തിൽ നാമെല്ലാവരും ജാഗ്രതയോടെ വേണം പ്രവർത്തിക്കേണ്ടത്. ഒപ്പം രോഗം ബാധിച്ചവരോടും അവരുടെ ബന്ധുജനങ്ങളോടും അനുകമ്പ പുലർത്തുകയും വേണം. ഇതു ബാധിച്ച എല്ലാവരെയും സ്വർഗ്ഗീയ വൈദ്യനായ നമ്മുടെ കർത്താവായ യേശുക്രിസ്തു സുഖപ്പെടുത്തട്ടെ എന്നു പ്രാർത്ഥിക്കാം. വൈറസ് നിയന്ത്രിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നവർക്ക് നമ്മുടെ ദൈവം കൃപയും ശക്തിയും ധൈര്യവും നല്കട്ടെ.

# ക്നാനായോളജി മീഡിയ അവാർഡിന് 31 വരെ എൻട്രികൾ സ്വീകരിക്കും

കോട്ടയം: കോട്ടയം അതിരൂപതയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ക്നാനായ ഫൗണ്ടേഷൻ, അതിരൂപതയുടെ അജപാലന കേന്ദ്രമായ ചൈതന്യ പാസ്റ്ററൽ സെന്ററിന്റെ സഹകരണത്തോടെ ഏർപ്പെടുത്തിയിരിക്കുന്ന പ്രഥമ ക്നാനായോളജി മാധ്യമ പുരസ്കാരത്തിന് മാർച്ച് 31 വരെ എൻട്രികൾ സ്വീകരിക്കും.

15001 (പതിനയ്യായിരത്തിയൊന്ന്) രൂപയും പ്രശംസാപത്രവും മെമന്റോയുമാണ് പുരസ്കാരം. ക്നാനായ സമുദായത്തെക്കുറിച്ചുള്ള പഠനശാഖയായ ക്നാനായോളജി ക്നാനായ ഫൗണ്ടേഷന്റെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ക്നാനായ സമുദായത്തെക്കുറിച്ച് നടത്തിയ പഠനങ്ങൾ, പുസ്തകങ്ങൾ, ലേഖനങ്ങൾ, ഓഡിയോകൾ, വീഡിയോകൾ എന്നിവയിൽ നിന്നായിരിക്കും അവാർഡ് ജേതാവിനെ തെരഞ്ഞെടുക്കുക.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രചനയുടെ നാല് കോപ്പികൾ സമർപ്പിക്കണം. ഡിജിറ്റൽ രചനകളാണെങ്കിൽ നാല് ഫ്ളാഷ് ഡ്രൈവുകളിലാണ് രചനകൾ സമർപ്പിക്കേണ്ടത്. സൃഷ്ടികൾ മൗലികമായിരിക്കണം. ഓരോ രചനയും സ്വന്തമായി രചിച്ചതോ നിർമ്മിച്ചതോ ആണെന്ന് കാണിക്കുന്ന സ്വയം സാക്ഷ്യപത്രവും വെക്കേണ്ടതാണ്.

മത്സരത്തിന് സമർപ്പിക്കുന്ന രചനകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അവകാശം ക്നാനായ ഫൗണ്ടേഷനായിരിക്കും. എൻട്രികൾ അയയ്ക്കേണ്ട വിലാസം: ഡയറക്ടർ, ചൈതന്യ പാസ്റ്ററൽ സെന്റർ, തെള്ളകം പി.ഒ കോട്ടയം 686 630. കൂടുതൽ വിവരങ്ങൾക്ക് 7909231108 എന്ന നമ്പറിൽ ബന്ധപ്പെടുക.

വിജയിക്ക് ഏപ്രിൽ 24ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാലാ ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിലുള്ള മുത്തോലത്ത് ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും.

# അമിഷ് ജനതയെക്കുറിച്ചു ചിന്തിക്കുമ്പോൾ

രാജു തരകൻ

ആധുനിക ലോകത്തിൽ അത്യത്ഭുത സാങ്കേതിക വിദ്യയിൽ ലോകം അതിവേഗം കുതിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽ നിന്നെല്ലാം വ്യത്യസ്തമായി ഒരു ജനവിഭാഗം പെൻസിൽവേനിയയിലെ ലങ്കാസ്റ്റർ ഗ്രാമത്തിൽ ജീവിതം നയിക്കുന്നുണ്ട്. ഇവരാണ് അമിഷ് ജനവിഭാഗം. അമിഷ് ജനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിൽ ഓടിയെത്തുന്ന ഒരു വേദഭാഗമാണ് “ഇതാ തനിച്ചു പാർക്കുന്നോരു ജനം; ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നില്ല” എന്ന തിരുവചനം. ക്രൈസ്തവ വിശ്വാസികളായ അമിഷ് ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ വേദശകലങ്ങൾ അവ



ലേഖകൻ

രുടെ ജീവിത ശൈലിയുമായി അഭേദ്യം ബന്ധം ഉണ്ടെന്നുള്ളത് നഗ്നമായ യാഥാർത്ഥ്യമാണ്. പരിഷ്കൃത ലോകത്തിൽ കംപ്യൂട്ടറും ടെലിവിഷനും റേഡിയോയും ടെലിഫോണും ഒന്നും ഉപയോഗിക്കാത്ത ഈ ജനവിഭാഗത്തെപ്പറ്റി കേട്ടിട്ടുണ്ടെങ്കിലും അവരെ അടുത്തറിയുവാനൊരു മോഹം. അതിനായ് തന്നെ ഒരു യാത്ര പുറപ്പെട്ടു.

ഡിസംബർ മാസത്തിലെ ഒരു തണുപ്പുള്ള പ്രഭാതം. ഡാളസിൽ നിന്ന് ന്യൂയോർക്ക് വഴി പെൻസിൽവേനിയായിലെ ലങ്കാസ്റ്റർ ഗ്രാമത്തിലേക്ക് ഒരു ദീർഘയാത്ര. ന്യൂയോർക്കിൽ ഒരു ദിവസത്തെ വിശ്രമത്തിനു ശേഷമാണ് അടുത്ത പ്രഭാതത്തിൽ അവിടെ എത്തിച്ചേർന്നത്. ന്യൂയോർക്കിൽ നിന്ന് ഏകദേശം മൂന്നു മണിക്കൂർ എടുത്തുകാണും റോഡുമാർഗ്ഗം അവിടെ എത്തിച്ചേരാൻ. അതായത് 163 മൈൽ ദൂരം.

അമിഷ് ജനങ്ങളിൽ ഭൂരിഭാഗവും പട്ടണത്തിലെ തിരക്ക് ഇഷ്ടപ്പെടുന്നവരല്ല. ഗ്രാമീണ നിഷ്ക്കളങ്കതയിൽ ശാന്തമായ ജീവിതം നയിക്കുന്നതിൽ തത്പരരാണ് ഇവർ. രാവിലെ പത്തു മണിയായിട്ടുണ്ട് ഞങ്ങൾ അവിടെ എത്തിച്ചേർന്നപ്പോൾ. അങ്ങകലെ ഉദിച്ചുയർന്ന സൂര്യകിരണങ്ങൾ അന്തരീക്ഷത്തിന് ചൂട് വർദ്ധിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അമിഷ് ജനങ്ങളും ദൈനംദിന ജീവിതത്തിലെ തിരക്കിലാണ്. കഠിനാദ്ധ്വാനികളായ ഇവർ ഒരിക്കലും അലസജീവിതത്തിനടിമകളല്ല. സന്ദർശകരെ സ്വീകരിക്കുവാനും അമിഷ് ജനങ്ങളുടെ ജീവിതശൈലിയും സംസ്കാരവും മനസ്സിലാക്കിത്തരുവാൻ പ്രായമുള്ള ഒരു സ്ത്രീയും ഇവിടെ ഞങ്ങൾക്കൊപ്പം കൂടുകയുണ്ടായി.

വ്യത്യസ്ത ജീവിതശൈലി പിന്തുടരുന്ന ഇവർ പതിനെട്ടാം നൂറ്റാണ്ടിൽ മതപരമായ പീഡനങ്ങളാൽ ഒരു സ്വിസ്സ് വൈദികന്റെ നേതൃത്വത്തിൽ അമേരിക്കയിൽ വിവിധ പട്ടണങ്ങളിൽ അഭയം തേടിയവരാണെന്നാണ് പറയപ്പെടുന്നത്. ജേക്കബ് ആമൻ എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ഈ വൈദികൻ ഒരു തികഞ്ഞ ക്രൈസ്തവഭക്തനാണ്. ആമനിൽ നിന്നാണ് അമിഷ് എന്ന പദം രൂപപ്പെട്ടത്. അമേരിക്കയിൽ ഇന്ന് മൂന്നു ലക്ഷത്തിലധികം അമിഷ് ജനങ്ങൾ വിവിധ പട്ടണങ്ങളിൽ വസിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. പെൻസിൽവേനിയ, ഒഹായൊ തുടങ്ങിയ നഗരങ്ങളിലാണ് ഭൂരിപക്ഷം ജനങ്ങളും അധിവസിക്കുന്നത്. ജർമ്മൻ ഭാഷയുടെ വകഭേദമായ ഫ്രഞ്ച് ഭാഷയാണ് ഇവർ സംസാരിക്കുന്നത്.

സമ്പദ്സമൃദ്ധിയിൽ നിന്ന് ലഭ്യമാകുന്ന സന്തോഷം നശ്വരമാണെന്നാണ് ഇവരുടെ അടിസ്ഥാന സിദ്ധാന്തം. അതുകൊണ്ടാണ് ഇവർ വിലകൂടിയ കാറുകൾ, അംബരചുംബിയായ പാർപ്പിട സമുച്ചയങ്ങൾ തുടങ്ങിയവയിൽ ആകർഷിക്കപ്പെടാത്തത്. സമ്പത്തിനോടുള്ള അമിതമായ മോഹം ദൈവികസമ്പർക്കത്തിന് തടസ്സം സൃഷ്ടിക്കുമെന്നാണ് ഇവരുടെ വിശ്വാസം. അതുപോലെ വ്യക്തികൾ തമ്മിലുള്ള സംഭാ



ഷണം സ്നേഹത്തെ വർദ്ധിപ്പിക്കുമ്പോൾ ടെലിഫോൺ സംഭാഷണങ്ങൾ വ്യക്തിബന്ധങ്ങൾക്ക് അകലം വർദ്ധിപ്പിക്കാനിടയുണ്ടെന്നാണ് അമിഷ് ജനങ്ങളുടെ വിശ്വാസം. തന്മൂലം ടെലിഫോൺ ഉപയോഗിക്കുന്നതിലും ഇവർ പിന്നിലാണ്. അതിലും ഉപരി ഒരു വ്യക്തി ടെലിഫോൺ ഉപയോഗിക്കുമ്പോൾ അത് പുറംലോകവുമായിട്ടുള്ള ബന്ധമായിട്ടാണ് പരിണമിക്കുന്നത്. അതുകൊണ്ടാണ് ഇത് തങ്ങളുടെ വിശ്വാസപ്രമാണങ്ങൾക്ക് എതിരാണെന്ന് അവർ വിശ്വസിക്കുന്നത്. എന്നാൽ, ഈ ചിന്താഗതിക്ക് 1950-നുശേഷം വ്യതിയാനം സംഭവിക്കുകയും ടെലിഫോൺ ബന്ധങ്ങൾ അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ ആരംഭിക്കുകയും ചെയ്തു തുടങ്ങി. അടിയന്തര ഘട്ടങ്ങളിൽ വൈദ്യസഹായതിതനായി ആശുപത്രികളുമായി ബന്ധപ്പെടുന്നതിനും വ്യാപാരമേഖലയുമായി ബന്ധപ്പെടുന്നതിനും അമിഷ് സൊസൈറ്റികളിൽ അവർക്ക് പ്രത്യേകം ടെലിഫോൺ ബൂത്തുകളും ക്രമീകരിച്ചിട്ടുണ്ട്.

കഠിനാദ്ധ്വാനികളായ ഇവർ കൃഷി ചെയ്ത് ഉത്പന്നങ്ങൾ വിൽക്കുകയും അതോടൊപ്പം ആഹാരത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. വിവിധ തരത്തിലുള്ള ജാം, അച്ചാറുകൾ, പിക്കിൾ, ചീസ് തുടങ്ങിയവ വ്യാപാര മേഖലയിൽ പ്രസിദ്ധമായ ഉത്പന്നങ്ങളാണ്. കരകൗശല ഉത്പന്നങ്ങൾ, കൈത്തറികൾ, വൈക്കോൽ കൊണ്ട് നിർമ്മിച്ച മനോഹരചിത്രങ്ങൾ തുടങ്ങിയവയുടെ വില്പനശാലകൾ അമിഷ് മാർക്കറ്റിൽ സുലഭമാണ്. പച്ചപ്പരവതാനി വിരിച്ച പോലെയുള്ള പുൽത്തകിടികളും അവയെ രണ്ടായി വിഭജിക്കുന്ന നടപ്പാതകളും അമിഷ് ഗ്രാമത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു. സ്വന്തം നാടിന്റെ ഗൃഹാതുരത്വമുണർത്തുന്ന ചിന്തകളാണ് ഇവിടെ നമ്മിൽ പകരുന്നത്. വളർത്തുമൃഗങ്ങളായ പശു, ആട്, പന്നി എന്നിവ എല്ലാ വീടുകളിലും സുലഭം. ഇതിൽനിന്ന് ലഭിക്കുന്ന വരുമാനത്തിൽ സന്തുഷ്ടരാണ് ഇവിടെയുള്ള അന്തേവാസികൾ. സ്വന്തമായി വൈദ്യുതി ഉത്പാദിപ്പിച്ചാണ് ഗൃഹോപകരണങ്ങളായ വാഷിങ് മെഷീൻ, ഫ്രിഡ്ജ്, ഗ്രൈൻഡർ, ഫാൻ, മിക്സി, ഇസ്തിരിപെട്ടി തുടങ്ങിയവ പ്രവർത്തിപ്പിക്കുന്നത്.

(ശേഷം 34-ാം പേജിൽ)

## പ്രത്യേക അറിയിപ്പ്

### വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ ‘പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല’ എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

### ഫോട്ടോ അയക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ ’JPEG,’ ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

### എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപസമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.




## പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നൽകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പത്രാധിപർ

KERALA EXPRESS പ്രവാസി താളുകള്‍

# കൊറോണ എന്ന വില്ലന്‍

**വര്‍ഗീസ് എബ്രഹാം ഡെന്‍വര്‍**



കൊറോണ വൈറസ് എന്നല്ല ഏതൊരു വൈറസിനേപ്പറ്റിയും ആധികാരികമായി പറയാനുള്ള അറിവ് നേടിയെടുത്തിട്ടില്ല എന്നു വളരെ ബോധപൂര്‍വ്വം സമ്മതിക്കുന്നു. എങ്കിലും ഈ വിഷയത്തെപ്പറ്റി ഒരു ലേഖകന്റെ കാഴ്ചപ്പാടില്‍ രണ്ടുവരി കുറിക്കുകയാണിവിടെ.

വൈറസുകള്‍ ചില കാലാവസ്ഥയില്‍ പൊന്തിവരികയും ആ ഒരു സീസണ്‍ കഴിയുമ്പോള്‍ വന്ന വഴിയേ തിരികെ പോവുകയും ചെയ്യാറാണ് പതിവ്. കഴിഞ്ഞ ഏതാനും വര്‍ഷങ്ങള്‍ക്കുള്ളില്‍ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഓരോ തരം പുതിയ അസുഖങ്ങള്‍ നമ്മുടെ സമൂഹത്തിനെ ആകുലചിത്തരാക്കുന്നു. എഴുപതുകളുടെ തുടക്കത്തില്‍ അവതരിച്ച ഒരു രോഗമാണല്ലോ എയിഡ്സ് (AIDS- അക്വയാര്‍ഡ് ഇമ്മ്യൂണോ ഡിഫിഷ്യന്‍സി സിന്‍ഡ്രം) എന്ന ഒരു തരം രോഗം? ഹ്യൂമന്‍ ഇമ്മ്യൂണോ വൈറസ് (HIV) പ്രതിരോധശക്തി കുറഞ്ഞ മനുഷ്യനെ കീഴ്പ്പെടുത്തുന്ന ആ സമയങ്ങളില്‍ ശാസ്ത്രലോകത്തിനു വലിയ ഉല്‍കണ്ഠയായിരുന്നു ഈ വൈറസിനു മ്യൂട്ടേഷന്‍ (ജനിതകമാറ്റം) സംഭവിച്ചു തന്മൂലം air borne ആയാലുണ്ടാവുന്ന അവസ്ഥയേപ്പറ്റി- മറ്റൊരു രോഗാവസ്ഥ! എന്നാല്‍ ശാസ്ത്രലോകം ആശങ്കപ്പെട്ടതുപോലെ പിന്നീടു ഇതേപ്പറ്റി ഒന്നും കേട്ടതായി അറിവില്ല. കഴിഞ്ഞ കാലങ്ങളില്‍ പരിഷ്കൃത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളായ ആഫ്രിക്കയിലും ഉണ്ടായ മാരക രോഗങ്ങള്‍ നാം കാണുകയുണ്ടായി. യൂറോപ്യന്‍-യൂറേഷ്യന്‍ രാജ്യങ്ങളില്‍ ഇരുന്നൂറോളം മില്യന്‍ മനുഷ്യര്‍ വരെ ബ്ലാക്ക് പ്ലേഗിന്റെ നിമിത്തം മരിച്ചു വീണതു ചരിത്രം! എന്നാല്‍ വികസനത്തിന്റെ പാരമ്യത്തില്‍ എത്തിനില്‍ക്കുന്ന ഇന്നത്തെ ലോകത്തില്‍- കട്ടിംഗ് എഡ്ജ് ഓഫ് ടെക്നോളജിയുമായി ജീവിക്കുന്ന, ഇന്‍ഫര്‍മേഷന്‍ ടെക്നോളജിയുടെ സൂപ്പര്‍ ഹൈവേയില്‍ കൂടെ അതിവേഗം പരക്കം പായുന്ന, അനേക കോടി മൈലുകള്‍ക്കപ്പുറം സ്ഥിതി ചെയ്യുന്ന സൂര്യചന്ദ്രാദിതാരവ്യൂഹങ്ങളെ എത്തിപ്പിടിക്കാന്‍ വെമ്പല്‍കൊള്ളുന്ന മനുഷ്യന്റെ ഉറക്കം കെടുത്തുന്നതു, ഹൈഡെഫനിഷ്യന്‍ മൈക്രോസ്കോപ്പില്‍ കൂടെ മാത്രം കാണാവുന്ന ഒരു സൂക്ഷ്മാണുവാണെന്നുള്ളതു ഒരു വലിയ വിരോധാഭാസമാണ്. എതിനേറെ പറയുന്നു ഏതു വമ്പനേയും 'നിശബ്ദനാക്കാന്‍' കേവലം ഒരു കൊതുകു മാത്രം വിചാരിച്ചാല്‍ മതി.

ഇന്നു സകല ലോകരുടെയും ഉറക്കം കെടുത്തുന്ന ഒരു വൈറസാണ് കൊറോണാ വൈറസ് അല്ലെങ്കില്‍ 'COVID-19' എന്ന ലേബലില്‍ അറിയപ്പെടുന്ന ഒരു വില്ലന്‍.

ഈ വൈറസ് ചൈനയില്‍ നിന്നും ജന്മമെടുത്തു മരണം വിതച്ചുകൊണ്ടു ലോകത്തിന്റെ നാലു ഭാഗത്തേക്കും പരന്നു പറക്കുന്നു. ഇതിനുള്ള പ്രതിവിധി എന്ത് എന്നറിയാതെ മനുഷ്യന്‍ ഭയവിഹ്വലനായി ഓടുന്നു. ഇതു ചൈനയുടെ ലാബില്‍ നിന്നും 'രക്ഷപ്പെട്ടതാണെന്ന' ഒരു അപശ്രുതിയുമുണ്ട്. റഷ്യയുടെ 'മാനസാന്തരത്തിനു' ശേഷം അവരുടെ പരീക്ഷണശാലയില്‍ വികസിപ്പിച്ചെടുത്ത അമ്പതില്‍പ്പരം മാരകരോഗാണുക്കള്‍ എവിടെ പോയി എന്ന് ഇന്നും ഉത്തരം കിട്ടാത്ത ഒരു ചോദ്യമായി അവശേഷിക്കുന്നു.

കൊറോണ വൈറസിനെ നിര്‍ദ്ധാരണം ചെയ്തു ഒരു പ്രതിരോധ മരുന്നുണ്ടാക്കണമെങ്കില്‍ ഇനിയും ഒന്നര വര്‍ഷംകൂടെ കാത്തു നില്‍ക്കേണമെന്നാണ് ശാസ്ത്രലോകം പറയുന്നത്. ഈ രോഗം കൂടുതലും ഇമ്മ്യൂണോകോമ്പ്രമൈസ്ഡ് ആയുള്ള അല്ലെങ്കില്‍ വയോധികരിലായിരിക്കും പിടിമുറുക്കുന്നത് എന്നാണല്ലോ കേള്‍ക്കുന്നത്? ഒരു വര്‍ഷം മുപ്പതിനായിരം മുതല്‍ അറുപതിനായിരം പേര്‍ വരെ ഫ്ളൂവിന്റെ കാരണത്താല്‍ മരണമടയപ്പെടുന്നു എന്നു റിപ്പോര്‍ട്ടുകള്‍ പറയുന്നു. എന്നാല്‍ ഈ കാലയളവിലൊന്നും ഈ വൈറസുകളുടെ 'കസിന്‍' ആയ കൊറോണാ വൈറസിനു കിട്ടിയ പോലത്തെ ശ്രദ്ധ (hype) മറ്റു വൈറസുകള്‍ക്ക് അടുത്തകാലത്തെങ്ങും കിട്ടിയിട്ടില്ല. കാരണം ഇതിന്റെ ത്വരിതഗതിയിലുള്ള വ്യാപനവും അതിനോടനുബന്ധിച്ചുള്ള മരണനിരക്കുമാണ്.

ഇപ്പോള്‍ ചൈനയുടെ ഗവേഷണശാലയില്‍ നിന്നും വന്ന റിപ്പോര്‍ട്ടനുസരിച്ച് ഈ വൈറസിനു ചുരുങ്ങിയ കാലയളവില്‍ തന്നെ മ്യൂട്ടേഷന്‍ സംഭവിച്ചിരിക്കുന്നു എന്നാണ്- ഏതാണ്ട് എഴുപതു ശതമാനം വൈറസ് വൈറുലന്റും, ബാക്കി മുപ്പതു ശതമാനം ശക്തി കുറഞ്ഞതുമായ രണ്ടുതരം സ്ട്രെയിന്‍സ്!

ഇന്നത്തെ മനുഷ്യന്‍ വളരെയധികം ഇമ്മ്യൂണിറ്റി കുറഞ്ഞവനാണെന്നു മൗനമായിട്ടെങ്കിലും സമ്മതിക്കേണ്ടതായി വരുന്നു. കമ്പ്യൂട്ടര്‍ യുഗത്തില്‍ ജീവിക്കുന്ന- കമ്പ്യൂട്ടറിനെ അത്യധികമായി ആശ്രയിക്കുന്ന അഡിക്റ്റായ മനുഷ്യന്‍ അല്ലെങ്കില്‍ അടിമയായ മനുഷ്യന്‍ ഒരു 'സെഡന്ററി ലൈഫ്'-ല്‍ ആണു ഇന്നു അഭിരമിക്കുന്നത്. എല്ലുമുറിയെ പണിയെടുത്തു അന്നന്നത്തെ ആഹാരം സംഭരിച്ചു അതുകൊണ്ടു ജീവിച്ച മനുഷ്യന്‍, നൂറും നൂറ്റിയിരുപതും വര്‍ഷം ജീവിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഒരു കാലത്ത് ഒരു മോട്ടോര്‍ വാഹനമോടിക്കണമെങ്കില്‍ രണ്ടു കയ്യും, രണ്ടുകാലും ഉപയോഗിക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇന്നോ, കാറില്‍ ഇരുന്നു കൊടുത്താല്‍ മാത്രം മതി, ജി.പി.എസ്. എന്ന സംവിധാനത്തില്‍ എത്ര ദൂരം വേണമെങ്കിലും യാത്ര ചെയ്യാം- തിരിയ്ക്കേണ്ട, വളയ്ക്കേണ്ട, ചവുട്ടേണ്ട... പണ്ടുകാലത്തു കാര്‍ ഡ്രൈവേയില്‍ പാര്‍ക്കു ചെയ്ത ശേഷം ഗരാജ് ഡോര്‍ ചാവിയിട്ടു തുറന്നു കൈകൊണ്ടുയര്‍ത്തി വേണമായിരുന്നു തുറക്കാന്‍- അല്പം കായികായാസം! ഇന്നു അരബ്ലോക്ക് അകലെ വച്ചേ റിമോട്ട് കണ്‍ട്രോള്‍ എന്ന ഗാഡ്ജറ്റുകൊണ്ടു ഒറ്റ വിരലിന്റെ സഹായത്തില്‍ തുറക്കാമെന്ന സ്ഥിതിയിലായി. പണ്ടു ജോലി കഴിഞ്ഞു വന്നു ആഹാരം പാകം ചെയ്തു കഴിച്ചതിനു പകരം, ഇന്നു ഫ്രീസര്‍ വലിച്ചു തുറന്നു രാസപദാര്‍ത്ഥങ്ങള്‍ ചേര്‍ത്തുണ്ടാക്കിയ, നാം ഓമനപ്പേരില്‍ വിളിക്കുന്ന റ്റീവീ ഡിന്നര്‍ മൈക്രോവേവ് അവനില്‍ വച്ചു സെക്കന്റുകള്‍ക്കകം പാകം ചെയ്തു, 'റിക്ലൈനര്‍' എന്ന 'കേളീശയന'ത്തില്‍ ഇരുന്നു, പണ്ടു കാലത്തു എണീറ്റു ചെന്നു കൈ കൊണ്ടു മാനുവലായി ഓണാക്കിയ റ്റീവിയുടെ സ്ഥാനത്തു ഇന്നു റിമോട്ടു എന്ന കുന്ത്രാണ്ടം കൊണ്ടു ഓണ്‍ ചെയ്യുന്നു. റ്റീവിയില്‍ കൂടെ വരുന്നതോ നാട്ടിലെ ചവറ്റു കൊട്ട സംസ്കാരങ്ങളുള്ള, ഇന്നു നാട്ടില്‍ നടക്കുന്ന ഒരിക്കലും വിശ്വസിക്കാന്‍ മേലാത്ത, അധമമായ, മനുഷ്യന്റെ ബോധചൈതന്യത്തെ കീഴ്പ്പോട്ടടിക്കുന്ന കഥകള്‍!

വ്യായാമം ഇല്ലാത്ത ഒരു ന്യൂജെന്‍ സമൂഹം! മുപ്പതു കഴിഞ്ഞ ചെറുപ്പക്കാര്‍ വരെ പ്രമേഹ-ഹൃദ്രോഗ രോഗികളായി മാറി. ഇവരെയെല്ലാം 'സഹായിയ്ക്കാന്‍' ഫാര്‍മസ്യൂട്ടിക്കല്‍ കമ്പനികള്‍ ഉറക്കമിളച്ചിരുന്നു ഗവേഷണം നടത്തുകയാണ്. ഫാര്‍മസ്യൂട്ടിക്കല്‍ പശ്ചാത്തലത്തില്‍ കഴിഞ്ഞ ഏതാനും വര്‍ഷങ്ങള്‍ ചെലവഴിച്ച ഈ ലേഖകനു എല്ലാം തുറന്നെഴുതാന്‍ ഇന്നു എന്റെ ഈ തൂലിക അനുവദിക്കുന്നില്ല. ഒരിക്കല്‍ ഒരു 'മെഡിക്കല്‍ ഓപ്പീനിയര്‍ ലീഡറു' മായി സംസാരിച്ചപ്പോള്‍ അദ്ദേഹം പറഞ്ഞതു പല കമ്പിനികള്‍ക്കും ഇന്നു പുതിയ ജനറേഷന്‍ ആന്റിബയോട്ടിക്സ് പുതുതായി നിര്‍മ്മിക്കാന്‍ താല്‍പര്യമില്ല എന്നാണ്. കാരണം ഒരു ആന്റിബയോട്ടിക്കിന്റെ ഉപയോഗം കേവലം രണ്ടാഴ്ചത്തേക്കു മതി. ആ സമയത്തു പ്രമേഹ-ഹൃദ്രോഗമരുന്നുകള്‍ക്കു ഗവേഷണം നടത്തി നൂതന മരുന്നുകള്‍ ഉണ്ടാക്കിയാല്‍ ഒരു രോഗി മരിക്കും വരെ അനേകവര്‍ഷങ്ങള്‍ ഉപയോഗിച്ചുകൊണ്ടേയിരിക്കും. കൂടുതല്‍ പണം വാരാം. ആ സമയങ്ങളിലെല്ലാം അമിതമായ ആന്റിബയോട്ടിക് ഉപയോഗം മൂലം ബാക്ടീരിയാകള്‍ റെസിസ്റ്റന്റാവുകയാണിവിടെ. പല വികസ്വര, വികസിത രാജ്യങ്ങളിലും ചില ആന്റിബയോട്ടിക്കുകള്‍ ഓവര്‍ ദ കൗണ്ടറില്‍ പ്രസ്ക്രൃപ്ഷ്യന്‍ ഇല്ലാതെ സുലഭമായി കിട്ടുമെന്നതിനാല്‍ അമിത ഉപയോഗം വര്‍ദ്ധിച്ചു. ബാക്ടീരിയാകള്‍ സ്മാര്‍ട്ടായി മരുന്നിനു പ്രതിരോധം തീര്‍ത്തു അതിജീവിക്കാന്‍ പഠിച്ചു. നമ്മുടെ ഡാര്‍വിന്‍ ഇതിനെ 'നാചറല്‍ സിലക്ഷന്‍' എന്നോ മറ്റോ വിളിക്കുന്നു.

കഴിഞ്ഞ കാലാനുഭവത്തിന്റെ വെളിച്ചത്തില്‍ മേലില്‍ ഏതൊക്കെയോ പുതിയ രോഗാണുക്കള്‍ പൊന്തിവരാമെന്ന സന്ദേഹം തള്ളിക്കളയാനാവില്ല. ഇന്നിതാ COVID-19!

എല്ലാ വര്‍ഷവും അടുത്ത ഫ്ളൂ സീസണിലേക്കുള്ള വാക്സീന്‍ ഉണ്ടാക്കുമ്പോള്‍ അടുത്ത വര്‍ഷം പൊട്ടിപ്പുറപ്പെടാന്‍ സാദ്ധ്യതയുള്ള ചില വൈറസുകളെ കണക്കിലെടുത്താണു ശാസ്ത്രലോകം അവരുടെ ലാബില്‍ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്നാണു പഠന റിപ്പോര്‍ട്ടുകളില്‍ നിന്നും മനസ്സിലാക്കിയിട്ടുള്ളത്. അപ്പോള്‍ അടുത്തവര്‍ഷം ഇവരുടെ കണക്കുകൂട്ടലുകളെ വിസ്മയിപ്പിച്ചുകൊണ്ടു മറ്റേതെങ്കിലും വൈറസാണു പൊട്ടിമുളയ്ക്കുന്നതെങ്കില്‍ മേല്‍പറഞ്ഞ ഫ്ളൂ ഷോട്ടു കൊണ്ടു എന്തു പ്രയോജനം?

ഇന്നത്തെ ഈ സാഹചര്യം കണക്കിലെടുത്താല്‍ ഭാവിയില്‍ ഒരു സാധാരണ പനി വന്നാലും മനുഷ്യന്‍ ഒന്നു ഭയക്കും! ഈ തലത്തിലേക്കു നാം എത്തിച്ചേര്‍ന്നിരിക്കുന്നു. ഇന്നു മനുഷ്യന്‍ എടുക്കുന്ന പല മരുന്നുകളും ആവശ്യമുള്ളതല്ല. നല്ലൊരു ശതമാനം മെഡിക്കല്‍ റെജിമെന്‍സും, സര്‍ജറിയും സംശയത്തിന്റെ നിഴലിലാണ് എന്നു പറയുമ്പോഴും നമ്മുടെ മെഡിക്കല്‍ സമൂഹം കൈവരിച്ചിരിക്കുന്ന അറിവും, നേട്ടവും പറഞ്ഞറിയിക്കാവുന്നതിലപ്പുറമാണ്.



ലേഖകന്‍

ഇന്നത്തെ നിര്‍ണ്ണായ നിമിഷത്തില്‍- ഈ അഭിനവ വൈറസിന്റെ ആക്രമണം ലോകത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മാത്രമല്ല ആവാസവ്യവസ്ഥയേയും എത്രയധികം ബാധിക്കുമെന്നതു കണ്ടറിയേണ്ട സംഗതിയാണ്.

ഇന്നത്തെ ആവശ്യമുള്ളിടത്തും, ഇല്ലാത്തിടത്തും അനധികൃതമായി ഉപയോഗിക്കുന്ന മരുന്നുകള്‍- പ്രത്യേകിച്ചു ആന്റിബയോട്ടിക്ക്സും മറ്റു ചില മരുന്നുകളും മനുഷ്യന്റെ ഡൈജസ്റ്റീവ് സിസ്റ്റത്തിലെ നല്ല ബാക്ടീരിയകളുടെ ആവാസ വ്യവസ്ഥയെ തകിടം മറിക്കുന്നു എന്നുള്ള സത്യവും വിസ്മരിച്ചുകൂടാ. തന്മൂലം അപകടകാരികളായ ബാക്ടീരിയകള്‍ മനുഷ്യശരീരത്തെ കീഴടക്കുകയും, ശരീരഭാരം കൂടുക, ഹൃദ്രോഗം, പ്രമേഹം എന്നിങ്ങനെയുള്ള-പണ്ടു നമ്മള്‍ പറഞ്ഞിരുന്ന 'പണക്കാരന്റെ രോഗം' പണക്കാരന്‍, ദരിദ്രന്‍ എന്ന ഭേദമെന്യേ പിടിമുറുക്കുകയും ചെയ്യുന്നു. ഇന്നത്തെ റിപ്പോര്‍ട്ടില്‍ പറയുന്നു ചില സൈക്യാട്രിക് അസുഖങ്ങള്‍ വരെ നമ്മുടെ ബയോമില്‍ വരുത്തുന്ന തകിടം മറിച്ചിലിന്റെ അനന്തര ദൂഷ്യപാര്‍ശ്വഫലമാകാമെന്നാണ്. ഇന്ന് അനേകം പ്രൈമറികെയര്‍ ഡോക്ടര്‍മാരും, സ്പെഷ്യലിസ്റ്റും, ആന്റിബയോട്ടിക് സ്ക്രിപ്റ്റിന്റെ കൂടെ 'പ്രോബയോട്ടിക് മെഡിസിന്‍' കൂടെ ശുപാര്‍ശ ചെയ്യുന്നുണ്ട്.

ഒരു പനിയ്ക്കോ, ഫ്ളൂവിനോ ഉള്ള മരുന്നല്ലല്ലോ ആന്റിബയോട്ടിക്സ്? ജലദോഷമോ, പനിയുമായോ ചെല്ലുന്ന രോഗിക്ക് ഒരു ഫ്രീസാമ്പിള്‍ മരുന്നു കിട്ടിയില്ലെങ്കില്‍ (ശേഷം 34-ാം പേജില്‍)

# തേജോവധം ചെയ്യുന്നത് അവസാനിപ്പിക്കണം: സൗത്തിന്ത്യന്‍ യുഎസ് ചേംബര്‍ ഓഫ് കൊമേഴ്സ്

ഹൂസ്റ്റണ്‍: കൊറോണ ബാധിച്ച് പത്തനംതിട്ട താലൂക്ക് ആശുപത്രിയില്‍ കഴിയുന്ന ഇറ്റലിയില്‍ നിന്നുള്ള മൂന്നംഗ പ്രവാസി കുടുംബത്തെ തേജോവധം ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന് സൗത്ത് ഇന്ത്യന്‍ യുഎസ് ചേംബര്‍ ഓഫ് കൊമേഴ്സ് ആവശ്യപ്പെട്ടു. അധികാരികളുടെ ഉത്തരവാദിത്വമില്ലായ്മയ്ക്ക് ബലിയാടായ ഈ കുടുംബത്തെ താങ്ങാന്‍ ഒരു പ്രവാസി സംഘടനയും രംഗത്തുവരാത്തതിനെയും ചേംബര്‍ ശക്തമായി അപലപിച്ചു.

കൊറോണ ബാധിച്ച നിരവധി പ്രവാസികള്‍ ഇപ്പോഴും ഇറ്റലിയടക്കം വിവിധ രാജ്യങ്ങളില്‍ കുടുങ്ങിക്കിടപ്പുണ്ട്. ഇവരുടെ തിരിച്ചുവരവിന് മാര്‍ഗ്ഗമുണ്ടാക്കാതെ നാട്ടിലെത്തിയ പ്രവാസികളെ രോഗവാഹകരാണെന്ന നിലയില്‍ കാണുകയും അവരുടെ മാനസികനില തകര്‍ക്കുകയും ചെയ്യുന്നവര്‍ ഒന്നോര്‍ക്കണം. കേരളത്തിന്റെ വരുമാനത്തിന്റെ പ്രധാനവിഹിതമെന്നത് പ്രവാസികളുടെ കഷ്ടപ്പാടിന്റെ ഫലമാണ്. അവര്‍ക്കൊരു പ്രശ്നം വരുമ്പോള്‍ കൂടെ നില്‍ക്കേണ്ടതിനു പകരം അവരെ മാനസികമായി തച്ചുതകര്‍ക്കുന്ന വിധത്തില്‍ പെരുമാറുന്ന മാനസികസ്ഥിതി മാറേണ്ടിയിരിക്കുന്നു. പ്രളയം വന്നപ്പോഴും കേരളത്തിന്റെ പുനര്‍നിര്‍മ്മാണത്തിനും പണം ആവശ്യപ്പെട്ടു രാഷ്ട്രീയ അധികൃതര്‍ പ്രവാസികളുടെ മുന്നില്‍ കൈനീട്ടിയത് ഇത്രവേഗം മറന്നുപോകരുത്.

കിഫ്ബി, കെഎസ്.എഫ്ഇ തുടങ്ങിയ സര്‍ക്കാര്‍ ഫണ്ടുകള്‍ക്കു വേണ്ടിയും പ്രവാസികളെ കൂട പിടിച്ചവരാണ് ഇന്ന് മര്യാദയുടെ സര്‍വ്വസീമകളും ലംഘിച്ച് ഇറ്റലിയില്‍ നിന്നെത്തിയ കുടുംബത്തെ കൊല്ലാതെ കൊല്ലുന്നത്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതിക്ക് എന്നും പ്രവാസികള്‍ നല്‍കിയ പിന്തുണ വളരെ വലുതായിരുന്നു. അധികൃതരും രാഷ്ട്രീയപൊതുപ്രവര്‍ത്തകരും നിരവധി തവണ പ്രവാസികളുടെ ആതിഥേയത്വം സ്വീകരിച്ചവരാണ്. ഇപ്പോഴും അവരുടെ സത്കാരത്തിനു വരിനില്‍ക്കുന്നവരാണ്. ഇവരൊന്നുംതന്നെ ഇത്തരമൊരു ദയനീയ സാഹചര്യത്തില്‍ ഇവരുടെ സഹായത്തിനെത്തിയില്ലെന്നതും പ്രതിഷേധാര്‍ഹമാണ്.

എല്ലാവര്‍ക്കും പ്രവാസിയുടെ പോക്കറ്റിലെ പണം വേണം, അവന്റെ പ്രതാപവും നിലയും വിലയും ആവോളം ആസ്വദിക്കണം. എന്നാല്‍, ഒരു പ്രശ്നം വരുമ്പോള്‍ ഇങ്ങനെ ചക്കിച്ചണ്ടി പോലെ വലിച്ചെറിയുന്ന നടപടി തെല്ലും നീതീകരിക്കാനാവാത്തതാണ്.

തെറ്റുകള്‍ ആര്‍ക്കും പറ്റും, ക്ഷമിക്കുക എന്നത് ദൈവികമാണ്. അല്ലാതെ അതിന്റെ പേരില്‍ കൈയും കാലും വെട്ടി തുണ്ടമാക്കി നായ്ക്കള്‍ക്ക് തീറ്റയായി നല്‍കുമെന്ന് സാമൂഹിക മാധ്യമത്തിലൂടെയൊക്കെ ആക്രോശിക്കുന്നത് മൃഗീയമാണ്.


പ്രവാസികളുടെമേലുള്ള ഈ കുതിരക്കയറ്റത്തിനെതിരെ നിശബ്ദമായി പോലും പ്രതികരിക്കാത്ത നിരവധി മേലാള മലയാളി സംഘടനകളുണ്ടെങ്കിലും യുഎസ് ചേംബര്‍ ഓഫ് കൊമേഴ്സിന് ഇത്തരം നീതികേട് കണ്ടില്ലെന്നു നടിക്കാനാവില്ല. ഇത്തരം പേക്കൂത്തുകള്‍ക്കും ധാര്‍മ്മിക നെറികേടുകള്‍ക്കുമെതിരെ ശക്തമായി പ്രതികരിക്കുന്നുവെന്നു മാത്രമല്ല, പ്രവാസികളെ വെറും തൃണമായി അവഗണിക്കുന്ന കേരളത്തിലെ രാഷ്ട്രീയ കോമരങ്ങളായ അധികാരവര്‍ഗ്ഗങ്ങളെ താക്കീതു ചെയ്യുന്നു. ഈ പകല്‍ ഇന്നടങ്ങും. നാളെയും സൂര്യന്‍ ഉദിക്കും.

അപ്പോള്‍ ദുരിതാശ്വാസത്തിന്റെയും കാരുണ്യപ്രവര്‍ത്തനത്തിന്റെയും അപ്പോസ്തലന്മാരായി കണക്കാക്കുന്ന പ്രവാസികളുടെ പോക്കറ്റ് പിഴിയാന്‍ ഇനിയൊരു അഭ്യര്‍ത്ഥനയോ തിണ്ണകയറ്റമോ വെച്ചുപൊറുപ്പിക്കില്ലെന്നും ശക്തമായ ഭാഷയില്‍ തന്നെ ഓര്‍മ്മിപ്പിക്കുന്നുവെന്ന് പ്രസിഡന്റ് ജോര്‍ജ് കോളച്ചേരില്‍, സെക്രട്ടറി ഡോ. ജോര്‍ജ് എം. കാക്കനാട്ട്, ട്രഷറര്‍ ഫിലിപ്പ് കൊച്ചുമ്മന്‍, എക്സിക്യൂട്ടീവ് ഡയറക്ടര്‍ സണ്ണി കാരിക്കല്‍ എന്നിവര്‍ ചേംബര്‍ എക്സിക്യൂട്ടീവ് ബോര്‍ഡിനു വേണ്ടി സംയുക്ത പ്രസ്താവനയില്‍ പറഞ്ഞു.


LOWEST FARE & HASSLE FREE SERVICES
Holy Land 12 Days
on November 25- December 07, 2020
From Dallas/Houston New York/Atlanta Florida/Boston
South Africa
on August 04-17, 2020
New York/Houston Philadelphia Florida/Dallas
EXCEL WORLD TOURS
Our Travel Partners
EXCEL HOLY LAND & HOLIDAYS
Kerala, India
BG travel and tourism LLC.
Dubai, UAE
+1 267 549 4733
Info@excelworldtours.com
Excel World Tours LLC
16112 Gladewater Ter., Prosper, TX 75078 USA
+ 1 215 322 3161
ALL INTERNATIONAL FLIGHTS SERVICES


SHIJU ABRAHAM FINANCIAL SERVICES
www.ShijuFinancial.com
Off : 972-455-4371
sabraham@financialguide.com
Achieve Your Goals
Saving & Investment Strategies
Life Insurance & Annuities
College Saving Strategies
Disability & Long Term Care Insurance
Tax Reduction Strategies
IRA, Roth IRA & SEP IRA
Retirement Plans & Mutual Funds
401(k) Set Up & Rollovers
13455 Noel Rd, 20th Floor, Dallas, TX 75240
Securities offered through qualified registered representatives of MML Investors Services, LLC. Member www.sipc.org.
Shiju Abraham Financial Services is not a subsidiary or affiliate of MML Investors Services, LLC. or its affiliated companies
CRN202110-255789


yoga FOR ALL
STRETCH RELAX FIND THE INHERENT POWER
Begin your journey to a better life with Yoga
Yog is an ancient art, based on a harmonizing system of development for the body, mind, and spirit. The continued practice of yoga will lead you to a sense of peace and well-being, and also a feeling of being at one with their environment. The practice of yoga makes the body strong and flexible; it also improves the functioning of the respiratory, circulatory, digestive, and hormonal systems. Yoga brings about emotional stability and clarity of mind.
Would you like to improve your immune system? Perhaps reduce some weight, increase your level of fitness, and improve your mental and physical wellbeing? Then yoga can be an excellent practice to bring about positive change in your Life.
Days : Saturdays only
Customized packages are available based on
Duration: 1 month / 4 lessons; 3 months / 12 Lessons; 5 months / 20 days
Age groups & types: Adults & Older; Kids age 5 - 9 yrs.; Kids age 10 - 16 yrs.
Intensity: Beginners; Moderate / Advanced; Family yoga
Workshops: Kids winter yoga, Summer camp
Location 1
834 E Rand Rd #13 (CMA Hall) Mt Prospect IL 60056
07.30 am - 08.30 am
09.00 am - 10.00 am
Location 2
1800 E Oakton St (KCS Community Center) Des Plaines IL 60018
10.30 am - 11.30 am
11.30 am - 12.30pm
Contact : +1-224 595 4257
drjinoybnys@gmail.com
yoga ALLIANCE
You get knowledge about yoga principles, types of yoga & its Philosophy and methods of practice from our sessions.We offer personalized sessions and yoga workshops for corporates upon booking


kovattutravels
kovattutravels@gmail.com
9544747146
9446209047
Office: 9744189382
Kovattu
Tours & Travels
KL 42 L 2126
Tourist taxis - All Models and Sizes
For Booking In USA : 2679720705

KERALA EXPRESS പ്രവാസി താളുകൾ

# ചിക്കാഗോ എക്യുമെനിക്കൽ സമൂഹം ലോകപ്രാർത്ഥനാദിനം ആചരിച്ചു

ബെഞ്ചമിൻ തോമസ്

ചിക്കാഗോ: ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ലോകപ്രാർത്ഥനാദിനം മാർച്ച് 7ന് ശനിയാഴ്ച രാവിലെ സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടത്തപ്പെട്ടു.



പ്രാർത്ഥനകൾക്കു മുമ്പായി എക്യുമെനിക്കൽ കൗൺസിൽ അംഗങ്ങളും വൈദികരും പ്രദക്ഷിണമായി ദേവാലയത്തിലേക്ക് പ്രവേശിച്ചു. തുടർന്ന് ചിക്കാഗോയിലെ നാല് ഓർത്തഡോക്സ് സമൂഹത്തിൽ നിന്നുള്ള ക്വയർ പ്രാർത്ഥനാഗാനം ആലപിച്ചു. വെരി റവ. സഖറിയാ തേലാപ്പിള്ളിൽ കോർ എപ്പിസ്കോപ്പ പ്രാരംഭപ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. സുജാത ഏബ്രഹാമിന്റെ വേദപുസ്തക വായനയ്ക്കുശേഷം കൗൺസിൽ സെക്രട്ടറി ആന്റോ കവലയ്ക്കൽ ഏവരെയും പ്രാർത്ഥനാസമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു. കൗൺസിൽ പ്രസിഡണ്ട് ഫാ. ഹാം ജോസഫിന്റെ അദ്ധ്യക്ഷപ്രസംഗത്തെത്തുടർന്ന് പ്രോഗ്രാം ജനറൽ കൺവീനർ സൂസമ്മ തോമസ് തുടർന്നുള്ള പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി.

എക്യുമെനിക്കൽ കൗൺസിൽ വൈസ് പ്രസിഡണ്ടും പ്രോഗ്രാം ചെയർമാനുമായ റവ.ഡോ. ബാനു സാമുവേൽ ചിന്താവിഷയമായ എഴുന്നേറ്റ് കിടക്കയുമെടുത്ത് നടക്കുക എന്ന വേദഭാഗത്തെ അധികരിച്ച് പ്രഭാഷണം നടത്തി. ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് ഭദ്രാസനത്തിന്റെ വനിതാ സമാജം സെക്രട്ടറി ശ്രീമതി രൂപാ ജോൺ മുഖ്യസന്ദേശം നല്കി. കേന്ദ്രീകൃത രാജ്യമായ സിംബാബ്‌വേയിലെ ജനങ്ങൾ പ്രത്യേകിച്ചും സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന കഷ്ടപ്പാടുകൾക്കും പ്രയാസങ്ങൾക്കും പരിഹാരത്തിനായി പ്രാർത്ഥനയുടെ പരിത്യാഗപ്രവൃത്തികളുടെ ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാക്കി. ദുരിതമനുഭവിക്കുന്ന ആ രാജ്യത്തിന് സംഭാവന നല്കുന്നതിന് പ്രത്യേക സ്തോത്രകാഴ്ചകൾ എടുക്കുകയും റവ.ഫാ. രാജു ദാനിയേൽ അതിന്മേൽ പ്രാർത്ഥിക്കുകയും ചെയ്തു.

സിംബാബ്‌വേ രാജ്യത്തിന്റെ ചരിത്രം, സംസ്കാരം, ഭൂപ്രകൃതി, ജീവിതരീതി എന്നിവ പവർപോയിന്റിൽ മാത്യു ലാൽ സാമുവേൽ വിവരിച്ചു. മദ്ധ്യസ്ഥ പ്രാർത്ഥനകൾക്ക് ഫാ. ബിജുമോൻ ജേക്കബ്, ഫാ. എബി ഫിലിപ്പ് എന്നിവരും അനുതാപ പ്രാർത്ഥനകൾക്ക് വനിതാ ഫോറവും നേതൃത്വം നല്കി.

എഴുന്നേറ്റ് കിടക്ക എടുത്തു നടക്കുക എന്ന വചനഭാഗത്തെ ആസ്പദമാക്കി സെ. തോമസ് ഓർത്തഡോക്സ് സഭയിലെ സ്ത്രീകളും യുവജനങ്ങളും അവതരിപ്പിച്ച നാടകം ഏവരുടെയും പ്രശംസ ഏറ്റുവാങ്ങി. പ്രാർത്ഥനാസമ്മേളനത്തിൽ സംബന്ധിച്ച ഏവർക്കും കൗൺസിൽ ജോ. സെക്രട്ടറി ഏലിയാമ്മ പുന്നൂസ് നന്ദി രേഖപ്പെടുത്തി. ഫാ. ഡാനിയേൽ ജോർജ് സമാപനപ്രാർത്ഥനയും ആശീർവാദവും നടത്തി. സ്നേഹവിരുന്നോടെ പ്രാർത്ഥനാസമ്മേളനം സമാപിച്ചു.

# ENTRUST MR. KEVIN OLICKAL

Fellow Chicago Malayalees,

It is certainly a delight to see the overwhelming support Mr. Kevin Olickal is getting from the Chicago Malayalee community in his quest for a political office as IL State Representative from the 16th District. Most of the social, cultural, professional and community organizations have come out in support of his candidacy and are actively involved in his campaign. In fact, the community has wholeheartedly embraced his campaign and are eager to have a representative of our own in the Illinois Legislative Assembly.



Candidate Kevin is tirelessly working to make history in his maiden attempt for a political office. He has a good understanding about the challenges ahead and expectations of the community. He is humble, friendly and treats everyone with utmost respect. Public office for him may be just perpetuation of a family heritage of public services. Win or lose, Kevin's candidacy has created a great deal of interest among our children here towards American Politics which will certainly pave way for many of them to seek political offices at the village, city, county, state and even federal level sooner or later.

We only have one more week left before the Primary Elections. A win in the Primary will almost guarantee a victory for Kevin in the general elections in November. If that happens, he will be making history and we all can legitimately be proud as part of that history.

There are several reasons for us to do everything in our command to ensure his victory. Proximity and the ease to share our individual and collective political and social concerns with an elected official is primary among them. In fact, he has firsthand knowledge about our political, social, cultural economic and security concerns and expectations.

First, second and even some third generation Indian immigrants have retired or are on the verge of retirement. Most of them depends on Social Security and Medicare for their survival. The decisions our political leaders make at the State and Federal level will have a direct bearing on our lives and that of our children and grandchildren.

Providing the best higher education for our children is a priority for most Indian parents and we should be feel very proud of our children's academic achievements. However, college education is becoming prohibitively expensive for most middle and low income Americans. Policies adopted by the federal and state governments regarding educational scholarships, financial aid and low interest student loans makes a big difference in meeting the academic expectations of our children. Kevin could be our voice at the Illinois Legislature when the state's educational policies are being deliberated and adopted.

The ever increasing crime in American cities is becoming a big concern for all, more so for communities like ours. We are a community of law abiding and peace loving people. We cause no problems or inconveniences in our neighborhoods, or for that matter in the nation as a whole. Though unfortunately we have several bitter experiences of being the victims of violence in America. Justice was deliberately denied in most such incidents. Many of us have fears that money, power and political influence play a role even in American justice system. We need someone to echo our concerns and fears with the authorities for a fair and equitable justice system.

Steep increases in property taxes is a big concern for most of us, especially our senior citizens. Kevin seems to be well aware of those concerns and we can legitimately hope that he will work to make our tax system fair.

Health care is a big concern for most low income Americans as well. We know the plight of many in our community including family members who lack health care coverage. Illinois is a better place now for most of them. We need a representative who will keep it that way. Kevin can be trusted in this regard.

There are several other reasons for us to have a politician who is well aware of the concerns, expectations and aspirations of the community. Only one who has witnessed it from our midst can guess the magnitude of it. Let us entrust Kevin with this challenging task while we work and pray for his success.

Respectfully,

**Jose Kalliduckil**

Chicago

# ട്രംപും അയർലൻഡ് പ്രധാനമന്ത്രിയും കൈകൂപ്പി സ്വാഗതം പറഞ്ഞു

മൊയ്തീൻ പുത്തൻചിറ

വാഷിങ്ടൺ: കൊറോണ വൈറസ് അണുബാധയെക്കുറിച്ചുള്ള ഭയംമൂലം ലോകമെമ്പാടുമുള്ള നേതാക്കളും പരമ്പരാഗത ഷെയ്ക്ക് ഹാൻഡ് അഥവാ ഹസ്തദാനം ഒഴിവാക്കി ഇന്ത്യൻ സംസ്കാരത്തിൽ അഭിവാദ്യം ചെയ്യുന്നത് പതിവാക്കി.

ഷെയ്ക്ക്ഹാൻഡിനു പകരം അതിഥികളെയും സുഹൃത്തുക്കളെയും സ്വാഗതം ചെയ്യാൻ ഹലോ ചെയ്യുന്നവരിൽ സാധാരണക്കാരുമുണ്ട്. നിരവധി രാഷ്ട്രത്തലവന്മാരും ഇതിൽ ഉൾപ്പെടുന്നു. കൈ കൂപ്പി നമസ്തേ പറയുന്ന ഇന്ത്യൻ രീതി അനുവർത്തിക്കുന്നതിന്റെ തെളിവാണ് യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ അതിഥിയായി എത്തിയ അയർലൻഡ് പ്രധാനമന്ത്രി ലിയോ വരദ്കറെ വൈറ്റ് ഹൗസിൽ സ്വാഗതം ചെയ്ത രീതി.



കൊറോണ വൈറസിന്റെ അപകടം കണക്കിലെടുത്ത് ഇത് ആവശ്യമാണെന്ന് വാഷിങ്ടൺ മാധ്യമങ്ങൾക്കു മുന്നിൽ ട്രംപ് പറഞ്ഞു. തന്റെ അതിഥിയെ സ്വാഗതം ചെയ്യുന്നതെങ്ങനെയെന്ന് ഓവൽ ഓഫീസിലെ റിപ്പോർട്ടർമാർ ട്രംപിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഇന്ന് ഞങ്ങൾ കൈ കുലുക്കിയില്ല, പകരം കൈ കൂപ്പി സ്വാഗതം ചെയ്തു.

കൈ കുലുക്കിയില്ലേ എന്ന ഒരു മാധ്യമപ്രവർത്തകന്റെ ചോദ്യത്തിന് ഇന്ത്യൻ വംശജനായ അയർലൻഡ് പ്രധാനമന്ത്രി ലിയൊ വരദ്കർ കൈകൾ കൂപ്പി ട്രംപിനെ എങ്ങനെ അഭിവാദ്യം ചെയ്തുവെന്ന് കാണിച്ചുകൊടുത്തു. ട്രംപ് തിരിച്ചും അതുപോലെ അഭിവാദ്യം ചെയ്തുവെന്ന് അദ്ദേഹം പറഞ്ഞു.

'ഞാൻ ഇന്ത്യയിൽ ചെന്നപ്പോൾ അവിടെയുള്ള ആരുമായും ഞാൻ കൈ കുലുക്കിയിട്ടില്ല. അവർ കൈകൾ കൂപ്പി എന്നെ അഭിവാദ്യം ചെയ്തതിനാൽ എനിക്കും വളരെ എളുപ്പമായി' -ട്രംപ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ജാപ്പനീസ് കുമ്പിടുന്ന രീതിയും (കുനിയുന്നു) ട്രംപ് കാണിച്ചു. ആളുകളെ ഇങ്ങനെയാണ് സ്വാഗതം ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. എന്നിരുന്നാലും തല കുനിച്ച് ഹലോ പറയുന്നതിൽ അല്പം വിചിത്രമായ അനുഭവമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

അതിനിടെ, കൊറോണ പോസ്റ്റീവ് കണ്ടെത്തിയ ബ്രസീലിയൻ ഉദ്യോഗസ്ഥൻ ട്രംപുമായി അടുത്തിടപഴകിയതായി ബ്രസീലിയൻ സർക്കാർ ഉദ്യോഗസ്ഥർ പറഞ്ഞു.

ഫാബിയോ വജംഗാർട്ടൻ എന്നയാൾ ബ്രസീൽ പ്രസിഡണ്ട് ജെയർ ബോൾസോനാരോയുടെ കമ്യൂണിക്കേഷൻസ് ചീഫാണ്. ഈ വ്യക്തി ഡോണൾഡ് ട്രംപിനെ കണ്ടു. എന്നിരുന്നാലും പ്രസിഡണ്ട് ട്രംപിന് ഇതുവരെ കൊറോണ വൈറസ് പരിശോധന നടത്തേണ്ട ആവശ്യമില്ലെന്ന് വൈറ്റ് ഹൗസിനെ പ്രതിനിധീകരിച്ച് പ്രസ്താവന പുറത്തിറക്കി.

# പ്രീമാര്യേജ് കോഴ്സ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

ചിക്കാഗോ: ചിക്കാഗോ സെ. തോമസ് രൂപതയുടെ കീഴിലുള്ള ക്നാനായ റീജിയന്റെ ആഭിമുഖ്യത്തിൽ മാർച്ച് ആറു മുതൽ എട്ടു വരെ ചിക്കാഗോ സെ. മേരീസ് ക്നാനായ കാത്തലിക് ദേവാലയത്തിൽ നടന്ന പ്രീമാര്യേജ് കോഴ്സിൽ പങ്കെടുത്തവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ക്നാനായ റീജിയണിലെ ഫാമിലി കമ്മീഷനാണ് ഈ ത്രിദിന കോഴ്സിന് നേതൃത്വം നല്കിയത്.



കാനഡ, ഓസ്ട്രേലിയ, വടക്കെ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുമായി 34 യുവജനങ്ങൾ പങ്കെടുത്ത ഈ കോഴ്സിൽ വിവാഹിതരാകാൻ പോകുന്ന യുവതീയുവാക്കൾ അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നടത്തപ്പെട്ടു. ആദ്യമായി വിവാഹജീവിതത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്ന തങ്ങൾക്ക് ഈ കോഴ്സ് ഏറെ സഹായകമായിരുന്നുവെന്ന് കോഴ്സിൽ പങ്കെടുത്ത യുവജനങ്ങൾ അഭിപ്രായപ്പെട്ടു. ഫാ. തോമസ് മുളവനാൽ, ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. പോൾ ചൂരത്തൊട്ടിയിൽ, ഡോ. അജിമോൾ പുത്തൻപുരയിൽ, തോമസ് മ്യാലിൽ, ആൻസി ചേലക്കൽ, ജിൻസ് ആൻഡ് ഷീന പുത്തൻപുരയിൽ, ടോം മൂലയിൽ, തമ്പി ആൻഡ് ഷൈനി വിരുത്തികുളങ്ങര, ടോണി പുല്ലാപ്പള്ളി, ബെന്നി കാഞ്ഞിരപ്പാറ, ജയ കുളങ്ങര തുടങ്ങിയവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

നാട്ടിലോ വിദേശത്തോ വിവാഹിതരാകുവാൻ ഉദ്ദേശിക്കുന്ന എല്ലാ ക്രൈസ്തവ യുവാക്കളും ഇത്തരം കോഴ്സുകളിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കണമെന്ന് ക്നാനായ റീജിയൺ ഡയറക്ടർ മോൺ. തോമസ് മുളവനാൽ അറിയിച്ചു. ക്നാനായ റീജിയണിലെ അടുത്ത പ്രീമാര്യേജ് കോഴ്സ് ഏപ്രിൽ മാസത്തിൽ ന്യൂയോർക്കിലും ഒക്ടോബറിൽ ചിക്കാഗോയിലും ഡിസംബറിൽ കാലിഫോർണിയയിലും വെച്ച് നടത്തുമെന്നും ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുവാൻ +1 (630) 205 -5078 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് ഫാമിലി കമ്മീഷൻ ചെയർമാൻ ടോണി പുല്ലാപ്പള്ളി അറിയിച്ചു.

# യൂറോപ്പിൽ കൊറോണ നാശം വിതയ്ക്കുന്നു

ചൈനയിൽ കൊറോണ അണുബാധ കുറയുന്നുണ്ടെങ്കിലും ലോകത്തിലെ മറ്റ് രാജ്യങ്ങളിൽ മരണസംഖ്യ നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്താകമാനം 1,34,803 പേർക്ക് ഇതുവരെ കൊറോണ ബാധിച്ചിട്ടുണ്ട്. കൊറോണ ബാധിച്ച് ബ്രിട്ടണിൽ പത്ത് പേർ മരിച്ചു. പതിനായിരം പേർക്ക് കൊറോണ ബാധിച്ചേക്കുമെന്ന് ബ്രിട്ടീഷ് സർക്കാർ ആശങ്ക പ്രകടിപ്പിച്ചതായി വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. രാജ്യത്ത് 590 കൊറോണ കേസുകൾ സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും അയ്യായിരം മുതൽ പതിനായിരം വരെ ആളുകൾക്ക് കൊറോണ ബാധിച്ചേക്കാമെന്ന് ബ്രിട്ടന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവ് പാട്രിക് വാലൻസ് പറഞ്ഞു. യൂറോപ്പാണ് ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട രാജ്യമെന്നാണ് റിപ്പോർട്ടുകൾ.



ടൗണിംഗ് സ്ട്രീറ്റിലെ തന്റെ ഓഫീസിലെ പത്രസമ്മേളനത്തിൽ പല കുടുംബങ്ങൾക്കും തങ്ങളുടെ പ്രിയപ്പെട്ടവരെ അകാലത്തിൽ നഷ്ടപ്പെട്ടേക്കാമെന്ന് വാലൻസ് പറഞ്ഞു. അത്തരമൊരു സാഹചര്യത്തിൽ കൊറോണ തടയുന്നതിനു മുൻകരുതലായി സ്വീകരിക്കേണ്ട നടപടികൾ വേഗത്തിലാക്കേണ്ടതുണ്ട്. കൊറോണയുടെ ലക്ഷണങ്ങൾ കാണിക്കുന്ന ആളുകൾ കുറഞ്ഞത് ഏഴു ദിവസമെങ്കിലും വീട്ടിൽ തന്നെ കഴിയണം. വിദേശപര്യടനം റദ്ദാക്കണമെന്നും ഇദ്ദേഹം ഉപദേശിച്ചു. ഇതോടൊപ്പം ആരോഗ്യ പ്രശ്നമുള്ളവർ കഴിവതും ക്രൂയിസിൽ പോകുന്നത് ഒഴിവാക്കണമെന്നും ഉപദേശിച്ചു.

മറ്റ് രാജ്യങ്ങളെപ്പോലെ കൊറോണയുമായി ഇടപെടാൻ നടപടിയെടുക്കാത്തതിന് യുകെ സർക്കാരിനെ വിമർശിച്ചു. അത്തരമൊരു സാഹചര്യത്തിൽ കൊറോണ കാരണം ബ്രിട്ടൻ വളരെയധികം കഷ്ടപ്പെടേണ്ടി വന്നേക്കാം. ഇറ്റലി ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ മുഴുവൻ നഗരങ്ങളും സ്കൂളുകളും ഷോപ്പുകളും അടച്ചിരിക്കുകയാണ്.

യൂറോപ്പിലെ പല രാജ്യങ്ങളിലും കൊറോണയുടെ അണുബാധ അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

യൂറോപ്പിലെ പല രാജ്യങ്ങളും കൊറോണയ്ക്ക് ഇരയായിക്കൊണ്ടിരിക്കുകയാണ്. ഈ രാജ്യങ്ങളിൽ ഫ്രാൻസ്, ജർമ്മനി, ഇറ്റലി, സ്പെയിൻ എന്നിവ ഉൾപ്പെടുന്നു. ഇറ്റലിയിൽ

**മൊയ്തീൻ പുത്തൻചിറ**

സർക്കാരിന്റെ എല്ലാ ശ്രമങ്ങളും ഉണ്ടായിരുന്നിട്ടും കൊറോണ ഈ രാജ്യത്ത് നിയന്ത്രണത്തിലല്ല. ഇറ്റലിയിലെ കൊറോണ വൈറസ്മൂലം മരിച്ചവരുടെ എണ്ണം ആയിരം കവിഞ്ഞു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഇറ്റലിയിൽ 189 പേർ ഈ രോഗംമൂലം മരിച്ചു. ഇറ്റലിയിൽ കൊറോണ വൈറസ് ബാധിച്ചവരുടെ എണ്ണം വെറും രണ്ടാഴ്ചയ്ക്കുള്ളിൽ 1016 ആയി ഉയർന്നു.

# കോൺഫറൻസ് ടീം ഗ്രീഗോറിയോസ് ഇടവക സന്ദർശിച്ചു

**രാജൻ വാഴപ്പള്ളിൽ**

ജൂലൈ 15 മുതൽ 18 വരെ അറ്റ്ലാന്റിക് സിറ്റിയിൽ റാഡിസൺ ക്ലാറിഡ്ജ് ഹോട്ടലിൽ നടക്കുന്ന നോർത്തീസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസിന്റെ ഫണ്ട്ശേഖരണാർത്ഥം പ്രതിനിധികൾ നോർത്ത് പ്ലെയിൻ ഫീൽഡ് സെ. ബസേലിയോസ് ഗ്രിഗോറിയോസ് ഇടവക സന്ദർശിച്ചു.



മാർച്ച് ഒന്നിന് വി. കുർബാനയ്ക്കു ശേഷം നടന്ന ചടങ്ങിൽ വികാരി ഫാ. വിജയ് തോമസ് കമ്മിറ്റി അംഗങ്ങളായ ബാബു പാറയ്ക്കൽ, അജോയ് ജോർജ് എന്നിവരെ സ്വാഗതം ചെയ്തു. യോഗത്തിൽ ഫാ. മാത്യൂ സി ചാക്കോയും ഇടവകസെക്രട്ടറി റോബിൻ മാത്യുവും സംബന്ധിച്ചു. ബാബു പാറയ്ക്കലും അജോയ് ജോർജും കോൺഫറൻസിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും സുവനീറിലേക്കുള്ള പരസ്യങ്ങൾ, ലേഖനങ്ങൾ, ചെറുകഥകൾ, ഗാനങ്ങൾ എന്നിവയെക്കുറിച്ചും വിവരിച്ചു. ഫാ. വിജയ് തോമസും ബാബു പാറയ്ക്കലും ചേർന്ന് രജിസ്ട്രേഷൻ കിക്കോഫ് നിർവഹിച്ചു. തുടർന്ന് അംഗങ്ങൾ രജിസ്റ്റർ ചെയ്യുകയും പരസ്യങ്ങൾ നല്കുകയും ചെയ്തു. ഇടവകയിൽ നിന്നും നല്കിയ സഹായങ്ങൾക്ക് കമ്മിറ്റി നന്ദിയറിയിച്ചു.

# റവ. ഡോ. എം.എസ്. ശമുവേലിന് റീമാ ഫൗണ്ടേഷൻ നല്കുന്ന അനുമോദനപത്രം

സംഭവബഹുലമായ ജീവിതയാത്രയിൽ അനുഗ്രഹകരമായി 80 വർഷങ്ങൾ പൂർത്തീകരിച്ച റവ.ഡോ. എം.എസ്. ശമുവേലിനെ ഞങ്ങൾ അനുമോദിക്കുന്നു. ലോകപ്രസിദ്ധ സുവിശേഷ പ്രസംഗകനും ആഗോള മിഷനറിയുമായ റവ.ഡോ. എം.എസ്. ശമുവേൽ പരിശുദ്ധാത്മ നിറവിൽ സരസമായ പ്രഭാഷണം നടത്തുവാൻ വരം ലഭിച്ച അപൂർവ്വ വ്യക്തിയാണ്. 21-ാ വയസ്സിൽ അമേരിക്കയിൽ എത്തിയ അദ്ദേഹം പ്രേഷിതപ്രവർത്തനങ്ങളിൽ ആറ് പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും ആരോഗ്യവാനും ഊർജ്ജസ്വലനും ആയിരിക്കുന്നത് തന്റെ സന്തുഷ്ട ഹൃദയത്തിന്റെ ഔഷധഗുണം മൂലമാണ്.



80-ാം വയസ്സിലും വിശ്രമമില്ലാതെ ലോകമെങ്ങും സഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുന്ന റവ.ഡോ.എം.എസ്. ശമുവേൽ സുവിശേഷവേലക്കാർക്ക് ഒരു മാതൃകാപുരുഷനാണ്. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയ്ക്കൊരു മുതൽക്കൂട്ടായ ഈ ദൈവദാസൻ കുമ്പനാട് ഐപിസി ജനറൽ കൺവൻഷനിൽ നാല്പതു പ്രാവശ്യം പ്രസംഗിച്ചുകഴിഞ്ഞു.

ഇലന്തൂർ ചക്കാലയിൽ മേലേതിൽ സി.കെ. സ്കറിയ-എലിയാമ്മ ദമ്പതികളുടെ മകനായി 1940 മാർച്ച് 10ന് എം.എസ്. ശമുവേൽ ജനിച്ചു. കുഴിക്കാല സിഎംഎസ് സ്കൂളിൽ പ്രാഥമികവിദ്യാഭ്യാസം നേടി. 1961-ൽ അമേരിക്കയിലെത്തി പ്രസിദ്ധങ്ങളായ നാല് കോളജുകളിൽ വേദപഠനം നടത്തി ഡോക്ടറേറ്റ് നേടി. ന്യൂയോർക്കിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന റവ.ഡോ. എം.എസ്. ശമുവേൽ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ സ്ഥാപകരിൽ ഒരാളും ഡോറോഫ് ഫെയ്ത്ത് സഭയുടെ മുൻ ശുശ്രൂഷകനും ഐപിസി തമിഴ്നാട് സ്റ്റേറ്റ് മുൻ പ്രസിഡണ്ടുമാണ്. ഉണർവ്വ് പ്രസംഗകൻ, വേദാദ്ധ്യാപകൻ, വാഗ്മി, സംഘാടകൻ, സഭാനേതാവ്, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രസിദ്ധനാണ്. മകൻ പാസ്റ്റർ സ്റ്റീഫൻ ശമുവേൽ സഭാശുശ്രൂഷകനും മകൾ ഷാരോൺ ഡോറോഫ് ഫെയ്ത്തിന്റെ പവർത്തകയുമാണ്. സഹധർമ്മിണിയായിരുന്ന പാസ്റ്റർ പി.റ്റി ചാക്കോയുടെ മകൾ തങ്കമ്മയുടെ നിര്യാണശേഷം സാറാമ്മ ഡാനിയലിനെ വിവാഹം കഴിച്ചു. ഇരുവരും ലോകമെങ്ങും സഞ്ചരിച്ച് വചനം പ്രസംഗിച്ചുകൊണ്ട് സുവിശേഷീകരണത്തിന്റെ ജൈത്രയാത്ര തുടരുന്നു.

ദൈവം ദീർഘായുസ് നല്കി അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ റീമാ ഫൗണ്ടേഷനു വേണ്ടി പാസ്റ്റർ സി.പി. മോനായി.

# കേരളാ മഹിളാവേദി അറ്റ്ലാന്റയിൽ ഉദ്ഘാടനം ചെയ്തു






**ജോയിച്ചൻ കരിക്കാടൻ**

അറ്റ്ലാന്റ: അറ്റ്ലാന്റാ മെട്രോ മലയാളി അസോസിയേഷന്റെ വനിതാ സംഘടനയായ കേരളാ വനിതാ വേദിയുടെ ഉദ്ഘാടനവും അന്തർദ്ദേശീയ വനിതാദിനാഘോഷവും മാർച്ച് എട്ടിന് ഷുഗർഹിൽ സിറ്റി ഹാളിൽ (ലോറൻസ്‌വിൽ) നടന്ന പ്രൗഢഗംഭീരമായ സമ്മേളനത്തിൽ ഗിന്നറ്റ് കൗണ്ടി ചെയർവുമൺ ചാർലറ്റ് ജെ. നാഷ് നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു.

തുടർന്നു നടന്ന ചടങ്ങിൽ വനിതകളുടെ പ്രശ്നങ്ങളെയും അവയെ എങ്ങനെ തരണം ചെയ്ത് എല്ലാ മേഖലകളിലും തുല്യപ്രാതിനിധ്യം കൈവരുത്താം എന്ന വിഷയങ്ങളെക്കുറിച്ച് സമഗ്രമായി അനിതാ ഇ.ജെ. നൈനാൻ (പ്രിൻസിപ്പൽ അറ്റോർണി, നൈനാൻ ലീഗൽ എൽഎൽസി), വീണാ റാവു (എഡിറ്റർ ഇൻ ചീഫ് എൻആർഐ പ്ലസ്), അനുസ്മിതാ ബർദാൻസുർ (ഫസ്റ്റ് റണ്ണർ അപ്, മിസ്സിസ് ഭാരത് യുഎസ്എ 2019) വിദ്യാ കനകരാജ് (പ്രസിഡണ്ട്, ജോർജിയാ നേഴ്സസ് അസോസിയേഷൻ) എന്നിവർ സംസാരിച്ചു.

തുടർന്നു നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ 'അമ്മ' അസോസിയേഷൻ രക്ഷാധികാരി ആനി ചെറിയാൻ, വനിതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുക്കുകയും അവർക്ക് എല്ലാവിധ ആശംസകളർപ്പിക്കുകയും ചെയ്തു.

സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ കേരളാ വനിതാരത്നം പുരസ്കാരം നല്കി ഗിന്നറ്റ് കൗണ്ടി ചെയർവുമൺ ചാർലറ്റ് ജെ. നാഷ് ആദരിക്കുകയും ചെയ്തു.




# ഇല്ലിനോയി മലയാളി അസോസിയേഷൻ യുവജനോത്സവം

**ജോർജ് പണിക്കർ**

ചിക്കാഗോ: കഴിഞ്ഞ 30 വർഷമായി ഇല്ലിനോയി മലയാളി അസോസിയേഷൻ (ഐഎംഎ) നടത്തിവരുന്ന യുവജനോത്സവം മെയ് 30ന് നടത്താൻ പ്രസിഡണ്ട് ജോർജ് പണിക്കരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചു. ചിക്കാഗോയിലെ കുട്ടികളുടെ കലാഭിരുചിയെ പ്രോത്സാഹിപ്പിക്കുവാൻ ആദ്യമായി കലോത്സവം സംഘടിപ്പിച്ച സംഘടനയാണ് ഐഎംഎ.

കുട്ടികളുടെ സഭാകമ്പവും ലജ്ജാശീലവും മാറ്റിയെടുത്ത് നേതൃത്വശ്രേണികളിലേക്ക് അവരെ വളർത്തിയെടുക്കാൻ ഐഎംഎയുടെ കലാമേളകൾക്ക് കഴിഞ്ഞിട്ടുണ്ട്. സീറോമലബാർ ദേവാലയത്തിലെ വിവിധ ഓഡിറ്റോറിയങ്ങളിൽ വെച്ച് 30ന് ശനിയാഴ്ച രാവിലെ 9ന് കലാമേളയുടെ തിരശീല ഉയരും. വമ്പിച്ച ഒരു കമ്മിറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ ഈ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിക്കുവാൻ സന്നദ്ധരായിക്കഴിഞ്ഞു.

റ്റീനാ സിബു കുളങ്ങര ഈ വർഷത്തെ ജനറൽ കൺവീനറായി പ്രവർത്തിക്കും. കൂടാതെ അനീസ സണ്ണി, സുനേന ചാക്കോ, ബ്ലെസ്സി ജോർജ്, ലിഷാ ജോണി എന്നിവർ കോ-കൺവീനേഴ്സായിരിക്കും. മറിയാമ്മ പിള്ള, സിബു മാത്യു, ജോസി കുരിശിങ്കൽ, റോയി മുളങ്കുന്നം, ജോർജ് മാത്യു, ജോയി ഇണ്ടിക്കുഴി, ഷാനി ഏബ്രഹാം, സിറിയക് കൂവക്കാട്ടിൽ, ജെയ്ബു കുളങ്ങര, രാജൻ തലവടി എന്നിവർ വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നല്കും. കൂടുതൽ വിവരങ്ങൾ അടുത്തുതന്നെ ഐഎംഎ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.









# കനേഡിയൻ പ്രധാനമന്ത്രി കൊറോണ ഐസൊലേഷനിൽ

കാനഡ: കൊറോണ താണ്ഡവം ലോകമെങ്ങും വ്യാപിക്കുകയാണ്. ഇപ്പോഴിതാ സ്വന്തം ഭാര്യയിൽ കൊറോണ (കോവിഡ് 19) രോഗബാധ ലക്ഷണങ്ങൾ കണ്ടതിനാൽ കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ഐസൊസേഷനിലാണ്.

ബുധനാഴ്ചയാണ് ജസ്റ്റിൻ ട്രൂഡോയുടെ ഭാര്യ സോഫിയയ്ക്ക് കൊറോണ ലക്ഷണം കണ്ടത്. ഈ സാഹചര്യത്തിൽ പരിശോധനാഫലം വരുന്നതുവരെ സ്വന്തം വീട്ടിൽ ഐസൊലേഷനിൽ കഴിയാൻ തീരുമാനിച്ചതായി പ്രധാനമന്ത്രിയുടെ ഓഫീസാണ് അറിയിച്ചത്.

യു.കെയിൽ നടന്ന ഒരു പൊതുപരിപാടിയിൽ സോഫി പങ്കെടുത്തിരുന്നു. ഇതിനുശേഷമാണ് സോഫിയിൽ കൊറോണ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയത്. എന്നാൽ, ജസ്റ്റിൻ ട്രൂഡോയിൽ ഇതുവരെയായി കൊറോണയുടെ ലക്ഷണങ്ങൾ ഒന്നുംതന്നെയില്ല. ഡോക്ടറുടെ നിർദ്ദേശപ്രകാരം ജസ്റ്റിൻ ട്രൂഡോ ആരോഗ്യത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്നും വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ ഫോൺ കോളുകൾ വഴിയും വിർച്ചൽ മീറ്റിങ്ങിലൂടെയും അദ്ദേഹം ഭരണം കൈകാര്യം ചെയ്യുന്നുണ്ടെന്നും ഓഫീസ് അധികൃതർ അറിയിച്ചു.

ഇതുവരെയായി 103 കേസുകളാണ് കാനഡയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതിനിടയിൽ പ്രവിശ്യ പ്രീമിയർമാരുമായും ഫസ്റ്റ്നേഷൻസ് നേതാക്കളുമായി ജസ്റ്റിൻ ട്രൂഡോ നടത്താനിരുന്ന എല്ലാ മീറ്റിംഗുകളും മാറ്റിവെച്ചിട്ടുണ്ട്.



# ഡാളസിൽ ഹെൽത്ത് എമർജൻസി പ്രഖ്യാപിച്ചു

ഡാളസ്: കൊറോണ വൈറസ് പൗരന്മാരുടെ ആരോഗ്യത്തിനു ഭീഷണി ഉയർത്തിയ സാഹചര്യത്തിൽ ജനങ്ങൾ കൂട്ടം കൂടുന്നത് പരിമിതപ്പെടുത്തണമെന്ന് മാർച്ച് 13ന് നടത്തിയ വാർത്താസമ്മേളനത്തിൽ ഡാളസ് മേയർ എറിക് ജോൺസൺ അഭ്യർത്ഥിച്ചു. അഞ്ഞൂറിലധികം പേർ ഒന്നിച്ചു കൂടുന്നത് ഒഴിവാക്കണമെന്ന് മേയർ നിർദ്ദേശിച്ചു.

ഡാളസ് കൗണ്ടി ക്ലേ ജെങ്കിൻസ് പ്രഖ്യാപിച്ച പബ്ലിക് ഹെൽത്ത് എമർജൻസി പ്രാബല്യത്തിൽ വന്നതായി മേയർ പറഞ്ഞു. ഡാളസ് കൗണ്ടിയിൽ അഞ്ചു പേർക്കു കൂടി കൊറോണ സ്ഥിരീകരിച്ചതായി മേയർ പറഞ്ഞു. ഏതൊരു അടിയന്തര സാഹചര്യത്തേയും നേരിടാൻ സിറ്റി സുസജ്ജമാണെന്ന് മേയർ ഉറപ്പു നല്കി.



# Y2K, CORONAVIRUS AND DEALING WITH FEAR

Dr. Thomson K. Mathew

The Coronavirus is shaking up nations and economies globally. The impact of this virus on stock markets in America and other nations has been significant. Wall Street has suffered losses beyond ten percent and is in "correction" territory at this writing. Stocks of travel and tourism-related businesses have suffered "bear stage" deeper losses. The president of Southwest Airlines said that the current situation of air travel is reminiscent of the post 9/11 period which required government subsidy of airlines.

As stocks of tourism is going down and the price of face maskis going up, travelers are being quarantined in several nations.Some nations are enforcing very strict arrival rules for passengers from affected countries. Travelers from certain nations are banned from entering several nations. The spread of this virus continues as it's death toll is going up. No vaccine is available yetand tests are not widely available at this time. Schools and colleges are expanding the use of distance education methods and some are being closed down. Several events have been cancelled or postponed.

People are being highly encouraged to practice preventive measures such as avoiding larger crowds, cancelling unnecessary travel, washing hands regularly and properly, using antibacterial lotions, and preventing unnecessary touching of face and nostrils. There is a sense of urgency and helplessness across this nation and around the world. This situation has become the topic of discussions and the major theme of news channels. Although information sharing and education of the masses are journalistic duties, one hopes TV and internet news outlets could accomplish these without running their audiences into a frenzy.

I was at a major consumers' club yesterday and was surprised to see no paper products and cleaning supplies for sale. Customers were rushing through the isles looking for everyday items like toilet paper but not finding them. The concern was palpable.

This situation reminds me of the Y2K scare twenty years ago.



Dr. Thomson K. Mathew

As the last millennium was coming to a close and the clock was ticking toward 1/1/2000, it was projected that due to programmingomissions of the 20th century,computers would crash worldwide on the night of 12/31/1999 and cause massive problems. Life was expected to cease as we knew it as potential disasters were listed in doomsday proportions. It was predicted that flying airplanes would fall from the sky, elevators in high rise buildings would stop or fall to the ground, mega cities would not have any running water, massive starvation would take place as food would be unavailable due to devastated transportation systems. It was heard that some Americans stored up huge amounts of dry beans and bought big guns to protect them from their neighbors!

1/1/2000 came and went and no major disasters were reported as a result of computer crashes. People went back to their normal lives and nothing has been heard of the piles of beans and the big guns.

Coronavirus threat may be nothing like the Y2K and certainly precautions are in order. Common sense and science must be followed. But what does one gain with mega fear and super anxiety in a situation like this?

The teachings of the Bible about fear is relevant here. "Fear not" is a major instruction of the Old and New Testaments of the Bible. God gave this message to Abraham (Gen. 15:1), Hagar (Gen. 21:17), the people of Israel (Ex. 20:20), Joshua (Josh. 10:8), Gideon (Judg. 6:23), Mary, mother of Jesus (Lk. 2:10), and all who follow/ed Christ (Lk. 12:32).

May be it is because fear is such a natural human emotion in stressful situations that this instruction against fearing is repeated so many times in the Bible. We are advised not to fear because God is with us (Gen. 26:24) and His power is present with those who trust Him (Lk. 1:30-35).

The Bible teaches that lack of faith is the root of fear. Listen to the words of Jesus to the frightened disciples in the midst of a sea storm: "You of little faith, why are you so afraid?" (Matthew 8:26). Holding on to a terrified Peter who was sinking, Jesus asked, "You of little faith,why did you doubt?" (Matthew 14:31). Fortunately, the Bible also gives the solution to the problem of doubt: "So then faith cometh by hearing, and hearing by the word of God" (Rom. 10:17 KJV). It is clear that reading the word of God during frightening times is a good idea. May be, we should read Bible passages like Psalm 91 during the coronavirus threat.

It is possible that the outcome of the threat posed bythe coronavirus is extremely dangerous and much worse than expected. In any case, we must follow the precautionary instructions given by the scientists and government authorities.

However, we need to seek God's help to face this challenge without debilitating fear. This is my wish for you: "There shall no evil befall thee, neither shall any plague come nigh thy dwelling" (Psalm 91:10 KJV).


# ജോൺ മാത്യുവിന്റെ നോവൽ 'ഔവർ ബിലവ്ഡ് ഭൂമി'

ജോൺ മാത്യുവിന്റെ 'ഭൂമിക്കു മേലൊരു മുദ്ര' എന്ന മലയാളം നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ 'ഔവർ ബിലവ്ഡ് ഭൂമി' പ്രസിദ്ധീകരിച്ചു.

മദ്ധ്യതിരുവിതാംകൂറിലെ ജന്മിത്വത്തിന്റെ വിപ്ലവപ്രസ്ഥാനങ്ങളുടെ, ക്രൈസ്തവ നവീകരണത്തിന്റെ, സമ്പത്തിനു വേണ്ടിയുള്ള നെട്ടോട്ടത്തിന്റെ, ബന്ധങ്ങളുടെയും ബന്ധനങ്ങളുടെയും, കുടിയേറ്റം എന്നിവയാണ് ഈ നോവലിന്റെ പ്രമേയം.

കൊളോണിയലിസവും പോർച്ചുഗലിൽ നിന്ന് കേരളത്തിലേക്കും ബ്രസീലിലേക്കും ഉണ്ടായ സമാന്തര കുടിയേറ്റങ്ങളും ഈ കൃതിയിൽ ചർച്ചാവിഷയമായിട്ടുണ്ട്. അമേരിക്കയിലെ മലയാളികളുടെ ആദ്യകാല കുടിയേറ്റത്തിന്റെയും അവരുടെ നിലനില്പിന്റെയും പ്രശ്നങ്ങളും പോരാട്ടങ്ങളും ഇവിടെ സമഗ്രമായി ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു.

ഡോ. മുഞ്ഞനാട് പത്മകുമാർ ഈ സംരംഭത്തിന്റെ ജനറൽ കോ-ഓർഡിനേറ്റർ ആയി പ്രവർത്തിച്ചു. കെ.എം. ചന്ദ്ര ശർമ്മയാണ് പരിഭാഷ നിർവഹിച്ചത്. സുപ്രസിദ്ധ തമിഴ് ഭാഷാസ്കോളർ രാധാ പരശുറാം എഡിറ്ററായിരുന്നു. സാങ്കേതിക ഉപദേഷ്ടാവ് വിൽസൺ മാത്യുവും.




പ്രസിദ്ധീകരണച്ചുമതല പാമട്ടോ ഗ്രൂപ്പും വിതരണം ഏറ്റെടുത്തിരിക്കുന്നത് ഇൻഗ്രാം സ്പാർക്കും ആണ്.

ആദ്യഘട്ടത്തിൽ ആമസോൺ കിന്റിലിലും തുടർന്ന് ലോകമെമ്പാടുമുള്ള പുസ്തകശാലകളിലും ഈ കൃതി ലഭ്യമായിരിക്കും. ഇപ്പോൾത്തന്നെ കേരളത്തിലെ വിവിധ കോളജുകളിൽ ഈ കൃതി ചർച്ച ചെയ്യപ്പെടുന്നു.

ചരിത്രവും തത്വശാസ്ത്രവും സാമൂഹിക ബന്ധങ്ങളും സമഗ്രമായി പ്രതിപാദിക്കുന്ന ഈ പുസ്തകം ലോകവ്യാപകമായി അംഗീകാരം നേടുമെന്നാണ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അഭിപ്രായം.

എ.സി. ജോർജ്

# സഹനങ്ങൾ യഥാർത്ഥത്തിൽ മുള്ളുകളല്ല പുഷ്പങ്ങളാണ്: ഡോ. പ്രമീളാദേവി

ന്യൂയോർക്ക്: ഈശ്വരൻ എല്ലായ്പ്പോഴും സന്തോഷങ്ങൾക്കിടയിൽ മനുഷ്യന് ഒരു ചെറിയ സഹനം തരാറുണ്ട്. സഹനമില്ലെങ്കിൽ മനുഷ്യൻ തന്നത്താൻ മതിമറന്നു ദൈവത്തെ മറക്കുന്ന ഒരു സാഹചര്യം ഉണ്ടാകും. സഹനം യഥാർത്ഥത്തിൽ മുള്ളുകളല്ല പുഷ്പങ്ങളാണ്. കൊറോണാ വൈറസ് ലോകത്തെ ഭീതിയിലാഴ്ത്തിയിരിക്കുന്ന ഈയവസരത്തിൽ നമ്മെത്തന്നെ പൂർണ്ണമായി ദൈവത്തിൽ സമർപ്പിക്കുവാൻ നമുക്കു കഴിയണമെന്ന് പ്രശസ്ത സാഹിത്യകാരിയും സ്ത്രീശാക്തീകരണത്തിന്റെ വക്താവും ബിജെപി സംസ്ഥാന വൈസ് പ്രസിഡണ്ടുമായ ഡോ. പ്രമീളാദേവി അഭിപ്രായപ്പെട്ടു.

ഫ്രാൻക്ലിൻ സ്ക്വയർ സെ. ബേസിൽ ഓർത്തഡോക്സ് ദേവാലയത്തിൽ ആരാധനയിൽ സംബന്ധിച്ച് പ്രസംഗിക്കുകയായിരുന്നു പതിനായിരത്തിൽപ്പരം പ്രഭാഷണങ്ങൾ വേദികളിൽ പിന്നിട്ട ഈ പ്രശസ്ത കവയത്രി. കുരിശിന്റെ പീഡനത്തിലേക്ക് തമ്പുരാൻ സ്വയം സമർപ്പിച്ചത് തന്റെ പിതാവിന്റെ കൈകളിൽ താൻ സുരക്ഷിതനാണ്, ആ കൈകളിലെ ഭദ്രതയിലേക്കാണ് താൻ പോകുന്നതെന്ന തിരിച്ചറിവിലൂടെയാണ്. ഈ വഴിയെ സഞ്ചരിക്കാൻ നമുക്ക് സാധിക്കണം. നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ ഏറ്റവും വലിയ ന്യൂനത വാക്കും ചിന്തയും തമ്മിലുള്ള അകലമാണ്. കേവലം വാക്കുകൾക്കപ്പുറത്ത് ഹൃദയത്തിൽ അനുഭവിക്കാൻ നമുക്ക് സാധിക്കണം. ദൈവത്തിൽ ഉറച്ചുവിശ്വസിച്ചുകൊണ്ട് ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യാൻ നമുക്കു കഴിയണമെന്ന് ഡോ. പ്രമീളാദേവി ഊന്നിപ്പറഞ്ഞു.



കൊറോണാ വൈറസ് പടർന്നുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ മാത്രമല്ല, ജീവിതത്തിൽ സദാനേരവും നാം ജാഗരൂകരായിരിക്കണം-അവർ ഓർമ്മിപ്പിച്ചു. വൃത്തിയും ശുദ്ധിയും വെടിപ്പും അച്ചടക്കവുമൊക്കെ ആന്തരീകവും ബാഹ്യവുമായ ജീവിതചര്യയിൽ നിലനിർത്താനുള്ള ജാഗ്രത നമുക്കുണ്ടാകണമെന്നവർ ഉദ്ബോധിപ്പിച്ചു.


കടൽകടന്ന് ഇവിടെയെത്തി നേട്ടങ്ങൾ കൈവരിച്ചു വിജയിച്ച മഹാരഥന്മാരാണ് അമേരിക്കയിലെ മലയാളികൾ. നിങ്ങൾ ഭയപ്പെടരുത്. നിങ്ങൾ ധീരരായി ഇരിക്കുന്നിടത്താണ് ഭാരതത്തിന്റെ അഭിമാനം. പ്രൗഢമായി ഡോ. പ്രമീളാദേവി കൂട്ടിച്ചേർത്തു.

കൊറോണയെന്നല്ല, ലോകത്തെ ബാധിക്കുന്ന മുഴുവൻ വ്യാധികളിൽ നിന്നും അർപ്പിതമായ ജീവിതചര്യമൂലം ഈശ്വരന് നമ്മെ മോചിപ്പിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ വിശ്വാസിസമൂഹത്തിന് തന്റെ ഹൃദയംനിറഞ്ഞ പ്രാർത്ഥനാഞ്ജലികൾ സമർപ്പിച്ചുകൊണ്ടാണ് അവർ പ്രസംഗം അവസാനിപ്പിച്ചത്. ദേവാലയത്തിൽ വരുവാനും പ്രസംഗിക്കുവാനും വിശ്വാസികളെ ഉദ്ബോധിപ്പിക്കുവാനും ഡോ. പ്രമീളാദേവി കാട്ടിയ സന്മനസ്സിന് വികാരി റവ.ഫാ. തോമസ് പോൾ നന്ദി പറഞ്ഞു.

# യൂറോപ്പിലേക്കുള്ള യാത്രകൾ 30 ദിവസത്തേക്ക് നിരോധിച്ചു

മൊയ്തീൻ പുത്തൻചിറ

വാഷിങ്ടൺ: ചൈനയിൽ നിന്ന് കൊറോണ വൈറസ് പടരുന്നത് തടയാൻ കടുത്ത തീരുമാനങ്ങളെടുക്കാൻ അമേരിക്ക ഒരുങ്ങുകയാണ്. യു.എസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് യൂറോപ്പിലേക്ക് പുതിയ യാത്രാനിയന്ത്രണങ്ങൾ പ്രഖ്യാപിച്ചു. യൂറോപ്പിലേക്കുള്ള എല്ലാ യാത്രകളും അടുത്ത 30 ദിവസത്തേക്ക് നിർത്തിവെക്കുമെന്ന് ട്രംപ് പറഞ്ഞു. ഇതുവരെ 460 വൈറസ് കേസുകൾ സ്ഥിരീകരിച്ചിട്ടുള്ള ബ്രിട്ടന് നിയന്ത്രണങ്ങൾ ബാധകമല്ലെന്നും അദ്ദേഹം പറഞ്ഞു.



അമേരിക്കയിൽ വൈറസ് പടരുന്നത് ഒഴിവാക്കേണ്ടത് അനിവാര്യമാണ്. ഇതുവരെ 1135 വൈറസ് കേസുകളാണ് യുഎസിൽ സ്ഥിരീകരിച്ചിട്ടുള്ളത്. 38 പേർ മരിക്കുകയും ചെയ്തു.

പുതിയ കേസുകൾ നമ്മുടെ രാജ്യത്ത് പ്രവേശിക്കുന്നത് തടയാൻ യൂറോപ്പിൽ നിന്ന് അമേരിക്കയിലേക്കുള്ള എല്ലാ യാത്രകളും നിർത്തിവെക്കുകയാണെന്നാണ് ട്രംപ് പറഞ്ഞത്.

ഐക്യത്തിന്റെയും ശക്തിയുടെയും കാലമായാണ് മാധ്യമങ്ങൾ ഇതിനെ കാണേണ്ടതെന്ന് ട്രംപ് ട്വീറ്റ് ചെയ്തു. നമുക്ക് ഒരു പൊതുശത്രു ഉണ്ട്, ലോകത്തിന്റെ ശത്രു, കൊറോണ വൈറസ്. നാം അതിനെ എത്രയും വേഗത്തിലും സുരക്ഷിതമായും ഉന്മൂലനം ചെയ്യേണ്ടതുണ്ട്.

അമേരിക്കൻ പൗരന്മാരുടെ ജീവിതവും സുരക്ഷയും അല്ലാതെ മറ്റൊന്നും എനിക്ക് പ്രധാനമല്ല: അദ്ദേഹം പറഞ്ഞു.

# കിഡ്നി ഹെൽത്ത് എല്ലാവർക്കും എല്ലായിടത്തും

ഷിബു പീറ്റർ, വെട്ടുകല്ലേൽ

നമ്മുടെ ശരീരത്തിലെ വളരെ പ്രാധാന്യം അർഹിക്കുന്ന അവയവങ്ങളായ കിഡ്നികളെ നല്ല രീതിയിൽ നാം പരിപാലിച്ചാൽ ഒരു മനുഷ്യായുസ്സ് മുഴുവൻ അവ നമുക്ക് വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്ന് വൈദ്യശാസ്ത്ര വർഷങ്ങൾക്കുമുമ്പ് തന്നെ വെളിപ്പെടുത്തിയിരിക്കുന്നു.

ആഗോള തലത്തിൽ കിഡ്നി ദിനാചരണ പരിപാടികൾ മാർച്ച് മാസത്തിൽ നടത്തപ്പെടുമ്പോൾ നമ്മുടെ കിഡ്നികളുടെ ആരോഗ്യ സംരക്ഷണത്തിന് നാം ഏറെ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. കാരണം ഈ രോഗത്തിന് അടിമപ്പെടുന്നവരുടെ എണ്ണം ലോകമെമ്പാടും ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. കേരളത്തിലേക്ക് കടന്നാൽ ഏകദേശം ഒരു ലക്ഷത്തോളം ഡയാലിസിസാണ് ഓരോ മാസവും നമ്മുടെ നാട്ടിൽ നടന്നുവരുന്നത്. ഇതിനായി ഒരുവർഷം മൊത്തമായുള്ള ചെലവ് 140 കോടിയും!

എന്തുകൊണ്ട് രോഗബാധിതരുടെ എണ്ണം പെരുകുന്നു:

നല്ല ശതമാനം ആളുകളും സ്ഥായിയായ അഞ്ചാംഘട്ട വൃക്കരോഗത്തിന്റെ ആരംഭ ലക്ഷണങ്ങളെ തിരിച്ചറിയുവാൻ സാധിക്കാതെ അവഗണിക്കുന്നു. ഇരുവൃക്കകളുടെയും പ്രവർത്തനം ഏതാണ്ട് 75%ലധികം തകരാറിലായതിനുശേഷം, ചികിൽസിച്ചു ഭേദമാക്കാൻ പറ്റാത്ത അവസ്ഥയിലെത്തുമ്പോഴാണ് ഭൂരിഭാഗം ആളുകളും തിരിച്ചറിയുന്നത്.

എന്നാൽ എളുപ്പ പരിഹാര മാർഗ്ഗം: രോഗാരംഭത്തിൽ പ്രകടമാകുന്ന ചില നിസ്സാര ലക്ഷണങ്ങളെ ഗൗരവത്തോടെ മനസ്സിലാക്കി പ്രാരംഭ ഘട്ടത്തിൽ തന്നെ ശരിയായ രീതിയിൽ പ്രതിരോധിച്ചാൽ ഈ രോഗത്തെ പൂർണ്ണമായും അതിജീവിക്കാൻ സാധിക്കും.

വൃക്കരോഗത്തിന്റെ ലക്ഷണങ്ങൾ: മൂത്രത്തിൽ എണ്ണമയവും കൊഴുപ്പും കലർന്ന രീതിയിൽ പതഞ്ഞ് പൊങ്ങുക, അളവിൽ കുറയുക, മൂത്രത്തിൽ പഴുപ്പ്, കട്ടൻ ചായയുടെ നിറം, രക്തം കലർന്ന് വരിക, ദുർഗന്ധം, ആവർത്തിച്ച് ചെറിയ അളവിൽ തുള്ളിയായി മൂത്രം ഒഴിക്കുക, മൂത്രം ഒഴിക്കുമ്പോൾ വേദനയും തടസ്സവും, പുകച്ചിലും അനുഭവപ്പെടുക. കൂടാതെ, കണ്ണിനുചുറ്റും തടിപ്പ്, കൈകാലുകളിലും മുഖത്തും ദേഹത്തും നീര്, ശരീര വേദന, ചൊറിച്ചിൽ, വിളർച്ച, തളർച്ച, ക്ഷീണം, ഛർദ്ദി, വിശപ്പില്ലായ്മ, കിതപ്പ്, വിറയലോടുകൂടിയ പനി, ശ്വാസം മുട്ടൽ, നടുവേദന, ഉറക്കക്കുറവ്, അബോധാവസ്ഥ, ബലക്ഷയം, കാഴ്ച മങ്ങൽ, കാലിനും കൈയ്ക്കും കുടച്ചിൽ/പിടുത്തം, എല്ലിനു ബലക്ഷയം, കുട്ടികളുടെ എല്ലിനു വളവ് (റിക്കറ്റ്സ്). ഇങ്ങനെയുള്ള ലക്ഷണങ്ങളെയൊക്കെ ശ്രദ്ധിക്കാതെ രോഗം മൂർച്ഛിച്ച് ക്രോണിക് വൃക്ക രോഗത്തിന് അടിമപ്പെട്ടാൽ വീണ്ടും ചികിത്സിച്ച് വൃക്കകളെ പൂർവ്വസ്ഥിതിയിൽ ആക്കുവാൻ സാധിക്കുകയില്ല. പെട്ടന്ന് ഉണ്ടാകുന്ന വൃക്കരോഗത്തിന് (അക്യൂട്ട് കിഡ്നി ഡിസീസ്)കാരണമാകുന്ന പാമ്പ് വിഷം, എലിപ്പനി, ക്രമാതീതമായ വയറിളക്കം, ഗുരുതരമായ ഹൃദ്രോഗം, അമിത രക്തസ്രാവം, ചില മരുന്നുകളോടുള്ള അലർജി, ഗുരുതരമായ തീപ്പൊള്ളൽ എന്നിവയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാൽ അക്യൂട്ട് കിഡ്നി ഡിസീസിനെ ആരംഭത്തിലെ തിരിച്ചറിഞ്ഞ് തക്കസമയത്ത് ചികിത്സിച്ചാൽ പൂർണ്ണമായും ഭേദമാക്കുവാൻ സാധിക്കും.

വൃക്കരോഗത്തിന്റെ പ്രധാന കാരണങ്ങൾ : നിയന്ത്രണാതീതമായ പ്രമേഹവും അധിക രക്ത സമ്മർദ്ദവുമാണ് ഈ രോഗത്തിന് പ്രധാനമായും കാരണമാകുന്നത്. കൂടാതെ നിരന്തരമായ വേദന സംഹാരികളുടെയും മറ്റ് ചില ഗുളികളുടെയും മരുന്നുകളുടെയും അമിതമായ ഉപയോഗം സ്ഥായിയായ വൃക്കരോഗത്തിലേയ്ക്ക് നയിക്കും. വൃക്കയിലെ ചെറുമുഴകൾ, മൂത്രത്തിൽ കല്ല്, മൂത്രത്തിൽ അണുബാധ, വൃക്കയിൽ കല്ല്, ഗർഭിണികൾക്ക് 6 മാസം ആകുമ്പോൾ ഉണ്ടാകുവാൻ സാധ്യതയുള്ള പി.ഐ.എച്ച് (പ്രഗ്നൻസി ഇൻഡ്യൂസ് ഹൈപ്പർ ടെൻഷൻ), പുരുഷന്മാരുടെ പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ പ്രശ്നങ്ങൾ, കുട്ടികൾക്കുണ്ടാകുവാൻ സാധ്യതയുള്ള നെഫ്രൈറ്റിസ് (വൃക്കയിൽ നീർവീക്കം) എന്നിവയും ആരംഭത്തിലെ ശരിയായി ചികിത്സിച്ച് ഭേദമാക്കിയില്ലെങ്കിൽ വൃക്കരോഗത്തിന് കാരണമായേക്കാം. ഹൃദ്രോഗമുള്ളവർ ഭക്ഷണ നിയന്ത്രണവും ശരിയായ ജീവിതശൈലിയും പാലിച്ചില്ലെങ്കിൽ വൃക്കരോഗത്തിന് സാധ്യതയേറുന്നു. മൂത്ര തടസ്സമുണ്ടാക്കുന്ന ചില രോഗങ്ങളും (ഒബ്സ്ട്രക്റ്റീവ് നെഫ്രോപ്പതി) കാരണമാകുന്നുണ്ട്. പ്രസവ സമയത്ത് വൃക്കരോഗം ബാധിച്ചിട്ടുണ്ടെങ്കിൽ കുഞ്ഞിനെ ബാധിക്കാനുള്ള സാധ്യതയും ഏറെയാണ്. കൂടിയ അളവിൽ വിഷം/കീടനാശിനി അടിച്ച പച്ചക്കറി, പഴവർഗ്ഗങ്ങൾ, അധിക ഹോർമോൺ അടങ്ങിയ മത്സ്യമാംസാദികൾ, ഉപ്പ്, കൊഴുപ്പ് എന്നിവ അടങ്ങിയ ഫാസ്റ്റ് ഫുഡ്, കളർ ചേർത്തതും വറുത്തതും പൊരിച്ചതുമായ മധുരപലഹാരങ്ങൾ തുടങ്ങിയവയുടെയൊക്കെ നിരന്തരമായ ഉപയോഗം, ക്രമം തെറ്റിയ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം ഇല്ലായ്മ, വെള്ളം കുടി കുറവ്, സമയത്തിന് ആവശ്യത്തിന് ഉറക്കമില്ലായ്മ, അമിതമായ മദ്യപാനവും പുകവലിയും എന്നിങ്ങനെ അശ്രദ്ധകൊണ്ട് നാം സ്വയം വരുത്തിവെക്കുന്ന ഘടകങ്ങൾ മൂലം അമിത കൊളസ്ട്രോളിൽ തുടങ്ങി പലവിധ ജീവിതശൈലി രോഗങ്ങൾക്ക് കാരണമാകുന്നു. അങ്ങനെ വൃക്കകളുടെ ജോലിഭാരം വർദ്ധിച്ച് സ്ഥായിയായ വൃക്ക രോഗത്തിന് സാധ്യത ഏറുകയും ചെയ്യുന്നു.

### പ്രതിരോധ മാർഗ്ഗങ്ങൾ

1. പ്രമേഹവും രക്തസമ്മർദ്ദവും ഉണ്ടാകാതെ ശ്രദ്ധിക്കുക/ഉണ്ടെങ്കിൽ പ്രധാനമായും ഭക്ഷണ ക്രമീകരണങ്ങളിലൂടെയും ചിട്ടയായ വ്യായാമത്തിലൂടെയും വിദഗ്ദ്ധ ഡോക്ടറുടെ നിർദ്ദേശപ്രകാരം അവശ്യ മരുന്നുകളിലൂടെയും നിയന്ത്രണത്തിലാക്കുക.

2. അനാവശ്യമായ വേദന സംഹാരികൾ, മറ്റു ഗുളികകൾ, മരുന്നുകൾ, ഒറ്റമൂലികൾ തുടങ്ങിയവയുടെ അമിതമായ ഉപയോഗം കുറയ്ക്കുക. ചെറിയ അസുഖങ്ങൾക്ക് പോലും അമിതമായി ഗുളികകളും മരുന്നുകളും കഴിക്കുന്ന പ്രവണത ഒഴിവാക്കുക. ഭക്ഷണ നിയന്ത്രണം കൊണ്ടും ജീവിത ശൈലി ക്രമീകരിച്ചുകൊണ്ടും പലവിധ ചെറുകിട അസുഖങ്ങളേയും ആരംഭത്തിൽ തന്നെ മാറ്റിയെടുക്കാവുന്നതാണ്.

3. വൃക്കയിൽ നീർവീക്കം (നെഫ്രൈറ്റിസ്), പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ തകരാറുകൾ, മൂത്രത്തിൽ കല്ല്, മൂത്രത്തിൽ അണുബാധ, വൃക്കയിൽ കല്ല്, വൃക്കയിൽ ചെറുമുഴകൾ, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിങ്ങനെയുള്ളവ ബാധിക്കാതെ ശ്രദ്ധിക്കുക. ബാധിച്ചാൽ ആരംഭത്തിൽ തന്നെ ശരിയായ രീതിയിൽ ചികിത്സിച്ച് ഭേദമാക്കുക.



ലേഖകൻ

4. ശരീരത്തിന് ആവശ്യമായ രീതിയിൽ ദിവസം തോറും 12/15 ഗ്ലാസ്സ് വെള്ളം കുടിക്കുക. ആവശ്യ സമയത്ത് മൂത്രം ഒഴിക്കുന്നതിലൂടെ (ദിവസേന ഒന്നര ലിറ്ററെങ്കിലും) മൂത്രാശയ രോഗങ്ങളെ തടയുക. പക്ഷെ വൃക്കരോഗ ബാധിതർക്ക് വെള്ളം കുടി കുറയ്ക്കേണ്ടതായിട്ടുണ്ട്.

5. യോഗയും എയ്റോബിക്സ് രീതിയിലുള്ള വ്യായാമ മുറകളും ദിവസവും ഒന്നര മണിക്കൂർ എങ്കിലും ക്രമമായും തുടർച്ചയായും ചെയ്ത് ശീലിക്കുക. ശരീരഭാരം നിയന്ത്രിക്കുക.

6. കൃത്യ സമയത്തുള്ള ഭക്ഷണരീതിയും ആവശ്യത്തിന് ഉറക്കവും ശീലിക്കുക.

7. അധിക കൊഴുപ്പും, ഉപ്പും അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ പരമാവധി ഒഴിവാക്കി, കൊളസ്ട്രോൾ പോലെയുള്ള ജീവിതശൈലി രോഗങ്ങളും, ഹൃദ്രോഗം തുടങ്ങിയ മറ്റസുഖങ്ങളും വരാതെ ശ്രദ്ധിക്കുക. ഉണ്ടെങ്കിൽ, ഭക്ഷണ ക്രമീകരണത്തിലൂടെയും ചിട്ടയായ വ്യായാമത്തിലൂടെയും അവശ്യ ചികിത്സയിലൂടെയും നിയന്ത്രണത്തിലാക്കുക.

8. അമിത അളവിൽ കീടനാശിനിയടിച്ച പച്ചക്കറി പഴവർഗ്ഗങ്ങൾ, അധിക ഹോർമോൺ അടങ്ങിയ മത്സ്യം, മാംസം, കളർ ചേർത്തതും വറുത്തതും പൊരിച്ചതുമായ മധുര പലഹാരങ്ങൾ എന്നിവയുടെ നിരന്തര ഉപയോഗം കുറയ്ക്കുക.

9. അമിത മദ്യപാനം, പുകവലി ഒഴിവാക്കുക.

10. കീടനാശിനി ഇല്ലാത്ത ഫൈബർ അടങ്ങിയ പച്ചക്കറി വർഗ്ഗങ്ങൾ, പഴച്ചാറുകൾ, തവിട് കളയാത്ത ധാന്യങ്ങൾ എന്നിവ സ്ഥിരമായി ഭക്ഷണത്തിൽ ഉൾപ്പെടുത്തി ചവച്ചരച്ച് കഴിക്കുക (പ്രത്യേകിച്ച് പ്രഭാത ഭക്ഷണത്തോടൊപ്പം).

11. കുടംബത്തിലാർക്കെങ്കിലും(പിതാവ്, മാതാവ്, സഹോദരങ്ങൾ, വല്യപ്പൻ, വല്യമ്മ) വൃക്കരോഗത്തിന് അടിമപ്പെട്ടിട്ടുണ്ടെങ്കിൽ സ്കാനിംഗിലൂടെ വൃക്കയിൽ ചെറുമുഴകളുണ്ടോ എന്ന് പരിശോധിച്ച് ആരോഗ്യസ്ഥിതി ഉറപ്പ് വരുത്തുന്നത് ഉചിതമായിരിക്കും.

12. കുട്ടികളിൽ (മുതിർന്നവർക്കും ബാധകം) ഭക്ഷണത്തിന് മുൻപും, ശേഷവും, ടോയ്ലെറ്റ് ഉപയോഗത്തിന് ശേഷവും സോപ്പുപയോഗിച്ച് കൈ കഴുകൽ ശീലമാക്കുക. ശുചിത്വമില്ലായ്മ പല അസുഖങ്ങൾക്ക് കാരണമാവുകയും തന്മൂലം വൃക്കരോഗത്തിന് വാതിലുകൾ തുറക്കുകയും ചെയ്യുന്നു.

13. അക്യൂട്ട് കിഡ്നി ഡിസീസിന് എത്രയും പെട്ടെന്ന് തന്നെ ഡോക്ടറെ സമീപിച്ച് ചികിത്സ തേടുക.

പരിശോധനകൾ: ചിട്ടയായ ഭക്ഷണ നിയന്ത്രണവും, ജീവിതശൈലിയും പാലിക്കാൻ സാധിക്കാത്തവർ, പ്രത്യേകിച്ച് പ്രമേഹ രോഗമുള്ളവരും രക്ത സമ്മർദ്ദമുള്ളവരും വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും മൂത്രത്തിലെ മൈക്രോ ആൽബുമിൻ, മൂത്ര സൂക്ഷ്മാണു പരിശോധന, രക്തത്തിലെ ക്രിയാറ്റിനിൻ, യൂറിയ, ഹീമോഗ്ലോബിൻ, ലവണങ്ങൾ തുടങ്ങിയവ പരിശോധിച്ച് വൃക്കകളുടെ ആരോഗ്യസ്ഥിതി ഉറപ്പുവരുത്തുക.

### വൃക്ക രോഗാരംഭമുണ്ടെന്ന് തിരിച്ചറിഞ്ഞാൽ

ക്രോണിക് വൃക്കരോഗത്തിന്റെ ആരംഭമുണ്ടെന്ന് പരിശോധനയിലൂടെ എന്നെങ്കിലും തിരിച്ചറിഞ്ഞാൽ വിദഗ്ദ്ധ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ഭക്ഷണ ക്രമീകരണങ്ങളിലൂടെയും വ്യായാമത്തിലൂടെയും ജീവിതശൈലി പാകപ്പെടുത്തിയെടുത്തും വൃക്കകളുടെ ജോലി ഭാരം കുറയ്ക്കുവാൻ ശ്രദ്ധിക്കുക. കൂടാതെ പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങി ചെറുതും വലുതുമായ എന്തെങ്കിലും രോഗങ്ങളുണ്ടെങ്കിൽ ഭക്ഷണ രീതി നിയന്ത്രിച്ചും ജീവിതശൈലി മാറ്റപ്പെടുത്തിയും ശരിയായ ചികിത്സയിലൂടെയും പൂർണ്ണമായും ഇവയെ ഭേദമാക്കുക; നിയന്ത്രണത്തിലാക്കുക. വൃക്കരോഗാരംഭം ഉണ്ടെങ്കിൽ പഴങ്ങൾ കഴിക്കുന്നതും വെള്ളം കുടിക്കുന്നതുപോലും നിയന്ത്രിച്ച് വൃക്കകളുടെ ജോലി ഭാരം കുറയ്ക്കുകയാണ് ചെയ്യേണ്ടത്. അനാവശ്യമായ ജീവിത തിരക്കുകളും മാനസിക പിരുമുറുക്കങ്ങളെയും പൂർണ്ണമായും ഒഴിവാക്കി ശരീരത്തിനനുസരിച്ചുള്ള വ്യായാമം കർശനമായും ശീലിച്ച് വീണ്ടും മറ്റ് രോഗങ്ങൾ വരാതെയും മറ്റ് അവയവങ്ങൾക്ക് കേടുപാടുകൾ ഉണ്ടാകാതെയും ശ്രദ്ധിക്കുക. ഒപ്പം തന്നെ വിദഗ്ദ്ധ ഡോക്ടറുടെ നിർദ്ദേശ പ്രകാരം പ്രവർത്തനശേഷിയുള്ള വൃക്കകളുടെ ഭാഗം എത്ര ശതമാനമുണ്ടെന്ന് മനസ്സിലാക്കി അവയുടെ ജോലിഭാരം കുറച്ച് രോഗം മൂർച്ഛിക്കാതെ തടയുക. പ്രവർത്തിക്കുന്ന വൃക്കകളുടെ ഭാഗത്ത് രോഗം ബാധിക്കാതിരിക്കുവാനുള്ള മുൻകരുതലുകളും എടുക്കുക, ജീവിതരീതി നിയന്ത്രിക്കുക.

ചിന്തിക്കുക... ഈശ്വരൻ സൗജന്യമായി നൽകിയ സുന്ദരമായ നമ്മുടെ ശരീരത്തേയും ആന്തരീകാവയവങ്ങളെയും വെറും അശ്രദ്ധകൊണ്ടും അനാവശ്യ തിരക്കുകൊണ്ടും ഒരു രോഗത്തിനും വിട്ടുകൊടുക്കാതെ സമാധാനപരമായി സന്തോഷകരമായി ജീവിച്ചുകൊണ്ട് വരും തലമുറയ്ക്ക് നമുക്ക് മാതൃകയാവാം.

## ഇന്ത്യൻ എംബസിയിൽ ഹെല്പ് ലൈൻ

വാഷിങ്ടൺ: ബെർമുഡ, ഡലവെയർ, കൊളംബിയ ഡിസ്ട്രിക്ട്, കെന്റുക്കി, മേരിലാന്റ്, നോർത്ത് കരോളിനാ, വെർജീനിയ, വെസ്റ്റ് വെർജീനിയ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് യാത്ര ചെയ്യുന്നവർക്കായി ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ തുറന്നതായി വാഷിങ്ടൺ ഇന്ത്യൻ എംബസിയുടെ ഔദ്യോഗിക അറിയിപ്പിൽ പറയുന്നു.



കൊറോണ വൈറസിനെ പ്രതിരോധിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാടുകൾ അറിയുന്നതിനും യാത്രാനിയന്ത്രണം, വിലക്ക് എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും അറിയണമെന്ന് ആഗ്രഹിക്കുന്നവർ 202 213 1364, 202 262 0375 എന്നീ നമ്പറുകളുമായോ cons4.washington@mea.-gov.in എന്ന ഇ-മെയിലുമായോ ബന്ധപ്പെടാവുന്നതാണ്.

അമേരിക്കയിൽ വിവിധ സംസ്ഥാനങ്ങളിൽ ഉള്ളവർ ബന്ധപ്പെടേണ്ട നമ്പറുകൾ (ഇന്ത്യൻ എംബസി): ഇല്ലിനോയി-ഇന്ത്യാന, മിഷിഗൺ, മിനിസോട്ട-312 687 3642, അർക്കൻസാസ്-ലൂസിയാന, ഒക്കലഹോമ-ടെക്സാസ്-713 626 2149, ന്യൂജേഴ്സി-ന്യൂയോർക്ക്-കണക്ട്ടിക്കട്ട്-212 774 0607, അലാസ്ക-അരിസോണ-കാലിഫോർണിയ-415 483 6629.

കൊറോണ വൈറസ് വ്യാപകമായതിനെത്തുടർന്ന് മാർച്ച് 11ന് ഇന്ത്യാ ഗവൺമെന്റ് വിസ വിതരണത്തിൽ കനത്ത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഏപ്രിൽ 15 വരെയാണ് നിയന്ത്രണം.

അത്യാവശ്യമായി യാത്ര ചെയ്യേണ്ടവർ അടുത്ത ഇന്ത്യൻ എംബസിയുമായി ബന്ധപ്പെടണമെന്നും അധികൃതർ നിർദ്ദേശിച്ചു.

## സിങ് ഹല്ലേലുയ്യ പ്രോഗ്രാം മാറ്റിവെച്ചു

ജിനേഷ് തമ്പി

ന്യൂജേഴ്സി: കൊറോണ വൈറസ് പരക്കുന്ന സാഹചര്യത്തിൽ സാധക സ്കൂൾ ഓഫ് മ്യൂസിക്കിന്റെ ഭാഗമായ സാധക മ്യൂസിക് ബാൻഡ് ഏപ്രിൽ നാലിന് ശനിയാഴ്ച വൈകുന്നേരം 5ന് റോക്‌ലാൻഡ് കൗണ്ടിയിലുള്ള എബനേസർ ഫുൾ ഗോസ്പൽ അസംബ്ലി ചർച്ച് ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന സിങ് ഹല്ലേലുയ്യ 2020 പ്രോഗ്രാം മാറ്റിവെച്ചു. പുതിയ തീയതി ഒക്ടോബർ പത്താണ്.

പ്രോഗ്രാം മാറ്റിയതു മൂലമുണ്ടായ അസൗകര്യത്തിൽ ഖേദം പ്രകടിപ്പിക്കുന്നതായും ഒക്ടോബറിൽ നടക്കുന്ന പരിപാടിക്ക് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും സാധക ഡയറക്ടർ കെ.ഐ അലക്സാണ്ടർ അറിയിച്ചു. സംഗീത സായാഹ്ന പരിപാടി സിങ് ഹല്ലേലുയ്യ 2020 പ്രോഗ്രാമിന്റെ ടിക്കറ്റ് കിക്കോഫ് ഫെബ്രുവരി പതിനഞ്ചിന് ആർഡിസ്ലെയിലെ സെ. ബർണബാസ് ദേവാലയത്തിൽ നടന്നിരുന്നു.

കിഡ്നി സംബന്ധമായ രോഗബാധിതരേയും ഡയാലിസിസ് രോഗികൾക്കും കൈത്താങ്ങാകുന്നതിനു ലക്ഷ്യമിട്ടാണ് സാധക മ്യൂസിക് ബാൻഡ് ഈ പ്രോഗ്രാം അവതരിപ്പിക്കുന്നത്. റവ.ഫാ. ഡേവിസ് ചിറമേൽ വിഭാവനം ചെയ്ത കാരുണ്യ സ്പർശം എന്ന പദ്ധതിയുടെ ഭാഗമായാണ് സിങ് ഹല്ലേലുയ്യ 2020 പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നത്. എല്ലാ ആളുകളേയും ഒക്ടോബർ പത്തിന് നടക്കുന്ന പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു. വിവരങ്ങൾക്ക്: കെ.ഐ. അലക്സാണ്ടർ 267 632

## സ്വർണ്ണം, റബർ മാർക്കറ്റ്

(ഫിലാഡൽഫിയ ബ്യൂറോ)

### സ്വർണ്ണം

| | |
|---|---|
| 8 ഗ്രാം | 30600 |
| 1 ഗ്രാം | 3825 |

### റബർ

| | |
|---|---|
| കോട്ടയം | 13500 |
| കൊച്ചി | 13450 |
| കോഴിക്കോട് | 13150 |

### രാജ്യാന്തരം

| | |
|---|---|
| ബാങ്കോക്ക് | |
| ആർ.എസ്.എസ്.-1 | 11911 |
| ആർ.എസ്.എസ്.-2 | 11776 |
| ആർ.എസ്.എസ്.-3 | 11652 |
| ആർ.എസ്.എസ്.-4 | 11584 |
| എസ്.എം.ആർ.-20 | 9490 |


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


7 മലയാളം ചാനൽ, മാസം $13.33 മാത്രം
ഒരു വർഷത്തേക്ക് $160.00 ഒരുമിച്ച് അടക്കുക. *
മഴവിൽ manorama
SURYA
SURYA MOVIE
KAIRALI
KAIRALI NEWS
WE
NEWS 18 കേരളം
WILLOW
INDIA TODAY TELEVISION
NDTV 24x7
dish അമേരിക്കയിലെ അംഗീകൃത മലയാളം ചാനൽ വിതരണക്കാർ.
sling
UNITED MEDIA DVP INC
AUTHORIZED RETAILER
UNITEDMEDIALIVE.COM
unitedmediads@gmail.com
Call: 972 839 9080 - 914 954 9586
മഴവിൽ മനോരമ, സൂര്യ, സൂര്യ സിനിമ, കൈരളി, കൈരളി ന്യൂസ്, കൈരളി വി ചാനൽ, ചാനൽ 18 മലയാളം ന്യൂസ്, രണ്ടു ക്രിക്കറ്റ് ചാനൽ. കൂടാതെ നിരവധി ഫ്രീ ചാനലുകളും




# മോഹൻകുമാർ ഫാൻസ്



വിജയ് സൂപ്പറും പൗർണമിയും എന്ന ചിത്രത്തിനുശേഷം ജിസ് ജോയ് സംവിധാനം ചെയ്യുന്ന ചിത്രമാണ് മോഹൻകുമാർ ഫാൻസ്. മാജിക് ഫ്രെയിംസിന്റെ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫൻ നിർമിക്കുന്ന ചിത്രമാണിത്.

വലിയൊരു താരനിര അണിരിക്കുന്ന ചിത്രത്തിൽ കുഞ്ചാക്കോ ബോബനാണ് പ്രധാന താരം. സിദ്ധിഖും ശ്രീനിവാസനും തുല്യപ്രാധാന്യമുള്ള വേഷങ്ങൾ അവതരിപ്പിക്കുന്നു. ഈ ചിത്രത്തിന്റെ ടൈറ്റിൽ കഥാപാത്രമായ മോഹൻ കുമാറിനെയാണ് സിദ്ദിഖ് അവതരിപ്പിക്കുന്നത്. മലയാള സിനിമയിലെ ഒരു സൂപ്പർ സ്റ്റാറാണ് മോഹൻകുമാർ. വർഷങ്ങളായി ഈ രംഗത്ത് തുടരുന്ന താരം. മലയാളത്തിലെ പ്രശസ്ത താരങ്ങൾക്കൊപ്പം മത്സരിച്ച് അഭിനയിച്ച് ചെന്നൈയിൽ കോടമ്പക്കത്ത് വളരെ ക്ലേശകരമായ ജീവിതം നയിച്ച ഒരു നടനാണ് മോഹൻകുമാർ. ഇന്നും വളരെ സെലക്ടീവായി മാത്രം അഭിനയിക്കുന്ന നടൻ. ഒരു മകൾ മാത്രം ശ്രീരഞ്ജിനി - ഗായികയാണ്.

കുഞ്ചാക്കോ ബോബൻ കൃഷ്ണനുണ്ണി എന്ന കഥാപാത്രത്തെയാണ് ഈ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. ഗായകനും സിനിമയിൽ പാടി യേശുദാസിനെപ്പോലെ പേരെടുക്കുക എന്ന മോഹവുമായിക്കഴിയുന്ന ചെറുപ്പക്കാരനാണ് കൃഷ്ണനുണ്ണി. ശ്രീരഞ്ജിനിയാണ് കൃഷ്ണനുണ്ണിക്കൊപ്പം സ്റ്റുഡിയോയിൽ പാടുന്നത്.

കൃഷ്ണനുണ്ണി, മോഹൻകുമാർ എന്നിവർക്കൊപ്പം മറ്റൊരു പ്രധാന കഥാപാത്രം പോളൂട്ടി ബ്രദർ ആണ്. ഒരു ഡിവൈൻ കഥാപാത്രം. മോഹൻകുമാറിന്റെ സുഹൃത്താണ്. സിനിമാ ലോകത്തെ വലിയ പ്രമാണി. ഇവർക്കൊപ്പം ഈ കാലഘട്ടത്തിലെ ഒരു സൂപ്പർ താരം നിർമാതാവ് പ്രകാശ് എന്നിവരും പ്രധാന കഥാപാത്രങ്ങളാണ്. പുതുമുഖം അനാർക്കലിയാണ് നായിക കഥാപാത്രമായ ശ്രീരഞ്ജിനിയെ അവതരിപ്പിക്കുന്നത്. പോളൂട്ടി ബ്രദറായി അഭിനയിക്കുന്നത് വിനയ് ഫോർട്ടാണ്. മുകേഷ് നിർമാതാവ് പ്രകാശ് മാത്യുവാകുന്നു. സൈജുകുറുപ്പ്, രമേഷ് പിഷാരടി, സുധീർ കരമന, കെപിഎസി ലളിത, കൃഷ്ണ ശങ്കർ, ടി.ജി. രവി, പ്രശാന്ത് അലക്സാണ്ടർ, പ്രിയനന്ദൻ, അഞ്ജലി നായർ, ദീപാ തോമസും എന്നിവരും പ്രധാന താരങ്ങളാണ്.

ബോബി സഞ്ജയുടെ കഥയ്ക്ക് സംവിധായകൻ ജിസ് ജോയ് തന്നെ തിരക്കഥ ഒരുക്കിയിരിക്കുന്നു. ജിസ് ജോയിയുടെ ഗാനങ്ങൾക്ക് പ്രിൻസ് ജോർജ് ഈണം പകർന്നിരിക്കുന്നു. മാജിക് ഫ്രെയിംസ് ഏപ്രിൽ മാസത്തിൽ ചിത്രം പ്രദർശനത്തിനെത്തിക്കും.

## തമിഴ് പെണ്ണായി രജീഷ

മലയാളി താരം രജീഷ വിജയന്റെ ആദ്യ തമിഴ് ചിത്രമായ കർണന്റെ ലൊക്കേഷൻ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ വൈറലാവുകയാണ്. പരിയേറും പെരുമാൾ എന്ന ചിത്രത്തിനു ശേഷം മാരി ശെൽവരാജ് സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ധനുഷ് നായകനാകുന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് ജനുവരിയിലാണ് ആരംഭിച്ചത്. ലാൽ ആണ് ചിത്രത്തിൽ ശ്രദ്ധേയമായ മറ്റൊരു മലയാളി താരം. യോഗി ബാബുവും പ്രധാനപ്പെട്ട വേഷം കൈകാര്യം ചെയ്യുന്നു. ചിത്രത്തിലെ രജീഷയുടെ നാടൻ തമിഴ് പെണ്ണിന്റെ വേഷത്തിലുള്ള ചിത്രങ്ങളാണ് സോഷ്യൽ മീഡിയയിൽ



വൈറലായിരിക്കുന്നത്. ധനുഷിന്റെ നാൽപ്പത്തിയൊന്നാമത്തെ ചിത്രമായ കർണൻ കലൈപുലി എസ്. താണുവിന്റെ വി ക്രിയേഷൻസാണ് നിർമിക്കുന്നത്. സന്തോഷ് നാരായണനാണ് സംഗീതം ഒരുക്കിരിക്കുന്നത്.

## ചന്ദ്ര വീണ്ടും വെള്ളിത്തിരയിൽ



പത്തുവർഷത്തെ ഇടവേളയ്ക്ക് ശേഷം ചന്ദ്ര ലക്ഷ്മൺ വീണ്ടും ബിഗ് സ്ക്രീനിലേക്ക്. 'ദി ഗോസ്റ്റ് റൈറ്റർ' എന്ന പുതിയ സിനിമയിലൂടെയാണ് ചന്ദ്ര വീണ്ടും വെള്ളിത്തിരയിലെത്തുന്നത്. എം.ആർ. അജയൻ കഥ, തിരക്കഥ, സംഭാഷണം എഴുതി സംവിധാനം ചെയ്യുന്ന ദി ഗോസ്റ്റ് റൈറ്റർ എന്ന സിനിമയുടെ ചിത്രീകരണം തൊടുപുഴയിൽ ആരംഭിച്ചിരിക്കുകയാണ്.

2002ൽ പുറത്തിറങ്ങിയ മനസെല്ലാം എന്ന തമിഴ് ചിത്രത്തിലൂടെ ചലച്ചിത്രരംഗത്തു പ്രവേശിച്ച ചന്ദ്ര 'സ്റ്റോപ്പ് വയലൻസ്' എന്ന ചിത്രത്തിലൂടെയാണ് മലയാളത്തിലെത്തുന്നത്.

2010ൽ റിലീസ് ചെയ്ത തില്ലാലങ്കടി എന്ന തമിഴ്ചിത്രമാണ് ഏറ്റവും ഒടുവിൽ അഭിനയിച്ച സിനിമ. അതേസമയം മലയാളത്തിലും തമിഴിലുമായി ഇരുപത്തഞ്ചിലേറെ സീരിയലുകളിൽ അഭിനയിച്ചുകൊണ്ട് അഭിനയരംഗത്ത് ചന്ദ്ര സജീവമായിരുന്നു.

## മമ്മൂട്ടി ചിത്രത്തിന്റെ ഷൂട്ടിംഗ് നിർത്തിവെച്ചു

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ജാഗ്രത പുലർത്താനുള്ള നിർദേശം പുറപ്പെടുവിച്ചതിനെ തുടർന്ന് മമ്മൂട്ടി ചിത്രം ദി പ്രീസ്റ്റ് ചിത്രീകരണം നിർത്തിവെച്ചു. നവാഗതനായ ജോഫിൻ ടി. ചാക്കോയാണ് ചിത്രം സംവിധാനം ചെയ്യുന്നത്.


ആദ്യമായി മമ്മൂട്ടിയും മഞ്ജു വാര്യരും ഒന്നിക്കുന്ന ചിത്രമെന്ന പ്രത്യേകതയും ദി പ്രീസ്റ്റ് എന്ന ചിത്രത്തിനുണ്ട്. മഞ്ജുവിന്റെ ദീർഘകാല സ്വപ്നങ്ങളിലൊന്നായിരുന്നു മമ്മൂട്ടിയുടെ നായികയായി അഭിനയിക്കുക എന്നത്. പുരോഹിതന്റെ ലുക്കിലുള്ള മമ്മൂട്ടിയുടെ ദി പ്രീസ്റ്റിന്റെ പോസ്റ്റർ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. നിഖില വിമൽ, ശ്രീനാഥ് ഭാസി, സാനിയ അയ്യപ്പൻ തുടങ്ങിയവരാണ് മറ്റ് താരങ്ങൾ.

## കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ്

മികച്ച അഭിപ്രായം നേടിയ രണ്ടു പെൺകുട്ടികൾ, കുഞ്ഞുദൈവം എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ജിയോ ജോബി സംവിധാനം ചെയ്യുന്ന ചിത്രമാണ് കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ്.

ടൊവിനോ നിർമാണ രംഗത്തേക്ക് കടക്കുന്ന ചിത്രം കൂടിയാണിത്. ടൊവിനോക്കൊപ്പം റംഷി അഹമ്മദ്, ആന്റോ ജോസഫ്, സിനു സിദ്ധാർത്ഥ് എന്നിവർ ചേർന്നാണ് നിർമിക്കുന്നത്.

ടൊവിനോ തോമസാണ് നായകൻ. ന്യൂയോർക്കുകാരി ഇന്ത്യയാണ് ചിത്രത്തിലെ നായിക. ന്യൂയോർക്കിലെ ആക്ടിംഗ് സ്കൂളിൽ വിദ്യാർത്ഥിനിയായിരിക്കുമ്പോഴാണ് ഇന്ത്യ ഈ സിനിമയിൽ അഭിനയിച്ചത്. അമേരിക്കയിൽ നിന്നുള്ള വനിത ഇന്ത്യയിൽ യാത്ര ചെയ്യുന്നതും അവരുടെ യാത്രയിൽ യാത്രാ സഹായിയായി ഒരു മലയാളി പയ്യൻ ഒപ്പം ചേരുന്നതുമാണ് ചിത്രത്തിന്റെ ഇതിവൃത്തം. ഒരു റോഡ് മൂവിയാണെങ്കിലും ബന്ധങ്ങളുടെ കഥ പറയുന്ന



ചിത്രം കൂടിയാണിത്. ജോജു ജോർജ്, ബേസിൽ ജോസഫ്, സിദ്ധാർത്ഥ് ശിവ എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രമുഖ താരങ്ങൾ. സംവിധായകന്റേത് തന്നെയാണ് തിരക്കഥ. സിനു സിദ്ധാർത്ഥ് ക്യാമറ ചലിപ്പിക്കുന്ന ചിത്രത്തിന്റെ സംഗീത സംവിധാനം സൂരജ് എസ്. കുറുപ്പാണ്. ഒരു റോഡ് മൂവിയായാണ് ചിത്രം ഒരുങ്ങുന്നത്.



പകൽക്കിനാവ്

ജോർജ് തുമ്പയിൽ 192
thumpayil@aol.com

# കൊറോണ വന്നാൽ അമേരിക്ക എന്തു ചെയ്യും?

ഇങ്ങനെയൊരു ചോദ്യത്തെക്കുറിച്ച് രണ്ടര മാസം മുൻപ് അമേരിക്കക്കാർ ചോദിച്ചിരുന്നു. ചൈനയിലെ വുഹാനിൽ നിന്നുള്ള വൈറസ് പുറത്തിറങ്ങി നാടെങ്ങും പകർച്ചവ്യാധിയായി പടർന്നു പിടിച്ചപ്പോഴായിരുന്നു ഇത്. അപ്പോഴേയ്ക്കും ഈ വൈറസ് അമേരിക്കയെയാണ് ലക്ഷ്യം വെക്കുന്നതെന്നും പ്രചാരണം തുടങ്ങിയിരുന്നു. അന്നാണ് ആദ്യമായി അമേരിക്കക്കാർ ഇത് ഇവിടേക്ക് വന്നാലെന്തു ചെയ്യണമെന്നു ചിന്തിച്ചത്. അതിന് ഉത്തരം കിട്ടും മുൻപേ ഇത് ഏഴു കടലും കടന്ന് ഇവിടെയെത്തി. 60 പേരെ ഉയിരോടെ മുകളിലേക്ക് ഉയർത്തുകയും ചെയ്തു.... (വാഷിങ്ടണിൽ മാത്രം 40 മരണം)

ലോകത്തിൽ ആധുനികമായി ഒന്നാം സ്ഥാനത്തുമായിരിക്കാം അമേരിക്ക, എന്നാൽ ആരോഗ്യകരമായ കാര്യങ്ങളിൽ തങ്ങളുടെ പൗരന്മാരെ എങ്ങനെ സമീപിക്കണമെന്ന കാര്യത്തിൽ ഇപ്പോഴും ഈ രാജ്യം അത്ര പുരോഗതിയിലാണോ എന്നു ചോദിച്ചാൽ അതിനുള്ള മറുപടിയാണ്, ഇപ്പോഴത്തെ കൊറോണ മൂലമുണ്ടായ 60 മരണം. ലോകമെങ്ങും ആറായിരത്തോളം മരണം ഇതുവരെ റിപ്പോർട്ട് ചെയ്തു കഴിഞ്ഞു.

രോഗം ഉറവയെടുത്ത ചൈന കഴിഞ്ഞാൽ പിന്നെ, അതിൽ യൂറോപ്പാണ് ഏറ്റവും മുന്നിലെന്നു വേണം കരുതാൻ. ഇവിടെ ജർമ്മനിയിൽ ഇതുവരെ മരിച്ചത് പത്തു പേർ മാത്രമാണ്, റിപ്പോർട്ട് ചെയ്തത് ആയിരം കേസുകൾ മാത്രവും. ആരോഗ്യകാര്യത്തിൽ ജർമ്മനി പുലർത്തുന്ന മാതൃകയാണ് അമേരിക്ക അടക്കമുള്ള രാജ്യങ്ങൾ ഇനി പിന്തുടരേണ്ടതെന്നു പറഞ്ഞാൽ അത് തെല്ലും അതിശയോക്തിയല്ല. ജർമ്മനിയിലെ ആശുപത്രികൾ ക്രാങ്കൻഹോസ് എന്ന് വിളിക്കപ്പെടുന്നു, മധ്യകാലഘട്ടം മുതലുള്ളതാണ് ഇവ. ഇന്ന് ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന സാർവത്രിക ആരോഗ്യ പരിരക്ഷാ സമ്പ്രദായം ജർമ്മനിയിലുണ്ട്. 1880 മുതൽ പരിഷ്കാരങ്ങളും വ്യവസ്ഥകളും സന്തുലിത ആരോഗ്യം ഉറപ്പാക്കിയിരുന്നു ഇവിടെ. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ജർമ്മനിയുടെ ആരോഗ്യ പരിരക്ഷാ സമ്പ്രദായം 77% സർക്കാർ ധനസഹായവും 23% സ്വകാര്യ ധനസഹായവുമായിരുന്നു. 2014 ൽ ജർമ്മനി ജിഡിപിയുടെ 11.3% ആരോഗ്യ സംരക്ഷണത്തിനായി ചെലവഴിച്ചു. 2013 ൽ ജർമനി ലോകത്ത് ഇരുപതാം സ്ഥാനത്താണ്. പുരുഷന്മാർക്ക് 77 വർഷവും സ്ത്രീകൾക്ക് 82 വർഷവുമാണ് ഇത് ആയുർദൈർഘ്യം. ശിശുമരണനിരക്ക് വളരെ കുറവാണ് (ആയിരം ജനനങ്ങളിൽ 4 എണ്ണം). 37% ഹൃദയരോഗമാണ് മരണകാരണം. കൊറോണ ഇറ്റലിയിൽ ആഞ്ഞടിച്ചിട്ടും ജർമ്മനിയെ കാര്യമായി വിറപ്പിക്കാതിരുന്നതിനു പിന്നിൽ അവരുടെ രോഗപരിചരണമാണെന്നു പറയാം.

തിരിച്ച് അമേരിക്കയിലേക്ക് വന്നാലോ, സ്കൂളുകൾ, ദേവാലയങ്ങൾ, ഷോപ്പിങ് മാളുകൾ അടച്ചു പൂട്ടിയതു മുതൽ ആളുകൾ തടിച്ചു കൂടുന്ന എല്ലാ പരിപാടികളും നിർത്തലാക്കി. രാജ്യത്ത് ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ചില സംസ്ഥാനങ്ങളാവട്ടെ അടിയന്തരാവസ്ഥ തന്നെ പ്രഖ്യാപിച്ചു. എന്നിട്ടും, ദിനംപ്രതിയെന്നോണം, യുഎസിൽ മരണനിരക്കും വൈറസ് ബാധിതരുടെ എണ്ണവും വർദ്ധിക്കുന്നു.

യൂറോപ്പിലേക്ക് ബ്രിട്ടൺ അടക്കം യാത്രാവിലക്ക് ഏർപ്പെടുത്തി, അമേരിക്കൻ പ്രസിഡണ്ടിനു തന്നെ പകർച്ചവ്യാധിയുണ്ടോയെന്ന പരിശോധന നടത്തി. അത്രയ്ക്ക് ഭീകരമാണ് സ്ഥിതി വിശേഷമെന്നു വേണമെങ്കിൽ പറയാം. മൂവായിരത്തോളം പേർക്ക് രോഗം സ്ഥിരീകരിച്ചു കഴിഞ്ഞു, ഇതിൽ അറുപതു പേരാണ് (മാർച്ച് 15 വരെ) ഇതുവരെ മരിച്ചത്. അറിയപ്പെടുന്ന ആദ്യത്തെ യുഎസ് കൊറോണ വൈറസ് കേസ് ജനുവരി 21ന് വാഷിംഗ്ടൺ സ്റ്റേറ്റിൽ പ്രഖ്യാപിച്ചു. തുടർന്നു രോഗനിർണയത്തിന്റെ വേഗത അടുത്ത ആഴ്ചകളിൽ ഗണ്യമായി വർദ്ധിച്ചു, കഴിഞ്ഞ കുറച്ച് ദിവസങ്ങളിൽ ഇത് ചിന്തിക്കാവുന്നതിനും അപ്പുറത്താണ്.

ഈ മാസത്തിന്റെ തുടക്കത്തിൽ 170 കേസുകൾ അമേരിക്കയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, അവയിൽ മിക്കതും വിദേശ യാത്രകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനുശേഷം, പുതിയ കേസുകൾ ആദ്യം ഡസൻ കണക്കിന്, പിന്നെ നൂറു കണക്കിന് എന്ന നിലയ്ക്കാണ് പുറത്തേക്കു വന്നത്. യുഎസിനെ തകർക്കാൻ ചൈന രൂപവത്ക്കരിച്ച ബയോളജിക്കൽ ആയുധം എന്നൊക്കെ പറഞ്ഞ് നിസാരമായി കണ്ടിരുന്ന അവസ്ഥ വളരെപെട്ടെന്നു മാറി. ലോകരാജ്യങ്ങളിൽ നിന്നും അമേരിക്കയെ വിറപ്പിക്കുന്ന വിധത്തിൽ കൊറോണ വളർന്നു. അറിയപ്പെടുന്ന കേസുകളിൽ പകുതിയും വാഷിംഗ്ടൺ സ്റ്റേറ്റ്, കാലിഫോർണിയ, ന്യൂയോർക്ക് എന്നിവിടങ്ങളിലാണ്. എന്നാൽ മാർച്ച് പകുതിയോടെ, പശ്ചിമ വിർജീനിയ ഒഴികെ എല്ലാ സംസ്ഥാനങ്ങളിലും ഉൾപ്പെടെ നൂറു കണക്കിന് കൊറോണ ബാധിതരെ രാജ്യത്തുടനീളം കണ്ടെത്തി. പ്യൂർട്ടോ റിക്കോയിൽ പോലും പുതിയ കേസുകൾ കണ്ടെത്തി. ഈ ആഴ്ചയുടെ തുടക്കത്തിൽ അറിയപ്പെടുന്ന കേസുകളൊന്നും ഇല്ലാത്ത ലൂസിയാനയിൽ ശനിയാഴ്ച വൈകുന്നേരത്തോടെ 77 എണ്ണം ഉണ്ടായിരുന്നു. ന്യൂയോർക്കിലെ ആദ്യത്തെ രണ്ട് മരണങ്ങൾ ശനിയാഴ്ച (മാർച്ച് 14) പ്രഖ്യാപിച്ചു.

രാജ്യത്തുടനീളം, ദൈനംദിന ജീവിതം മാറിക്കൊണ്ടിരുന്നു. ബിസിനസ്സുകളും സ്കൂളുകളും അടച്ചു. കോളജുകൾ ക്ലാസ് റദ്ദാക്കി. ജനക്കൂട്ടം ഒഴിവാക്കണമെന്ന് ഗവർണർമാർ ജനങ്ങളോട് അഭ്യർത്ഥിച്ചു. ദീർഘകാലമായി ആസൂത്രണം ചെയ്ത സെന്റ് പാട്രിക് ദിന പരേഡുകൾ ഒഴിവാക്കി. അമേരിക്കൻ ഐക്യനാടുകളിലെ സ്ഥിരീകരിച്ച എല്ലാ കേസുകളുടെയും വിശദാംശങ്ങൾ ട്രാക്കുചെയ്യുന്നതിന് സമഗ്രമായ ശ്രമത്തിലാണ് ആരോഗ്യവകുപ്പ്. ഫെഡറൽ, സ്റ്റേറ്റ്, പ്രാദേശിക ഉദ്യോഗസ്ഥരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നു.

അമേരിക്കയിൽ ചികിത്സിക്കുന്ന രോഗികളുടെ എണ്ണം വിദേശത്ത് വൈറസ് ബാധിച്ചവരിൽ ഒരു ചെറിയ ഭാഗം മാത്രമാണ്, അവിടെ ആയിരക്കണക്കിന് ആളുകൾ മരിക്കുകയും പതിനായിരക്കണക്കിന് ആളുകൾ രോഗബാധിതരാകുകയും ചെയ്തു. വെസ്റ്റ് കോസ്റ്റിനെയാണ് വൈറസ് സാരമായി ബാധിച്ചതെന്നു വേണം പറയാൻ.

വാഷിംഗ്ടൺ സ്റ്റേറ്റിലും കാലിഫോർണിയയിലും ഓരോ ദിവസവും ഡസൻ കണക്കിന് പുതിയ രോഗികളെ തിരിച്ചറിഞ്ഞതിനാൽ, പൊതുസമ്മേളനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്യോഗസ്ഥർ പ്രയത്നിക്കുന്നു. ക്രൈസ്തവ വിശ്വാസികൾക്കിടയിലെ നോമ്പാചരണത്തെ പോലും കൊവിഡ് 19 ബാധിക്കുന്നുണ്ട്. നിരവധി വൈദിക പ്രമുഖർ പള്ളികളിലും മറ്റും പുലർത്തേണ്ട ശുചിത്വത്തെക്കുറിച്ച് കൽപ്പനകൾ പുറപ്പെടുവിച്ചിരുന്നു.

ജാഗ്രതയോടെ കാര്യങ്ങളെ കാണുക മാത്രമേ രക്ഷയുള്ളു. ഈ കോളത്തിലടക്കം കോവിഡ് 19-നെക്കുറിച്ച് എത്രമാത്രം ഈ ലേഖകൻ എഴുതിയിരിക്കുന്നു. അമേരിക്കയിലേക്ക് കൊറോണ വൈറസ് എത്തുന്നതിനു മുന്നേ തന്നെ ജാഗ്രത വേണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എഴുതിയത് വായനക്കാർ ഓർമ്മിക്കുമല്ലോ. ഈ അവസരത്തിലും പറയുന്ന ഒരു കാര്യമുണ്ട്, ആരോഗ്യകാര്യത്തിൽ നമുക്ക് പരിമിതികളുണ്ട്. അത് അറിഞ്ഞു തന്നെ കാര്യങ്ങളെ കാണുക. സുരക്ഷിതരാവാൻ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു, ഒപ്പം നിതാന്ത ജാഗ്രതയും മുന്നറിയിപ്പുകളും സ്വീകരിക്കുക.

# മതസൗഹാർദ്ദവും സഭകളുടെ ആശങ്കകളും അതീവഗൗരവതരം: സക്കറിയാസ് മാർ നിക്കോളാവോസ്

ന്യൂയോർക്ക്: വേൾഡ് ക്രിസ്ത്യൻ കൗൺസിൽ നേതൃത്വം, ഇന്ത്യയിലെ മതസൗഹാർദ്ദവും ക്രിസ്തീയ സഭകളുടെ ആശങ്കകളും വർദ്ധിച്ച ഗൗരവത്തോടെയാണ് കാണുന്നതെന്ന് ഡബ്ല്യു.സി.സി നേതൃനിരയിലുള്ള മെത്രാപ്പോലീത്ത സക്കറിയാസ് മാർ നിക്കോളാവോസ്. ബിജെപിയുടെ സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. പ്രമീളാദേവി മാർച്ച് 13ന് മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ആസ്ഥാനത്ത് മെത്രാപ്പോലീത്തായെ സന്ദർശിച്ച അവസരത്തിലാണ് തിരുമേനി തന്റെ ആശങ്ക അറിയിച്ചത്. ഭദ്രാസന ആസ്ഥാനത്ത് എത്തിച്ചേർന്ന ഡോ. പ്രമീളാ ദേവിയെ ഭദ്രാസന ചാൻസലർ ഫാ. തോമസ് പോൾ സ്വീകരിച്ചു.

പാർട്ടിയുടെ ഉപാദ്ധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ട ഡോ. പ്രമീളാദേവിയെ മെത്രാപ്പോലീത്ത ഓർത്തഡോക്സ് സഭയുടെ ആശംസകളറിയിച്ചു. സംസ്ഥാന നേതൃത്വ പുനഃസംഘടനയ്ക്കു ശേഷം ബിജെപി ആദ്യമായി നടത്തുന്ന സൗഹൃദസന്ദർശനം എന്ന നിലയിൽ ഈയവസരം വളരെ വിലപ്പെട്ടതാണെന്ന് ഡോ. പ്രമീളാദേവി പറഞ്ഞു. ഇന്ത്യ പിന്തുടരുന്ന വ്യവസ്ഥാപിത നീതിന്യായ വ്യവസ്ഥയിൽ വെള്ളംചേർക്കാൻ കേരളത്തിലെ ചില രാഷ്ട്രീയ കക്ഷികൾ ശ്രമിക്കുന്നത് ജനാധിപത്യത്തെ വിലകുറച്ചു കാണുന്നതുകൊണ്ടാണ്. സഭ ഒരിക്കലും ഇല്ലാത്ത അവകാശം പിടിച്ചുപറ്റാനല്ല, അർഹിക്കുന്ന നീതി നടപ്പാക്കണം എന്നു മാത്രമാണ് എല്ലാവരോടും ആവശ്യപ്പെടുന്നത്. സംസ്ഥാന ബിജെപി നേതൃത്വം ഇക്കാര്യങ്ങൾ നീതിയായി വിലയിരുത്തണമെന്നും മെത്രാപ്പോലീത്ത ആവശ്യപ്പെട്ടു.



എല്ലാവരുടെയുമാണ് ഇന്ത്യ; ഇന്ത്യയിലെ വിവധ മതങ്ങൾ തമ്മിൽ ഐക്യതയോടെ പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുവാനാണ് തന്റെ പാർട്ടി ശ്രമിക്കുന്നത്. മെത്രാപ്പോലീത്തായുടെ ആശങ്കകൾ ഗൗരവത്തോടെ കാണുന്നു. ഉത്തരവാദിത്തം ഏറ്റെടുത്തതിനു ശേഷം ആദ്യമായിട്ട് നടത്തുന്ന ഈ സന്ദർശനം എന്നനിലയിൽ താൻ ഈ അവസരത്തെ വളരെ വിലപ്പെട്ടതായി കാണുന്നു. കേരളം എന്നും രാഷ്ട്രീയ നിരീക്ഷകർക്ക് പുതിയ പാഠപുസ്തകമാണെന്നും ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ ഒഴിവാക്കാതെ പാർട്ടിയെ കേരളത്തിൽ വളർത്താനാകില്ല എന്നു വ്യക്തമായി തിരിച്ചറിയുന്ന ആളാണ് താനെന്നും പ്രമീളാദേവി കൂട്ടിച്ചേർത്തു. നീതിയുടെയും ന്യായത്തിന്റെയും വഴിയിൽ എല്ലാവരെയും സംരക്ഷിക്കാൻ പാർട്ടി ഒപ്പമുണ്ടാകുമെന്നും അവർ പറഞ്ഞു. ന്യൂയോർക്ക് കലാവേദി പ്രവർത്തകരായ സിബി ഡേവിഡ്, ക്രിസ് തോപ്പിൽ, മുൻ മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗം കോരസൺ വർഗീസ് എന്നിവരും സന്ദർശനത്തിൽ പങ്കുചേർന്നു.



# കൊറോണ വൈറസും അമേരിക്കയുടെ ഉപരോധവും ഇറാന്റെ നട്ടെല്ല് തകർക്കുന്നു

കൊവിഡ്-19 പടർന്നുപിടിക്കുന്ന ഇറാനിൽ കാര്യങ്ങൾ കൈവിട്ടു പോകുന്ന അവസ്ഥയിലാണെന്ന് റിപ്പോർട്ട്. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെ നിരവധി ആഗോളനേതാക്കൾക്ക് ഇറാൻ പ്രസിഡണ്ട് ഹസ്സൻ റൂഹാനി സഹായമഭ്യർത്ഥിച്ച് കത്തെഴുതി. കോവിഡ് 19 നെതിരെ പോരാടാനുള്ള ശ്രമങ്ങൾ യുഎസ് ഉപരോധത്തെ ബാധിച്ചിട്ടുണ്ടെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. കൊറോണ വൈറസിനെതിരായ പോരാട്ടത്തിന് സംയുക്ത അന്താരാഷ്ട്ര നടപടികൾ ആവശ്യമാണെന്ന് പ്രസിഡണ്ട് ഹസ്സൻ റൂഹാനി കത്തിൽ ഊന്നിപ്പറഞ്ഞു. ഈ പകർച്ചവ്യാധിയെ നേരിടാനുള്ള ശക്തമായ തന്ത്രത്തിന് അദ്ദേഹം പ്രത്യേകം പ്രാധാന്യം നല്കിയിട്ടുണ്ട്.



അതിരുകളില്ലാതെയാണ് വൈറസ് പടർന്നുപിടിക്കുന്നത്. രാഷ്ട്രീയ, മത, ജാതി, വംശീയ സങ്കല്പങ്ങൾക്ക് അതീതമായി ജനങ്ങളുടെ ജീവനെടുക്കുന്നു എന്ന് റൂഹാനി കത്തിൽ എഴുതിയിട്ടുണ്ട്. അതേ സാഹചര്യത്തിൽ ഇറാനിയൻ വിദേശകാര്യമന്ത്രി ജവാദ് സരീഫ് ഒരു ടീറ്റിൽ എഴുതി, കൊറോണ വൈറസ് പകർച്ചവ്യാധി ലോകമെമ്പാടും പടർന്നു പിടിക്കുമ്പോൾ അത്തരം നിർണായക സമയങ്ങളിൽ നിരോധനം തുടരുന്നത് കടുത്ത അനീതിയാണ്. അമേരിക്കൻ ഉപരോധത്തെക്കുറിച്ച് ആഗോള നേതാക്കളുടെ ശ്രദ്ധ ആകർഷിച്ച് പ്രസിഡണ്ട് റൂഹാനി ലോകത്തിലെ തന്റെ എതിരാളികൾക്കും കത്തെഴുതിയിട്ടുണ്ട്. നിരപരാധികൾ കൊല്ലപ്പെടുന്നത് തികച്ചും അനീതിയാണെന്നും അദ്ദേഹം പറഞ്ഞു.

വൈറസ് രാഷ്ട്രീയത്തെയോ ഭൂമിശാസ്ത്രത്തെയോ കാണുന്നില്ല. അതിനാൽ നമ്മളും അത് അങ്ങനെ കാണരുത്. രണ്ടു വർഷത്തെ വ്യാപകവും നിയമവിരുദ്ധവുമായ ഉപരോധങ്ങളിൽ നിന്ന് ഉയർന്നുവരുന്ന കടുത്ത പ്രതിബന്ധങ്ങളും നിയന്ത്രണങ്ങളും തങ്ങളുടെ രാജ്യം നേരിട്ടിട്ടുണ്ടെന്ന് ഇറാൻ പ്രസിഡണ്ട് ലോകനേതാക്കൾക്ക് അയച്ച കത്തിൽ പറയുന്നതായി ഇറാൻ മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ പറയുന്നു.

ഇതൊക്കെയാണെങ്കിലും കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ടതിനു ശേഷവും ഇറാനു മേലേയുള്ള സമ്മർദ്ദത്തിന് യുഎസ് അയവ് വരുത്തിയിട്ടില്ല. വാഷിങ്ടണിന്റെ വിഡ്ഢിത്തവും മനുഷ്യത്വരഹിതവുമായ ആവശ്യങ്ങൾ നിറവേറ്റപ്പെടുമ്പോൾ മാത്രമേ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ലജ്ജയില്ലാതെ ടെഹ്റാനിലേക്ക് മാനുഷികസഹായം അയയ്ക്കാൻ രാജ്യങ്ങളോട് അഭ്യർത്ഥിക്കുകയുള്ളൂ എന്നാണ് ഇറാന്റെ വിലയിരുത്തൽ.

ഐക്യരാഷ്ട്രസഭയിലെ ഇറാന്റെ പ്രതിനിധി അമേരിക്കയോട് ഉപരോധം പിൻവലിക്കണമെന്നും കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട ശ്രമങ്ങൾ തുടരുന്നതിന് രാഷ്ട്രീയത്തിൽ നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു. ഇത്തരം വേദനാജനകമായ സാഹചര്യത്തിൽ അമേരിക്ക രാഷ്ട്രീയത്തിനതീതമായിരിക്കണമെന്നും നിയന്ത്രണങ്ങളിൽ ഇളവ് വരുത്തണമെന്നും മാനുഷിക ശ്രമങ്ങൾ നടത്തണമെന്നും ഐക്യരാഷ്ട്ര സഭയുടെ ഇറാനിയൻ പ്രതിനിധി മജിദ് തഖ്ത് രവാഞ്ചി ടീറ്ററിൽ എഴുതി.

പശ്ചിമേഷ്യയിൽ കൊറോണ വൈറസിന്റെ കേന്ദ്രബിന്ദുവായി ഇറാൻ മാറിയിരിക്കുകയാണ്. അവിടെ 12,700 കൊറോണ വൈറസ് കേസുകൾ സ്ഥിരീകരിച്ചിട്ടുണ്ട്. നിരവധി ആളുകൾ മരിച്ചു. സർക്കാരിലെ പല മുതിർന്ന ഉദ്യോഗസ്ഥരും രോഗബാധിതരിൽ ഉൾപ്പെടുന്നു.

**മൊയ്തീൻ പുത്തൻചിറ**

ഇന്ത്യ ഇറാന്റെ ഒരു പ്രധാന പങ്കാളിയാണെന്ന് ശ്രദ്ധേയമാണ്. കാശ്മീർ, സിഎഎയും അടുത്തിടെ നടന്ന ദില്ലി കലാപങ്ങളുടെ കാര്യത്തിലും ടെഹ്റാൻ ഇന്ത്യയുടെ തീരുമാനങ്ങളെ ചോദ്യം ചെയ്തിട്ടുണ്ടെങ്കിലും ഇന്ത്യ എല്ലായ്പ്പോഴും ഇറാന്റെ അഭിപ്രായത്തോട് യോജിക്കാറുണ്ട്. ഇറാനിൽ യുഎസ് ശിക്ഷാഉപരോധം ഏർപ്പെടുത്തിയതു മുതൽ ഇറാൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

ഇറാനിൽ നിന്നുള്ള എണ്ണ ഇറക്കുമതി ഇന്ത്യ കുറച്ചു.ചബഹാർ തുറമുഖത്തെ യുഎസ് ഉപരോധത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും തുറമുഖത്തിന് ഇപ്പോഴും വളരെ പരിമിതമായ അധികാരമേയുള്ളു. ആ അധികാരം ഇറാന്റെ സമ്പദ് വ്യവസ്ഥ കൈകാര്യം ചെയ്യുന്നതിൽ കാര്യമായൊന്നും സഹായിക്കുകയില്ല.

# സിഎംഎ വിമൻസ്ഡേ ആഘോഷിച്ചു

**ജോഷി വള്ളിക്കളം**

ചിക്കാഗോ: അന്തർദ്ദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് ചിക്കാഗോ മലയാളി അസോസിയേഷന്റെ വിമൻസ് ഫോറം വിമൻസ് ഡേ വ്യത്യസ്തങ്ങളായ പരിപാടികളോടെ ആഘോഷിച്ചു. മാർച്ച് ഏഴിന് ശനിയാഴ്ച മോർട്ടൻ ഗ്രോവിലുള്ള സെ. മേരീസ് ക്നാനായ പള്ളിയുടെ ഹാളിൽ നടത്തിയ വനിതാ ദിനാഘോഷങ്ങളിൽ കുക്ക് കൗണ്ടി അസോസിയേറ്റ് ജഡ്ജ് ഓണറബിൾ സഞ്ജു ഉമ്മൻ ഉദ്ഘാടനം ചെയ്തു.

ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിമൻസ് ഫോറം പ്രതിനിധി മേഴ്സി കുര്യാക്കോസ് ഏവർക്കും സ്വാഗതമാശംസിച്ചു. ഷീ ഹോൾഡ്സ് ഇക്വാലിറ്റി (ഷീ) എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് ഈ വർഷത്തെ ആഘോഷങ്ങൾ നടത്തിയത്. വനിതകൾ സമൂഹത്തിൽ സ്വയം പ്രബുദ്ധരായിക്കൊണ്ട് മുഖ്യധാരയിലേക്ക് കടന്നുവരണമെന്ന് ജഡ്ജ് സഞ്ജു ഉമ്മൻ ഉദ്ബോധിപ്പിച്ചു. വിമൻസ്ഫോറം ജനറൽ കോ-ഓർഡിനേറ്റർ റോസ് വടകര പരിപാടികളുടെ അവതാരകയായിരുന്നു. വനിതാപ്രതിനിധി ലീല ജോസഫ് ഏവർക്കും കൃതജ്ഞതയർപ്പിച്ചു. സെ. മേരീസ് ക്നാനായ ചർച്ച് വികാരി ഫാ. ബിൻസ് ചേത്തലിൽ, സീറോ മലബാർ കാത്തലിക് കോൺഗ്രസ് നാഷണൽ പ്രസിഡണ്ട് സിജിൽ പാലക്കലോടി എന്നിവർ ആശംസകളർപ്പിച്ചു. ഇരുപതു വർഷത്തിലധികം അദ്ധ്യാപനവൃത്തിയിൽ സേവനം ചെയ്തിട്ടുള്ള മലയാളി അസോസിയേഷൻ അംഗങ്ങളെ യോഗത്തിൽ വെച്ച് ആദരിച്ചു.

വനിതാദിനത്തോടനുബന്ധിച്ച് വനിതകൾക്കായി വ്യത്യസ്തങ്ങളായ മത്സരങ്ങളും നടത്തി. നാല് നൂറ്റാണ്ടുകളിലായി വിവിധ പ്രായപരിധിയിൽപ്പെട്ട നാലു പേരടങ്ങുന്ന ഗ്രൂപ്പുകളായാണ് മത്സരങ്ങൾ നടത്തിയത്. സ്കിറ്റ്, പ്രസംഗം, ഗാനം, തിരിച്ചറിയൽ, കേശാലങ്കാരം എന്നിങ്ങനെ നാല് റൗണ്ടുകളാണ് നടത്തിയത്. ഒന്നാംസ്ഥാനം റോസമ്മ തെനിയംപ്ലാക്കൽ, ജിനു ജോസ്, ഷീബ ജിജു, ജാസ്മിൻ സജി എന്നിവരടങ്ങുന്ന അയൺ ബട്ടർഫൈസും രാണ്ടാംസ്ഥാനം ശാന്തി ജയ്സൻ, സാറാ അനിൽ, ചാരി വെണ്ടന്നൂർ, ലത ബില്ലിച്ചൻ എന്നിവരടങ്ങുന്ന ഏഞ്ചൽസ് ഇൻ ഡീസ്ഗൈസും മൂന്നാം സ്ഥാനം ടെസി പുത്തൻവീട്ടിൽ, ജൂവി ജോൺ, ജീസ് ജോസ്, ഹെലൻ എന്നിവരടങ്ങുന്ന ബ്ലൂ ഡോൾഫിൻസും കരസ്ഥമാക്കി.

സിബിൾ ഫിലിപ്പ്, റേനു തോമസ്, ബ്രിജീറ്റ് ജോർജ്, ശാലിനി ശിവറാം, ഷിജി അലക്സ്, ജോമോൾ ചെറിയതിൽ, ജയാ കുളങ്ങര, രാജി തോമസ് എന്നിവർ മത്സരങ്ങളുടെ കോ-ഓർഡിനേറ്റേഴ്സായിരുന്നു. വനിതാദിനത്തോടനുബന്ധിച്ച് രേഖ തോമസ് കുക്കിംഗ് ക്ലാസും ശാലിനി ശിവറാം തയ്യൽക്ലാസും, സുശീല ജോൺസൻ ഡയറ്റീഷൻ ക്ലാസും നടത്തി.

ജെസി റിൻസി, ഷൈനി ഹരിദാസ്, ആഗ്നസ് തെങ്ങുമ്മൂട്ടിൽ, ബീന കണ്ണൂക്കാടൻ, ജൂബി വള്ളിക്കളം എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. അറ്റോർണി സ്റ്റീവ് ക്രിഫേസ്, ജയ്ബു കുളങ്ങര എന്നിവർ മെഗാ സ്പോൺസേഴ്സായും സിറിയക് കൂവക്കാട്ടിൽ, റോയൽ മഹാരാജാസ്, ജോൺസൺ കണ്ണൂക്കാടൻ, മിസ്പാ എന്നിവർ ഗ്രാന്റ് സ്പോൺസേഴ്സായും മുന്നോട്ടുവന്നു.

# തോമസ് പി ജോർജ് മെമ്മോറിയൽ റമ്മി ടൂർണമെന്റ്

**ജോർജ് തുമ്പയിൽ**

ന്യൂജേഴ്സി: പ്രമുഖ വ്യവസായിയും ജീവകാരുണ്യ പ്രവർത്തകനുമായിരുന്ന തോമസ് പി ജോർജിന്റെ (രാജു) സ്മരണാർത്ഥം സംഘടിപ്പിച്ചിരിക്കുന്ന 'തോമസ് പി ജോർജ് മെമ്മോറിയൽ റമ്മി ടൂർണമെന്റി'ന് ഓറഞ്ച്ബർഗിലെ 38 ഓറഞ്ച്ടൗൺ ഷോപ്പിങ് സെന്ററിലുള്ള സിത്താർ പാലസ് വേദിയൊരുക്കും. വീറും വാശിയും പോരും നിറഞ്ഞ ടൂർണമെന്റ് വരുന്ന മെയ് 16ന് ചീട്ടുകളി പ്രേമികൾ ഉൽസവമാക്കും. ചൈനീസ് ചീട്ടുകളിയായ 'ഖാൻഹൂ'വിൽനിന്നുമാണ് റമ്മിയുടെ ഉത്ഭവമെന്ന് കരുതപ്പെടുന്നു.

ക്ലബ്സും ഡൈമണ്ടും ഹേർട്സും സ്പേഡും പിന്നെ കിങ്ങും ജാക്കും ക്യൂനും ഒക്കെ ബുദ്ധിയുടെയും ശ്രദ്ധയുടെയും കൈവേഗത്തിൽ ഒരുമയുടെ നിര തീർക്കുന്ന ആവേശകരമായ ഈ റമ്മി മേളയുടെ രജിസ്ട്രേഷൻ ഫീസ് 100 ഡോളറാണ്. എന്നുവച്ച് സമ്മാനത്തുകയും ഒട്ടും ചെറുതല്ല. 3000 ഡോളറാണ് ഒന്നാം സമ്മാനം. രണ്ടാം സമ്മാനം 2000 ഡോളറും മൂന്നാം സമ്മാനം 1000 ഡോളറുമാണ്. ഫൈനൽ ടേബിൾ 300 ഡോളർ. ടൂർണമെന്റിൽ പങ്കെടുക്കുന്നവരുടെ എണ്ണമനുസരിച്ച് സമ്മാനങ്ങളിലും വർധനയുണ്ടാവുമെന്ന് സംഘാടകർ അറിയിക്കുന്നു.

രാവിലെ പത്ത് മണിക്ക് ബ്രേക്ക്ഫാസ്റ്റിന് ശേഷം 11 മണിക്ക് ടൂർണമെന്റിന്റെ ആദ്യറൗണ്ട് ആരംഭിക്കും. രണ്ടാം റൗണ്ടും റീ എൻട്രിയും ലഞ്ചും ഒരുമണിക്കാണ്. നാലുമണിക്ക് സ്നാക്സ്. ഡിന്നർ ഏഴുമണി. ശ്രീധർ മേനോനാണ് ടൂർണമെന്റിന്റെ മെഗാ സ്പോൺസർ. സ്റ്റെർലിങ് സീഫുഡ് കോർപറേഷൻ ഗ്രാന്റ് സ്പോൺസറും ദിലീപ് വർഗീസ് ഗോൾഡ് സ്പോൺസറുമാണ്. ടോം തോമസ് (സിത്താർ പാലസ്), ജോസഫ് ജോർജ് (പ്ലാസാ ഗ്രൂപ്പ് ഫ്ളോറിഡ), ജേക്കബ് ചൂരവടി (ഷീലാബർഗ് റിയൽറ്റി) എന്നിവരാണ് സിൽവർ സ്പോൺസർമാർ.

മികച്ച വ്യവസായ സ്ഥാപനമെന്ന അംഗീകാരം ലഭിച്ച സ്റ്റെർലിങ് സീഫുഡ് കോർപറേഷന്റെ സ്ഥാപകരിലൊരാളാണ് മൺമറഞ്ഞ തോമസ് പി ജോർജ്. പത്തനംതിട്ട ജില്ലയിലെ മാരാമൺ പരപ്പുഴ ജോർജിന്റെയും തങ്കമ്മയുടെയും പുത്രനാണ്. കോത്താരി ആന്റ് സൺസ് എസ്റ്റേറ്റിൽ ഫീൽഡ് ഓഫീസറായിരിക്കെ 1975ൽ ഇമിഗ്രന്റായി അമേരിക്കയിലെത്തി. തുടർന്ന് പ്രിഫേഴ്സ് ഫ്രീസർ എന്ന കമ്പനിയിൽ കൺട്രോളറായി. തുടർന്ന് പാർട്ണറും. 1990ൽ സഹോദരൻ സൈമൺ ജോർജുമൊത്ത് സ്റ്റെർലിങ് സീഫുഡ് കോർപറേഷൻ സ്ഥാപിച്ചു. ടീനെക്ക് സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് അംഗമായിരുന്ന തോമസ് പി ജോർജ് ന്യൂജേഴ്സി ഓൾഡ് ടാപ്പനിലെ വസതിയിൽ വച്ച് 71-ാമത്തെ വയസിലാണ് അന്തരിച്ചത്.

റമ്മി ടൂർണമെന്റ് വിവരങ്ങൾക്ക്: ചെയർമാൻ: ജോസഫ് തോമസ് (കുട്ടപ്പൻ) 917 499 6905, വൈസ് ചെയർമാൻ: ചെറിയാൻ പണ്ടാരക്കളം (ബോസ്) 914 592 1970, ട്രഷറാർ: അലക്സ് വട്ടക്കളം 845 323 3443.

ടൂർണമെന്റ് കോ-ഓർഡിനേറ്റർമാർ: അനിയൻ ജോർജ് 908 337 1289, ആന്റണി കുഞ്ചെറിയ 917 834 0928, ബിഞ്ചു ജോൺ 646 584 6859.

# അമേരിക്കയിൽ 50-ലധികം ആളുകൾ കൂട്ടം കൂടരുതെന്നു നിർദ്ദേശം

വാഷിങ്ടൺ ഡിസി: അമ്പതിലധികം ആളുകൾ ഒരിടത്തും ഒരുമിച്ചു കൂടരുതെന്ന നിർദ്ദേശവുമായി സെന്റേഴ്സ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷ്യൻ രംഗത്തെത്തി. എട്ടാഴ്ച വരെ ഈ നിർദ്ദേശം അമേരിക്കയിലുടനീളം ബാധകമാണെന്നും മാർച്ച് 15ന് രാത്രി പുറത്തിറക്കിയ സി.ഡി.സിയുടെ അറിയിപ്പിൽ പറയുന്നു.

എന്നാൽ, ഇതിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാരകേന്ദ്രങ്ങൾ എന്നിവയെ ഒഴിവാക്കിയിട്ടുണ്ട്. ഇതോടൊപ്പം ലോക്കൽ ഗവൺമെന്റുകൾ നല്കുന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടേണ്ടതുണ്ട്. കോൺഫറൻസുകൾ, ഫെസ്റ്റിവൽസ്, പരേഡുകൾ, കൺസർട്ട്, സ്പോർട്ടിങ് ഇവന്റ്, വിവാഹങ്ങൾ, ഓർഗനൈസേഷനുകളുടെ പ്രത്യേക പരിപാടി എന്നിവ ഒഴിവാക്കണമെന്നു സി.ഡി.സി. ആവശ്യപ്പെട്ടു.

കൊറോണ വൈറസിന്റെ വ്യാപനം തടയുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ജോൺ ഹോപ്കിങ്സ് യൂണിവേഴ്സിറ്റി പുറത്തുവിട്ട വിവരങ്ങളനുസരിച്ച് അമേരിക്കയിൽ ഇതുവരെ 3499 പേർക്ക് കൊറോണ വൈറസ് ബാധിച്ചതായും 63 മരണങ്ങൾ സംഭവിച്ചതായും സ്ഥിരീകരിച്ചിട്ടുണ്ട്. വൈറസ്ബാധ ഇതുവരെ നിയന്ത്രണാധീതമായിട്ടില്ലെന്നും പുതിയ റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണെന്നു ഡി.ഡി.സി അറിയിച്ചു.

# അന്നമ്മ അബ്രഹാം നിര്യാതയായി

ചിക്കാഗോ: തൃശൂർ ഇന്ത്യൻ പെന്തെക്കോസ്ത് ചർച്ച ആദ്യകാല പാസ്റ്ററായിരുന്ന പരേതനായ വി.കെ. അബ്രഹാമിന്റെ ഭാര്യ അന്നമ്മ അബ്രഹാം (97) ചിക്കാഗോയിൽ നിര്യാതയായി. മക്കൾ: പരേതനായ ഫിലിപ്പ് അബ്രഹാം-മേരി അബ്രഹാം (ഫ്ളോറിഡ), തങ്കമ്മ തോമസ്-പരേതനായ തോമസ് (ഒക്കലഹോമ), മേഴ്സി മാത്യു-മാത്യു (പാപ്പച്ചൻ-ചിക്കാഗോ), മാത്യൂസ് അബ്രഹാം (കുഞ്ഞുമോൻ)-ഗ്രേയ്സ് (ബേബി-ചിക്കാഗോ), ജേക്കബ് അബ്രഹാം (ഗ്ലാഡിസൻ)-ജെസ്സി (ചിക്കാഗോ), എൽസി കുരുവിള (ലീലാമ്മ)-തോമസ് കുരുവിള (ഒക്കലഹോമ). പൊതുദർശനം: മാർച്ച് 20ന് വെള്ളി വൈകുന്നേരം 6.30 മുതൽ 8.30വരെ കൊളോണിയൽ ഫ്യൂണറൽ ഹോമിൽ. സംസ്കാരശുശ്രൂഷ 21ന് ശനിയാഴ്ച രാവിലെ 10 മുതൽ കൊളോണിയൻ ഫ്യൂണറൽ ഹോമിൽ (8025 W. Golf Rd, Niles, IL 60714) തുടർന്ന് നൈൽസിലുള്ള മേരിഹിൽ സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും.



# ഉണ്ണിക്കൊരു ഊണ് സഹായനിധി വിതരണം ചെയ്തു





ചിക്കാഗോ: ചിക്കാഗോ മോർട്ടൻ ഗ്രോവ് സെയിന്റ് മേരീസ് ക്നാനായ ദേവാലയത്തിലെ മതബോധന സ്കൂളിന്റെ ആഭിമുഖ്യത്തിൽ ഉണ്ണിക്കൊരു ഊണ് പദ്ധതിക്കു വേണ്ടി കുട്ടികൾ സ്വരൂപിച്ച ഒന്നരലക്ഷം രൂപ കേരളത്തിലെ സഹായം അർഹിക്കുന്ന വിവിധ അഗതിമന്ദിരങ്ങളിലെ സഹോദരങ്ങൾക്ക് വിതരണം ചെയ്തു. പ്രളയദുരിതം അനുഭവിച്ച കുടുംബങ്ങൾക്ക് ആട് വിതരണം, വരൾച്ച നേരിട്ട പ്രദേശങ്ങളിൽ കുടിവെള്ളവിതരണം എന്നീ വിജയകരമായ പദ്ധതികൾക്കു ശേഷമാണ് ക്രിസ്മസ് കാലത്ത് അഗതിമന്ദിരങ്ങളിലെ സഹോദരങ്ങൾക്ക് ഭക്ഷണം നല്കുന്നതിനു വേണ്ടി ഉണ്ണിക്കൊരു ഊണ് പദ്ധതി നടപ്പിലാക്കിയത്.

ക്രിസ്മസ് കാലത്ത് അനാവശ്യ ചെലവുകൾ ഒഴിവാക്കിയാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടി കുട്ടികൾ പണം സ്വരൂപിച്ചത്. കോട്ടയത്തുള്ള നവജീവൻ ട്രസ്റ്റ്, പടമുഖത്തുള്ള സ്നേഹമന്ദിരം എന്നിവിടങ്ങളിലാണ് സഹായങ്ങൾ വിതരണം ചെയ്തത്.

ഇടവക വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ അഗതിമന്ദിരങ്ങളിൽ നേരിട്ടെത്തി സഹായങ്ങൾ വിതരണം ചെയ്തു.

അനാവശ്യ ചെലവുകൾ ഒഴിവാക്കി, പണം സ്വരൂപിച്ച്, ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്ന മതബോധന സ്കൂളിലെ കുട്ടികളുടെ വിശാലമനസ്കതയെ ഇടവകവികാരിമാർ അഭിനന്ദിച്ചു. കൈക്കാരന്മാരും അദ്ധ്യാപകരും സിസ്റ്റേഴ്സും പദ്ധതിക്കുവേണ്ടി പണം സ്വരൂപിക്കുവാൻ നേതൃത്വം നല്കി.

## വനിതാദിനത്തിൽ പുതുമനിറഞ്ഞ മത്സരങ്ങൾ നടത്തപ്പെട്ടു



ചിക്കാഗോ: മാർച്ച് എട്ടിന് ഞായറാഴ്ച അഖില ലോക വനിതാദിനത്തോടനുബന്ധിച്ച് ചിക്കാഗോ സെ. മേരീസ് ക്നാനായ ഇടവകയിലെ വനിതാദിന മത്സരങ്ങൾ പുതുമനിറഞ്ഞതായിരുന്നു. പുതിയ തലമുറയ്ക്ക് പഴയ തലമുറയുടെ നന്മയുടെ സന്ദേശം പകരുന്ന ഗ്രാമീണ തനിമയോടെ കൂടാരയോഗതലത്തിൽ നടത്തിയ മത്സരയിനങ്ങളായ മുറ്റം അടി മത്സരവും വിറക് ഓട്ടവും ഏവരിലും പുത്തൻ അനുഭവം സൃഷ്ടിച്ചു. ഏവരുടെയും സജീവമായ പങ്കാളിത്തം കൊണ്ട് പഴമയുടെ നന്മ വനിതാദിനത്തിൽ ഏറെ പ്രഘോഷിക്കപ്പെട്ടു.

## ട്രംപിന് രോഗമില്ലെന്ന് വൈറ്റ് ഹൗസ്

വാഷിങ്ടൺ: അമേരിക്കൻ ജനതയിൽ ഉത്കണ്ഠ ഉയർത്തിയ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ കൊറോണ വൈറസ് പരിശോധനാഫലം പുറത്തുവന്നു. ട്രംപ് കൊറോണ വൈറസ് പരിശോധന നടത്തിയെന്നും ഫലത്തിനായി കാത്തിരിക്കുകയാണെന്നും നേരത്തെ വൈറ്റ് ഹൗസ് അറിയിച്ചിരുന്നു. ട്രംപിനൊപ്പം വൈറ്റ് ഹൗസിൽ വാർത്താസമ്മേളനത്തിൽ പങ്കെടുത്ത ബ്രസീലിയൻ ഉദ്യോഗസ്ഥന് കൊറോണ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിലാണ് ട്രംപ് പരിശോധനയ്ക്ക് വിധേയനായത്. ശനിയാഴ്ച വൈകിട്ട് വൈറ്റ് ഹൗസ് ട്രംപിന്റ പരിശോധനാഫലം നെഗറ്റീവാണെന്ന് ഔദ്യോഗികമായി അറിയിച്ചു. കൊറോണ വൈറസിനെ താൻ ഭയക്കുന്നില്ലെന്ന ട്രംപിന്റെ പ്രസ്താവനയുടെ പേരിൽ രോഗത്തെ അവഗണിക്കുന്നതായി നേരത്തെ പരാതി ഉയർന്നിരുന്നു. ടെസ്റ്റിന് വിധേയനായതോടെ ആ പരാതിക്കും പരിഹാരമായി.



കൊറോണ വൈറസ് പോസിറ്റീവാണെന്ന് സ്ഥിരീകരിച്ച ഓസ്ട്രേലിയൻ മന്ത്രിയുമായി കഴിഞ്ഞയാഴ്ച കൂടിക്കാഴ്ച നടത്തിയ ട്രംപിന്റെ മകൾ ഇവാൻകയും വീട്ടിൽ നിരീക്ഷണത്തിലാണ്.

## അലക്സ് തോമസ് നിര്യാതനായി

അറ്റ്ലാന്റ: ഇന്തോ അമേരിക്കൻ പ്രസ്ക്ലബ് (ഐഎപിസി) അറ്റ്ലാന്റാ ചാപ്റ്റർ പ്രസിഡണ്ട് അലക്സ് തോമസ് (60) ഹൃദയാഘാതത്തെ തുടർന്ന് നിര്യാതനായി. ഐഎപിസിയിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന അലക്സ് ജോർജജിയ സ്റ്റേറ്റിലെ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിലെ പ്രമുഖ വ്യക്തിയും ചാർലറ്റിൽ മലയാളി അസോസിയേഷന്റെ 2006-2007 കാലഘട്ടത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടുമായിരുന്നു. 2018-ലെ ഐഎപിസി അറ്റ്ലാന്റാ ചാപ്റ്റർ വൈസ് പ്രസിഡണ്ടായിരുന്നു.



റിപ്പോർട്ടർ ചാനൽ, ജയ്ഹിന്ദ് വാർത്ത മുതലായവയുടെ അറ്റ്ലാന്റ കോ-ഓർഡിനേറ്റർ, എ.എആർ.പിയുടെ ജോർജിയായിലെ ഇൻസ്ട്രക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു.

എറണാകുളം രാമമംഗലം മറ്റത്തിൽ (മുല്ലശേരിൽ നടുവിലെ വീട്) റിട്ടയേർഡ് ഹെഡ്മാസ്റ്റർ എം.സി. തോമസിന്റെയും എൻ.സി. മറിയാമ്മയുടെയും പുത്രനായിരുന്നു അലക്സ്. ഭാര്യ: ലീലാ അലക്സ്. പുത്രൻ: ആൽവിൻ അലക്സ്. സഹോദരങ്ങൾ: പരേതനായ രാജു തോമസ്, ജെയിംസ് തോമസ്, ബാബു തോമസ്, ഷാജി തോമസ്.

അലക്സ് തോമസിന്റെ നിര്യാണത്തിൽ ഐഎപിസി നാഷണൽ കമ്മിറ്റിക്കുവേണ്ടി ചെയർമാൻ പ്രഫ. ജോസഫ് എം. ചാലിൽ, സ്ഥാപക ചെയർമാൻ ജിൻസ്മോൻ പി. സക്കറിയ, വൈസ് ചെയർമാൻ ഡോ. മാത്യു ജോയിസ്, ബോർഡ് സെക്രട്ടറി മാത്തുക്കുട്ടി ഈശോ, ബോർഡ് മെംബർ മിനി നായർ, ട്രഷറർ റെജി ഫിലിപ്പ് (ഫിലാഡൽഫിയ), ആഷ്‌ലി ജോസഫ് (ടൊറന്റോ), സി. ജി. ഡാനിയേൽ (ഹൂസ്റ്റൺ), ഡോ. പി.വി. ബൈജു (ആൽബെർട്ട), തമ്പാനൂർ മോഹൻ (വാൻകൂവർ), ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ജോർജ് കൊട്ടാരം എന്നിവർ അനുശോചിച്ചു.

കരുത്തുറ്റ സംഘാടകനെയും മാധ്യമപ്രവർത്തകനെയുമാണ് നഷ്ടപ്പെട്ടതെന്ന് ഐഎപിസി നാഷണൽ കമ്മിറ്റി അനുശോചന സന്ദേശത്തിൽ അറിയിച്ചു.

## കൊറോണാ വൈറസ് പരിശോധന വേഗത്തിലാക്കാനുള്ള യുഎസ് ശ്രമത്തിൽ ഗൂഗിളും വാൾമാർട്ടും ചേരുന്നു

**മൊയ്തീൻ പുത്തൻചിറ**

വാഷിങ്ടൺ: കൊറോണ വൈറസ് വ്യാപനത്തിനെതിരായ പോരാട്ടത്തിൽ കോർപ്പറേറ്റ് അമേരിക്ക പങ്കുചേർന്നു. പ്രസിഡണ്ട് ഡോണൾഡ് ട്രംപും എക്സിക്യൂട്ടീവുകളും ജനങ്ങൾക്ക് വൈറസ് പരിശോധനകൾ ആവശ്യമാണോയെന്ന് നിർണ്ണയിക്കാൻ സഹായിക്കുന്നതിന് ഗൂഗിൾ ഒരു വെബ്സൈറ്റ് നിർമ്മിക്കുമെന്ന് വാഗ്ദാനം ചെയ്യുകയും ബിസിനസ് സ്ഥാപനങ്ങൾക്ക് അവരുടെ പാർക്കിങ് ഏരിയകളിൽ ഡ്രൈവ് ത്രൂ പരിശോധന ആരംഭിക്കുകയും ചെയ്യാമെന്നും അറിയിച്ചു.

അതിവേഗം പടരുന്ന വൈറസിനായുള്ള പരിശോധന വർദ്ധിപ്പിക്കാനും മെച്ചപ്പെടുത്താനും യുഎസ് ഉദ്യോഗസ്ഥർക്കുമേൽ സമ്മർദ്ദം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വൈറസ് മിക്കവാറും എല്ലാ യുഎസ് സംസ്ഥാനങ്ങളിലും എത്തിക്കഴിഞ്ഞു. അമേരിക്കയിൽ 1,660-ൽ അധികം ആളുകളെ അതു ബാധിച്ചു. മുൻകാല വെബ്സൈറ്റുകളിൽ നിന്ന് വ്യത്യസ്തമായി പുതിയ ഒരു വെബ്സൈറ്റ് വികസിപ്പിക്കാൻ ഗൂഗിൾ മുന്നോട്ടുവന്നതിൽ അവരോട് ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുന്നു. ജനങ്ങൾക്ക് വൈറസ് ടെസ്റ്റ് ആവശ്യമാണോ എന്നു നിർണ്ണയിക്കുന്നതിനും അടുത്തുള്ള സൗകര്യപ്രദമായ സ്ഥലത്ത് പരിശോധന സുഗമമാക്കുന്നതിനും ഇതു വളരെ സഹായകരമാകും: ട്രംപ് പറഞ്ഞു. 1700 എഞ്ചിനീയർമാരാണ് ഗൂഗിളിൽ പ്രവർത്തിക്കുന്നത്.

ഈ വെബ്സൈറ്റിൽ വൈറസ് പിടിപെടാൻ സാദ്ധ്യതയുള്ള ഉപയോക്താവിനോട് വെബ്സൈറ്റിൽ നിരവധി ചോദ്യങ്ങൾ ചോദിക്കുമെന്നും അവർക്ക് കൊറോണ വൈറസ് പരിശോധന ആശ്യമാണോ അതോ വേണ്ടയോ എന്ന് വെബ്സൈറ്റ് ശിപാർശ ചെയ്യുമെന്നും പറയുന്നു. പരിശോധന കഴിഞ്ഞ് ഫലങ്ങൾ 24 മുതൽ 36 മണിക്കൂറിനുള്ളിൽ ഓൺലൈനിൽ ലഭ്യമാകും. വെബ്സൈറ്റിന്റെ സമാരംഭതീയതി ഞായറാഴ്ച രാത്രിയോടെ അറിയുമെന്ന് യുഎസ് വൈസ് പ്രസിഡണ്ട് മൈക്ക് പെൻസ് പറഞ്ഞു. നിരവധി ജീവനക്കാരുടെ സഹായത്തോടെ വെബ്സൈറ്റ് വികസിപ്പിക്കാനുള്ള ശ്രമത്തിന് നേതൃത്വം നല്കുകയാണ് ഗൂഗിൾ പാരന്റ് കമ്പനിയായ ആൽഫബെറ്റിന്റെ ഉടമസ്ഥതയിലുള്ള വെർലി എന്ന ഹെൽത്ത് കെയർ ടെക് കമ്പനിയും പറഞ്ഞു.




ഞങ്ങൾ വികസനത്തിന്റെ പ്രാരംഭഘട്ടത്തിലാണെന്നും കാലക്രമേണ കൂടുതൽ വിശാലമായി വികസിപ്പിക്കാമെന്ന

(ശേഷം 28-ാം പേജിൽ)

# വേണുഗോപാൽ രാജ്യസഭയിലേക്ക് പത്രിക നല്കി

ജയ്പൂർ: എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ രാജസ്ഥാനിൽ നിന്ന് രാജ്യസഭയിലേക്ക് പത്രിക നല്കി. സംസ്ഥാനത്തു നിന്നുള്ള രണ്ടാമത്തെ കോൺഗ്രസ് സ്ഥാനാർത്ഥിയായ നീരജ് ഡാങ്കിയും പത്രിക നല്കിയിട്ടുണ്ട്. എന്നാൽ, മൂന്ന് ഒഴിവുകളിലേക്ക് ബിജെപി രണ്ട് സ്ഥാനാർത്ഥികളെ രംഗത്തിറക്കിയതോടെ മത്സരത്തിനു കളമൊരുങ്ങി.

അവസാന ദിവസമായ മാർച്ച് 13ന് ബിജെപി നാലാമതൊരു സ്ഥാനാർത്ഥിയുമായി രംഗത്തെത്തിയത്. പാർട്ടി സീറ്റിലേക്ക് നേരത്തെ തന്നെ പ്രഖ്യാപിച്ചിരുന്ന രാജേന്ദ്ര ഗെലോട്ടിനു പുറമേ ഓംകാർ സിങ് ലഖാവത്തിനെയാണ് പാർട്ടി കളത്തിലിറക്കിയിരിക്കുന്നത്. 26-നാണ് തെരഞ്ഞെടുപ്പ്. 200 അംഗ നിയമസഭയിൽ കോൺഗ്രസിന് 119 അംഗങ്ങളും ബിജെപിക്ക് 72 അംഗങ്ങളുമാണുള്ളത്. രാജസ്ഥാന്റെ പ്രശ്നങ്ങൾ രാജ്യസഭയിൽ ശക്തമായി ഉന്നയിക്കുമെന്ന് വേണുഗോപാൽ പറഞ്ഞു. രാജസ്ഥാനിൽ നിന്ന് മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് ഇപ്പോൾ രാജ്യസഭയിലുണ്ട്.

വേണുഗോപാൽ കൂടി വരുന്നതോടെ കേരളത്തിൽ നിന്നുള്ള മൂന്ന് നേതാക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് രാജ്യസഭയിൽ അംഗങ്ങളായി ഉണ്ടാകും. വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ മഹാരാഷ്ട്രയിൽ നിന്നുള്ള അംഗമാണ്. മുൻ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം രാജസ്ഥാനിൽ നിന്നുള്ള ബിജെപി അംഗമാണ്.

# റിസോർട്ടിൽ നിന്നു മുങ്ങിയ ബ്രിട്ടീഷ് പൗരൻ വിമാനത്താവളത്തിൽ പിടിയിലായി

കൊച്ചി: കോവിഡ് ബാധിതനാണെന്നു വെളിപ്പെടുത്താതെ നാട്ടിലേക്കു കടക്കാൻ ശ്രമിച്ച ബ്രിട്ടീഷ് പൗരനെ (57) വിമാനത്താവളത്തിൽ നിന്നു പിടികൂടി. മൂന്നാറിലെ ഹോട്ടലിൽ നിന്നു മുങ്ങി നെടുമ്പാശേരി വിമാനത്താവളത്തിലെത്തിയപ്പോഴാണ് പിടിയിലായത്. കോവിഡ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ കളമശേരി മെഡിക്കൽ കോളജിലെ ഐസോലേഷൻ വാർഡിലേക്ക് മാറ്റി; ഭാര്യയെയും ഇവിടെയാക്കി. ഒപ്പമുണ്ടായിരുന്ന മറ്റു 17 വിദേശികൾ നെടുമ്പാശേരിയിലെ ഹോട്ടലിൽ നിരീക്ഷണത്തിലാണ്. മാർച്ച് 15നു രാവിലെ 9.30നുള്ള വിമാനത്തിൽ ദുബായ് വഴി ബ്രിട്ടനിലേക്കു പോകാനാണ് ഇവരെത്തിയത്.

ബ്രിട്ടീഷ് പൗരനുമായി ഇടപഴകിയ വിമാനത്താവള ജീവനക്കാരെയും സിഐഎസ്എഫ് ഉദ്യോഗസ്ഥരെയും വീടുകളിൽ നിരീക്ഷണത്തിലാക്കി.

## കേന്ദ്രസർക്കാരിന്റെ ഇരുട്ടടിയും

(ഒന്നാം പേജിൽ നിന്നും)

പെട്രോൾ, ഡീസൽ വില അഞ്ചു മുതൽ 10 രൂപ വരെ കുറയ്ക്കേണ്ട സാഹചര്യമുള്ളപ്പോഴാണ് തീരുവ മൂന്നു രൂപ കൂട്ടിയത്. ആഗോളവിപണിയിലെ ക്രൂഡ് ഓയിൽ വില മുമ്പു കുറഞ്ഞപ്പോൾ ആദ്യ മോദി സർക്കാരിന്റെ കാലത്ത് 12 തവണയാണ് എക്സൈസ് തീരുവ കൂട്ടിയത്. അന്ന് എക്സൈസ് തീരുവ വർധനയിലൂടെ 1,87,371 കോടി രൂപ കേന്ദ്രത്തിന്റെ ഖജനാവിലെത്തി എന്നാണ് സർക്കാരിന്റെ കണക്ക്. എന്നാൽ, തീരുവയിലൂടെ കേന്ദ്രം 11 ലക്ഷം കോടി രൂപയാണ് ജനങ്ങളെ പിഴിഞ്ഞതെന്ന് കോൺഗ്രസ് ആരോപിച്ചു.

നികുതി വർധനയിലൂടെ 1.87 ലക്ഷങ്ങൾ ഉണ്ടാക്കിയ കേന്ദ്രസർക്കാർ പക്ഷേ അക്കാലത്ത് സബ്സിഡിയിനത്തിൽ മൊത്തം 38,708 കോടി രൂപ മാത്രമാണ് നൽകിയത്. എന്നാൽ 2009 മുതലുള്ള രണ്ടാം യുപിഎയുടെ അഞ്ചു വർഷക്കാലത്ത് എക്സൈസ് തീരുവയായി 74,909 കോടി രൂപ പിരിച്ചെടുക്കുകയും അതിനേക്കാൾ വളരെയേറെ വലിയ തുക (1,13,510 കോടി രൂപ) പെട്രോൾ, ഡീസൽ, പാചകവാതകം തുടങ്ങിയവയ്ക്ക് സബ്സിഡിയിനത്തിൽ ചെലവാക്കുകയും ചെയ്തു.

പെട്രോളിയം ഉത്പന്നങ്ങളെ ജിഎസ്ടിയിൽ ഉൾപ്പെടുത്താനും സർക്കാർ ഇനിയും തയാറായിട്ടില്ല. പെട്രോളിനെയും ഡീസലിനെയും കൂടി ഏകീകൃത നികുതിയായ ജിഎസ്ടിയിൽ ഉൾപ്പെടുത്തിയാൽ ഇവയുടെ വിലയിൽ ഗണ്യമായ കുറവുണ്ടാകും.

എന്നാൽ മാർച്ച് 14ന് ഡൽഹിയിൽ ചേർന്ന ധനമന്ത്രിയുടെ ജിഎസ്ടി കൗൺസിലിൽ ഇത്തരമൊരു കാര്യം ആലോചിച്ചതുപോലുമില്ല.

## ഡോ. പുതുശേരി അന്തരിച്ചു

(ഒന്നാം പേജിൽ നിന്നും)

1977ൽ കേരള സർവകലാശാലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രഥമ ലോകമലയാള സമ്മേളനത്തിന്റെ ജനറൽ സെക്രട്ടറി കൂടിയായിരുന്നു അദ്ദേഹം. പരേതയായ ആർ. രാജമ്മയാണ് ഭാര്യ. മക്കൾ: ഡോ. ഗീത ആർ. പുതുശേരി (റിട്ട. പ്രഫസർ, എൻഎസ്എസ് കോളജ് കരമന), പി.ആർ. ഉണ്ണികൃഷ്ണൻ, (അസി. മാനേജർ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ചെന്നൈ), പി.ആർ. ഹേമചന്ദ്രൻ (യുഎസ്), പി.ആർ. പ്രേമചന്ദ്രൻ (സിവിൽ സപ്ലൈസ്, തിരുവനന്തപുരം), പി.ആർ. ജയചന്ദ്രൻ (റിട്ട. ഗ്രൂപ്പ് ക്യാപ്റ്റൻ, എയർഫോഴ്സ്). മരുമക്കൾ: ഡോ. കെ.എസ്. രവികുമാർ (പ്രോ വൈസ് ചാൻസലർ, സംസ്കൃത സർവകലാശാല, കാലടി), കെ.പി. ഗീതാമണി (അസിസ്റ്റന്റ് ഡയറക്ടർ, കൃഷി വകുപ്പ്), ശ്രീദേവി നായർ (യുഎസ്), ഇന്ദു (കോളജ് വിദ്യാഭ്യാസ വകുപ്പ്), രേഷ്മ ജയചന്ദ്രൻ.

തിളച്ച മണ്ണിൽ കാൽനടയായി (ആത്മകഥ), എന്റെ സ്വാതന്ത്ര്യസമര കവിതകൾ, ഗ്രാമീണ ഗായകൻ, ആവുന്നത്ര ഉച്ചത്തിൽ, ഉത്സവബലി, പുതുശേരി കവിതകൾ എന്നിവയാണ് പ്രധാന കവിതാ സമാഹാരങ്ങൾ. കേരള ചരിത്രത്തിന്റെ അടിസ്ഥാന രേഖകൾ, കണ്ണശ്ശ രാമായണം (സമ്പൂർണം), ഭാഷാ ഭഗവത്ഗീത എന്നിവയാണ് മറ്റു പ്രധാന കൃതികൾ.

## സാവകാശം

(ഒന്നാം പേജിൽ നിന്നും)

പ്രസംഗത്തിന് പിന്നാലെയാണ് സഭ 26 വരെ പിരിഞ്ഞതായി സ്പീക്കർ എൻ.പി. പ്രജാപതി അറിയിച്ചത്. കേവലഭൂരിപക്ഷം നഷ്ടമായ കമൽനാഥ് സർക്കാർ 16ന് തന്നെ നിയമസഭയിൽ വിശ്വാസം തേടണമെന്ന് ഗവർണർ ലാൽജി ടണ്ഠൻ നിർദേശിച്ചിരുന്നു. അതേസമയം സഭാ സമ്മേളനത്തിന്റെ അജണ്ടയിൽ സ്പീക്കർ വിശ്വാസ വോട്ടെടുപ്പ് ഉൾപ്പെടുത്തുകയും ചെയ്തിരുന്നില്ല.

## കോവിഡ്: ദേശീയ ദുരന്തം

(ഒന്നാം പേജിൽ നിന്നും)

ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ട സാഹചര്യമില്ലെന്നും കേന്ദ്ര സർക്കാർ പറഞ്ഞു.

വലിയ ഗൗരവത്തോടെയാണ് സംഭവത്തെ നോക്കിക്കാണുന്നത്. എന്നാലും ജനങ്ങൾക്ക് ഭീതിയുണ്ടാകേണ്ട സാഹചര്യമില്ല.

ലോകവ്യാപകമായി കൊറോണ വൈറസ് ബാധ പടർന്നുപിടിച്ചതിനെ തുടർന്ന് ലോകാരോഗ്യ സംഘടന കോവിഡ്-19നെ മഹാമാരിയായി പ്രഖ്യാപിച്ചിരിക്കുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യയിലും കൊറോണ ദേശീയ ദുരന്തമായി പ്രഖ്യാപിച്ചത്.

രോഗബാധ സംശയിച്ച് ക്വാറന്റൈൻ ചെയ്യുന്നതിനും സാമ്പിളുകൾ ശേഖരിക്കുന്നതിനുമുള്ള പ്രത്യേക സംവിധാനം ഒരുക്കുന്നതിനൊപ്പം അവർക്കാവശ്യമുള്ള ഭക്ഷണം, വസ്ത്രം, ചികിത്സ അടക്കമുള്ള സംരക്ഷണം എന്നിവയും ഏർപ്പെടുത്തി നൽകണം. ഇതിനാവശ്യമുള്ള തുക സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് ഉപയോഗിക്കാം. ഒരു വർഷം വകയിരുത്തുന്ന തുകയുടെ 25 ശതമാനമാണ് ഇതിനായി ഉപയോഗിക്കേണ്ടത്.

കോവിഡ്-19 സ്ഥിരീകരിക്കുന്നതിനുള്ള ലബോറട്ടറികൾ, തെർമൽ സ്കാനർ, എയർ പ്യൂരിഫയറുകൾ എന്നിവ സജ്ജമാക്കുന്നതിനും രോഗബാധിതരെ സംരക്ഷിക്കുന്നതിനുമായി പോലീസ്, അഗ്നിശമന സേനാംഗങ്ങളെ വിനിയോഗിക്കുന്നതിനും എസ്ഡിആർഎഫിന്റെ പത്ത് ശതമാനത്തിൽ കുറയാത്ത തുക വിനിയോഗിക്കണമെന്നും ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവിൽ പറയുന്നു.

രാജ്യത്ത് കൊറോണ ബാധിച്ചവരുടെ എണ്ണം 110 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 10 പേരെ രോഗം സുഖപ്പെടുത്തുകയോ ബാധിച്ചില്ലെന്നു പൂർണമായി ബോധ്യപ്പെടുകയോ ചെയ്തതിനുശേഷം വിട്ടയച്ചതായി ആരോഗ്യ മന്ത്രാലയം സ്പെഷൽ സെക്രട്ടറി സഞ്ജീവ് കുമാർ അറിയിച്ചു.

## ഭീതിയിൽ മുങ്ങി ഇറ്റലി

(6-ാം പേജിൽനിന്നും)

പ്രാർത്ഥനാദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തിരുന്നു. മാർപാപ്പ ഒരു ലക്ഷം യൂറോ (ഏകദേശം 80 കോടി രൂപ) കൊറോണ രോഗികളുടെ ചികിത്സയ്ക്കായും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായും ഇറ്റാലിയൻ അധികാരികൾക്ക് മാനവവികസന വിഭാഗത്തിന്റെ ഡികാസ്റ്ററി വഴി കൈമാറി.

ഇറ്റലിയിലെ പള്ളികളിൽ എല്ലാ ദിവസവും വിശുദ്ധ കുർബാന അർപ്പണം നടക്കുന്നുണ്ട്. അധികാരികളുടെ നിർദേശപ്രകാരം പൊതുജനം ബലിയർപ്പണത്തിൽ പങ്കെടുക്കുന്നത് സമൂഹമാധ്യമങ്ങളിലൂടെ മാത്രം മതിയെന്നാണ് പറഞ്ഞിരിക്കുന്നത്. കൂടാതെ എല്ലാ ദിവസവും രാവിലെ മാർപാപ്പയുടെ സാന്താ മാർത്താ പള്ളിയിലെ വിശുദ്ധ കുർബാന വത്തിക്കാൻ മീഡിയയിലൂടെ വിശ്വാസികൾക്കായി സംപ്രേഷണം ചെയ്യുന്നുണ്ട്. പാപ്പാ താമസിക്കുന്ന ഭവനത്തിലെ ചെറിയ പള്ളിയാണ് സാന്താ മാർത്താ പള്ളി.

പരിഭ്രാന്തരാവുകയല്ല കരുതലോടെയും പ്രാർത്ഥനയോടെയും വ്യാപരിക്കുകയാണ് വേണ്ടതെന്നു മാർപാപ്പ ഓർമിപ്പിച്ചു.

സഹനത്തിന്റെയും രോഗത്തിന്റെയും സമയങ്ങളിൽ ദൈവം നമ്മോടുകൂടെയെന്നും മറ്റുള്ളവരെ സഹായിക്കാൻ വീണ്ടും കൂട്ടിച്ചേർക്കപ്പെടാനുമുള്ള സമയമാണിതെന്നാണ് സഹനങ്ങൾ നമ്മെ ഓർമിപ്പിക്കുന്നതെന്നും വടക്കെ ഇറ്റലിയിലെ ജനങ്ങൾക്കായി എഴുതിയ കത്തിൽ പാപ്പാ കൂട്ടിച്ചേർത്തു.

## ഗൂഗിളും വാൾമാർട്ടും ചേരുന്നു

(27-ാം പേജിൽനിന്നും)

പ്രതീക്ഷയോടെ സാൻഫ്രാൻസിസ്കോ ബേ ഏരിയയിൽ ആദ്യഘട്ടപരീക്ഷണം നടത്താൻ കഴിയുമെന്ന പ്രതീക്ഷയാണെന്നും കാത്‌ലീൻ പാർക്ക്സ് പറഞ്ഞു.

ആരോഗ്യപ്രവർത്തകർ പോലുള്ള വൈറസ് പിടിപെടാൻ സാധ്യത കൂടുതലുള്ള ആളുകളുടെ പരിശോധനാ ആവശ്യങ്ങൾ വിലയിരുത്തുന്നതിനാണ് തുടക്കത്തിൽ ലക്ഷ്യമിടുന്നതെന്ന് വെരിലിയുടെ മറ്റൊരു വക്താവ് കരോലിൻ വാങ് പറഞ്ഞു. സാൻ ഫ്രാൻസിസ്കോ മേഖലയിലെ നിരവധി സൈറ്റുകളിൽ സിസ്റ്റം കൂടുതൽ വിശാലമായി പരീക്ഷിക്കാൻ വെരിലി ഇപ്പോൾ പദ്ധതിയിട്ടിട്ടുണ്ടെന്നും അവർ പറഞ്ഞു.

ക്വസ്റ്റ് ഡയഗ്നോസ്റ്റിക്, സാബ് കോർപ്പ് തുടങ്ങിയ ഓർഗനൈസേഷനുകളുമായി സഹകരിച്ച് പ്രവർത്തിക്കുകയാണ് വെരിലി. മറ്റ് മേഖലകളിൽ പരിശോധന കൂടുതൽ ആക്സസ് ചെയ്യാവുന്നതും പ്രയോജനകരവുമാക്കുന്നതിനുള്ള അധികസമീപനങ്ങളിൽ അവർ പ്രവർത്തിക്കുന്നു. വെബ്സൈറ്റ് സന്ദർശകർ സമർപ്പിച്ച ഡാറ്റ എങ്ങനെ പരിരക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുമെന്ന മാധ്യമങ്ങളുടെ ചോദ്യങ്ങളോട് വെരിലി വക്താക്കൾ പ്രതികരിച്ചില്ല. ഡ്രൈവ് ത്രൂ കൊറോണ വൈറസ് പരിശോധനയ്ക്ക് സഹായിക്കുന്നതിന് യുഎസിലെ പ്രമുഖ റീട്ടെയിലർമാർ സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് റീട്ടെയിൽ ഇൻഡസ്ട്രി ലീഡേഴ്സ് അസോസിയേഷൻ അറിയിച്ചു. വാൾമാർട്ട്, ടാർഗെറ്റ്, വാൾഗ്രീൻസ് ബൂട്ട്സ് അലയൻസ് ഇങ്ക്, സിവിഎസ് എന്നിവയിലെ മുതിർന്ന നേതാക്കൾ ട്രംപിന്റെ പ്രഖ്യാപനത്തിൽ സംതൃപ്തി പ്രകടിപ്പിച്ചു.

റീട്ടെയിൽ സ്റ്റോർ പാർക്കിങ് സ്ഥലങ്ങളിൽ പരിശോധന നടത്തുകയും പ്രാദേശിക ആരോഗ്യ വകുപ്പുകളുമായും ഡയഗ്നോസ്റ്റിക് ലാബുകളുമായും സഹകരിച്ച് പരിശോധന പൂർത്തിയാക്കാൻ ലാബുകളിലേക്ക് അയയ്ക്കും. ടെസ്റ്റിങ് സൈറ്റുകൾ കമ്പനികൾ പ്രവർത്തിപ്പിക്കില്ല.

## അടിയന്തരാവസ്ഥ

(ഒന്നാം പേജിൽ നിന്നും)

സൗജന്യ പരിശോധനയും ശമ്പളത്തോടുകൂടിയുള്ള അവധിയും ഉൾപ്പെടെ രക്ഷാപാക്കേജുകൾക്കും ജനപ്രതിനിധി സഭ അനുമതി നൽകി.

അടുത്ത എട്ട് ആഴ്ച രാജ്യത്തിന് അതീവ നിർണായകമാണെന്നും ട്രംപിന്റെ പ്രസ്താവനയിൽ പറയുന്നു. രോഗബാധയെ നേരിടാൻ കൂടുതൽ സംവിധാനങ്ങൾ ഒരുക്കും.

സ്വകാര്യ മേഖലയുമായി സഹകരിച്ചായിരിക്കും പ്രതിരോധ പ്രവർത്തനങ്ങൾ-പ്രസ്താവനയിൽ പറയുന്നു. ഏതാനും സംസ്ഥാനങ്ങൾ ഇതിനകം പ്രാദേശിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലായി ന്യൂയോർക്ക് ഗവർണറും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു.

നിരവധി സംസ്ഥാനങ്ങളിൽ സ്കൂളുകൾ അടച്ചിരിക്കുകയാണ്. രോഗത്തിന്റെ ഇപ്പോഴത്തെ പ്രഭവകേന്ദ്രം യൂറോപ്പാണെന്ന ലോകാരോഗ്യസംഘടനയുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ യൂറോപ്പിൽ നിന്നുള്ളവർക്ക് പ്രവേശനാനുമതി തടഞ്ഞു.


BEST TIME TO BUY!!!

GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS

Holiday Inn Express bp



IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA

The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.

For more details, please email or call!

Mathew Kunjappy
Managing Broker
Emsons Realty LTD

Call: 1-630-935-4333 • Fax: 1-630-785-6605

Email: mk@emsonsrealty.com

IS 132 Summit Ave, Suite # 103, Oakbrook Terrace, IL 60181, USA

EMSONS REALTY

# SEEKING BRIDEGROOM

*Orthodox parents inviting proposals for daughter, 32 years, 5'5", fair, slim, Doctorate in Dental Surgery (DDS), practicing Dentistry in Florida, born and educated in USA. We are seeking professionally qualified boys from Orthodox, Catholic or Marthomites. Please respond with recent photo and details to **sureshzthomas@yahoo.com** or call **(248)739-1607.**

*Knanaya Catholic parents settled in USA invite proposals for their daughter age 32, 5'5" tall,slim fair looking and god fearing. She is a B.Com graduate brought up and studied in South Africa. She is currently working as a financial analyst in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.** Email: **steephenvs@gmail.com**

*Knanaya Catholic parents settled in USA invite proposals for their daughter age 31, 5'4" tall,slim fair looking and god fearing. She has a diploma in Educare, brought up and studied in South Africa. She is currently working as a Kindergarten teacher in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.**
Email: **steephenvs@gmail.com**

*Christian parents settled in USA inviting proposals for their daughter42 years old, born and brought up in Dubai. She is an Orthopedics Surgeon has completed her M.S. in Orthopedics at Christian Medical college in Vellore. At present working as a Research Coordinator in Pediatrics Orthopedics at the Mayo Clinic hospital in Rochester, Minnesota. She will commence her Pediatric Ortho Fellowship in 2020 August. She is very intelligent, smart and very attractive and fit. She is 5'4" tall and a born again believer, very active in church activities. She is a US Citizen. If interested please contact with recent photograph and details to
**marijohn2002@yahoo.co.in**
Preference to Medical professionals

*Pentecostal parents seeking proposal for their daughter currently working as R.N, born again, baptized, spirit filled 28 yrs, 5 feet 4 inch from parents of Pentecostal professional boys from USA with similar background. If interested please contact: **lethakuruvila@yahoo.com, 405-514-5062.**

*Pentecostal, Malayali parents settled in USA inviting proposal for their daughter, 29 years, 5'1", born again, spirit filled, MD student in USA, expected to start residency during summer of this year. We are seeking a professionally qualified Christian man with a heart for mission work. Please respond with details and a recent photograph to **TLG7736@gmail.com**

*Pentecostal parents settled in U.S. seeking proposals for their daughter born and brought up in U.S., born again, baptized and spirit filled, board certified internal medicine doctor, currently doing fellowship in Geriatrics. She is 31/ 5"3 looking for a God fearing, compatible qualified boy from U.S.A. If interested please send recent photos with bio data to
**mathewthomas0810@yahoo.com** or call **469-360-5735.**

*Pentecostal parents are prayerfully seeking a proposal for their daughter born in Kerala and brought up in Middle East and USA. She is 29, 5' 1", holds Doctors degree in Pharmacy and currently working as Pharmacy Manager In Kroger store, Michigan. She is born again, baptized, family-oriented, spiritual, loves the Lord. We are seeking proposals from the parents of Pentecostal, God-fearing who loves the Lord, educated, family-oriented and USA citizen or green card boys. Please contact with recent photos with full details. **Thomaskutty Mathai - Cell# 919-482-9788, tom966t@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

**Pentecostal parents settled in USA inviting proposal for their daughter, 28 yrs 5"7, born again, baptized and completed medical school, currently doing second year residency. We are seeking born again, spiritual boys with similar educational background from USA. You may please contact with recent pictures to **sobha6588@yahoo.com**

*Orthodox parents invite proposals for our daughter. 27 years old. Born and brought up in the U.S.A. Who is a Family Nurse Practitioner working in Texas. We are very well established in the U.S.A and also outside of Kerala. Preferences will be given to boys who in the medical profession(Doctors NP, PA, Pharmacy etc) who are in Texas or willing to move to Texas. Boys with good character, good family background, non-smoker and non-drinker. From a well-established family with good educated family background. Orthodox, Catholic, Marthoma, Bretheran, CSI etc. Call **214-578-2235** leave message or email to **turnerj12000@yahoo.com**

*Knanaya Catholic parents settled in USA invite proposals for their daughter 37, widow, has a son. Interested Knanaya men or parents please contact **6305186001** or **jfmcd785@gmail.com**

*Pentecostal parents are prayerfully seeking a proposal for their daughter born and brought up in the US. She is 26, 5'1", holds BS degree in accounting and currently working as an accountant in a company. She is born again, baptized, family oriented, spiritual, loves the Lord and a worship leader. We are seeking proposals from the parents of Pentecostal, God fearing who loves the Lord, educated, family oriented and US born and brought up boys. Please contact with recent photos with full details. **shalomkbd2016@gmail.com.**

*Pentecostal parents settled in USA inviting proposal for their daughter, 28 yrs, 5'7" BSc Nurse, born again , spiritual, born and brought up in USA. We are seeking professionally qualified boys with good spiritual background. You may please contact with recent pictures and details to **vineyard525@gmail.com**

*Catholic parents settled in US inviting proposals for their daughter born and brought up in US (27 years,5'3") with a Masters Degree in Anesthesia from a prestigious University,currently working in a prestigious University Hospital in Missouri.We are seeking proposals from God fearing boys,preferably grow up in US. Please send with recent pictures and details to
**john.thomas2@duke.edu.**
Or call **336-693-9397**
or **crthomas913@gmail.com.**

*Pentecostal parents settled in North America invite proposal for their daughter, MBA; 33; 5'6" working in U.S. for a financial company. She is born again, baptized and spirit filled. Parents of professionally qualified boys and good spiritual background may please respond with details and picture to
**scjoseph22@gmail.com** or call **905 793 5007.**

# SEEKING BRIDE

*Christian Parents (Orthodox) settled in USA (NY) invite proposals for their son 40 years old 6'2" M.S. in Criminal Justice (Detective Investigator working with New York Police Department). His wife passed away in 2016, having a son 7 years old. We are seeking proposals for girls from USA, Late Marriage or Widow age 32-37. Please contact Phone **516 616 0611 or 516 287 6361.** Email: **thekkmathew@gmail.com.**

*Seeking bride for a Christian boy age 29, 6 ft tall, holding business degree, working with Bloomberg group in New York. Looking for a Malayalee girl that is brought up in the U.S. Should be tall and educated professional. Please email details and photo to:
**prabhaphilip@yahoo.com** or
call: **614-329-9361**

*Knanaya Jacobite parents invite proposals for our son ( 31, 5'10", employed in IT field). He was born and raised in the U.S and is living in Boston. Preferably seeking proposals from parents of Knanaya girls, employed in the medical field. Please contact
**bmt554206@gmail.com** or
call **978-577-7732.**

*Pentecostal family members are seeking a suitable life partner for our nephew (26 years old, 5'8") born in the U.S. Bachelor's in Business Management, MBA specialized in Aerospace Logistics. Working in the Tinker Airforce Base (civilian). Active in the church in the role of praise and worship leader, Sunday school teacher, and as evangelism director. We are seeking a born-again, spirit-filled girl, with some professional education (Knanaya background preferred). Please contact with details to **mtkuruvilla1@hotmail.com** or call **(405) 474-1222.**

*Syrian Christian Pentecostal parents invites proposal for their son 27, 179 cm, fair, B.Tech, working as instrumentation engineer in Kuwait, Baptized and spiritfilled. From parents of well educated girls with good spiritual life and family backgrounds. Phone USA **405 541 5567**, Kerala **9633170515**

*Pentecostal parents prayerfully seeking suitable life partner for their son (26, 5-11)born and brought up in the US, holds a degree in business administration and currently working for a reputable firm. We are seeking proposals from the parents of Pentecostal, Holy Spirit baptized US born girls with similar field of education, employed or unemployed. Please contact with full detailsto: **Eliazer2017@yahoo.com**

*Proposals are invited for a Knanaya Catholic groom, 39 years old, divorced, working in USA; from girls belonging to any mainstream Christian denominations. Please contact with details to: infomatrimonial **20@gmail.com** or call: (**803) 873-0395.**

**Christian/Catholic Malayalee parents settled in USA invite proposal for their son family-oriented, caring with moral/ spiritual value, good character, 34 years, 5'9", US-educated medical doctor MD. Proposal seeking from slim, fair, beautiful Christian/catholic girls with similar professions. please send emails with recent picture to
**mkurian101@gmail.com**

* Malayalee Pentecostal Parents settled in the USA invite marriage proposals for their son, born again, baptized, spirit filled, 5'10", 34 years old, spiritual, and family oriented IT professional working for a highly acclaimed IT firm in the USA, from parents of born again, baptized, spirit filled Pentecostal girls, with excellent spiritual and family values, preferably raised in the USA. Please reply with recent photos to
**onlyhisgrace79@gmail.com**

*Sister invites proposal for her born again brother, 26 years, fair in complexion, 5'9", studying MBA Pharmacy and completing in 2020. He is born and brought up in the US and from the Knanaya back-ground. Looking for God-fearing born again girl working or studying in the medical field preferably from the US or Canada. Phone # **847 337 0660.** Email: **Neethusz@gmail.com** or **ashzach84@gmail.com**

*Christian male, divorced, 44 yrs, well mannered, a graduate electrician with Saudi Arabian work experience currently in Kerala seeking Christian Malayalee bride (Single, widowed, divorced) from USA or Canada. Contact **(713) 505 4747** or email to: **priyajohn002@gmail.com.**

**Christian Malayalee parents settled in the USA invite proposal for their sons MD 41 & 42 years, 5'7" & 5'9". 1st son is ER doctor in California and 2nd son double board-certified MD V A Hospital. We are seeking God-fearing and professionally qualified, slim, fair and good looking girl. Please contact with recent picture and details to email: **j_indy21@hotmail.com**

*Roman Catholic parents well settled in USA invite Marriage Proposal for their only son 34 years 5'5" Fair Complex USA Educated Chemical Engineer with Master of Business Management. He is working in Chicago in a MN Chemical Company as Global Innovation manager. He has all The Best Qualities. Please send details with recent full size pictures to **stevarmaan@hotmail.com**

# SEEKING BRIDEGROOM CONTD.....

*Roman Catholic mother invites proposals for her daughter M.D. Working as Ob & Gyn Specialist in New York since 2012. She is born in July 1982, ht 5' 2", good looking with fair complexion, born in U.S and graduated from U.S. medical school. Seeking qualified christian professionals age 37-39yrs. If interested, please reply with a recent photograph to **gladys.abraham01@gmail.com.**

*Pentecostal parents settled in US inviting proposal for their daughter, 27 yrs, 5'6", CPA, working in a major auditing firm. Born again, baptized, spiritual. Born and brought up in US, attractive. We are seeking professionally qualified Pentecostal boys. Please contact with recent pictures and detail to **wmathew1@comcast.net** or call Phone **206-234-5555**

*Kerala Pentecostal Parents invite proposal for their daughter (DOB:29/12/ 1992) (5'1") (BSc Nurse) Born again with good spirituAal values currently working in Kerala seeking proposal from professionally qualified, baptized, and spirit filled young men with similar Christian faith and values. Email:
**jaisonkvj@gmail.com.** Contact:
**+91 7025416048, +91 6282129858**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## കുര്യൻ ഉമ്മൻ

**ചെന്നൈ:** തിരുവല്ലാ മാളിയേക്കൽ പരേതരായ കെ. ഉമ്മന്റെയും അന്നമ്മ ഉമ്മന്റെയും മകൻ കുര്യൻ ഉമ്മൻ (70) നിര്യാതനായി. ഭാര്യ: റാണി. മക്കൾ: അശിനി, ആരതി, അനുഷ്ക. മരുമക്കൾ: അളഗർ സ്വാമി (ഹൂസ്റ്റൺ), സുസ്റ്റോപെന ഡൊറാഡോ (ലണ്ടൻ), പ്രവീൺ കുമാർ.

**കോതമംഗലം:** വ്യവസായ വകുപ്പ് ജീവനക്കാരൻ ശോഭനപ്പടി ചിലമ്പത്ത് വിനേഷ് തങ്കപ്പൻ (46) നിര്യാതനായി.

**കൊട്ടാരക്കര:** മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികൻ ചെങ്ങമനാട് ബേത്‌ലഹേം ആശ്രമാംഗം മല്ലപ്പള്ളി എഴുമറ്റൂർ കരിമരുത്തുംമൂട്ടിൽ കുടുംബാംഗം ഫാ. കെ. ജെ. കോശി (86) നിര്യാതനായി.

**മുണ്ടത്താനം:** ദാനുവേലിൽ പരേതനായ ലഫ്റ്റനന്റ് പി. വി. പോത്തന്റെ ഭാര്യ സിഎംഎസ് എൽപി സ്കൂൾ റിട്ട. ഹെഡ്മിസ്ട്രസ് അച്ചാമ്മ പോത്തൻ (86) നിര്യാതയായി.

## ഏലിക്കുട്ടി മാത്യു

**കുട്ടിക്കൽ:** കാവാലി മാടപ്പള്ളിൽ തോമസ് മത്തായിയുടെ ഭാര്യ ഏലിക്കുട്ടി മാത്യു (83) നിര്യാതയായി. കാവാലി പുളിക്കൽ കുടുംബാംഗമാണ്. മക്കൾ: ലിസിയമ്മ, മേഴ്സി (യുഎസ്), ലാലി (സൗദി), ഷാജി. മരുമക്കൾ: ജോസ് കവിയിൽ (തൊടുപുഴ), സണ്ണി മൂലേച്ചാലിൽ (പ്ലാശനാൽ), ജോസി ഒലക്കപ്പാടിയിൽ (എടത്വാ), റെജി ആലക്കാപ്പള്ളിൽ (കാവാലി).

**വള്ളംകുളം:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ നന്നൂർ സുനിൽ ഭവനിൽ കെ.എം. കുമാരൻ (77) നിര്യാതനായി.

**പുറ്റടി:** മക്കോറ പരേതനായ എം.ജെ. മാത്യുവിന്റെ മകൻ സുലു മാത്യു (43) നിര്യാതനായി.

## അന്നമ്മ ജോൺ

**കൂത്താട്ടുകുളം:** ചെള്ളയ്ക്കപ്പടി കക്കുഴിയിൽ പരേതനായ സി.ജെ. ജോണിന്റെ ഭാര്യ അന്നമ്മ (97) നിര്യാതയായി. പൂവക്കുളം മണ്ഡപത്തിൽ കുടുംബാംഗമാണ്. മക്കൾ: ബേബി, ജോൺ (യുഎസ്), ബോസ്, ജാൻസി, പീറ്റർ, ഗ്രേസി. മരുമക്കൾ: മേരി, ലീലാമ്മ, ജോളി, ജോയി (മണ്ണത്തൂർ), മോളി, ചെറിയാൻ (ചേലക്കര).

**തിരുവനന്തപുരം:** നന്തൻകോട് നളന്ദ ജംക്ഷൻ ക്രിസ്റ്റൽ എൻക്ലേവ് ഫ്ളാറ്റിൽ പരേതനായ അഡ്വ. സി.ആർ. ബാലകൃഷ്ണപണിക്കരുടെ ഭാര്യ ജില്ലാ സഹകരണ ബാങ്ക് റിട്ട. മാനേജർ കെ.പി. ശാന്തകുമാരി (88) നിര്യാതയായി.

**കുറുപ്പന്തറ:** വെളിഞ്ഞാലയിൽ ശ്രായിത്താഴെ ചാക്കോ സേവ്യർ (67) നിര്യാതനായി.

**കടവന്ത്ര:** കാഞ്ഞിരത്തിങ്കൽ പരേതനായ കെ.ജെ. ആന്റണിയുടെ ഭാര്യ കുഞ്ഞമ്മ (80) നിര്യാതയായി.

**എടത്വ:** പാണ്ടങ്കരി സരസ്വതി ഭവനിൽ മുരളി മോഹൻ (68) നിര്യാതനായി.

**മേലുകാവുമറ്റം:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ (പുണെ) പടിഞ്ഞാറെ പുത്തൻപുരയ്ക്കൽ പി.എസ്. പുന്നൂസ് (62) നിര്യാതനായി.

**കോത്തല:** അരവിന്ദവിലാസം ബാബുരാജ് (54) നിര്യാതനായി.

**ചെറുതോണി:** വാഴത്തോപ്പ് വാലിയിൽ ബാബു (51) നിര്യാതനായി.

## എലിസബത്ത് ജോർജ്

**കോഴഞ്ചേരി:** ഐക്കരേത്ത് പരേതനായ ഐ.ഇ. ജോർജിന്റെ ഭാര്യ എലിസബത്ത് (ബേബി-89) നിര്യാതയായി. അയിരൂർ ചെറുകര കുടുംബാംഗമാണ്. മക്കൾ: ജോസ് (യുഎസ്), ലാൽ (മെൽബൺ).

**തൃശൂർ:** ജീവകാരുണ്യ പ്രവർത്തനങ്ങളിലൂന്നിയ ആത്മീയ ജീവിതം നയിച്ച അതിരൂപതാംഗം ഫാ. ജോസഫ് വടക്കേത്തല (90) നിര്യാതനായി.

## പി.സി. തോമസുകുട്ടി



**ഡാളസ്:** റാന്നി കപ്പമാമൂട്ടിൽ പി.സി. തോമസുകുട്ടി (റാന്നി അച്ചായൻ-82) ഡാളസിൽ നിര്യാതനായി. ഭാര്യ മേരിക്കുട്ടി തോമസ്. മക്കൾ: അനി സണ്ണി-സണ്ണി മാത്യു, മിനി സാബു-സാബു ഏബ്രഹാം, മനോജ് തോമസ്-ലൗലി തോമസ്, ബിനു ഏബ്രഹാം-ഏബ്രഹാം ബേബി (എല്ലാവരും ഡാളസ്).

**മുത്തോലപുരം:** ജോസ്ഗിരി സെ. ജോർജ് എൽപി സ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ പറയംപറമ്പിൽ (ഇടമറ്റം നെല്ലിക്കുന്നേൽ) എൻ.ജെ. ജോർജ് (83) നിര്യാതനായി.

## അമ്മിണി മത്തായി

**അമിച്ചകരി:** അടങ്ങപ്പുറത്ത് കോടിക്കൽ പരേതനായ എ.എം. മത്തായിയുടെ ഭാര്യ അമ്മിണി (92) നിര്യാതയായി. എടത്വ കരിമ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ഏബ്രഹാം മാത്യു (മസ്കത്ത്), ജോർജ് മാത്യു, ടോം എ. മാത്യു (യുഎസ്), പരേതയായ ജോളി. മരുമക്കൾ: കോട്ടയം മഞ്ചയിൽ ഡോ. തോമസ് വർഗീസ്, മോളി, ബീനാ, സിസി.

**തിരുവല്ല:** മാർത്തോമ്മാ കോളജ് റിട്ട. ഉദ്യോഗസ്ഥൻ കൊമ്പാടി പുത്തൻപുരയ്ക്കൽ പി.എം. വർഗീസ് (ബേബി-93) നിര്യാതനായി.

**മുക്കൂട്ടുതറ:** എലിവാലിക്കര ഞൊണ്ടിക്കൽ പരേതനായ എൻ.എസ്. വർഗീസിന്റെ ഭാര്യ അന്നമ്മ (88) നിര്യാതയായി.

## ജോസഫ് ചാക്കോ

**കുറവിലങ്ങാട്:** എച്ച്എം മേജർ പ്രസ് ഉടമ കടവുംകണ്ടത്തിൽ ജോസഫ് ചാക്കോ (88) നിര്യാതനായി. ഭാര്യ: കാണക്കാരി വടക്കേപുതുശേരിൽ മേരി. മക്കൾ: ആനി, സാലി, സണ്ണി, ടോമി, ജോമോൻ (എല്ലാവരും യുഎസ്). മരുമക്കൾ: ജോയി ചെരുവിൽ കട്ടച്ചിറ, ജോയി വെള്ളയാംപള്ളിൽ മുണ്ടത്താനം, ആലീസ്, ബെറ്റി, റോസ്.

**കൊച്ചി:** കോട്ടയം മാങ്ങാനം ചെമ്മരപ്പള്ളിൽ സി. ജോർജ് ജോസഫ് (കൊച്ച്-91) നിര്യാതനായി.

**പുതുപ്പള്ളി:** പനയടത്തുശേരിൽ ഏബ്രഹാം തോമസ് (ബാബു-65) നിര്യാതനായി.

**ചേനപ്പാടി:** തലപ്പുലത്ത് പരേതനായ പുരുഷോത്തമൻ നായരുടെ ഭാര്യ രാധമ്മ (79) നിര്യാതയായി.

**വഴിത്തല:** കോലടി കൊച്ചുമുണ്ടൻമലയിൽ കെ.വി. ജോസഫ് (കൊച്ചാപ്പുകുഞ്ഞ്-86) നിര്യാതനായി.

## പി.എം. മാത്യു

**കുളത്തൂപ്പുഴ:** മാടോലിൽ മുണ്ടൻനിൽക്കുന്നതിൽ എം.പി. മാത്യു (ഉണ്ണിക്കുഞ്ഞ്-77) നിര്യാതനായി. ഭാര്യ: റാന്നി എരുമത്തടത്തിൽ മേരി. മക്കൾ: ഫിലിപ്പ്, ദിലീപ്, ജോർജ്. മരുമക്കൾ: ജിനി, നിസ്സി, അനിത.

## പി.ജെ. തോമസ്

**കൂടരഞ്ഞി:** കർഷകൻ പിണക്കാട്ട് പനക്കച്ചാൽ പി.ജെ. തോമസ് (തൊമ്മൻ-80) നിര്യാതനായി. ഭാര്യ: വെള്ളിയേപ്പിള്ളിൽ കുടുംബാംഗം മറിയക്കുട്ടി. മക്കൾ: ലിസി, മേരി (യുഎസ്), അൽഫോൻസ, ഡോ. റെജീന (യുഎസ്), ജിമ്മി (മസ്കത്ത്), ആഗി, ജിയോ (എച്ച്ഡിഎഫ്സി ബാങ്ക് കോഴിക്കോട്). മരുമക്കൾ: ജോൺ പള്ളിത്താഴത്ത് (റിട്ട. എസ്ബിഐ), എമ്മാനുവേൽ തീയാട്ടുപറമ്പിൽ (യുഎസ്), മാണി പാലക്കൽ (റെയിൽവേ മൈസൂർ), സിബി തറകുന്നേൽ (യുഎസ്), നിത (അദ്ധ്യാപിക പാല), ബാബു വാഴപ്പിള്ളി (ചാലക്കുടി), സൗമ്യ (എംഎംഎം യുപി സ്കൂൾ പുന്നക്കൽ).

## ഏലിക്കുട്ടി ദേവസ്യ

**തുരുത്തിപ്പള്ളി:** വട്ടനിരപ്പേൽ പരേതനായ ദേവസ്യായുടെ ഭാര്യ ഏലിക്കുട്ടി (88) നിര്യാതയായി. മക്കൾ: മേരി, എൽസമ്മ, ജോസ്, ത്രേസ്യാമ്മ, റീത്താമ്മ, സെലിൻ, റോസിലി (യുഎസ്). മരുമക്കൾ: പത്രോസ് മലേപ്പള്ളിൽ (തൃശൂർ), കൊച്ചുവർക്കി മുക്കാകുഴിയിൽ (മരങ്ങോലി), ലില്ലിക്കുട്ടി, ബേബി കൊല്ലപ്പള്ളി മലയിൽ (അതിരമ്പുഴ), വർഗീസ് ചാമക്കാലായിൽ (കാട്ടാംപാക്ക്), തോമസ് മാക്കിയിൽ (മാതൃഭൂമി, കോട്ടയം), സാജു കാരുവള്ളിൽ (യുഎസ്).

**പാമ്പാടി-വെള്ളൂർ:** വെളിയിൽ തുണ്ടുതറയിൽ റിട്ട. ഹെഡ് കോൺസ്റ്റബിൾ ടി.ഒ. ജോൺ (69) നിര്യാതനായി.

## കെ.ജെ. ജോസഫ്

**ചെമ്പുമുക്ക്:** കാരത്തോട്ടത്തിൽ കെ.ജെ. ജോസഫ് (72) യുഎസിൽ നിര്യാതനായി. ഭാര്യ: പള്ളിക്കത്തോട് മുണ്ടുപാലക്കൽ റോസ്. മക്കൾ: ഷൈനി, ബെന്നി (യുഎസ്). മരുമക്കൾ: എറിക് ജോസഫ്, ജിൻസി (യുഎസ്).

**കരിക്കാട്ടൂർ:** കണ്ണാട്ടുകുന്നേൽ ആന്റണി മാണി (അന്തോണിച്ചൻ-94) നിര്യാതനായി.

**കിഴക്കമ്പലം:** തുരുത്തുകര പുല്യാട്ട് കൊച്ചാക്കൻ പോളിന്റെ ഭാര്യ ഓമന (70) നിര്യാതയായി.

**മല്ലപ്പള്ളി-പരിയാരം:** പുതുശേരിമണ്ണിലായ തേമ്മാനാൽ ടി.പി. ഫിലിപ്പ് (റെജി-50) നിര്യാതനായി.

**നാലുകോടി:** ചങ്ങനാശേരി സിഎംസി പ്രൊവിൻസിലെ സെയിന്റ് ജോസഫ്സ് കർമലീത്താ മഠാംഗവും മിത്രക്കരി, ഭോപ്പാൽ എന്നീ മഠങ്ങളിൽ സുപ്പീരിയറുമായ സിസ്റ്റർ ജോൺ ബോസ്കോ (വി.ജി. ആനിക്കുട്ടി-94) നിര്യാതയായി.

**കുറുപ്പന്തറ:** കാര്യാവിൽ (തേവരുപറമ്പിൽ) ജോസഫ് സേവ്യർ (കുഞ്ഞ്-75) നിര്യാതനായി.

**ചിറക്കടവ്:** മഞ്ഞാടിയിൽ പരേതനായ ചാക്കോച്ചന്റെ ഭാര്യ ഏലിക്കുട്ടി (പെണ്ണമ്മ-80) നിര്യാതയായി.

**കിടങ്ങൂർ:** പാദുവാ വരിക്കായിൽ (ചെത്തിയിൽ) അഗസ്റ്റിന്റെ മകൻ ജോബി (45) നിര്യാതനായി.

## ലൂക്കാ നൈനാൻ

**തിരുവനന്തപുരം:** ശ്രീകാര്യം ചാവടിമുക്ക് ബ്ലിസ് ഹോമിൽ ചിറത്തലാട്ട് ലൂക്കാ നൈനാൻ (84) നിര്യാതനായി. ഭാര്യമാർ: കൈതക്കൽ മറിയാമ്മയുടെ മരണശേഷം വടശേരിക്കര നള്ളേത്തു സൂസമ്മ തോമസ് (തിരുവനന്തപുരം മെഡിക്കൽ കോളജ് ഓഫിസ് റിട്ട. ജൂനിയർ സൂപ്രണ്ട്). മക്കൾ: ഡോ. സൂസൻ മത്തായി (യുകെ), ഡോ. ഷൈനി റേച്ചൽ ചെറിയാൻ (കാനഡ), ലൂക്കോസ് നൈനാൻ, ഡോ. സോണി സി. മാർക്കോസ് (ഇരുവരും യുഎസ്), സിന്ധു തോമസ് (സെയിന്റ് തോമസ് റസിഡൻഷ്യൽ സ്കൂൾ, തിരുവനന്തപുരം). മരുമക്കൾ: ഡോ. ക്ലാരൻസ് മത്തായി (യുകെ), ഡോ. അലൻ ഗാർലൻഡ് (കാനഡ), എംബുറു, ബബിത മാത്യു (ഇരുവരും യുഎസ്), തോമസ് സജി (എസ്ബിഐ).

**കല്ലറ:** നെടുംതുരുത്തിൽ പുത്തൻപുരയിൽ പരേതനായ കുര്യാക്കോസിന്റെ ഭാര്യ മേരി (86) നിര്യാതയായി.

**കുണ്ടറ:** കരിപ്പുറം പള്ളിയാടിൽ വീട്ടിൽ പരേതനായ തങ്കപ്പന്റെ ഭാര്യ ചെങ്കുളം പണ്ടാരഴികത്ത് കുടുംബാംഗം പെണ്ണമ്മ (75) നിര്യാതയായി.

**റാന്നി-പെരുനാട്:** മഠത്തുംമൂഴിയിൽ പരേതനായ പി.കെ. കോമളന്റെ ഭാര്യ കെ.വി. സുജാത (48) നിര്യാതയായി.

## മറിയാമ്മ വർക്കി

**കുമരകം:** കുറ്റിക്കാട് പരേതനായ വർക്കിയുടെ ഭാര്യ മറിയാമ്മ (105) നിര്യാതയായി. പാമ്പാടി കിഴക്കയിൽ കുടുംബാംഗമാണ്. മക്കൾ: ലൈസാമ്മ (യുഎസ്), ഏബ്രഹാം (റെയിൽവേ പോർബന്തർ), മോളി, രാജൻ കെ. വർഗീസ് (റിട്ട. സൂപ്രണ്ട്, റെയിൽവേ, കോട്ടയം). മരുമക്കൾ: തോമസ് (തുണ്ടത്തിൽ, തിരുവല്ല), റോസമ്മ, കുരുവിള (വായിത്ര, അമയന്നൂർ), ബീന.

**തിരുവഞ്ചൂർ:** കൊല്ലാട് വാഴച്ചേരിൽ ജോൺസന്റെ ഭാര്യ വാട്ടർ അതോറിറ്റി റിട്ട. ഉദ്യോഗസ്ഥ വി.എസ്. മറിയാമ്മ (തങ്കമ്മ-66) നിര്യാതയായി.

## മറിയാമ്മ ലൂക്കോസ്

**പുതുപ്പള്ളി:** കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് സൂപ്രണ്ടായിരുന്ന കൈപ്പനാട്ട് പുതുമന കെ.എൽ. ലൂക്കോസിന്റെ ഭാര്യ മറിയാമ്മ (അമ്മുക്കുട്ടി-86) നിര്യാതയായി. നിരണം പുള്ളിപ്പടവിൽ കുടുംബാംഗമാണ്. മക്കൾ: ലൂക്കോസ് കൈപ്പനാട്ട് (ഐഎൻടിയുസി ജില്ലാ സെക്രട്ടറി), എൽസി മാത്യൂസ് (ചെന്നൈ), ആനി മാത്യൂസ് (കളത്തിൽപ്പടി), മിനി ചെറിയാൻ (എസ്ബിഐ), സിസി ജോർജ് (ടെക്സാസ്). മരുമക്കൾ: ഡി. മാത്യൂസ് കുത്തുകുഴിയിൽ (ചെന്നൈ), മാത്യു പി. തോമസ് പുത്തൻവീട്ടിൽ കരിയിൽ (മാങ്ങാനം), ജിജി ചെറിയാൻ ചെറിയമഠത്തിൽ (തിരുവനന്തപുരം), സണ്ണി ജോർജ് (ടെക്സസ്), അനു നാലാത്ര.

**പെരുവ:** കാരിക്കോട് മുളയംകോട് മണലാടിയിൽ ചാക്കോയുടെ ഭാര്യ മറിയം (അമ്മിണി-68) നിര്യാതയായി.

**നീലൂർ:** ഔസേപ്പറമ്പിൽ പരേതനായ തോമസിന്റെ ഭാര്യ ഏലിക്കുട്ടി (86) നിര്യാതയായി.

**ചങ്ങനാശേരി:** വടക്കേക്കര കറുകപ്പള്ളിൽ ദേവസ്യാ മത്തായി (കുഞ്ഞച്ചായി-72) നിര്യാതനായി.


**തൊടുപുഴ:** താഴത്തേടത്ത് ടി.ഡി. രവീന്ദ്രൻ (70) നിര്യാതനായി.

## മേരിക്കുട്ടി ജോസഫ്

**കുമാരനല്ലൂർ:** ശാന്തിമന്ദിരത്തിൽ പരേതനായ എൻ. ജോസഫിന്റെ ഭാര്യ മേരിക്കുട്ടി (86) നിര്യാതയായി. ആലപ്പുഴ വാലപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: വിമല, സിസ്റ്റർ നിർമ്മല (ഝാർഖണ്ഡ്), ആൻസി. അഡ്വ. കെ.ജെ. ദേവസ്യ, ജോർജ് ജോസഫ് (യുഎസ്), ഫിലോമിന (ഓസ്ട്രേലിയ). മരുമക്കൾ: പരേതനായ വി.ടി. ദേവസ്യ വേളാശേരി, സിബിച്ചൻ മുണ്ടകത്തിൽ (എടത്വ), റോസമ്മ ചാക്കോ, സുജാത (യുഎസ്), ടോമി പാളിത്തോട്ടം(ഓസ്ട്രേലിയ).

**തിരുവല്ല:** പെരുന്തുരുത്തി പുളിമൂട്ടിൽ പരേതനായ ബി. എഫ് ചെറിയാന്റെ മകൻ ചെന്നൈ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഡെപ്യൂട്ടി ജനറൽ മാനേജർ ബെഞ്ചമിൻ ചെറിയാൻ (കുഞ്ഞ്-57) ചെന്നൈയിൽ നിര്യാതനായി.

## ജോസഫ് പിട്ടാപ്പിള്ളിൽ



**ന്യൂയോർക്ക്:** ന്യൂയോർക്ക് മെട്രോ ട്രാൻസിറ്റ് അതോറിറ്റിയിലെ മുൻ ഉദ്യോഗസ്ഥൻ ജോർഡി പിട്ടാപ്പിള്ളിയുടെയും ഭാര്യ അൽഫോൻസ് പിട്ടാപ്പിള്ളി (മൗണ്ട് സീനായി ഹോസ്പിറ്റൽ സ്റ്റാഫ്)യുടെയും മകൻ ജോസഫ് പിട്ടാപ്പിള്ളിൽ (30) നിര്യാതനായി. ന്യൂജേഴ്സിയിലുള്ള ബാങ്ക് ഓഫ് അമേരിക്കയിലെ ഉദ്യോഗസ്ഥനായിരുന്നു. സംസ്കാരം നടത്തി. ഏകസഹോദരി ജാസ്മിൻ പിട്ടാപ്പിള്ളിൽ (ന്യൂറോഷെൽ ഹോസ്പിറ്റൽ റേഡിയോളജിസ്റ്റ്).

**മാന്നാനം:** പെരുമ്പള്ളിൽ പരേതനായ പി.സി. മാത്യുവിന്റെ (റിട്ട. ഹെഡ്മാസ്റ്റർ) ഭാര്യ കോട്ടയം നേഴ്സിങ് സ്കൂൾ റിട്ട. പ്രിൻസിപ്പൽ സി.പി. ത്രേസ്യാമ്മ (89) നിര്യാതയായി.

## ലുലു ജോർജ്

**തിരുവല്ല:** കറ്റോട് ഗ്രീൻവ്യൂ കണ്ടത്തിൽ പരേതനായ കെ. ജോർജ് തോമസിന്റെ ഭാര്യ റിട്ട. അദ്ധ്യാപിക ലുലു (79) യുഎസിൽ നിര്യാതയായി. മക്കൾ: ബിജു ജോർജ് (ഡി പോൾ യൂണിവേഴ്സിറ്റി, ചിക്കാഗോ), ബിജോയ് ജോർജ് (ഇൻഫർമേഷൻ ഡയറക്ടർ സിബിഎംഐ വാഷിങ്ടൺ). മരുമക്കൾ: ജോർജ് വർഗീസ് (ടെക്നിക്കൽ സ്പെഷലിസ്റ്റ് ഗ്രെയ്ഞ്ചർ കമ്പനി ചിക്കാഗോ), ജീന (സിസ്റ്റംസ് എൻജിനീയർ, യുഎസ്).

**ചങ്ങനാശേരി:** കുരിശുംമൂട് ചമ്പക്കുളം വേങ്ങാശേരി സി.വി. ദേവസ്യ (ബേബിച്ചൻ-79) നിര്യാതനായി.

**അരുവിത്തുറ:** വലിയവീട്ടിൽ (തുങ്ങംപറമ്പിൽ) പരേതനായ പ്രഫ. വി.ഡി. ജേക്കബിന്റെ ഭാര്യ ഗ്രേസി (70) നിര്യാതയായി.

**ആയാംകുടി:** മുൻസിഫ് കോടതി റിട്ട. ജീവനക്കാരനും എസ്എൻഡിപി ആയാംകുടി ശാഖാ മുൻ പ്രസിഡണ്ടുമായിരുന്ന പ്ലാങ്കിയിൽ ശ്രീധരൻ (79) നിര്യാതനായി.

**തൃശൂർ:** കടപ്ര വാക്കയിൽ കോയിക്കൽ കേരളവർമ രാജ (76) നിര്യാതനായി.

## ഏലിക്കുട്ടി വർഗീസ്

**ഉടുമ്പന്നൂർ:** ആമ്പക്കാട്ട് പരേതനായ വർഗീസിന്റെ ഭാര്യ ഏലിക്കുട്ടി (86) നിര്യാതയായി. മക്കൾ: ജോസ് (ഓൾഡ് ബസാർ, തൊടുപുഴ), ജെയിംസ് (യുഎസ്), മേഴ്സി (ബെംഗളൂരു), ജെയ്മോൻ (സൗദി). മരുമക്കൾ: ലൂസി, ആലീസ്, അങ്കമാലി പുതുശേരി വർഗീസ്, ചങ്ങനാശേരി കൈതപ്പറമ്പിൽ സുബാഷ് മാത്യു (സൗദി).

## ജോണിക്കുട്ടി ജോസഫ്

**അതിരമ്പുഴ:** കാരുവേലിൽ (കുഴിയാത്ത്) അഡ്വ. ജോണിക്കുട്ടി ജോസഫ് (ജോണപ്പൻ-71) നിര്യാതനായി. ഭാര്യ: പുളിക്കുന്ന് മണത്തറ ലൗലമ്മ. മകൾ: ലത ജോൺ (യുഎസ്). മരുമകൻ: ചങ്ങനാശേരി വള്ളികുന്നേൽ സിബി ചാക്കോ.

**അമയന്നൂർ:** റെജീസ് റബേഴ്സ് അയർക്കുന്നം ഉടമ തൈക്കാട്ട് ഇട്ടാനിയിലായ ഒറ്റപ്ലാക്കൽ റെജി വർഗീസ് (50) നിര്യാതനായി.

**പിറവം:** കിസാൻസഭ നിയോജകമണ്ഡലം പ്രസിഡണ്ടും ആരോഗ്യവകുപ്പ് മുൻ ജീവനക്കാരനുമായ മുളക്കുളം വടക്കേക്കര കുറ്റിയാനിക്കൽ ഉപേന്ദ്രദാസ് മുകുന്ദൻ (70) നിര്യാതനായി.

## ഏലിയാമ്മ കുര്യൻ

**തിരുവല്ല:** പ്ലാന്റർ കണിച്ചേരിൽ പി. കുര്യൻ ജോണിന്റെ ഭാര്യ തിരുവല്ല മെഡിക്കൽ മിഷൻ റിട്ട. നേഴ്സിങ് ട്യൂട്ടർ ഏലിയാമ്മ കുര്യൻ (84) നിര്യാതയായി. കാരയ്ക്കൽ മണലിടി കൊച്ചുമുണ്ടകത്തിൽ കുടുംബാംഗമാണ്. മകൾ: ലിസ അനീറ്റ് റെജി. മരുമകൻ: റെജി ജോൺ (യുഎസ്).

**വാകത്താനം:** തൊടുപുഴ മുതലക്കോടം പാലക്കാട്ട് വീട്ടിൽ ഏബ്രഹാം സെലസ്റ്റിൻ (84) നിര്യാതനായി.

## ടി.ജെ. റോസമ്മ

**തിരുവനന്തപുരം:** പ്ലാമൂട് ടി.പി.ജെ. നഗർ പൂനാട്ട്, ഏജീസ് ഓഫിസ് റിട്ട. വെൽഫെയർ ഓഫിസർ പി.വി. സഖറിയാസിന്റെ ഭാര്യ ഏജീസ് ഓഫിസ് റിട്ട. സീനിയർ അക്കൗണ്ട്സ് ഓഫിസർ ടി.ജെ. റോസമ്മ (69) നിര്യാതയായി. തിരുവനന്തപുരം തുമ്പുങ്കൽ കുടുംബാംഗമാണ്. മക്കൾ: ജോർജ് സഖറിയാസ്, ജീന സഖറിയാസ് (ഇരുവരും യുഎസ്). മരുമക്കൾ: കെല്ലി, ജോസഫ് മാത്യു തയ്യിൽ (ഇരുവരും യുഎസ്).

**കിടങ്ങൂർ:** ആദോപ്പള്ളിൽ (നീറുങ്കൽ) പരേതനായ മത്തായിയുടെ ഭാര്യ ത്രേസ്യാമ്മ (85) നിര്യാതയായി.

**പന്തളം:** പൂഴിക്കാട് കാഞ്ചനാട്ട് വില്ലയിൽ ഷാജൻ മാത്യുവിന്റെയും ജൂബിയുടെയും മകൾ അലീന ആൻ ഷാജൻ (17) നിര്യാതയായി.

**കൊച്ചി:** ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റിന്റെ മുൻ സെക്രട്ടറി കുമ്പനാട്ട് കുഴിയിടത്തിൽ ടി. ജോൺസൻ (തമ്പി-91) നിര്യാതനായി.

**ആനന്ദപുരം:** മുൻ അധ്യാപകൻ ചിറയത്ത് മംഗലം പരേതനായ ആഗസ്തിയുടെ ഭാര്യ ചിറക്കടവിൽ കോട്ടയത്തുകാരൻ ആനി (84) നിര്യാതയായി.

**നെടുങ്കണ്ടം:** നെടുങ്കണ്ടം പഞ്ചായത്ത് മുൻ അംഗം താന്നിമൂട് തിരുവില്ലാപ്പടി കടമാൻകുന്നേൽ പി.ടി. വർഗീസ് (74) നിര്യാതനായി.

**മാവേലിക്കര:** വഴുവാടി ഹിമാനിൽ ഹൗസിൽ രാജു ഫിലിപ്പ് (60) നിര്യാതനായി.

## ബേബി സിറ്ററെ ആവശ്യമുണ്ട്

ക്ലീവ്‌ലന്റ് ഒഹായോയിൽ താമസിക്കുന്ന മലയാളി ദമ്പതികളുടെ 4 മാസം പ്രായമുള്ള കുട്ടിയെ വീട്ടിൽ താമസിച്ച് പരിചരിക്കുന്നതിന് ബേബി സിറ്ററെ ആവശ്യമുണ്ട്.

**Phone: 216 318 9092**

**716 989 9221**

## NANNY WANTED

We are an Indian couple living in Elmhurst, Illinois. We are looking for either a live in or live out nanny/babysitter to start as soon as possible to watch an 8 month old infant. Some cooking and light house keeping expected.

**Please contact us at**

**917-685-2553 or 312-399-6750**

## 5 ACRES RUBBER ESTATE FOR SALE

5 Acres property near Nelliyani, Palai, easy access to Vaikom - Palai road, Alphonsa college and Mariyan hospital. This property is far away from flood zone. Selling as a whole, or three parts. Good for investment, apartment, villa or other development opportunities.

**Please contact**

**Jay: 001- 416 458 1978 or**

**Santhosh: 919447571716**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Susan, GA*

### *Favors Received*



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Bloomingdale*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Oklahoma*

## PROPERTY FOR SALE ON MALLAPPALLY

Property for sale on Mallappally Ranny route. Cherthodu Junction 28 cent land with 3 room shop and 2 bedroom house with water facility available (well and water connection). 26 meter frontage main roadside. Car parking also available.

**Contact number:**

**Sabu UK- 0044 7859833078**

**Raju- 0091 8129287494/ 0091 9947097095**

## ഉഴവൂരിൽ സ്ഥലം വില്പനയ്ക്ക്

ഉഴവൂരിൽ നിന്നും പയസ്മൗണ്ടിലേക്ക് പോകുന്ന വഴിക്ക് കരുനേച്ചി അമ്പലത്തിനു സമീപം വഴിയരുകിൽ 50 സെന്റ് സ്ഥലം വില്പനയ്ക്ക്. വീട് പണിയുന്നതിന് ഉത്തമം. N.R.I. യ്ക്ക് മുൻഗണന.

**താത്പര്യമുള്ളവർ വിളിക്കുക:**

**011-91-949-587-6840**

## മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് താമസിക്കുവാൻ അവസരം

ഫ്ളോറിഡായിലെ ഡാവൻപോർട്ടിൽ (ഒർലാണ്ടോയ്ക്കു സമീപം) താമസിക്കുന്ന ഒരു കുടുംബത്തിന്റെ കൂടെ വാടക നല്കി താമസിക്കുവാൻ പ്രായമുള്ള മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് അവസരം. താത്പര്യമുള്ളവർ വിളിക്കുക:

**ഫോൺ:**

**352-321-2096**

## HOUSING PLOT FOR SALE TRIVANDRUM

Two plots of 10 cents each for sale in Chavadimukku, Sreekariam. Walking distance from National Highway.

**Interested parties, please call:**

**516-784-3621**

## HELP WANTED

ചിക്കാഗോയിലെ സ്കോക്കിയിൽ താമസിക്കുന്ന മലയാളി ദമ്പതികളെ നോക്കുവാനും പാചകം ചെയ്യുവാനും ആളെ ആവശ്യമുണ്ട്.

അതോടൊപ്പം രണ്ട് വയസ് പ്രായമുള്ള കുട്ടിയെ നോക്കുവാനും സഹായം ആവശ്യമുണ്ട്. താത്പര്യമുള്ളവർ വിളിക്കുക:

**(847) 340-7569, (847) 644-7298**

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

## കഥ ഇതുവരെ

അലീനയുടെ നന്മകൾ തിരിച്ചറിയുകയാണ് ബബിത. അലീനയിലെ വേലക്കാരി എന്ന ലേബൽ തിരുത്തിക്കുറിക്കാൻ അവൾ വീട്ടിൽ ശ്രമം തുടങ്ങി. വൈജയന്തിയുടെ പുതിയ താമസസ്ഥലം ശിവശങ്കരമേനോൻ കണ്ടുപിടിക്കുന്നു. പ്രതിസന്ധിയിൽ തളരാതെ പരിഹാരങ്ങൾ നിർദ്ദേശിക്കാറുള്ള അലീനയുടെ മനസ്സിൽ എന്തൊക്കെയോ തീരുമാനങ്ങൾ ഉണ്ടാകുന്നു. ഈ കുടുംബം രണ്ടായി പിളരാതിരിക്കണം. അച്ഛനും അമ്മയും മക്കളും ഒന്നിച്ചു കഴിയുന്ന വീടായിരിക്കണം ഇത്. ഈ തീരുമാനം ബാലചന്ദ്രമേനോനെയും മക്കളെയും ഞെട്ടിച്ചു. അലീനയെ അവളുടെ യഥാർത്ഥ അച്ഛനെ ഏൽപ്പിക്കാൻ കഴിഞ്ഞതിൽ ബാലചന്ദ്രമേനോൻ സന്തുഷ്ടനാണ്. വൈജയന്തി കടപ്പാട്ടൂരെ വീട്ടിൽ തിരിച്ചെത്തി. സ്റ്റാൻലിയുടെ അപ്പച്ചൻ അലീനയെ കണ്ടനിമിഷം അയാളുടെ മനസ്സ് അൻപത്തിയഞ്ചു വർഷം പിന്നിലേക്കുപോയി. മരിച്ചുപോയ ഭാര്യ ചിന്നമ്മയുടെ തനിസ്വരൂപമായിരുന്നു അയാൾ കണ്ടത്. സ്റ്റാൻലിയും വല്യപ്പച്ചനും അലീനയുമൊത്ത് പുനലൂർക്കു പോയി. അലീനയുമായി ബന്ധപ്പെട്ട ആ രഹസ്യം രോഹിത്ത് ബാലചന്ദ്രമേനോനിൽനിന്ന് കേൾക്കുന്നു. മകൻ തൊടുത്തുവിട്ട വാക്കുകൾ വൈജയന്തിയുടെ കാതിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. അവളുടെ മനസിൽ പഴയകാല സ്മരണകൾ ഇരമ്പി. പുനലൂരിലെ കൊട്ടാരമറ്റം തറവാട്ടിൽ ഈസ്റ്റർ ആഘോഷിക്കാനായി സ്റ്റാൻലിയും ഔതക്കുട്ടിച്ചായനും അലീനയും യാത്ര തിരിച്ചു.

**(തുടർന്നു വായിക്കുക)**

**138**

# മുഖം തേടും മുൻപേ...

**ജോയ്സി**

**കൊ**ട്ടാരമറ്റം ഗേറ്റ്!

റബർകരിയിലയും റബർക്കായ്കളും വീണു മൂടിയ പാത! ചരൽ വിരിച്ച മുറ്റം.

മുറ്റത്തുകൂടി ഓടിവരുന്ന കുട്ടികൾ!

അത് ജോൺ പോളും ദിയാമോളുമായിരുന്നു. റോബർട്ടും ആൻസിയും സിറ്റൗട്ടിലുണ്ട്.

കാർ നിർത്താൻ ആംഗ്യം കാട്ടിക്കൊണ്ട് ജോൺ പോൾ കാറിന്റെ മുന്നിലൂടെ ഓടി. സ്റ്റാൻലി കാർ നിർത്തിയതും ദിയാമോൾ ഡോറിൽ വന്നലച്ചു തട്ടിവിളിക്കാൻ തുടങ്ങി. അലീന ഡോർ തുറന്നിറങ്ങിയതും ജോൺപോൾ ഇരുകയ്യും വിടർത്തിപ്പിടിച്ച് അവളുടെ ദേഹത്തേക്കു പാഞ്ഞുവീണു. അലീന അവനെ പൊക്കിയെടുത്തു വട്ടംകറക്കി ഒരുമ്മയും കൊടുത്ത് താഴെ നിർത്താൻ ശ്രമിച്ചു. എന്നിട്ടുവേണം അവൾക്ക് ദിയാമോളെ എടുക്കാൻ. പക്ഷേ, ജോൺപോൾ താഴെയിറങ്ങാതെ അലീനയുടെ കഴുത്തിൽ കൈ ചുറ്റി അള്ളിപ്പിടിച്ചിരിക്കുകയാണ്. സിറ്റൗട്ടിൽനിന്ന് റോബർട്ടിന്റെ ഉഗ്രശാസന വേണ്ടിവന്നു അവൻ പിടിത്തം വിടാൻ. അടുത്തത് ദിയാമോളുടെ ഊഴമായിരുന്നു.

"പിള്ളേരുടെ സ്നേഹം കണ്ടോ?"

ആൻസി അതിശയത്തോടെ ഭർത്താവിനോടു പറഞ്ഞു. ആൻസിയുടെ അമ്മ മറിയക്കുട്ടിയുമുണ്ടായിരുന്നു സിറ്റൗട്ടിൽ.

"ആന്റി വന്നേ.... അലീനാന്റി വന്നേ."

ജോൺപോൾ ആരോടെന്നില്ലാതെ വിളിച്ചുപറഞ്ഞുകൊണ്ട് മുറികളിലൂടെയെല്ലാം ഓടി. അവന് ആഹ്ലാദം അടക്കാൻ കഴിയുന്നില്ലായിരുന്നു.

റോബർട്ടിനോടും ആൻസിയോടും മറിയക്കുട്ടിയോടും കുശലാന്വേഷണം നടത്തിയശേഷം അലീന ഷെറിന്റെ റൂമിലേക്കു ചെന്നു.

ഷെറിൻ മേശയ്ക്കു മുൻപിൽ നിന്ന് ഒരു ആൽബം മറിച്ചുനോക്കുകയായിരുന്നു. ആരുടെയോ കാൽപെരുമാറ്റം കേട്ടതും അവൾ അത് പുറകിൽ മറച്ചുപിടിച്ചു.

"ആന്റി എന്തു ചെയ്യുകയാ?"

"പ്ശ്...."

ഒന്നും ചെയ്യുന്നില്ലെന്ന മട്ടിൽ അവൾ തല വെട്ടിച്ചു.

"എന്നെ കണ്ടപ്പം എന്താ ഒളിച്ചു പിടിച്ചത്."

"ഒന്നൂല്ല...."

"എന്തോ ഒന്ന് ഞാൻ കണ്ടു."

"ഇല്ല...."

"ശരി, കണ്ടില്ല...." അലീന സമ്മതിച്ചു.

അവൾ ഷെറിന്റെ അടുത്തു ചെന്നു.

"സുഖമാണോ റാണിയാന്റിക്ക്?"

പൊടുന്നനെ ഷെറിൻ പിന്നിൽനിന്നു കൈ വലിച്ചെടുത്ത് കയ്യിലിരുന്ന ആൽബംകൊണ്ട് അലീനയുടെ തലയ്ക്കുതന്നെ ഒരടി അടിച്ചു.

ഒട്ടും പ്രതീക്ഷിക്കാത്ത ആക്രമണമായതിനാൽ അലീന ഞെട്ടിപ്പോയി. അടിക്ക് ശക്തിയുണ്ടായിരുന്നു. അവളുടെ പ്രജ്ഞ മങ്ങുകയും കണ്ണ് നിറയുകയും ചെയ്തു.

എല്ലാം മൂന്നോ നാലോ നിമിഷം കൊണ്ടു കഴിഞ്ഞു.

ഷെറിന്റെ ചൂണ്ടുവിരൽ അലീനയുടെ മുഖത്തിനു നേർക്കു നീണ്ടുനിന്നു.

"കള്ളീ..... നൊണച്ചീ....."

അവൾ അലീനയുടെ നേർക്ക് ആക്രോശിച്ചു.

"എന്റെ മോളെ കാട്ടിത്തരാംന്നു പറഞ്ഞിട്ട്.... എവിടെപ്പോയി?"

അലീനയ്ക്ക് അതു കേട്ടപ്പോൾ സങ്കടമായി.

അലീന അവളുടെ ചൂണ്ടിയ വിരലിൽ പിടിച്ചു. മറ്റേക്കയ്യുടെ തോളിലും പിടിച്ചു.

"അതിനാണോ അടിച്ചത്?"

അവൾ ചോദിച്ചു.

"ഊം...."

"അടിച്ചപ്പോ എന്നോടുള്ള ദേഷ്യം തീർന്നോ?"

"ഇല്ല.... ഇനീം ദേഷ്യംണ്ട്....."

"എന്നാൽ ഇനിയും അടിച്ചോ.... ദേഷ്യം തീരുന്നതുവരെ."

ഷെറിൻ വീണ്ടും അടിക്കാൻ കയ്യോങ്ങി. അലീന നിർനിമേഷം നിന്നുകൊടുത്തു.

"അല്ലെങ്കി വേണ്ട...."

ഷെറിൻ കൈ താഴ്ത്തി.

"അടിച്ചോ.... ദേഷ്യം തീരട്ടെ..."

"എത്ര അടിച്ചാലും ദേഷ്യം തീരില്ല. എന്നെ പറ്റിച്ചില്ലേ.... എന്റെ മോളെ കൊണ്ടുത്തരുമെന്നു പറഞ്ഞിട്ടു കൊണ്ടുവന്നോ?"

"അത് ഒന്നോ രണ്ടോ ആഴ്ചകൊണ്ട് നടക്കുന്ന കാര്യമാണോ? മോൾ എവിടെയുണ്ടെന്നു കണ്ടിപിടിക്കണെങ്കിൽ സമയം വേണ്ടേ? അല്ലെങ്കിൽ റാണിയാന്റി പറഞ്ഞുതരണം, മോൾ ഏത് ഓർഫനേജിലായിരുന്നെന്ന്...."

"അവിടെയില്ല...."

ഷെറിൻ വിഷമത്തോടെ പറഞ്ഞു.

"സാരമില്ല. നമുക്കു കണ്ടുപിടിക്കാം കേട്ടോ...."

അലീന അവളുടെ തോളത്തുകൂടി കയ്യിട്ട് മെല്ലെ നടത്തി കട്ടിലിൽ കൊണ്ടുചെന്നിരുത്തി. അവളുടെ കയ്യിലിരുന്ന ഫോട്ടോ ആൽബം നോക്കിക്കൊണ്ടു ചോദിച്ചു.

"ഇതേതാണ് ഈ ആൽബം. എന്നെ കാണിക്കോ?"

"കാണിക്കാം. ആരോടും പറയരുത്."

"പറഞ്ഞാലെന്താ?"

"പറയോ?"

"ഇല്ല."

ഡയറിയുടെ വലിപ്പത്തിലുള്ള ആൽബം ഷെറിൻ തുറന്നുകാണിച്ചു. അവൾ പഠിച്ചുകൊണ്ടിരുന്ന കാലത്തെ ഫോട്ടോഗ്രാഫുകളായിരുന്നു അതിനുള്ളിൽ അടുക്കിയിരുന്നത്.

കുട്ടിക്കാലത്തെ ചില പടങ്ങൾ.

സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴത്തെ ചിത്രങ്ങൾ. കോളജ് വിദ്യാഭ്യാസ കാലത്ത് കൂട്ടുകാരുമൊത്തുള്ള ഫോട്ടോഗ്രാഫുകൾ.

പിന്നീടുള്ള പേജുകളിൽ കണ്ട ചില ചിത്രങ്ങൾ അലീനയെ ആശ്ചര്യപ്പെടുത്തി. അവയെല്ലാം ജിജോമോന്റെ ഫോട്ടോഗ്രാഫുകളായിരുന്നു. അലീന മാമച്ചന്റെ വീട്ടിൽവെച്ച് ജിജോമോമോന്റെ ഫോട്ടോ ധാരാളം കണ്ടിട്ടുള്ളതിനാൽ പെട്ടെന്നു തിരിച്ചറിയാൻ കഴിഞ്ഞു. ജിജോയും ഷെറിനും കൂടി നിൽക്കുന്ന ചില ചിത്രങ്ങളുമുണ്ടായിരുന്നു.

"ഇതാരാ?"

ജിജോമോന്റെ ഫോട്ടോയിൽ വിരലൂന്നിക്കൊണ്ട് അലീന ചോദിച്ചു.

ആരെങ്കിലും കേൾക്കുമോ എന്നറിയാൻ ചുറ്റും നോക്കിയിട്ട് ഷെറിൻ പതിയെ പറഞ്ഞു.

"എന്റെ മോൾടെ പപ്പയാ....."

"അതെങ്ങനെ സംഭവിച്ചു?"

"അതൊരു കഥയാ.... ഇപ്പം പറഞ്ഞാൽ ആരെങ്കിലും കേൾക്കും."

"ഇവിടാർക്കും അറിയില്ലേ?"

"എല്ലാവർക്കും അറിയാം."

"ആർക്കൊക്കെ?"

അലീന അവളുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി.

"എല്ലാം അറിഞ്ഞിട്ടെന്തിനാ?"

ഷെറിൻ സംശയത്തോടെ ചോദിച്ചു.

"നമുക്ക് മോളെവിടെയാണെന്ന് കണ്ടുപിടിക്കണ്ടേ?"

അപ്പോഴേക്കും ദിയാമോളും ജോൺപോളും കൂടി വാതിക്കൽ വന്ന് അലീനയെ വിളിക്കാൻ തുടങ്ങി.

കുട്ടികൾ ഒരിക്കലും ഷെറിന്റെ റൂമിലേക്കു കടന്നുവരാറില്ല. അവർക്ക് ഷെറിനെ ഭയമാണ്. കണ്ണുരുട്ടിക്കാണിച്ചും കൈനഖങ്ങളും നാക്കും പുറത്തേക്കു തുറിച്ചുകാണിച്ചും അവൾ മുൻപ് അവരെ ഭയപ്പെടുത്തിയിട്ടുണ്ട്.

"ഞാൻ പോയിട്ട് കുറേക്കഴിഞ്ഞു വരാം... ഇതു സൂക്ഷിച്ചുവച്ചോ...."

അലീന ആൽബം അവൾക്കു തിരിച്ചു നൽകിയിട്ട് എഴുന്നേറ്റു പോന്നു.

വൈകുന്നേരം നാലുമണിയോടെ ഔസേപ്പച്ചനും വൽസമ്മയും സാന്ദ്രയും ജോസുകുട്ടിയും മിലനും എത്തിച്ചേർന്നു. ആൽബർട്ടും ഭാര്യയും റോണിയും ഷോബിയുംകൂടി വന്നു ചേർന്നതോടെ തറവാട്ടിൽ ഒരുൽസവപ്രതീതിയായി.

"നിങ്ങളെന്താ പെസഹാ വ്യാഴാഴ്ച വരാതിരുന്നത്? എങ്കിലെല്ലാവർക്കുംകൂടി ഇവിടെ പെസഹാ ആഘോഷിക്കാമായിരുന്നല്ലോ."

ആൻസി അലീനയോടായി ചോദിച്ചു.

"പപ്പാ സമ്മതം മൂളി വന്നപ്പോഴേക്കും ശനിയാഴ്ചയായി.... അല്ലേ വല്യപ്പച്ചാ?"

അലീന ചെറുചിരിയോടെ ചോദിച്ചു.

"എന്നാലും അവൻ സമ്മതിച്ചല്ലോ... അതുതന്നെ വലിയ കാര്യം."

ഔതക്കുട്ടിച്ചായൻ പറഞ്ഞു.

പിറ്റേന്ന് ഈസ്റ്റർ ഞായറായിരുന്നു.

രാത്രിയിൽതന്നെ എല്ലാവരും പള്ളിയിൽ പോയിവന്നു. സ്ത്രീകൾ അടുക്കളയിൽ ഒത്തുകൂടി സദ്യവട്ടങ്ങളൊരുക്കി. കുട്ടികൾ നാനാതരം കളികളുമായി വീട്ടിലും പരിസരത്തും ബഹളംവച്ചു നടന്നു. അലീന രണ്ടു ടീമിലേക്കും മാറിമാറി ഓടിക്കൊണ്ടിരുന്നു.

സ്റ്റാൻലിയും ഔസേപ്പച്ചനും ആൽബർട്ടും റോബർട്ടും ഉച്ചമുതൽ ആരംഭിച്ച മദ്യവിരുന്ന് രാത്രി പതിനൊന്നുവരെ നീണ്ടുനിന്നു.

സ്റ്റാൻലി കാറിന്റെ ഡിക്കിയിലിട്ടു കൊണ്ടുവന്ന മുന്തിയതരം മദ്യം എത്ര കുടിച്ചിട്ടും ആൽബർട്ടിനും ഔസേപ്പച്ചനും റോബർട്ടിനും വേണ്ടത്ര മിനുങ്ങിയില്ല എന്നൊരു ഖേദം ബാക്കിനിന്നു. അവർ കരുതിവെച്ചിരുന്ന നാടൻ ബ്രാണ്ടികൂടി ചെന്നപ്പോഴേ ശരിക്കും ഒരോളം കിട്ടിയുള്ളു.

നേരം പാതിരാ കഴിഞ്ഞപ്പോഴാണ് വീട്ടിനുള്ളിലെ ഉല്ലാസവും ബഹളവും കെട്ടടങ്ങിയത്.

തിങ്കളാഴ്ച സ്റ്റാൻലിയും അലീനയും തിരിച്ചു പോവുകയാണെന്നറിഞ്ഞപ്പോൾ കുട്ടികൾക്കു നിരാശയായി. പരീക്ഷയെല്ലാം കഴിഞ്ഞ് അവർ സമ്മർ വെക്കേഷന്റെ മൂഡിലായിരുന്നു. മുതിർന്നവരെല്ലാം തിരിച്ചുപോവുക, കുട്ടികൾ ഒരാഴ്ചകൂടി തറവാട്ടിൽ നിൽക്കട്ടെ എന്നൊരു അഭിപ്രായ ഭേദഗതിയുമുണ്ടായി.

സ്റ്റാൻലി പക്ഷേ, അലീനയെ തറവാട്ടിൽ നിർത്തിയിട്ട് തനിയെ തിരിച്ചുപോവാൻ തയാറായിരുന്നില്ല. ഒരാഴ്ച്ച ഒന്നിച്ചുകൂടി താമസിച്ച് ഒടുക്കം ബോറടിക്കുന്നതിനേക്കാൾ നല്ലത്, ഇങ്ങനെ മാസത്തിലൊരിക്കലോ മറ്റോ ഒത്തുകൂടുന്നതാണെന്നു റോബർട്ടും അഭിപ്രായപ്പെട്ടു.

ഉച്ചയ്ക്കു മുൻപേ പുറപ്പെടാനിരുന്ന യാത്ര വൈകുന്നേരത്തേക്കായി മാറ്റിയത് അലീനയുടെ അപേക്ഷപ്രകാരമായിരുന്നു.

ഇടയ്ക്ക് അലീന സ്റ്റാൻലിയെ സമീപിച്ച് ഇത്തവണ റാണിയാന്റിയേക്കൂടി നമ്മുടെകൂടെ കൊണ്ടുപോകാം എന്നൊരു അഭ്യർത്ഥന വച്ചു. സ്റ്റാൻലി പതിവുപോലെ ഞൊടിയിടയിൽ അതു നിരസിക്കുകയും ചെയ്തു.

"വേണ്ട.... അതിന്റെയൊന്നും ആവശ്യമില്ല...."

"പപ്പാ, ആന്റിയുണ്ടെങ്കി എനിക്കവിടൊരു കൂട്ടാകുമല്ലോ..."

"അവിടെ നിനക്ക് കൂട്ടിനെന്താ കുറവ്. ഞാനില്ലേ.... അപ്പച്ചനില്ലേ.... നിന്നോടിഷ്ടമുള്ള പ്രാവുകളും നായ്ക്കളുമില്ലേ? നിനക്കെവിടാണു കൂട്ടുകൂടാൻ സമയം?"

"സമയമൊക്ക ഞാനുണ്ടാക്കിക്കൊള്ളാം...."

"അലീനാ.... പറുന്നതു കേൾക്ക്..... അവളൊരു മനോരോഗിയാണ്. മരുന്ന് കഴിച്ചുകൊണ്ടിരിക്കുകയാണ്..... ചിലപ്പോൾ വയലന്റാകും. കൂടെക്കൂടെ ഹോസ്പിറ്റലിൽ കൊണ്ടുപോവുകയോ, അവളെ ചികിത്സിക്കുന്ന ഡോക്ടറുമായി കൺസൽട്ട് ചെയ്യുകയോ വേണ്ടിവരും.... എനിക്കതിനൊന്നും സമയമില്ല. നിനക്കീ ഉത്തരവാദിത്തമെല്ലാം ഏറ്റെടുക്കാൻ സാധിക്കുമോ?"

"പപ്പ സഹായിച്ചില്ലെങ്കിലും വല്യപ്പച്ചനുണ്ടല്ലോ...."

"അവളുടെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ട അപ്പച്ചൻ കുളത്തുപ്പുഴയിൽ വന്നു താമസിക്കുകയാ.... അത്രയ്ക്കുണ്ട് അപ്പച്ചന്റെ ചുമതലാബോധം."

"പപ്പയ്ക്ക് റാണിയാന്റിയുടെ കാര്യത്തിൽ ഒരുത്തരവാദിത്തവുമില്ലേ?"

"എനിക്ക് എന്തുത്തരവാദിത്തം? ഞാനല്ല ഇതൊന്നും വരുത്തിവച്ചത്. അപ്പച്ചനും എന്റെ അനുജന്മാരുംകൂടി ചേർന്നാണ്.... പിന്നെ അവൾടെ കയ്യിലിരിപ്പ്...."

"മാനസികരോഗം ആരെങ്കിലും വരുത്തിവയ്ക്കുന്നതാണോ പപ്പാ. ഓരോരോ വിഷമങ്ങള് താങ്ങാൻ കഴിയാതെ വരുമ്പം മനസ്സിന്റെ സമനില തെറ്റുന്നതല്ലേ?"

"അലീനാ, നീ ആവശ്യമില്ലാതെ എന്നോടു തർക്കിക്കരുത്. ഇതു നമ്മുടെ പ്രശ്നമല്ലെന്ന് നീ ആദ്യം മനസ്സിലാക്കണം.... എനിക്കതിൽ യാതൊരു പങ്കുമില്ല.... അവളെ സംബന്ധിച്ച ഒരു കാര്യവും അപ്പച്ചനോ എന്റെ അനുജന്മാരോ ഒരിക്കലും എന്നെ അറിയിച്ചിട്ടി

## നോവൽ

ല്ല. അവളുടെ കല്യാണം ഉറപ്പിച്ചിട്ട് എന്നെ ക്ഷണിച്ചു.... ഞാൻ പോയി കല്യാണം കൂടി.... അവിടെ തീർന്നു."

"പപ്പ അങ്ങനെ കൈ കഴുകി ഒഴിഞ്ഞുമാറരുത്. ഒരാങ്ങളയ്ക്ക് അനുജത്തിയുടെമേലുള്ള ഉത്തരവാദിത്തം ആരെങ്കിലും ഏൽപ്പിച്ചു തരേണ്ടതാണോ? അല്ല.... അതു ജന്മനാതന്നെ കിട്ടുന്നുണ്ട്.... അല്ലെങ്കിപ്പിന്നെ കൂടെപ്പിറപ്പുകൾ എന്നൊക്കെ പറയുന്നതിൽ എന്താ അർത്ഥം. പപ്പയുടെ അനുജത്തിക്ക് എന്തു സംഭവിക്കുന്നെന്ന് ആരും അറിയിച്ചില്ലെങ്കിലും പപ്പ തിരക്കിച്ചെല്ലണമായിരുന്നു. പപ്പയ്ക്കു റാണിയാന്റിയെപ്പറ്റി ഒന്നും അറിയില്ലെങ്കിൽ ആ തെറ്റ് പപ്പയുടേതു തന്നെയാണ്."

സ്റ്റാൻലിക്കു പെട്ടെന്നുത്തരം കിട്ടിയില്ല.

മകൾ മർമത്തുതന്നെയാണ് ഊന്നിയിരിക്കുന്നത്. ഒടുവിൽ അയാൾ പറഞ്ഞു.

"എനിക്ക് എന്റെ കാര്യങ്ങൾ ശ്രദ്ധിക്കാൻതന്നെ സമയമില്ല."

"അങ്ങനെ ആരുടെയും കാര്യങ്ങളിൽ ഒരു ശ്രദ്ധയുമില്ലാത്ത പപ്പാ ഇപ്പോ എന്റെ കാര്യങ്ങൾ നോക്കുന്നില്ലേ? മനസ്സുവച്ചാ എന്താ



നടക്കാത്തത്?"

"ഇതിപ്പോ അപ്പച്ചനോ ഔസേപ്പച്ചനോ ആൽബർട്ടോ സമ്മതിക്കുമെന്നു എനിക്കു തോന്നുന്നില്ല."

"സമ്മതിപ്പിക്കണം.... പപ്പയല്ലേ മക്കളിൽ മൂത്തയാൾ. എന്റെ അനുജത്തി എന്റെ വീട്ടിൽ കുറച്ചുദിവസം താമസിക്കട്ടെ എന്നു പപ്പ പറഞ്ഞാൽ ആരു തടയും?"

"അലീനാ, അവളുടെ പ്രശ്നങ്ങളൊക്കെ അവർക്കേ അറിയൂ.... നമ്മളിതിൽ തലയിടാതിരിക്കുന്നതാ ബുദ്ധി,"

"അതിന്റെ പേര് ബുദ്ധീന്നല്ല പപ്പാ.... മനപ്പൂർവമുള്ള വെച്ചൊഴിയൽ. റാണിയാന്റിയുടെ പ്രശ്നമെന്താണെന്ന് എനിക്കറിയാമല്ലോ... എറണാകുളത്തു പഠിച്ചോണ്ടിരുന്നപ്പോ ഒരാളുമായി ഇഷ്ടത്തിലായി.... ആ ചെറുപ്പക്കാരൻ ഒരാക്സിഡന്റിൽ മരിച്ചു.... അന്നു ഗർഭിണിയായിരുന്ന ആന്റി ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു.... ആ കുട്ടിയെ ഒരോർഫനേജിലാക്കിയിട്ട് എല്ലാവരുംകൂടി ആഘോഷമായി റാണിയാന്റിയുടെ വിവാഹം നടത്തി. റാണിയാന്റിക്കു വിവാഹത്തിനു മുൻപ് ഒരു കുട്ടിയുണ്ടെന്നറിഞ്ഞപ്പോ ഭർത്താവ് ഉപേക്ഷിച്ചു. റാണിയാന്റിക്കിപ്പോൾ ഭർത്താവുമില്ല, കുട്ടിയുമില്ല.... ഇതല്ലേ പ്രശ്നം?"

സ്റ്റാൻലി സ്തബ്ധനായി നിൽക്കുകയാണ്.

ഇതെല്ലാം തന്റെ മകൾ എവിടെനിന്നു മനസ്സിലാക്കി. ആരാണിവൾക്കു പറഞ്ഞുകൊടുത്തത്? എന്തൊക്കെയോ ചില അഭ്യൂഹങ്ങൾ കേട്ടിട്ടുണ്ടെന്നല്ലാതെ തനിക്കുപോലും ഇത്രയൊന്നും അറിയില്ലായിരുന്നല്ലോ. ഷെറിന്റെ ജീവിതത്തിൽ ഇത്രയൊക്കെ സംഭവിച്ചിട്ടുണ്ടെന്ന് അപ്പച്ചൻപോലും തന്റെ മുൻപിൽ വെളിപ്പെടുത്തിയിട്ടില്ല.

തറവാട്ടിൽ എന്നും അനഭിമതനായിരുന്നു താൻ എന്ന് സ്റ്റാൻലി ഓർത്തു.

അപ്പച്ചനും മറ്റുമക്കളും ചേർന്ന് ഓരോ തീരുമാനങ്ങളെടുക്കും.... നടപ്പാക്കും. പലതും താനറിയുകപോലുമില്ല.... ചിലപ്പോൾ ഭംഗിക്കുവേണ്ടി എന്തെങ്കിലും സൂചന തന്നെങ്കിലായി.

അലീന പറഞ്ഞതെല്ലാം സത്യം തന്നെയാണോ?

"പപ്പാ....' അലീന യാചനാ സ്വരത്തിൽ വിളിച്ചു "സ്വന്തം മോളെ നഷ്ടപ്പെട്ട ഒരമ്മയാ അത്.... തന്റെ കുഞ്ഞ് ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്നുപോലും അറിയാത്ത ഒരമ്മ.... എനിക്കു റാണിയാന്റിയെ ആശ്വസിപ്പിക്കാൻ കഴിയുമെന്നൊരു വിശ്വാസം. ഉറക്കഗുളികകളും ജയിലറയിൽ അടച്ചിട്ടപോലൊരു ജീവിതവും ഇല്ലാതെതന്നെ റാണിയാന്റിയുടെ മനസ്സു തണുപ്പിക്കാൻ കഴിയുമെങ്കിൽ അതല്ലേ പപ്പാ നല്ലത്?"

സ്റ്റാൻലി ഒരു പതർച്ചയോടെ ചുറ്റും നോക്കി.

തങ്ങളുടെ സംസാരം ആരെങ്കിലും കേട്ടുവോ?

"ഞാനൊന്നാലോചിക്കട്ടെ."

അത്രയും പറഞ്ഞ് സ്റ്റാൻലി മുറിക്കു പുറത്തു കടന്നു.

അലീനയ്ക്ക് ആശ്വാസമായി.

പപ്പാ, ആലോചിക്കട്ടെ എന്നു പറഞ്ഞാൽ അതിനർത്ഥം സമ്മതിച്ചു എന്നുതന്നെയാണെന്ന് ഇപ്പോൾ അവൾക്കറിയാം.

ഉച്ചയൂണെല്ലാം കഴിഞ്ഞു സ്റ്റാൻലി വീണ്ടും അലീനയുടെ അടുത്തുവന്നു.

"അവളെ കൊണ്ടുപോകണോ നമ്മുടെ കൂടെ? നമ്മുടെ പ്രൈവസി, പിന്നെ നിന്റെ ശ്രദ്ധ എല്ലാം പോകും."

"പപ്പയുടെ ഇഷ്ടംപോലെ ചെയ്തോ. എന്നെയോർത്ത് റാണിയാന്റിയെ വിളിച്ചോണ്ടു പോകണ്ട. പപ്പയ്ക്ക് റാണിയാന്റീടടുത്ത് സ്നേഹംണ്ടെങ്കി മാത്രം."

സ്റ്റാൻലി വിഷമത്തിലായി. അയാൾ ഔതക്കുട്ടിച്ചായനോട് അഭിപ്രായമാരാഞ്ഞു.

"അലീനയ്ക്ക് ഒരാഗ്രഹം.... റാണിമോളെക്കൂടി കുളത്തുപ്പുഴയ്ക്കു കൊണ്ടുപോകണമെന്ന്."

"കാറിലിരുന്നപ്പം അവളെന്നോടും പറഞ്ഞിരുന്നു."

"കൊണ്ടുപോകുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ലല്ലോ."

"അതുവേണോ ലാലിച്ചാ. ഇപ്പം വല്യ പ്രശ്നങ്ങളൊന്നും ഇല്ലാതിരിക്കുവാ. അവിടെച്ചെല്ലുമ്പം കൂടിയെങ്കിലോ?"

"കുറയുമെന്നാ അലീന പറയുന്നത്."

"വേറൊരു കൊഴപ്പമുണ്ട്. ഒരെളക്കം വരുമ്പം അവൾ കണ്ണിൽ കാണുന്നവരോടൊക്കെ നെലോളിച്ചു പറയും അവൾക്കൊരു മോളുണ്ടായിരുന്നു. അതിനെ ആരോ കൊന്നുകളഞ്ഞെന്നുമൊക്കെ. ഇവിടെ അടച്ചിട്ടിരിക്കുന്നതുകൊണ്ടും ജോലിക്കാരി ഇല്ലാത്തതുകൊണ്ടും അങ്ങനത്തെ പ്രശ്നങ്ങളൊന്നുമില്ല. അവിടെച്ചെല്ലുമ്പം ജോലിക്കാരുതന്നെ എത്രപേരാ."

"അലീന നോക്കിക്കൊള്ളാമെന്നാ പറയുന്നെ."

"ലാലിച്ചാ എളക്കം വന്നാ അവളു പിടിച്ചാ നിൽക്കോ ഇവിടെ ആൽബീം റോബീം ഔസേപ്പച്ചനും കൂടി എന്നാ മൽപിടിത്തം പിടിച്ചിട്ടാണെന്നറിയാമോ അവളെ വണ്ടിയേൽക്കേറ്റി ആശുപത്രീ കൊണ്ടുപോകുന്നെ. അവിടാണെങ്കി എന്തു ചെയ്യും പൗലോസും രാജപ്പനും ബൈജുവുമൊക്കെ അറിയണം- നിനക്ക് വട്ടുപിടിച്ചൊരു പെങ്ങളുണ്ടെന്ന്. അവന്മാർ കുളത്തുപ്പുഴ മുഴുവൻ പറഞ്ഞു പരത്തും."

"അങ്ങനൊന്നും സംഭവിക്കില്ലെന്നാ അലീന പറയുന്നത്."

"അവൾക്കെന്തറിയാം. ഇതിനോടകം രണ്ടു തവണയല്ലേ അവളു കണ്ടിട്ടുള്ളു. അതും വല്യ കുഴപ്പമില്ലാതിരുന്ന നേരത്ത്."

"നമുക്കൊന്ന് പരീക്ഷിക്കാം. കുറച്ചുദിവസം നോക്കീട്ടു പറ്റില്ലെന്നുണ്ടെങ്കിൽ ഇങ്ങിട്ടോതന്നെ കൊണ്ടുവന്നു വിടാം."

സ്റ്റാൻലി തീരുമാനിച്ചു കഴിഞ്ഞു.

ഔസേപ്പച്ചനോടും ആൽബർട്ടിനോടും റോബർട്ടിനോടും പറഞ്ഞപ്പോൾ അവർ വിസമ്മതം പ്രകടിപ്പിച്ചു.

"വേണ്ട ലാലിച്ചായാ. ലാലിച്ചായനു കഷ്ടപ്പാടാ. അവൾടെ മരുന്നും മന്ത്രോം നേരോം കാലോം ഒക്കെ ഇവിടുള്ളവർക്കേ അറിയൂ." ആൽബർട്ട് പറഞ്ഞു.

"അലീന നോക്കിക്കോളുമെടാ."

"ചുമ്മാ കണ്ണുമിഴിച്ചു നോക്കിയാപ്പോരാ. ഇവിടെ ഞങ്ങളു പെടുന്ന പെടാപ്പാട് ലാലിച്ചായനറിയില്ല."

റോബർട്ട് ആൽബർട്ടിനെ പിന്താങ്ങി.

"എനിക്കും അതൊന്നറിയണമല്ലോ. ഞാനൊന്നു നോക്കട്ടെ. ഒന്നുമല്ലെങ്കിലും അവളുടെ മൂത്ത സഹോദരനല്ലേ ഞാൻ. ഇതിന്റെ പേരിൽ നിങ്ങൾ വാശിയൊന്നും കാണിക്കണ്ട. നിങ്ങളെപ്പോലെ ഒരവകാശം എനിക്കും ഉണ്ടല്ലോ."

"ഞങ്ങളോടു ചോദിക്കണ്ട അപ്പച്ചനോടു ചോദിച്ചാ മതി."

"അപ്പച്ചനോടു ചോദിച്ചു. അപ്പച്ചൻ സമ്മതിക്കേം ചെയ്തു."

അതു കേട്ടതോടെ അനുജന്മാരുടെ മൂന്നുപേരുടേം മുഖം ഇരുണ്ടു. അവർ പരസ്പരം നോക്കി.

രണ്ടു ദിവസംകൊണ്ടുണ്ടായ ആഹ്ലാദവും ഉല്ലാസവും സാഹോദര്യഭാവവും മങ്ങിയതുപോലെയായി.

റോബർട്ട് ആൻസിയോട് അഭിപ്രായം ആരാഞ്ഞപ്പോൾ അവൾ പറഞ്ഞു.

"കൊണ്ടുപോട്ടെന്നേ. പെങ്ങളെ ശുശ്രൂഷിക്കുന്നേന്റെ സുഖം ചേട്ടനും ഒന്നറിഞ്ഞിരിക്കട്ടെ."

വൽസമ്മ അലീനയോട് അനുകൂലിക്കുന്ന മട്ടിലാണ് ഔസേപ്പച്ചനോട് സംസാരിച്ചത്.

"അലീനയല്ലേ കൊണ്ടുപോകുന്നെ. ചെലപ്പം എന്തെങ്കിലും മാറ്റ ഒണ്ടായെങ്കിലോ. നമ്മളെത്ര നാളായി ചികിത്സ തുടങ്ങീട്ട്. ഇതുവരെ വല്ല ഗുണോം ഉണ്ടായോ?"

"എടീ ഇതു പതുക്കെപ്പതുക്കെയേ മാറൂ."

"അലീന ഒന്നു ശ്രമിച്ചു നോക്കട്ടെ."

"അതല്ല വൽസമ്മേ പ്രശ്നം. ലാലിച്ചായനും അലീനേം ഒന്നും അറിയാത്ത ചില പ്രശ്നങ്ങളുണ്ട്. അതെല്ലാം അവളു പറഞ്ഞെങ്കിലോ. ഇത്രയൊക്കെ സംഭവിച്ചിട്ട് എന്തുകൊണ്ട് എന്നെ അറിയിച്ചില്ല എന്നൊക്കെ ചോദിച്ചാ നമുക്കു മറുപടിയില്ല."

"ഇനിയിപ്പം ഒടക്കാനൊന്നും പോകണ്ട. വരുന്നപോലെ വരട്ടെ."

ഷെറിനെ കുളത്തുപ്പുഴയ്ക്കു കൊണ്ടുപോകാനുള്ള തീരുമാനം ഉറച്ചതോടെ അലീന ഷെറിന്റെ മുറിയിലെത്തി.

"എഴുന്നേറ്റ് വേഗം ഡ്രസ് ചെയ്യ്. നമുക്കു പോകാം."

അലീന പറഞ്ഞു.

"ന്റെ മോളെ കാണാനോ?"

ഷെറിന്റെ കണ്ണുകൾ തിളങ്ങി.

(ശേഷം 34-ാം പേജിൽ)


# ദാനിയേൽ പഠന ബൈബിൾ

*സഞ്ചരിക്കുന്ന ബൈബിൾ സെമിനാരി*

*ദാനിയേൽ റഫറൻസ് ബൈബിൾ*

*വലിയക്ഷര ബൈബിൾ * റെഡ് ലെറ്റർ ബൈബിൾ*

*ദാനിയേൽ ദ്വിഭാഷ പഠന ബൈബിൾ* ദാനിയേൽ പോക്കറ്റ് ബൈബിൾ*

*ദാനിയേൽ ക്രോണോളോജിക്കൽ ബൈബിൾ*

website: www.danielbible.com

# ജീവ സന്ദേശം

മലയാളത്തിൽ വാക്യപ്രതിവാക്യ ബൈബിൾ പഠനം

ഉല്പത്തി മുതൽ വെളിപ്പാടുവരെ പഠനത്തോടൊപ്പം പ്രായോഗിക ജീവിതത്തിനു വേണ്ട മാർഗനിർദ്ദേശങ്ങളും!

ബ്രദർ ജോർജ് ഫിലിപ്പ് പഠിപ്പിക്കുന്നു

https://ttb.twr.org/podcasts
e-mail: malayalamttb@radio882.com
website: www.radio882.com
USA contact: Ph: 972-475-4880
e-mail: ki_thomas@hotmail.com



# MOTHERS PRAYER

തലമുറയെ തകർത്ത് കുടുംബ ബന്ധങ്ങൾ അകറ്റി നന്മയെ കെടുത്തി സമാധാനം നശിപ്പിച്ചുകൊണ്ട് രാജ്യത്ത് വ്യാപരിക്കുന്ന അന്ധകാരശക്തിയുടെ മേൽ ജയമെടുക്കുവാൻ അമ്മമാർ-സഹോദരിമാർ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനാ ചങ്ങലയാണ് Mothers Prayer ഈ രാജ്യത്തിന്റെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഇതിന്റെ അംഗമായി ചേർന്ന് പ്രാർത്ഥിക്കാം. ആത്മഭാരമുള്ള അമ്മമാർ സഹോദരിമാർ ഉണരട്ടെ.

ബന്ധപ്പെടേണ്ട വിലാസം:
Sister: Annamma Ninan
39241 N Stockton Ln, Beach Park, IL - 60083.
Phone - 847-623-2973
Email- Mothersprayerusa@sbcglobal.net

## നിരീക്ഷണത്തിലിരുന്നയാൾ മരിച്ചു; ഹൃദയാഘാതമെന്ന് പ്രാഥമിക നിഗമനം

കോട്ടയം: ചെങ്ങളത്ത് കോവിഡ് രോഗബാധ നിരീക്ഷണത്തിലായിരുന്നയാൾ (64) മരിച്ചു. മരണകാരണം ഹൃദയാഘാതമാണെന്നാണ് പ്രാഥമിക നിഗമനമെന്ന് കളക്ടർ പി.കെ. സുധീർബാബു പറഞ്ഞു.

മെഡിക്കൽ കോളജ് ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിലുള്ള ചെങ്ങളം സ്വദേശിയുടെ അയൽവാസിയാണ് മരിച്ചത്. ഇദ്ദേഹത്തിന്റെ മകൻ ചെങ്ങളം സ്വദേശിയുടെ സുഹൃത്താണ്. ചെങ്ങളം സ്വദേശിയുമായി നേരിട്ടു ബന്ധപ്പെട്ടതിനാൽ മകൻ വീട്ടിൽത്തന്നെ ആരോഗ്യ വകുപ്പിന്റെ നിരീക്ഷണത്തിലാണ്. മകനോടൊപ്പം കഴിയുന്നതിനാൽ പിതാവും സെക്കൻഡറി കോൺടാക്ട് എന്ന നിലയിൽ പരീക്ഷണത്തിലായിരുന്നു.

ഇരുവർക്കും കോവിഡ് രോഗലക്ഷണങ്ങളില്ല. മാർച്ച് 13ന് വെള്ളിയാഴ്ച പുലർച്ചെ അസ്വസ്ഥത പ്രകടിപ്പിച്ചതിനെത്തുടർന്ന് മെഡിക്കൽ കോളജിൽ എത്തിച്ചു. ആശുപത്രിയിലായിരുന്നു മരണം. പോസ്റ്റ്മോർട്ടത്തിനുശേഷം മൃതദേഹം സംസ്കരിച്ചു.

സ്രവ സാമ്പിൾ പരിശോധനയ്ക്ക് അയച്ചു. പുലർച്ചെ ഇദ്ദേഹത്തെ മെഡിക്കൽ കോളജിൽ എത്തിക്കാൻ ആംബുലൻസ് ലഭിച്ചില്ല. തുടർന്ന് കാറിലാണ് കൊണ്ടുപോയത്. കോട്ടയം മെഡിക്കൽ കോളജിൽ അത്യാഹിത വിഭാഗത്തിലാണ് ആദ്യം പ്രവേശിപ്പിച്ചത്. നിരീക്ഷണത്തിലുള്ള ആൾ എന്നറിഞ്ഞതോടെ മറ്റൊരിടത്തേക്ക് മാറ്റി.

ആംബുലൻസ് ലഭിച്ചില്ല, ആശുപത്രിയിൽ വേണ്ട പ്രത്യേക പരിഗണന ലഭിച്ചില്ല എന്നീ സംഭവങ്ങളെപ്പറ്റി അന്വേഷണം നടത്തുമെന്ന് മെഡിക്കൽ കോളജ് റസിഡന്റ് മെഡിക്കൽ ഓഫീസർ ഡോ. ആർ.പി. രഞ്ചിൻ പറഞ്ഞു.

## കുട്ടികളുടെ അവധി; രക്ഷിതാക്കൾക്ക് ആധി

കോട്ടയം: കോവിഡ് 19 പടരുന്ന സാഹചര്യത്തിൽ സ്കൂളിന് നേരത്തെ അവധി കിട്ടിയതിൽ കുട്ടികളെല്ലാം ഹാപ്പി! എല്ലാ മാതാപിതാക്കളും പക്ഷേ, അത്ര സന്തുഷ്ടരല്ല. കുട്ടികളെ ബന്ധുവീടുകളിലാക്കിയും അവധിയെടുത്തും അഡ്ജസ്റ്റ് ചെയ്യുകയാണ് ജോലിയുള്ള പലരും.

മുതിർന്ന കുട്ടികളെ രോഗത്തിന്റെ ഗുരുതരാവസ്ഥയും സാഹചര്യവും പറഞ്ഞു മനസ്സിലാക്കി വീട്ടിൽ ഇരുത്താം. പത്രമാസികകളും പുസ്തകങ്ങളും വായിച്ചും ടിവി കണ്ടും അവർ സമയം ചെലവിടുന്നു. കുസൃതിക്കുരുന്നുകളെ വീട്ടിലിരുത്താൻ ഇതുവരെ ബദൽമാർഗം ഒന്നും കണ്ടെത്തിയിട്ടില്ലെന്നാണ് മാതാപിതാക്കൾ പറയുന്നത്.

വേനലവധിക്കാലത്ത് പതിവായി പരിശീലന പരിപാടികൾ നടത്താറുള്ള സ്ഥാപനങ്ങൾ ആശയക്കുഴപ്പത്തിലാണ്. ഏപ്രിൽ ഒന്നു മുതൽ അവധിക്കാല ക്ലാസുകളുടെ ഒരുക്കം പലയിടത്തും ആരംഭിച്ചിരുന്നു. ചിലയിടത്ത് രജിസ്ട്രേഷനും തുടങ്ങി. ഇവയെല്ലാം തൽക്കാലത്തേക്കു നിർത്തി.

പാർക്കുകളും തിയേറ്ററുകളുമെല്ലാം അടച്ചു. മൈതാനങ്ങൾ പലയിടത്തും ഒഴിഞ്ഞുകിടക്കുന്നു. പുറത്തു കളിക്കാൻ പോകാതെ കുട്ടികൾ വീട്ടിലെ ഇലക്ട്രോണിക് ഉപകരണങ്ങൾക്കു മുന്നിൽ ചടഞ്ഞിരിക്കുമോ എന്നു പേടിക്കുന്ന മാതാപിതാക്കളുമുണ്ട്.

## യുവതിയും മകനും കൊല്ലപ്പെട്ട നിലയിൽ; ഭർത്താവ് തൂങ്ങിമരിച്ച നിലയിലും

കഴക്കൂട്ടം: യുവതിയെയും ഒമ്പത് വയസുള്ള മകനെയും കഴുത്തുമുറുകി കൊല്ലപ്പെട്ട നിലയിലും ഭർത്താവിനെ തൂങ്ങിമരിച്ചതായും കണ്ടെത്തി. കന്യാകുളങ്ങര ചിറമുക്ക് സിയോൺകുന്ന് തടത്തരികത്ത് വീട്ടിൽ സുരേഷ് (35), ഭാര്യ സിന്ധു (30), മകൻ ഷാരോൺ എന്നിവരെ കുളത്തൂർ എസ്എൻ വായനശാലയ്ക്കു സമീപത്തെ വാടകവീട്ടിലാണ് മരിച്ച നിലയിൽ കണ്ടത്. ഭാര്യയെയും മകനെയും പ്ലാസ്റ്റിക് കയർ കൊണ്ട് കഴുത്തുമുറുക്കി കൊലപ്പെടുത്തിയശേഷം സുരേഷ് ജീവനൊടുക്കിയതാകാമെന്നാണ് പ്രാഥമിക നിഗമനം. സിന്ധുവിന്റെ മൃതദേഹം അടുക്കളയിലെ തറയിലും ഷാരോണിന്റെ മൃതദേഹം കിടപ്പുമുറിയിലുമായിരുന്നു.

## കൊറോണ എന്ന വില്ലൻ

(16-ാം പേജിൽനിന്നും)

അവർ പറയും ഈ ഡോക്ടർ അത്ര പോരാ എന്ന്. ചിലപ്പോൾ ഡോക്ടർക്കു രോഗിയെ (കസ്റ്റമർ) തന്നെ നഷ്ടമാകാനുള്ള സാദ്ധ്യതയും ഏറെയാണ്. ഈ സാഹചര്യത്തിൽ ചില ഡോക്ടർമാർ പറഞ്ഞു കേട്ടിട്ടുണ്ട് ഇവിടെ അവരുടെ 'രണ്ടു കയ്യും ബന്ധിക്കപ്പെട്ട' നിലയിലാണ് അവർ എന്ന്. എന്നാൽ വൈറൽ പനിയുമായി ചെല്ലുന്ന രോഗിക്ക് ചിലപ്പോൾ ഏതാനും ദിവസങ്ങൾക്കകം ആന്റിബയോട്ടിക്സ് വേണ്ടിവന്നേക്കാമെന്ന സത്യവും വിസ്മരിക്കുന്നില്ല. കാരണം ശരീരത്തിലെ ആക്രണകാരികളായ ബാക്ടീരിയ എന്ന വില്ലൻ തക്കം പാർത്തു നോക്കിയിരിക്കയാണല്ലോ?

ഇന്നു കൊറോണ വൈറസിനു ഒരു മെഡിസിൻ ഇല്ലാത്ത സാഹചര്യത്തിൽ നമുക്കു ചെയ്യാവുന്നതു പ്രതിരോധം വർദ്ധിപ്പിക്കുക എന്ന ഒരു പ്രതിവിധിയാണ്- ഒരു ജാഗ്രത- ഒരു തയ്യാറെടുപ്പ്. പണ്ടു മത്തായി സാർ പഠിപ്പിച്ചു "ചെളിയിൽ ചവിട്ടിയിട്ടു കാലു കഴുകുന്നതിലും ഭേദം ചെളിയിൽ ചവിട്ടാതിരിക്കുക" എന്നതാണ് എന്ന്. പല വൈറൽ പനികളും ഇമ്മ്യൂണിറ്റി കൂടുതലുള്ളവരിൽ കുറവുള്ളതായി കണ്ടുവരുന്നു. പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതോടൊപ്പം പനി പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ള അന്തരീക്ഷത്തിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുക, ഏതെങ്കിലും വ്യായാമമുറ ശീലിക്കുക, ആഹാരരീതിയിൽ സമൂലമായ മാറ്റങ്ങൾ വരുത്തുക. ഇതൊക്കെയും നിഷ്പ്രയാസം ചെയ്യാവുന്ന കാര്യങ്ങളാണ്. പറമ്പിൽ നിന്നും ലഭ്യമായിരുന്ന ഭക്ഷണപദാർത്ഥങ്ങൾ കഴിച്ചു ശീലിച്ചവർ-നമ്മൾ അമേരിക്കയിൽ കാലുകുത്തിയ നിമിഷം മുതൽ രാസപദാർത്ഥപൂരിതമായ ആഹാരരീതിയിലേക്കു ഒരു രാത്രി കൊണ്ട് വഴുതി വീണു. അങ്ങനെ നമ്മുടെയെല്ലാം സിരകളിൽകൂടെ ഇന്നോടുന്ന രക്തത്തിൽ രാസപദാർത്ഥങ്ങളുടെ സാന്ദ്രത ഏറെയായി. തൻമൂലം നമ്മുടെ ശരീരത്തിന്റെ ബയോകെമിസ്ട്രിയുടെ സന്തുലിതാവസ്ഥ തകിടം മറിഞ്ഞു. 'സ്ട്രെസ്' എന്നു പറയുന്ന ഒരു 'ബാധ'യുടെ കിനാവള്ളി പിടിയിലാണു നാമേവരും. ദൈവം തന്ന ഈ ദിവസം പരിധിക്കുള്ളിൽ നിന്നുകൊണ്ട് ആഘോഷിക്കുക! ഇനിയുള്ള കാലങ്ങളിൽ നാം ഒരു ഡിഫൻസീവ് മോഡിൽ ചിന്തിക്കേണ്ടതായിരിക്കുന്നു. ഇനിയും ഏതൊരു ജലദോഷമോ പനിയോ വന്നാൽ അതിനെ സംശയദൃഷ്ടിയോടെയോ, ഗൗരവമായോ മാത്രമേ ഒരുവനു കാണാൻ കഴിയൂ.

## അമിഷ് ജനതയെക്കുറിച്ചു ചിന്തിക്കുമ്പോൾ

(15-ാം പേജിൽനിന്നും)

വിവാഹിതരായ സ്ത്രീകളെയും പുരുഷന്മാരെയും അവർ ധരിച്ചിരിക്കുന്ന വസ്ത്രത്താൽ തിരിച്ചറിയുവാൻ സാധിക്കും. അമിഷ് ജനങ്ങൾ ദൈവവിശ്വാസികളാണ്. 16-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ രൂപപ്പെട്ട ക്രൈസ്തവ വിഭാഗമാണ് അനാബാപ്റ്റിസ്റ്റുകൾ. ഇവരുടെ ആരാധനയ്ക്കും വിശ്വാസപ്രമാണങ്ങൾക്കും വ്യത്യസ്തതകൾ ഏറെയുണ്ട്. ബാല്യത്തിൽ കുട്ടികൾക്കു കൊടുക്കുന്ന മാമ്മോദീസയ്ക്കുശേഷം ഇവർ പ്രായപൂർത്തിയായതിനുശേഷവും മാമ്മോദീസ കൊടുക്കുന്നു. ജനങ്ങൾ എല്ലാ ഞായറാഴ്ചയും ഏതെങ്കിലും ഒരു ഭവനത്തിൽ ആരാധനയ്ക്കായി ഒത്തുകൂടുന്നു. അതിനു ശേഷമുള്ള സ്നേഹസദ്യയും ആരാധനയുടെ മറ്റൊരു പ്രത്യേകതയാണ്. സുവിശേഷീകരണത്തിനും ദേവാലയത്തിലെ ശുശ്രൂഷയ്ക്കും പുരോഹിതരെ തെരഞ്ഞെടുക്കുന്നത് നറുക്കിട്ടാണ്. ഇങ്ങനെ തെരഞ്ഞെടുക്കുന്നവരിൽ നിന്നാണ് ബിഷപ്പുമാരെ തെരഞ്ഞെടുക്കുന്നത്.

നമ്മൾ ഏതു രാജ്യത്താണെങ്കിലും ദൈവാധിഷ്ഠിത ജീവിതമാണ് നയിക്കേണ്ടത്. തിരുവചന വിരുദ്ധമായ ജീവിതശൈലി അത് നാശത്തിന്റെ പന്ഥാവാണ്. ബൈബിളിൽ ഭക്തന്മാരായ അനവധി വ്യക്തികളുടെ ജീവിതം വിവരിക്കുന്നുണ്ട്. അതിൽ പ്രധാനിയായ ദാനിയേലിന്റെ ജീവിതം പ്രത്യേകം ശ്രദ്ധേയമാണ്. അധികാരവും സ്ഥാനമാനങ്ങളും ലഭിച്ചിട്ടും ദൈവമുമ്പാകെയുള്ള തന്റെ തീരുമാനത്തിന് യാതൊരു മാറ്റവും സംഭവിച്ചില്ല. ഒരു പ്രത്യേക സാഹചര്യത്തിൽ ദാനിയേൽ ഇപ്രകാരമാണ് പറഞ്ഞത്: "രാജാവിന്റെ ഭോജനം കൊണ്ടും അവൻ കുടിക്കുന്ന ഭോജനം കൊണ്ടും തന്നത്താൻ അശുദ്ധമാക്കയില്ലെന്ന് ദാനിയേൽ ഹൃദയത്തിൽ നിശ്ചയിച്ചു." ദാനിയേൽ ഒന്നിന്റെ എട്ടാം വാക്യം.

പെൻസിൽവേനിയായിലെ ലങ്കാസ്റ്ററിൽ ജീവിതം നയിക്കുന്ന ദൈവവിശ്വാസികളായ ഒരു വിഭാഗം ജനങ്ങളെ മാത്രമാണ് അനുവാചകർക്ക് ഇവിടെ പരിചയപ്പെടുത്തിയിരിക്കുന്നത്. ഇവരിൽ തന്നെ ആധുനികതയെ ഇഷ്ടപ്പെട്ട് അതനുസരിച്ച് ജീവിതം നയിക്കുന്നവരും അനവധിയാണ്.

ഇഹലോക ജീവിതത്തിൽ രണ്ട് വഴികളാണ് നമ്മുടെ മുന്നിൽ. നന്മയുടെയും തിന്മയുടെയും പാതകൾ. തെരഞ്ഞെടുപ്പ് തികച്ചും വ്യക്തിപരമാണ്. തിന്മയുടെ വഴിയുടെ അന്ത്യം നരകമാണ്. നന്മയുടെ മാർഗ്ഗം നിത്യതയാണ്. ഇതിൽ ഏതാണ് നിങ്ങൾക്ക് സ്വീകാര്യം?

## നോവൽ

(33-ാം പേജിൽ നിന്നും)

"അല്ല. കുളത്തുപ്പുഴയ്ക്ക്. അവിടെ നമുക്കൊന്നിച്ചു താമസിക്കാം."

"ഞാൻ വരുന്നില്ല."

"വരണം. അവിടെച്ചെന്നു താമസിച്ചോണ്ടു നമുക്ക് ആരുടേം ശല്യം കൂടാതെ മോളെപ്പറ്റി അന്വേഷിക്കണം."

"ഇവിടിരുന്ന് അന്വേഷിച്ചാ മതി."

"ഇവിടെ എപ്പഴും വാതിലെല്ലാം അടച്ചിട്ടിരിക്കുവല്ലേ. നമുക്കു പുറത്തിറങ്ങി നടക്കാൻ അനുവാദമുണ്ടോ- ഇല്ല. അതേസമയം എന്റെകൂടെ വന്നാലോ- നമുക്ക് പറന്നുപറന്നു നടന്ന് എല്ലായിടത്തും നോക്കാം മോളെവിടേന്ന്." അലീന ചിരിച്ചുകൊണ്ടു പറഞ്ഞു.

"അവളൊണ്ടോ ജീവനോടെ?"

"തീർച്ചയായിട്ടും.... നമുക്കു കണ്ടുപിടിക്കാം."

"എന്നെ ആരുംവിടില്ല- ഇവിടുന്ന്."

"അനുവാദമെല്ലാം ഞാൻ മേടിച്ചിട്ടുണ്ട്. എഴുന്നേൽക്ക്."

"എനിക്കു കുളിക്കണം."

"കുളത്തുപ്പുഴചെന്നിട്ടു കുളിക്കാം."

"എനിക്കിപ്പം കുളിക്കണം."

ഷെറിൻ കെഞ്ചി.

അലീന അനുവദിച്ചു.

പക്ഷേ, ഷെറിൻ കുളികഴിഞ്ഞിറങ്ങി വരാൻ ഒന്നര മണിക്കൂറെടുത്തു. വന്നപ്പോഴാകട്ടെ അവളുടെ മൂട് മാറിയിരുന്നു.

ചിരിയില്ല. സംസാരമില്ല. നേരെ നോക്കുന്നുപോലുമില്ല.

മുഖത്ത് മ്ലാനത.

എങ്കിലും അലീന പറഞ്ഞതെല്ലാം അവൾ ഒരു സ്വപ്നാടനത്തിലെന്നപോലെ അനുസരിച്ചു. ആൻസി വന്നു ഷെറിന്റെ മരുന്നുകൾ എടുത്ത് അലീനയെ ഏൽപ്പിച്ചു. അവ കഴിക്കേണ്ട വിധവും പാലിക്കേണ്ട ചിട്ടകളും മനോരോഗത്തിന്റെ വിവിധ പ്രകടനങ്ങളിൽ പെരുമാറേണ്ട വിധങ്ങളും വിവരിച്ചുകൊടുത്തു.

വൈകുന്നേരം അഞ്ചുമണിയോടെ അവർ കുളത്തുപ്പുഴയ്ക്ക് പുറപ്പെടാൻ തയാറായി.

അലീന എല്ലാവരോടും യാത്ര പറഞ്ഞു.

ഷോബിയും റോണിയും ഇന്നു തിരിച്ചുപോകുന്നില്ല.

അവർ രണ്ടുദിവസംകൂടി കഴിഞ്ഞിട്ടേയുള്ളൂ. ജോസുകുട്ടിയും സാന്ദ്രയും മിലനും ഇന്നുംകൂടി തറവാട്ടിൽ നിന്നിട്ടു നാളെപ്പോകും.

അലീന എല്ലാവരേയും കുളത്തുപ്പുഴയ്ക്കു ക്ഷണിച്ചു.

"അവധിക്കാലമല്ലേ.... നിങ്ങളങ്ങോട്ടുവാ. നമുക്കവിടെ പത്തുദിവസം ആഘോഷിക്കാം."

"അവിടെച്ചെന്നാ പട്ടി കടിക്കും."

ജോൺപോൾ പറഞ്ഞു. കുളത്തുപ്പുഴേക്കുറിച്ച് അവന് അത്രയേ അറിയൂ. അവിടെ ഭീമാകാരമായ നായ്ക്കളുണ്ട്.

കഴിഞ്ഞതവണത്തെപ്പോലെ ഇത്തവണയും അവരെ യാത്രയയ്ക്കാൻ എല്ലാവരും സിറ്റൗട്ടിലെത്തിയിരുന്നു. കാർ പുറപ്പെടുമ്പോൾ ദിയാമോൾ കൈവീശിക്കൊണ്ട് കുറേനേരം പുറകെ ഓടി.

അലീനയും ഷെറിനും ബാക്ക്സീറ്റിലാണിരുന്നത്.

അലീന ഷെറിന്റെ കയ്യെടുത്തു മടിയിൽവച്ചു തലോടിക്കൊണ്ടിരുന്നു.

അവർ കുളത്തുപ്പുഴ എത്താറായപ്പോൾ സന്ധ്യ കഴിഞ്ഞു.

"ഇവിടെ ഇതിനു മുൻപു വന്നിട്ടുണ്ടോ?"

വെറുതെ അലീന ചോദിച്ചു.

ഉവ്വെന്നു ഷെറിൻ തലയാട്ടി.

അലീന ഷെറിനെ തന്റെ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

"ഇനി നമ്മൾ രണ്ടുപേരും ഒന്നിച്ച് ഈ റൂമിലാ കിടക്കുന്നത്." അവൾ പറഞ്ഞു.

"എന്റെ മോളെവിടെയാ?"

ഷെറിൻ ചോദിച്ചു.

"റാണിയാന്റി മോളെ കണ്ടിട്ട് എത്ര വർഷമായി?"

അലീന മറുചോദ്യമുന്നയിച്ചു.

ഷെറിൻ വിരലുകൾ മടക്കിയെണ്ണി.

"മൂന്ന്."

"അന്ന് അവൾക്ക് എത്ര വയസ്സുണ്ട്?"

"രണ്ട്."

ഷെറിൻ പെട്ടെന്നു പറഞ്ഞു.

"എവിടെവച്ചായിരുന്നു റാണിയാന്റി മോളെ അവസാനമായി കണ്ടത്?"

"ഓർഫനേജിൽ...."

"ഏത് ഓർഫനേജിലായിരുന്നെന്ന് ഓർക്കുന്നുണ്ടോ?"

അലീന ആകാംക്ഷയോടെ ചോദിച്ചു.

"തിരുവനന്തപുരത്ത്...."

"തിരുവനന്തപുരത്ത്... എവിടെ?"

അലീന ഉദ്വേഗഭരിതയായി.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______
Name ______
Address ______
City ______ State ______ Zip ______
Tel. ( ) ______ Signature ______

❑ Enclosing $ 375.00 for Long Membership.✪
❑ Enclosing my subscription of $49.00 for one year.
❑ Enclosing my subscription of $90.00 for two year.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates
Yearly $49.00 REG. $55.00
2 Year $90.00 REG. $98.00
Lifelong* $375.00 REG. $490.00

Payment Method ☐ Cheque Cheque # ______
☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______
CARD ACCOUNT NUMBER
SEC. CODE:

Please make the cheque payable to
KERALA EXPRESS
2046 W. DEVON AVE, CHICAGO, IL 60659
630 728 7956 FAX : 773.304.1917
PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE
✪ Long memberhip for 10 years only. ✪✪ Subscription fee non-refundable

VISA
MasterCard
DISCOVER


FLOWERS TV USA
STAR SHOW 2020
MAY & JUNE 2020
FLOWERS USA HD
| Manoj K. Jayan - Actor | Lakshmi Gopalaswami - Actress |
| Kottayam Nazeer - Comedy | Durga Krishna - Actress |
| Kannur Shereef - Singer | Sneha Ajith - Artist |
| Kalabhavan Prajod - Comedy |
| Soumya Sadanandan - Singer |
| Vaigha Rose- Actress |
| Rubbe - Artist & Choreographer |
| Rajeesh - Keyboard |
Show Director
BIJU ZACHARIA
Progamme Manager
JOE PUTHUSSERY
For more information:
BIJU ZACHARIA @ 847 630 6462, T.C.CHACKO @ 214 682 7672
REKHA NAIR @ 614 886 1870, SANJEEV SHANMUGHAMPILLAI @ 425 502 2417




Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**